South Indian Inscriptions Volume 3

snalapat@gmail.com
History and Archeology
5/26/13

Coveer page:

(simhavidhnu nd queen

Dr Suvarna Nalapat Trust 2013

Reference works for the project in Kerala Temples.

These were studied and analysed in 2012-13. Computerised only in 2002 .

For students and researchers who want to know and understand the rich heritage of India these will be of much use.

History of India starts from several cnnturies before British colonization and the Inscriptions help us to establish a continuity of culture and history of India through ages.

പട്ടാടക്കൽ ലിഖിതം കീർത്തിവർമ്മൻ

ബാദാമിയിൽനിന്ന് 8 മൈൽ വടക്കുകിഴക്കാണ് പട്ടാടക്കൽ ഗ്രാമം. ബോംബേ പ്രസിഡൻസിയി ലെ ബീജാപ്പൂർ ജില്ല ബാദാമി താലൂക്കിലെ പ്രധാനസ്ഥലമാണ്. വിരൂപാക്ഷക്ഷേത്രത്തിന്റെ മതിലിന് വടക്കുപുറത്ത് പരപ്പ പൂജാരിയുടെ വീട്ടിലാണ് ചുവന്ന സാൻഡ് സ്റ്റോൺ സ്തംഭം ഉള്ളത്. ലക്ഷ്മീകമ്പം എന്നാണ് ഇതിനെ വിളി ക്കുന്നത്. (ലക്ഷ്മീസ്തംഭം). ഇതിനെ ആരാധിക്കു ന്നുണ്ട്. സ്തംഭത്തിന്റെ മുകൾഭാഗം അഷ്ടകോ ണാണ്. അതിലാണ് 25 -28 വരി ലിഖിതം. നാഗരി ലിപി മഹാനാമന്റെ ബോധഗയലിഖിതത്തിലേ തിന് സമമാണ്(എഡി 517-588). ഖഡ്ഗാവലോക ദന്തിദുർഗ്ഗന്റെ (എഡി 753-54) സാമങ്ങാട് താമ്രപ ത്രലിഖിതത്തിനോടും സാദൃശ്യമുണ്ട്. ഭാഷ സംസ്കൃതം. ഹരനേയും ഗൌരിയേയും സ്തു തിക്കുന്നതൊഴികെ എല്ലാം ഗദ്യമാണ്. പടിഞ്ഞാ റൻ ചാലൂക്യരാജാവ്

കീർത്തിവർമ്മൻ രണ്ടാ മന്റെ കാലത്തെ ലിഖിതമാണ്. അദ്ദേഹത്തിന്റെ മുത്തശ്ശൻ വിജയാദിത്യൻ ശിവന് വിജയേശ്വര നാമത്തിൽ വലിയ ക്ഷേത്രം ശിലകൊണ്ട് പണി തിരുന്നു. ഇപ്പോളത് സംഗമേശ്വരക്ഷേത്രമെന്നാ ണ് അറിയുന്നത്. എന്നാൽ അതിലുള്ള ലിഖിതം വിജയേശ്വര എന്നുതന്നെയാണ് പറയുന്നത്. എഡി 1162 വരെ ഈ നാമത്തിലാണ് അറിഞ്ഞി രുന്നത്.

വംശാവലിഃ-

1. ജയസിംഹ 1
2. രണരാഗ
3. സത്യാശ്രയരണവിക്രമ പുലികേശിൻ 1(എഡി 550) ദുർല്ലഭാദേവിയെ വിവാഹം കഴിച്ചു
4. രണ്ട് മക്കൾ രണവിക്രമകീർത്തിവർമ്മനും (എഡി 566-58) രണവിക്രാന്തമങ്കരാജനും (എഡി 59-98)
5. മങ്കരാജന്റെ മകൻ സത്യാശ്രയധ്രുവരാജ ഇന്ദ്രവർമ്മൻ(610-11) , കീർത്തിവർമ്മൻ 1ന്റെ മൂന്നു

മക്കൾ സത്യാശ്രയപുലികേശി 2 (609-642), കുബ്ജവിഷ്ണുവർദ്ധന (615-633), ധാരാ ജയസിംഹ

6. **പുലികേശി 2വിന്റെ മക്കൾ. ആദിത്യവർമ്മ, ചന്ദ്രാദിത്യ (ഭാര്യ വിജയാംബാദേവി) 655-659, സത്യാശ്രയരണരസിക വിക്രമാദിത്യ 1 (655-690) ധാരാശ്രയജയസിംഹവർമ്മൻ (ഗുജറാത്ത് ശാഖ)**
7. **വിക്രമാദിത്യ 1ന്റെ മകൻ സത്യാശ്രയ രാജ്യാശ്രയ വിനയാദിത്യൻ (680-690) ധാരാശ്രയജയസിംഹന്റെ മകൻ സത്യാശ്രയ ശിലാദിത്യ(എഡി 60-692),യുദ്ധമല്ല ജയാശ്രയ മംഗലരാജവിനയാദിത്യ(എഡി 731-32)**
8. **സത്യാശ്രയരാജാശ്രയവിനയാദിത്യന്റെ മക്കൾ സത്യാശ്രയസമസ്തഭുവനാശ്രയ വിജയാദിത്യനും (696-733-34)കുങ്കുമാംബാ ദേവിയും**
9. **സത്യാശ്രയവിക്രമാദിത്യ 2 (എഡി733-747) ഹൈഹയവംശത്തിലെ ലോകമഹാദേവി (ത്രൈലോക്യമഹാദേവി)യെ വിവാഹം കഴിച്ചു.**

10. സത്യാശ്രയനൃസിംഹകീർത്തിവ ർമ്മൻ 2 (746-57)

ആദ്യത്തെ ഗുജറാത്ത് ശാഖ

1. ജയസിംഹരാജാ
2. രണവിക്രാന്തബുദ്ധവർമ്മരാജാ
3. വിജയവർമ്മരാജാ (എഡി 643)

രണ്ടാം ഗുജറാത്ത് ശാഖ

1. ധാരാശ്രയജയസിംഹവർമ്മ
2. ജയാശ്രയത്രിഭുവനാശ്രയ നാഗവർദ്ധനൻ ,ഐരാശ്രയസിംഹവർമ്മൻ
3. യുദ്ധമല്ലജയാശ്രയമംഗലരാജവിനയാ ദിത്യ (731-32).ജനാശ്രയപുലികേശി (737-38)

വിജയേശ്വരക്ഷേത്രം ഇപ്പോൾ സംഗമേശ്വരമെ ന്ന് അറിയപ്പെടുന്നു. ലോകമഹാദേവി പണിയി ച്ച ലോകേശ്വരക്ഷേത്രം വിരൂപാക്ഷക്ഷേത്രമെ ന്നും ഇപ്പോൾ അറിയുന്നു. സംഗമേശ്വരക്ഷേത്ര ത്തിന്റെ തെക്കുകിഴക്കാണ് ഇത്. ലോകമഹാദേ വിയുടെ ഇളയ സഹോദരിയായ

ത്രൈലോക്യമ ഹാദേവി എന്ന രാജ്ഞിയാണ് വിക്രമാദിത്യൻ മകനും പിൻഗാമിയുമായ നൃപസിംഹരാജാ കീർത്തിവർമ്മ 2വിന്റെ അമ്മ. ത്രൈലോക്യശ്വ രക്ഷേത്രം പണിതത് അവരാണ്. ഇതിന് പകുതി വടക്കേഇന്ത്യനും പകുതി ദ്രാവിഡശൈലിയുമാ ണ്. ലോകേശ്വര (വിരൂപാക്ഷ)ക്ഷേത്രത്തിന് വടക്കു പടിഞ്ഞാറാ യിരുന്നു ഇത്. (ഇപ്പോഴില്ല) മൂന്നു ക്ഷേത്രങ്ങളുടേയും നടുവിലായി ത്രിശൂലം കൊത്തിയ സ്തംഭം സ്ഥാപിച്ചു. ഗംഗയുടെ വടക്കേ തീരത്തെ മൃഗത്ഥനികാഹാരവിഷയത്തി ൽനിന്ന് വന്ന ജ്ഞാനശിവനെന്ന ആചാര്യനു വേണ്ടി, ശിൽപ്പി ശുഭദേവനാണ് ഇത് നാട്ടിയത്. ശാണ്ഡില്യഗോത്രം ശിവനെന്ന ശിൽപ്പിയുടെ മകൻ ശിവവർദ്ധമാനന്റെ പുത്രനാണ് ശുഭദേ വൻ. എഡി 754ലെ 25 ജൂൺ ശ്രാവണം അമാവാ സിക്കാണ് ഇത്. അന്ന് ഇന്ത്യ മുഴുവനും ദൃശ്യമാ യ സൂര്യ ഗ്രഹണമുണ്ടായിരുന്നു. എഡി 757ലും ഗ്രഹണം ഉണ്ടായിട്ടുണ്ട്. സ്തംഭത്തിന്റെ താഴ ത്തെ ഭാഗം ചതുരമാണ്. അതിലും

പ്രാദേശിക ലിപിയിൽ ലിഖിതമുണ്ട്. പുലിവർമ്മഭട്ടൻ സ്വർണ്ണഗദ്ധ്യാനം കൊടുത്ത് ഭൂമി വാങ്ങി, കിസു വൊലാൽ (പട്ടാടക്കലിന്റെ പഴയ പേര്) എന്ന പേരാണ് . ലിഖിതത്തിൽ വാതാപി എന്നാണ് ബാദാമി എന്നല്ല പേരുള്ളത്. വൊക്കലേരി ലിഖിതപ്രകാരം വിക്രമാദിത്യൻ കാഞ്ചിയിൽ പ്രവേശിച്ചുവെങ്കിലും അതിനെ നശിപ്പിച്ചിട്ടില്ല. അവിനശ്യാ പ്രവിശ്യ എന്നാണ്. ശിവശാസനനെ ന്ന് പേരുള്ള പയോഭക്ഷകനാണ് ഗംഗാതീരത്തു നിന്ന് വന്നത്. അദ്ദേഹത്തിന്റെ ശിഷ്യന്റെ ശിഷ്യ ന്റെ ശിഷ്യനാണ് ജ്ഞാനശിവൻ.

കൌത്തുമിശാഖയിലെ വേദത്തിന്റെ മൂവ്വായിരം ശ്ലോകം അറിയുന്ന ആര്യഭട്ടഗംഗാധരൻ , വേദജ്ഞനായ ത്രിമൂർത്തി ആര്യഭട്ടത്രിവിക്രമനു കൊടുത്തു. ....എന്ന ഗ്രാമത്തിന്റെ പകുതി, ബെൽവലവിഷയത്തിലെ അരപുന്നുസേ ഗ്രാമ ത്തിനു കിഴക്ക്, വിജയാദിത്യശാസനം മൂലം ലഭിച്ചു. ആചാര്യ ജ്ഞാനശിവനാണ് ഇത് അദ്ദേഹത്തെ ഏൽപ്പിച്ചത്.

സുന്ദരപാണ്ഡ്യന്റെ രംഗനാഥലിഖിതം.

തൃശ്ശിനാപ്പള്ളി ശ്രീരംഗം രണ്ടാം പ്രാകാരം കിഴ ക്കേ ചുമരിലെ ലിഖിതം. സംസ്കൃതം. ഗ്രന്ഥലി പി. ഇടത്തും വലത്തും രണ്ട് കയൽ (മത്സ്യം) പാണ്ഡ്യന്മാർ മീനവരാണ്. മധുരയിലെ സുന്ദ രപാണ്ഡ്യൻ ചന്ദ്രവംശിയും രാജാക്കന്മാരിൽവെ ച്ച് സൂര്യനുമാണ്. കർണ്ണാടകചന്ദ്രനെന്ന രാജാ വിനെ വധിച്ചാണ് സുന്ദരപാണ്ഡ്യൻ ശ്രീരംഗം കയ്യടക്കിയത്. കാടകരാജാവിന്റെ തലസ്ഥാനം അദ്ദേഹം കൊള്ളയടിച്ചു. 1250-51ലെ ജടാവർമ്മ സുന്ദരപാണ്ഡ്യനാണ് ഇത്. ഒറീസ്സരാജാവിന്റെ (ഗജ പതി)തലസ്ഥാനമായ കട്ടക്ക് ആണ് കാടകം. കർണ്ണാടകചന്ദ്രൻ ഹോയ്സല

സോമേശ്വരനാ ണ്. സ്വഭുജബലം കൊണ്ട് നേടിയ ചോളരാജ്യത്ത് മാനസോല്ലാസത്തിനുവേണ്ടി നിർമ്മിച്ച വിക്രമ പുരം നഗരത്തിൽ സോമേശ്വരൻ ഇരുന്ന് പുറ പ്പെടുവിച്ച 1253 മാർച്ച് 1ലെ ശാസനം നോക്കി യാൽ , ഹോയ്സലേശ്വര വീരസോമേശ്വരന്റെ ജംബുകേശ്വരക്ഷേത്രത്തിലെ ഹോയ്സലേശ്വര വിഗ്രഹം, രാജരാജവലനാടിലെ കണ്ണനൂർഅ ഥവാ വിക്രമപുരത്ത് ആണ്. ശ്രീരംഗത്തുനിന്ന് 5 മൈൽ മാറി കണ്ണനൂരെന്ന ഗ്രാമമുണ്ട്. അവിടെ ഒരു കോട്ട ഉണ്ടായിരുന്നു. മണ്ണച്ചനല്ലൂരിലേ ക്കുള്ള വഴിയിൽ അതിന്റെ ശേഷിപ്പ് കാണാം. ഇതിന്റെ കല്ല് എടുത്താണ് നവാബ് ട്രിച്ചിനാപ്പ ള്ളി കോട്ട പണിതത്. കണ്ണനൂരെന്ന ഗ്രാമം കൂടാ തെ ഈ കോട്ടയിൽ ഒരു ക്ഷേത്രവും ഉണ്ടായിരു ന്നു .(ജീർണ്ണിച്ചത്). ഇതിലെ മണ്ഡപങ്ങളുടേയും കുളത്തിലെ പടുത്ത കല്ലുകളുടേയും ഉപയോഗം കൊള്ളിടം, കാവേരി പാലങ്ങളും അണകളും പണിയാനാണ് ഉപയോഗപ്പെടുത്തിയത്. ക്ഷേത്ര ത്തിന്റെ തെക്കേ ചുമരിലെ

വീരരാമദേവന്റെ ലിഖിതം ക്ഷേത്രത്തെ പോശലീശ്വരക്ഷേത്ര മെന്നാണ് പറയുന്നത്. അടുത്തുള്ള ചെല്ലായി കാലീക്ഷേത്രത്തിലെ ലിഖിതം ഹോയ്സലബിരുദ ങ്ങൾ തരുന്നു. ഈ സ്ലാബുകളും പോയ്സലേശ്വ രക്ഷേത്രത്തിൽനിന്ന് എടുത്തതാവണം.ഹോയ്സ ല സോമേശ്വരന്റെ തെക്കേ രാജധാനിയായ കണ്ണ നൂർ ആണ് വിക്രമപുരം.

സോമേശ്വരനു ശേഷം വീരരാമനാഥദേവനാണ് ഭരിച്ചത്. രങ്കനാഥക്ഷേത്രത്തിലെ പൊന്നമ്പലമ ഹാദേവി ലിഖിതത്തിൽ ഇദ്ദേഹം (വീരരാമദേ വൻ) തന്റെ സഹോദരനാണെന്ന് പറയുന്നു. ഇതേ ലിഖിതം താൻ ഹോയ്സല വീരസോമേശ്വ രന്റേയും ചാലൂക്യരാജകുമാരി ദേവലമഹാദേ വിയുടെയും മകളാണെന്നും പറയുന്നുണ്ട്. സോമേശ്വരന്റെ വടക്കേ ദ്വാരാസമുദ്രസിംഹാസ നം ബിജ്ജലദേവിയിലുണ്ടായ മകൻ നരസിംഹ 3 നും തെക്കേ സിംഹാസനം ദേവലദേവിയുടെ മകനായ രാമനാഥനും ലഭിച്ചു. ജംബുകേശ്വര ക്ഷേത്രലിഖിതം

രാമനാഥന്റെ ഒരു ഭാര്യ അരിയപ്പിള്ളമകൾ കമലാദേവിയാണെന്ന് പറയുന്നു. ഇവരുടെ അനുജത്തി ചിക്കസോമലാ ദേവിയാണ്. ചിക്ക എന്നതുകൊണ്ട് (ചെറിയ) കർണ്ണാടകക്കാരിയാണെന്നും വലിയ സോമലാ ദേവിയിൽനിന്ന് വേർതിരിക്കാനാണ് ഈ പേരെ ന്നും മനസ്സിലാക്കാം.

1.രങ്കനാഥസ്വാമിക്ഷേത്രത്തിലെ നാലാം പ്രാകാര ത്തിലെ വടക്കേ ചുമരിലെ ലിഖിതം-പോയ്സല ശ്രീരാമനാഥതേവർക്കു യാണ്ടു ഇരണ്ടാവതു കുംഭഞായറ്റു പൂർവ്വപക്ഷത്തു സപ്തമിയും ബുധൻകിളമൈയും പെറ്റ ഭരണിനാൾ.

2.ശ്രീരംഗം ജംബുകേശ്വരക്ഷേത്രം രണ്ടാം പ്രാകാ രം പടിഞ്ഞാറെ ചുമർ. പോശലശ്രീരാമനാഥതേ വർക്കു യാണ്ട് ഏഴാവത് ധനുഞായറുക്ക് അപരപക്ഷത്തു ഷഷ്ഠിയും ബുധൻകിളമൈയും പെറ്റ പൂരത്തുന്നാൾ.

3.രങ്കനാഥസ്വാമിക്ഷേത്രം രണ്ടാംപ്രാകാരം തെക്കേ ചുമരിൽ. ഹോയ്സലശ്രീരാമനാഥതേവ രുക്ക് യാണ്ട് പതിനൈഞ്ചാവത് മീനഞായിറ്റു പൂർവ്വപക്ഷത്തു പ്രഥമൈയും തിങ്കൾകിളമൈ യും പെറ്റ അശ്വതിനാൾ

4. അതേ ക്ഷേത്രം മൂന്നാം പ്രാകാരം തെക്കുപടി ഞ്ഞാറ് മൂല. പോശലശ്രീരാമനാഥതേവരുക്ക് യാണ്ട് പതിനൈഞ്ചാവതു മിഥുനഞ്ഞായിറ്റു അപരപക്ഷത്തു ഏകാദശിയും ഞായിറ്റുക്കി ഉമൈയും പെറ്റ ഭരണിനാൾ.

5.കണ്ണനൂർ പോയ്സലേശ്വരക്ഷേത്രം തെക്കേ ചുമർ. പടിഞ്ഞേലാവതു ആടിമാതം ഇരുപത്തി നാലാന്തിയടിയാന (തിയതിയാന) പ്രജാപതിസം വത്സരത ശ്രാവണശുദ്ധത്രയോദശി മംഗലവാരം.

ശ്രീ എസ് ബി ദീക്ഷിത് ഈ 5 തിയ്യതിയും കണ ക്കാക്കിയിട്ടുണ്ട്.

1. എഡി 1257 ജനുവരി 24
2. എഡി 1261 ഡിസംബർ 14
3. എഡി 1270 മാർച്ച് 24
4. എഡി 1270 ജൂൺ 15
5. എഡി 1271 ജൂലൈ 21

രാമനാഥൻ പണിത ക്ഷേത്രങ്ങളും അവക്കുള്ള ദാനങ്ങളുമാണ് പിന്നീട്. നരസിംഹനും വിഷ്വ ക്സേനനും ക്ഷേത്രം പണിത് സ്വർണ്ണം പൊതി ഞ്ഞു , ഹേമാഛാദനരാജാവെന്ന് കീർത്തി കേട്ടു. സ്വർണ്ണം കൊണ്ട് വിഷ്ണുവിഗ്രഹം തീർത്തു. ഗർഭഗൃഹത്തിന്റെ ഉൾഭാഗം സ്വർണ്ണം പൊതി ഞ്ഞു. അതിന്റെ മുന്നിൽ ഭോജനാലയം(അഭ്യവ ഹാരമണ്ഡപം)

പണിത് സ്വർണ്ണപ്പാത്രങ്ങൾ ദാനം ചെയ്തു.ദേവന്റേയും ജനങ്ങളുടേയും വിശപ്പ് തീർത്തു. ചൈത്രമാസത്തിൽ രഥോത്സവം(യാത്രോത്സവം) തുടങ്ങി. ദേവന് ലക്ഷ്മിയു മൊത്ത് കളിക്കാനായി സ്വർണ്ണക്കപ്പലുണ്ടാക്കി. ഹേമാഛാദനരാജ ഹരിക്കും, ഗരുഡനും ശംഖി നും മൂന്നു ഗോപുരം പണിതു മരതകമാല, രത്ന കിരീടം, സ്വർണ്ണം കൊണ്ട് വിഷ്ണു ശയിക്കുന്ന ശേഷവിഗ്രഹം, സ്വർണ്ണകവാടം, മുത്തുമാല, മുത്തുകൊണ്ട് വിതാനിച്ച പന്തൽ, വിവിധതരം സ്വർണ്ണപ്പഴങ്ങൾ, സ്വർണ്ണ രഥം, സ്വർണ്ണജലസംഭ രണി പ്രാപ (ട്രഫ്), ഗരുഡന്റെ സ്വർണ്ണവിഗ്രഹം, സ്വർണ്ണപ്പീഠവും സ്വർണ്ണ അംഗവസ്ത്രവും, രത്നാഭരണങ്ങൾ, സ്വർണ്ണപ്പാത്രങ്ങൾ, രത്നകവ ചം, സ്വർണ്ണ സിംഹാസനം, വിഷ്ണുവിന് സ്വർണ്ണപ്രഭാവലയം ഇവ അദ്ദേഹം ദാനം ചെയ്തു. ഇപ്രകാരം മരതകപൃഥ്വീഭൃത് എന്ന നാമം സുന്ദരപാണ്ഡ്യന് സിദ്ധിച്ചു.. അടക്ക, ചക്ക, മാങ്ങ, നാളികേരം , പഴം ഇവയാണ് സ്വർണ്ണം കൊണ്ട് ഉണ്ടാക്കി സമർപ്പിച്ചത്. (ഇവ കേരളത്തിലുണ്ടാവുന്ന ഫലങ്ങളാണെന്നത് ശ്രദ്ധിക്കുക)

അനന്തവർമ്മന്റെ അലമാന്ദ പ്ലേറ്റുകൾ:-

വിശാഖപട്ടണം ജില്ലയിലെ ശൃംഗവരപുകോട്ട താലൂക്കിലാണ് അലമന്ദ. മഹാരാജാ അനന്തവ ർമ്മന്റെ മകൻ ദേവേന്ദ്രവർമ്മന്റെ താമ്രപത്രത്തി ലെ ലിപിയോട് സാമ്യമുള്ള ലിപി, സംസ്കൃത ഭാഷ. രണ്ട് മംഗലശ്ലോകം ഒഴികെ എല്ലാം ഗദ്യം.

Alamanda Plates of Anantavarman.—The Year 304.



ദേവനഗരം പോലെ ശോഭിക്കുന്ന കലിംഗനഗര ത്തിൽ മാതാപിതാക്കളുടെ പദാനുദ്ധ്യായിയും മഹേശ്വരഭക്തനുമായ

,ഗംഗാവംശത്തിലെ മഹാരാജ രാജേന്ദ്രവർമ്മന്റെ പുത്രൻ അനന്ത വർമ്മദേവൻ. വിവേകം വിനയം ദയ ദാനം ഔദാര്യം ധൈര്യം ഗാംഭീര്യം സത്യം ഇവകളോ ടെ ശത്രുസൈന്യത്തെ നശിപ്പിച്ച്, വെള്ളത്താമര യേയും മുല്ലപ്പൂവിനേയും ചന്ദ്രനേയും വെല്ലുന്ന കീർത്തിയോടെ ഗോകർണ്ണസ്വാമിയുടെ പാദഭ ക്തിയാൽ കലിയുഗദോഷമെല്ലാം നീങ്ങി, തിരിക്കാട്ടുവിഷയത്തിലെ മേദേലകഗ്രാമത്തിലെ നിവാസികളോടും റയത്തുക്കളോടും ശാസനം ചെയ്തു. സൂര്യഗ്രഹണദിനത്തിൽ ഈ ഗ്രാമത്തി ൽ പുനരുദ്ധരിച്ച തടാകം ഉദകപൂർവ്വം വാജസ നേയശാഖ കൌശികഗോത്രം വിഷ്ണുദേവപുത്ര ൻ ഹോമരവലയിൽ വസിക്കുന്ന വേദവേദാംഗ ജ്ഞനായ ശ്രീധരഭട്ടന് കൊടുത്തിരിക്കുന്നു. ഈ ഗ്രാമത്തിന്റെ അതിർത്തികൾ:- കിഴക്ക് പാറയും കാട്ടുമരങ്ങളും, തെക്കുകിഴക്ക് പാറ, തെക്ക് ചാതേര നദി, തെക്കുപടിഞ്ഞാറ് പുളിമരക്കൂട്ട വും ഒരു വരി കാട്ടുമരങ്ങളും, പടിഞ്ഞാറ് ഗുരാ തടാകവും ഒരുവരി കാട്ടുമരങ്ങളും, വട ക്കുപടിഞ്ഞാറ് കലഞ്ഞാ തടാകവും പാറയും, വടക്ക് കിടങ്ങ് (കുഴി,)വടക്ക്കിഴക്ക് ആലും ഒരുവരി കാട്ടുമരവും ത്രികൂടവും. രഘുവംശം കലിംഗരാജാവിനെ മഹേന്ദ്രഗിരിയുടെ

പതിയെ ന്നാണ് വിളിക്കുന്നത്. മഹേന്ദ്രപർവ്വതം മഹാന ദിതാഴ്വരയെ ഗഞ്ചത്തിൽനിന്ന് വേർതിരിക്കു ന്നു. ഇപ്പോൾ മഹേന്ദ്രഗിരിമേൽ 4928 അടി സമു ദ്രോപരി 4 ക്ഷേത്രമുണ്ട്. ഏറ്റവും വലിയത് സിവക്ഷേത്രമാണ്. ഇതാവണം ഗോകർണ്ണേശ്വര ക്ഷേത്രം എന്ന് അനുമാനിക്കുന്നു. കലിംഗത്തിലെ ഗംഗരാജാക്കന്മാർ പടിഞ്ഞാറൻതീരത്തുനിന്ന് വന്നവരാകയാൽ ഇതേ പേരിൽ പഴയ കർണ്ണാട കകേരളാതിർത്തിലുള്ള ക്ഷേത്രത്തിന്റെ പേരിൽ ഇവിടെയും പണിതതാവണം. രാജാവിന്റെ രഹ സ്യഉദ്യോഗസ്ഥനായ ദുഗ്ഗപ്പൻ എഴുതി, അക്ഷശാ ലി (റെക്കോഡു സൂക്ഷിപ്പുകാരൻ) ലിഖിതപ്പെടു ത്തി.

സംഗമ 2ആമന്റെ ബിത്രഗുണ്ട ഗ്രാന്റ് (ശകം 1278)

5 കോപ്പർ പ്ലേറ്റുകൾ. ആദ്യത്തേതിൽ മുകളിൽ ഇടത്തും വലത്തും സൂര്യനും ചന്ദ്രനും. താഴെ ചന്ദ്രനും മുക്കാലിയോട് ബന്ധിച്ച നന്ദിയും ത്രിശൂലവും.ശിലാലിഖിതങ്ങളിൽ സാധാരണ കാണുന്ന ഇത്തരം ചിഹ്നങ്ങൾ

താമ്രപത്രത്തിൽ കാണാറില്ല.
തെലുഗുലിപി സംസ്കൃതശ്ലോക ങ്ങൾ.
വരാഹാവതാരമെടുത്ത വിഷ്ണുവിനെ
സ്തുതിച്ചാണ് ആരംഭം. പിന്നെ
ആദ്യവിജയന ഗരസ്ഥാപകനായ
സംഗമനെ സ്തുതിക്കുന്നു. ദ്ദേഹത്തിന് 5
മക്കൾ. ഹരിഹരൻ,കമ്പൻ,ബുക്ക ൻ,
മാരപൻ,മുദ്ധിപൻ. കമ്പനന്റെ മകനാണ്
സംഗമ 2. ബിത്തരഗുണ്ടയാണ് ബിത്രഗുണ്ട.
നാമവും ഗോത്രവും പറഞ്ഞുകണ്ട് 28
ബ്രാഹ്മണ ർക്കാണ് ദാനം.
സിംകേശ്വരിഗ്രാമദാനവും പറയുന്നു. രണ്ട്
ദാനവും രാജാവിന്റെ ഗുരു
ശൈവസിദ്ധാന്തി ശ്രീകണ്ഠനാഥന്റെ
നിർദ്ദേശ പ്രകാരമാണ്. അദ്ദേഹത്തിന്റെ
നാമത്തിൽ ശ്രീ കണ്ഠപുരമെന്ന് പിന്നീട്
ബിത്രഗുണ്ട അറിയപ്പെ ട്ടു. ആദ്യദാനം
ശകം 1278 ദുർമ്മുഖസംവത്സര ത്തിലാണ്.
അമാവാസി നാളിലാണ്. സംഗമ 2 ന്റെ
സഭയിലെ വിദൂഷകനായ ഭോഗനാഥൻ
എഴുതി. അവസാനം രാജാവ് സ്വന്തം
കൈപ്പട യിൽ വിജയനഗരത്തിന്റെ
പരദേവതയായ വിരൂപാക്ഷ എന്ന്
എഴുതി. വിജയനഗരലിഖിത ങ്ങളിൽ
ശ്രീവിരൂപാക്ഷ, ശ്രീവെങ്കടേശ, ശ്രീരാമ
എന്നെല്ലാം കാണുന്നത് അവരുടെ
ഇഷ്ടദേവതാ നാമമാണ്. പിതാവിന്റെ
നാമം അനശ്വരമാക്കാ നും ഗുരുവിനെ
പ്രീതിപ്പെടുത്താനുമാണ് ദാനം.

പ്രത്യബ്ദകാലേ എന്നതുകൊണ്ട് ഓരോ വാർഷി കത്തിലും എന്ന് അർത്ഥമാക്കുന്നു. അഛന്റെ അമാവാസിശ്രാദ്ധം ഓരോ വർഷവും നടത്താ നാവാം നിർദ്ദേശം. 1277ലാവാം കമ്പനന്റെ മര ണം എന്ന് അനുമാനമുണ്ട്. പല വിജയനഗരച രിത്രങ്ങളിലും ആദ്യം ഹരിഹരനും ബുക്കനുമാ ണ് സ്ഥാപകർ ഇവിടെ ശരിയായസ്ഥാപകനാമം സംഗമ 1 എന്ന് തരുന്നു. ബുക്കനും ഹരിഹരനും അദ്ദേഹത്തിന്റെ 5 മക്കളിൽ 2 പേർ മാത്രമാണ്. മാധവീയവൃത്തിയിൽ ഈ വൃത്തി മായണപുത്ര ൻ മാധവന്റെ സഹോദരനായ സായണാചാര്യനാ ൽ രചിക്കപ്പെട്ടു എന്നും അദ്ദേഹം കമ്പനപുത്ര നായ സംഗമന്റെ മന്ത്രിയാണെന്നും പറയുന്നുണ്ട്. തെക്കും കിഴക്കും പടിഞ്ഞാറുമുള്ള സമുദ്രം അദ്ദേഹത്തിന്റെ സാമ്രാജ്യത്തിന്റെ അതിരാ ണെന്നും.
മാധവീയധാതുവൃത്തി സഹോദരനാ യ മാധവാചാര്യനാണ് സായണൻ സമർപ്പിക്കു ന്നതും.മാധവാചാര്യൻ തന്റെ പിതാവ് മായണ നും അമ്മ ശ്രീമതിയുമാണെന്നും സായനനും ഭോഗനാഥനും മനസ്സും ബുദ്ധിയും പോലെ തന്റെ സഹോദരന്മാരാണെന്നും പറയുന്നുണ്ട്.

1. മായണൻ ഭാര്യ ശ്രീമതി.
2. മൂന്നു മക്കൾ മാധവൻ (ബുക്ക 1 ന്റെ മന്ത്രി) , സായണൻ (സംഗമ 2, ഹരിഹര 2 എന്നിവരു ടെ മന്ത്രി)ഭോഗനാഥൻ (സംഗമ 2 ന്റെ സഭയി ലെ വിദൂഷകൻ)

പെണ്ണാറിനു വടക്ക് മുൽക്കിദേശജില്ലയിലാണ് പുഷ്പഗിരിയിലെ പുഷ്പാചലശിവക്ഷേത്രം. സിംകേശരി ഗ്രാമം മുൽക്കിദേശത്തിലാണ്. അതി നടുത്ത് സിംകേശരു എന്ന ഗ്രാമം കാണുന്നുണ്ട്. മുൽക്കിനാടുവരു എന്ന സ്മാർത്തബ്രാഹ്മണർ ഇവിടെ വസിക്കുന്നു.പെരുമാൾ കേരളം വിഭജി ക്കുമ്പോൾ മുൽക്കിസാമന്തരെന്ന കർണ്ണാടകക്കാ രെ സഹോദരനായ കർണ്ണാടകരാജാവിന്റെ അകമ്പടിക്കാരായി കൊടുത്ത കാര്യം ഇവിടെ സ്മരിക്കണം. നെല്ലൂർജില്ലയിലെ കാവലി താലൂക്കിലാണ് ബിത്രഗുണ്ട. വിക്രമസിംഹ പുരത്തുനിന്ന് 3 യോജന വടക്ക് എന്ന് ലിഖിതം. പാകവിഷയജില്ലയിലാണ് വിക്രമപുരം. പാക വിഷയം കിഴക്കെ കടൽതീരത്തുണ്ട്. ഇവിടെ പാകനാടികളെന്ന് വിളിക്കുന്ന (മൈസൂരിലെ) തെലുഗു സംസാരിക്കുന്ന

ശൂദ്രരാണ് വസിക്കുന്ന ത്.

Bitragunta Grant of Samgama II.—Saka-Samvat 1278.



Bitragunta Grant of Samgama II.—Saka-Samvat 1278.



ബ്രാഹ്മണൻ	ഗോത്രം	ഷെയർ
അനന്ത	ഹാരീത	1
പെദ്ദിഭട്ട	വാർദ്ധ്യാവ	2

എല്ലയ	ഭരദ്വാജ	1
വല്ലഭ	ഹാരീത	1
ബൊമ്മയ്യ	കൌണ്ഡിന്യ	1
മാധവ	കൌണ്ഡിന്യ	1
കൂചയ	ശ്രീവത്സ	1
രുദ്രയ	ശ്രീവത്സ	1
അനന്ത	കൌശിക	1
കുമാര	കാശ്യപ	1
മഞ്ചയ	കൌശിക	1
ദേചയ	കാപി	1
അഹോബല	ഭരദ്വാജ	1
മലയാര്യ	ശ്രീവത്സ	1
രാഘവ	ഭരദ്വാജ	1
നൃസിംഹ	കൌശിക	1
പെദ്ദയാര്യ	കൌശിക	1
പിണ്ണയ	ഗൌതമ	1
മല്ലയ	കൌണ്ഡിന്യ	1
വിത്തല	ഭരദ്വാജ	1
തിപ്പയാര്യ	കശ്യപ	1
അയ്യലു	കശ്യപ	1

നാഗ	ഭരദ്വാജ	1
സർവ്വ	വാദുല	1
നൃഹരി	ശ്രീശൈലാവത	1
ശ്രീഗിരി	ശാണ്ഡില്യ	1
ശ്രീകണ്ഠ	കാശ്യപ	1
ലക്ഷ്മീദേവ	കൌണ്ഡിന്യ	1

ശ്രീകണ്ഠമെന്ന പേരുള്ള ഈ അഗ്രഹാരം ആച ന്ദ്രതാരം മനസ്സുഖമുളവാക്കുന്നതായി പരിലസി ക്കാനുള്ള പ്രാർത്ഥനയോടെ ലിഖിതം അവസാ നിക്കുന്നു. വിദൂഷകനെന്നതിന് നർമ്മസചിവനെ ന്നാണ് പദം . ശ്രീകണ്ഠപുരത്തിന് ഐശ്വര്യമു ണ്ടാവാനായി ശ്രീവിരൂപാക്ഷ എന്ന പഞ്ചാക്ഷരി മന്ത്രം രാജാവ് കുറിച്ചു.

ദേവരായ 2 സത്യമംഗലം പ്ലേറ്റ് ശകം 1346

വേലൂർ താലൂക്കിലെ സത്യമംഗലം ഗ്രാമത്തിൽ നിന്ന് കിട്ടിയത്. നന്ദിനാഗരിലിപി സംസ്കൃതഭാ ഷ. അവസാനം കുറച്ച് ഗദ്യം. ദേവരായപുരം എന്ന് പേരു മാറ്റിയ ചെതെയാത്യൂരു ഗ്രാമത്തി ലെ അഗ്രഹാരം 8 ബ്രാഹ്മണർക്ക് ദേവരായ 2 കൊടുത്തു. ഇത്

മരതകനഗരപ്രാന്തത്തിലെ അണ്ടാനാടിലാണ്. തുംഗഭദ്രാതീരത്തെ വിരൂപാ ക്ഷക്ഷേത്രത്തിലാണ് ദാനം നടന്നത്. തിങ്കൾ അമാവാസി ശകം 1346 ക്രോധി സംവത്സരം. 25 ജൂലൈ എഡി 1424. (ഉജ്ജയിനിയിലെ മീൻസമ യം)

ഒന്നാം വിജയനഗരവംശത്തിന്റെ വംശാവലി തരുന്നു. ചന്ദ്രവംശത്തിലെ യദുവംശം. സംഗമ ന്റെ മകൻ ബുക്ക 1. ബുക്കന്റെ ഭാര്യയുടെ പേരു തരുന്നു.

1. സംഗമ 1
2. അഞ്ച് മക്കൾ. ഹരിഹര 1 (ഹരിയപ്പ) ശകം 1261, കമ്പ(കമ്പന) , ബുക്ക 1 (ബുക്കന) ഭാര്യ ഗൌരി 1276, മാരപ്പ,മുദ്ദപ്പ(മുദ്ഗപ്പ)
3. കമ്പനന്റെ മകൻ സംഗമ 2 (1278) , ബുക്ക 1ന്റെ മകൻ ഹരിഹര 2 (ശകം 1301-21)ഭാര്യ മാലാംബിക
4. ഹരിഹര 2 വിന്റെ മകൻ ബുക്ക 2(1328), ദേവരായ 1 (1330) ദേവരായന്റെ ഭാര്യ ഹേമാംബിക
5. ദേവരായ 1 ന്റെ മകൻ വീരവിജയ , ഭാര്യ നാരായണാംബിക. (1335-1338)
6. രണ്ട് മക്കൾ ദേവരായ 2 (1346-71),പ്രതാപദേ വരായ . 1346ന് തത്വാലോക എന്ന അക്ഷര സംഖ്യയാണ് തരുന്നത്.

7. ദേവരായ 2 ന്റെ മക്കൾ
   മല്ലികാർജ്ജുനനും (1375-78)
   വിരൂപാക്ഷ 1 ഉം(1392)
8. മല്ലികാർജ്ജുനന്റെ പുത്രന്മാർ
   രാജശേഖര നും (1401-1408) 2 വും(1405)

ആചന്ദ്രതാരം നിലനിൽക്കേണ്ട ഈ അഗ്രഹാര ത്തിൽ വൃത്തി ലഭിച്ച ബ്രാഹ്മണരുടെ പേരും തരുന്നു .കൃഷ്ണദേവപുത്രൻ സിംഗപൂര്യൻ, നരഹരി, നാഗപ്പ, വിത്തപ്പ, ശങ്കനാര്യ, നരപതി, വല്ലഭ, സിംഗപാര്യന്റെ പുത്രന്മാർ, വിരൂപാക്ഷ പുത്രൻ നരഹരി. ഈ എട്ടുപേരും ഭരദ്വാജഗോ ത്രം , ഋക്കിലെ ശാഖകളെല്ലാം പഠിച്ചവർ, ഗ്രാമ ത്തിലെ വൃത്തി എന്നേക്കുമായി ലഭിച്ചവർ.ഇ പ്രകാരം ഗ്രാമത്തിലെ 8 ഭാഗം (ഷെയർ) വിഭജി ച്ചുകൊടുത്തു. തമിഴിലാണ് (ഈ ദേശത്തെ ഭാഷ) അതിരുകളും പറയുന്നുണ്ട്. ശ്രീ എന്ന മംഗള നാമം 5 പ്രാവശ്യം, വിരൂപാക്ഷനാമത്തോടെ ഉച്ചരിക്കാൻ കന്നഡഭാഷയിലാണ് എഴുതിയി രിക്കുന്നത്.

മാധവവർമ്മന്റെ ബുഗുഡ പ്ലേറ്റുകൾ

ഗഞ്ചം ജില്ല ഗുൻസൂർ താലൂക്ക് ബുഗുഡ ഗ്രാമ ത്തിലെ വയലിൽ മൺപാത്രത്തിലടച്ച് കുഴിച്ചിട്ട നിലയിലാണ് ലഭിച്ചത്. 3 പ്ലേറ്റ്. നേരത്തെ ഒരു ലിഖിതമുണ്ടായിരുന്നത് മാച്ചിട്ടാണ് ഇത് രേഖ പ്പെടുത്തിയിരിക്കുന്നത്. നാഗരി ലിപി. വിജയ പുരം ജയാദിത്യന്റെ ഗോരഖ്പൂർ താമ്രപത്രത്തേ ക്കാളും പുതിയതാണ്. സംസ്കൃതഭാഷ. 31-41 വരി ഗദ്യം ബാക്കി പദ്യം. കലിംഗോദഗൃഹത്തിലിരുന്ന മാധവവർമ്മൻ ജനങ്ങളോട് സൂര്യഗ്രഹണദിനം ഗുഡ്ഡവിഷയ ത്തിലെ ഖദിരപട്ടകത്തിലെ പൂയിപ്പിന ഗ്രാമം വാമനന്റെ പേരക്കുട്ടിയും ആദിത്യദേവന്റെ മകനും തൈത്തിരീയചരണം അദ്ധ്യയനം ചെയ്യവനും ഹാരീതഗോത്രജനും 3 പ്രവരം ഉള്ളവനും (ആംഗിരസ, അംബരീഷ, യൌവനാ ശ്വ) ആയ ഭട്ടവാമനന് ദാനം ചെയ്യതായി അറി യിക്കുന്നു.

ഓം സ്വസ്തി! എന്നാരംഭിച്ച് രണ്ടു ശ്ലോകം ശംഭു വിനെ കീർത്തിക്കുന്നതും രാജേന്ദ്ര മാധവേന്ദ്രനെ കീർത്തിക്കുന്നതുമാണ്. 3-12 ശ്ലോകം മാധവവ ർമ്മന്റെ വംശാവലി. .

കലിംഗദേശത്തെ ബ്രഹ്മ ജ്ഞാനിയായ പുലിന്ദസേനൻ സ്വയം രാജാവാ കണമെന്ന് മോഹം കൂടാതെ രാജ്യത്തിന് ഏറ്റ വും നല്ല ഭരണാധികാരിയെ ലഭിക്കണം എന്നാ ണ് ആശിച്ചത്. ശൈലത്തിൽനിന്ന് അപ്രകാരമു ള്ള ശൈലോത്ഭവനെ ബ്രഹ്മൻ സൃഷ്ടിച്ചു.

1 പുലിന്ദസേന

2 ശൈലോത്ഭവ

3 രണഭിത

4.യശോഭിത

5 സൈന്യഭിത

6 മാധവവർമ്മൻ.

ഇവരെല്ലാം കലിംഗം ഭരിച്ചു. കുന്ദഭോഗിന്റെ മകൻ ഉപേന്ദ്രസിംഗൻ എഴുതി, ജയസിംഹൻ അടയാളപ്പെടുത്തിയതാണ് ലിഖിതം. ദദ്ദിഭോഗ നാണ് കൊത്തിവെച്ചത്. ദൂതകൻ പ്രതിഹാരി ഗംഗഭദ്രനാണ്.

ധാരയിലെ ജയസിംഹന്റെ മാന്ധാതാ പ്ലേറ്റുകൾ വിക്രമസംവത് 1112

നർമ്മദാനദിയിലെ
മാന്ധാതാദ്വീപിൽനിന്ന് കിട്ടി.
രണ്ടാമത്തെ പ്ലേറ്റിൽ ഗരുഡചിത്രമുണ്ട്
തല പക്ഷിയും ഉടൽ മനുഷ്യനുമാണ്.
ഇടംകയ്യിൽ പിടിച്ച നാഗത്തെ
നോക്കിക്കൊണ്ട് ഇടത്തോട്ട് തിരിഞ്ഞ്
നിൽക്കുകയാണ്. ലിപി നാഗരി ഭാഷ
സംസ്കൃതം. 12 വരി പദ്യം ബാക്കി ഗദ്യം. ബ,
വ ഇവ മാറ്റിയിട്ടാണ്
എഴുതിയിരിക്കുന്നത്. പരമഭട്ടാരക
പരമേശ്വര മഹാരാജാധിരാജാ
ജയസിംഹദേവന്റെ ലിഖിതമാണ്.
അദ്ദേഹം പരമഭട്ടാരക പരമേശ്വരി
മഹാരാജാധിരാജാ ഭോജദേവന്റെ പാദം
ധ്യാനിക്കുന്നവനാണ്.
സിദ്ധരാജദേവന്റെയും
വാക്പതിദേവന്റെയും പാദം
പൂജിക്കുന്നവനാണ്. ലിഖിതം ഭോജന്റെ
താമ്രപത്രലിഖിതത്തിലെ അതേ
ശ്ലോകങ്ങളാണ് ഉദ്ധരിക്കുന്നത്.
സ്മരവിരോധി വ്യോമകേശശി വനെ
സ്തുതിച്ചാണ് ആരംഭം. ശിവന്റെ അനുഗ്ര
ഹത്തോടെ ജയസിംഹദേവൻ
പട്ടകിലയിലേയും
,പൂർണ്ണപതാകമണ്ഡലത്തിലേ മക്തുല 44
ലെ ഭീമഗ്രാമത്തിലേയും ധാരയിലേയും
ജനങ്ങളോട് താൻ ഭീമഗ്രാമത്തെ അതിലെ
സകല അതിർത്തി കളോടും പുല്ല് വളം
ജലം മറ്റെല്ലാം വിളവുക ളോടും കൂടി

അമരേശ്വരക്ഷേത്രത്തിലെ പട്ട ശാലയിലെ ബ്രാഹ്മണർക്ക് അവരുടെ ഭക്ഷണം മറ്റു ചെലവുകൾക്കായി വിട്ടുകൊടുക്കുന്നു എന്ന് അറിയിക്കുന്ന ശാസനമാണ്. ഇനി വരുന്ന രാജാക്കന്മാരെല്ലാം ഈ ദാനം തുടരേണ്ടതാണ്. 1112 ആഷാഢകൃഷ്ണപക്ഷത്രയോദശി . (എഡി 1055-56) സ്വയം ആജ്ഞാ (രാജാവ് തന്നെ) സകല അനുഗ്രഹത്തോടും ഭാഗ്യത്തോടും കൂടി ,രാജാ ജയസിംഹദേവൻ തന്നെ ഒന്നാം പ്ലേറ്റിന്റെ അവ സാനത്തെ വരിയിൽ ഒപ്പിട്ട് കൊടുത്തതാണ്.

അർജ്ജുനവർമ്മദേവന്റെ ലിഖിതത്തിലുള്ള അമ രേശ്വരതീർത്ഥം തന്നെയാണ് അമരേശ്വരം. നർമ്മ ദയുടെ തെക്കേ കരയിലാണിത്. പട്ടശാല ബ്രഹ്മ പുരിയിലെ ബ്രാഹ്മണരുടെ പാഠശാലയാണ്. (വിദ്യാഭ്യാസസ്ഥാപനം)

1055ൽ ധാരയിലെ പരമാരരാജാവിനെ ഈ ലിഖിതം പേരെടുത്ത് പറയുന്നു. ഭോജനുശേഷം ജയസിംഹനാണ് ധാര ഭരിച്ചത്. ഇതിനു മുമ്പ് പ്രസിദ്ധീകരിച്ച രണ്ട് ശിലാലിഖിതത്തിലും ഭോജനെ പിന്തുടർന്നത് ബന്ധുവായ ഉദയാദിത്യ നാണെന്നാണ് പറഞ്ഞിട്ടുള്ളത്. (ഉദയപൂർ പ്രശസ്തി, നാഗ്പൂർ പ്രശസ്തി.)ഭോജന്റെ ആദ്യ ലിഖിതം 1021ലും അവസാനലിഖിതം 1042-

43 ലു മാണി. ഉദയാദിത്യന്റേത് 1081 മുതലേ ഉള്ളു. ഇവർക്കിടയിലാണ് ജയസിംഹദേവന്റെ ലിഖി തം കാണുന്നത്.

Mandhata Plates of Jayasimha of Dhara.—Samvat 1112.



E. HULTZSCH. SCALE ·4. W. GRIGGS, PHOTO-LITH

FROM IMPRESSIONS BY H. COUSENS

പുലികേശി 2 ചിപ്ലുൻ കോപ്പർ ശകം 735)പ്ലേറ്റ്.

2 പ്ലേറ്റ് രത്നഗിരിയിലെ ചിപ്ലുൻ താലൂക്കിലെ കർഷകന് കിട്ടിയത്. തെക്കൻലിപി. സംസ്കൃത ഭാഷ. വിഷ്ണുസ്തുതിയോടെ തുടക്കം. ചാലൂ ക്യ സത്യാശ്രയപുലികേശി 2 ആണ് ലിഖിതം എഴുതിച്ചത്. അദ്ദേഹത്തിന്റെ അമ്മാമനായ സേന്ദ്രകരാജാ സേനാവല്ലഭരാജാ ഒരു ആമ്രവട വാകവും ആവരേതികവിഷയത്തിലെ അവാ ഞ്ചപ്പള്ളിയില് സ്ഥാനവും ബ്രാഹ്മണന് കൊടുത്ത താണ് വിഷയം. എഡി 609-642 കാലം. മാണവ്യഗോത്രം ഹാരീതിപുത്ര ചാലൂക്യവംശ കീർത്തിവർമ്മൻ 1 വാതാപി നിർമ്മിച്ചു. ആ വംശത്തിന് ഭൂഷണമായ സത്യാശ്രയ പുലികേശി യുടെ പ്രശസ്തി. ആത്രേയഗോത്രത്തിലെ കൃഷ്ണസ്വാമിയുടെ മകനായ മഹേശ്വരനാണ് സേന്ദ്രകന്മാരുടെ ഭൂഷണമായ തന്റെ അമ്മാമൻ ദാനം ചെയ്തത് . വാരുബെണ്ണനദീതീരത്താണ് അവാഞ്ചപ്പള്ളി എന്ന് പറഞ്ഞിരിക്കുന്നു.

Chiplun Plates of Pulikesin II.



ഗോവിന്ദരാജന്റെ കാലത്തെ (ഗുജറാ ത്ത്) തോർക്കഡേ ലിഖിതം (ശകം 735)

തെക്കൻലിപി.സംസ്കൃതഭാഷ. രാഷ്ട്രകൂടരാജാ പ്രഭൂതവർഷ ജഗത്തുംഗ ഗോവിന്ദരാജാ 3 കാലം. മരുമകൻ ഗോവിന്ദരാജാ ഗുജറാത്തിലെ സാമന്തനാണ്. അദ്ദേഹത്തിന്റെ മഹാസാമന്ത ബുദ്ധവരശ എന്ന ചാലൂക്യവംശജൻ(പഞ്ചമഹാ ശബ്ദവും ലഭിച്ച) സിഹരഖി 12ലെ ഗോവത്താ നെ ഒരു ബ്രാഹ്മണനു ദാനം ചെയ്തു.(എഡി 812) ബറോഡക്ക് അടുത്തുള്ള സേർഖിയാണ് സിഹ രഖി.

രാഷ്ട്രകൂടവംശാവലി

1. **ദന്തിവർമ്മൻ 1**
2. **ഇന്ദ്ര 1**
3. **ഗോവിന്ദ 1**
4. **കർക്ക അഥവാ കക്ക 1**
5. **രണ്ട് മക്കൾ ഇന്ദ്ര 2, അകാലവർഷ ശുഭതുംഗ കൃഷ്ണ**
6. **ഇന്ദ്ര 2 വിന്റെ മകൻ ദന്തിവർമ്മൻ 2 (എഡി 754) അകാലവർഷന്റെ മകൻ ഗോവിന്ദ 2 ഉം ധാരാവർഷകൃഷ്ണനും (നിരുപമ)**

7. ധാരാവർഷന്റെ മകൻ പ്രഭൂതവർഷ ശ്രീവല്ല ഭ ജഗത്തുംഗ ഗോവിന്ദ 3 ഭാര്യ ചാമുണ്ഡ ബ്ബേ. (എഡി 82-84, 814-15)
8. നൃപതുംഗമഹാരാജ അമോഘവർഷ 1 (814-876)അകാലവർഷശുഭതുംഗ കൃഷ്ണ 2. (888-911-12) ഗോവിന്ദ 3 നു ശേഷം സഹോദരനാ യ ദാരാവർഷകൃഷ്ണന്റെ ശാഖയിലെ ചില രും ഭരിച്ചിട്ടുണ്ട്. ഇവർ സുവർണ്ണവർഷ, ധാരാവർഷനിരുപമ, അകാലവർഷ, ധാരാ വർഷനിരുപമ (866),ദന്തിവർമ്മ, അകാലവ ർഷ കൃഷ്ണ (888) ഇവരാണ്.
9. നൃപതുംഗന് ലക്ഷ്മിയിൽ നിത്യവർഷ ഇന്ദ്ര 3 (915-917) ഗോവിന്ദാമ്പയിൽ അമോഘവ ർഷ 5. ഇന്ദ്ര വിജ്ജാംബയേയും അമോഘവ ർഷൻ കുന്ദകാദേവിയേയും വിവാഹം ചെയ്തു.
10. ഇന്ദ്രന് 2 മക്കൾ അമോഘവർഷ 2, പ്രഭൂതവർഷസുവർണ്ണവർഷ നൃപതുംഗ ഗോവിന്ദ 4 (എഡി 918-933) . അമോഘവർഷ 5ആമന് അകാലവർഷ കൃഷ്ണ 3 (940-956), ജഗതുംഗ 1 എന്ന് 2 മക്കൾ
11. കൃഷ്ണ 3ക്ക് ഒരു മകൻ
12. ഇന്ദ്ര 4 (982ൽ മരണം)

മാൽഖേദ് പ്രകാരം

ആദ്യഗുജറാത്ത് ശാഖ

1. കർക്കരാജ 1
2. ധ്രുവരാജദേവ
3. ഗോവിന്ദരാജ
4. കക്കരാജ 2 (757)

രണ്ടാം ഗുജറാത്ത് ശാഖ

5. ഇന്ദ്രരാജാ (ശുഭതുംഗകൃഷ്ണ 1ന്റെ മകൻ ധരാവർഷ കലിവല്ലഭനിരുപമ ധ്രുവന്റെ മകനാണ്)
6. ഇന്ദ്രരാജന് 2 മക്കൾ. സുവർണ്ണവർഷകർക്ക രാജനും (811-12) പ്രഭൂതവർഷഗോവിന്ദ രാജനും (812-827)
7. സുവർണ്ണവർഷന്റെ മകൻ ധാരാവർഷ നിരുപമധ്രുവരാജാ (834-35)
8. അകാലവർഷശുഭതുംഗൻ
9. മൂന്നുമക്കൾ , ധാരാവർഷനിരുപമധ്രുവ രാജൻ(866) , ഗോവിന്ദരാജ , മറ്റൊരു മകൻ
10. ദന്തിവർമ്മൻ
11. അകാലവർഷകൃഷ്ണരാജാ (888)
12. നൃപതുംഗ.
13. മക്കൾ ഇന്ദ്രരാജ 3, അമോഘവർഷ വഡ്ഡിക ഭാര്യ കുന്ദകാദേവി
14. ജഗതുംഗ 3ന്റെ സഹോദരന്മാരായ് നിത്യവർഷ ഖോട്ടിഗ (971), നിരുപമ ഇവരെ പറയുന്നു
15. നിരുപമയുടെ മകൻ അകാലവർഷ നിരുപമ കോക്കാല അഥവാ കക്ക 2 (972-73)

Torkhede Plates of Govindaraja of Gujarat.—Saka-Samvat 735.



J. F. FLEET, I.C.S. SCALE ·50. W. GRIGGS, PHOTO-LITH.

ഈ ലിഖിതപ്രകാരം ഇന്ദ്രരാജന്റെ സഹോദര നാണ് ഗോവിന്ദ 3.ഗോവിന്ദ മൂന്നാമന് ലാടദേശം ഭരിക്കാൻ കൊടുക്കുന്നത് ഇന്ദ്രരാജനാണ്. ശാസ്ത്രപഠനത്തിൽ ശ്രദ്ധാലുവാണ്

അദ്ദേഹത്തി ന്റെ പുത്രൻ കർക്കരാജാ. അനുജൻ ഗോവിന്ദരാ ജാ നന്ദിമേലിരിക്കുന്ന ശംഭുപോലെ സകലരുടെ യും ആദരപാത്രമാണ്.

ബുദ്ധവരശന്റെ പ്രശസ്തിയിൽ അദ്ദേഹം പ്രശ സ്തനായ മണിനാഗത്തിന്റെ പേരക്കുട്ടിയാണെ ന്ന് പറയുന്നുണ്ട്. മണിനാഗം രാജാദിത്യന്റെ മകനാണ്. ബലി,ചരു, വൈശ്വാദേവം, അഗ്നി ഹോത്രം .യജ്ഞം ഇവ നടത്താനാണ് ഗ്രാമദാനം. അതിർത്തികൾ, പുണ്യതീർത്ഥങ്ങൾ,മേഷുവല്ലി കാഗ്രാമം, ഇവ ഭൂമിഛിദ്രനിയമപ്രകാരം ഉദകം വീഴ്ത്തി, ദാനം ചെയ്യുന്നു. ബദരസിദ്ധിയിലെ ചതുർവ്വേദികുടുംബത്തിലെ വാജസനേയ മാദ്ധ്യ ന്ദിനശാഖയിലെ ലാവായനഗോത്രത്തിലെ സർവ്വ ദേവപുത്രൻ സോമനാണ് ദാനം കൊടുക്കുന്നത്. ദാനം കൊടുക്കുന്ന മറ്റു ബ്രാഹ്മണർഃ- ഗൌതമഗോത്രം മഹേശ്വരപുത്രൻ നാഹരൻ, വാർഷ്ണേയഗോത്രം ശർവ്വപുത്രൻ ദ്രോണൻ, കാത്യായനഗോത്രം ബപ്പുകപുത്രൻ സോമൻ, ആഗ്നേയഗോത്രം സർവ്വദേവപുത്രൻ ലാകുടി, മുദ്ഗലഗോത്രത്തിലെ സർവ്വദേവൻ, നേവനും മകൻ ഗോവനും,

വത്സഗോത്രത്തിലെ ബൌള്ള ൻ,
ഗോവശർമ്മൻ, അനഹാദിത്യൻ,
നാസേനൻ, ഗൌതമഗോത്രം
ദ്രോണപുത്രൻ ഗോവൻ, പരാ
ശരഗോത്രത്തിലെ ആദിത്യൻ,
ആഗ്നേയഗോത്രം ലിംബാദിത്യൻ,
ശാണ്ഡില്യഗോത്രം യോഗൻ,
അഗ്നിശർമ്മൻ, മുദ്ഗലഗോത്രം
നേവരേവൻ, മാധരഗോത്രം നാഗൻ,
നാനസരനും രേവസ മനും,
യോഗനഗോത്രം ബൌള്ളൻ, ഭരദ്വാജ
ഗോത്രം നേവാദിത്യൻ, സൈശഗോത്രം
ഈശ്വര ൻ,ബപ്പസ്വാമിൻ,
വാർഷ്ണേയഗോത്രം നേവശ ർമ്മൻ,
ശിവാദിത്യനും ദേവഹടനും, ലാവായന
ഗോത്രം സീഹൻ, കാത്യായനഗോത്രം
നന്നൻ, മാതൃശൂരൻ, ആഗ്നേയഗോത്രം
മഹേശ്വരൻ, (മഹേശ്വരൻ തന്റെ ഭാഗം
മകളുടെ മകനായ നൈനന് കൊടുത്തു),
ഭരദ്വാജഗോത്രം ലല്ലൻ, സഹോദരൻ
ജജ്ജൂകൻ, സൌന്ധാനഗോത്രം ദത്തൻ,
ആഗ്നേയഗോത്രം ആഗ്നിശർമ്മൻ,
നേവാദിത്യൻ കംസഗോത്രം ശംബൌരൻ,
വാർഷ്ണേയഗോത്രം ജജ്ജൂകൻ, ഗൌതമഗോ
ത്രം ആദിത്യൻ, സോമന്റെ പുത്രൻ
ആദിത്യചീഹ ല്ലകൻ, മുദ്ഗലഗോത്രം
അഗ്നിശർമ്മൻ, ആഗ്നേ യഗോത്രം
രേവൻ.നന്നപുത്രനായ കൃഷ്ണനാണ്
ലിഖിതം കൊത്തിയത്.

അന്നവേമന്റെ വനപ്പള്ളിപ്ലേറ്റ് ശകം 1300

ഗോദാവരിജില്ല അമലാപുരി താലൂക്ക് വനപ്പ ള്ളി ഗ്രാമം. 3 പ്ലേറ്റ്. സീലിലെ റിങ്ങിൽ ഇരിക്കു ന്ന നന്ദി. ഭാഷ സംസ്കൃതം, തെലുഗുലിപി.കുറ ച്ച് വാക്കുകളൊഴികെ എല്ലാം പദ്യം. കൊണ്ടവീ ടു റെഡ്ഡികുടുംബത്തിലെ ഒരാൾ കൃഷ്ണജില്ല നരസറാവുപേട്ട താലൂക്കിലെ മലക്കോട്ടക്ക് കൊടുത്ത ഗ്രാന്റാണ് വിഷയം. വരാഹരൂപിയാ യ വിഷ്ണു, ഗണപതി, ശിവശിരസ്സിലെ ചന്ദ്രൻ, ഇവരെ സ്തുതിച്ച് ആരംഭം. ബ്രഹ്മാവിന്റെ പ്രപഞ്ചസൃഷ്ടി അതിലെ ശൂദ്രർ തന്റെ പാദത്തി ല്നിന്ന് ഉത്ഭവിച്ച ഗംഗപോലെ പവിത്രമാണെന്ന വിഷ്ണുവിന്റെ അനുഗ്രഹം. ഈ വംശത്തിലാ ണ് പ്രോലരാജാവ് ജനിച്ചത്. കർണ്ണൂൽജില്ലയിൽ പ്രസിദ്ധമായ ശിവക്ഷേത്രമായ ശ്രീശൈലത്തിലേ ക്ക് പടികളും ഒരു മണ്ഡപവും കെട്ടിയ വേമരാ ജാ അദ്ദേഹത്തിന്റെ മകനാണ്. വേമന് അന്നവേ ത എന്നും അന്നവേമ എന്നും 2 മക്കൾ.അന്നവേ മു കൊണ്ടവീടിലാണ് താമസിച്ചിരുന്നത്. (അദ്ദേ ഹത്തിന് ചില നാമങ്ങളുണ്ടായിരുന്നു. ജഗനോ ഭഗന്ദ, ക്ഷുരികാകലിവേതാള, കർപ്പൂരവസന്ത

രായ ഇവ .)ഹേമാദ്രി എന്ന പേരും ദാനസ്വഭാ വം കൊണ്ട് കിട്ടി. ഇദ്ദേഹത്തിന്റെ ദാനഖണ്ഡം അക്കാലത്തെ ആധാരരേഖയായി പറയുന്നു. ദാനഖണ്ഡം എഴുതിയ ഹേമാദ്രി മഹാദേവ, രാമചന്ദ്ര എന്ന രണ്ട് യാദവരാജാക്കന്മാരുടെ മന്ത്രിയായിരുന്നു.

മന്ത്രി മല്ലയ്യയുടെ മകൻ ലോഹിതഗോത്രത്തിലെ ഇമ്മട്ടിക്ക്(ഇമ്മടീന്ദ്ര) അന്നവേമു ഒരു ഗ്രാമം അഗ്രഹാരമായി കൊടുത്തു. മല്ലയ്യ അന്നവേമു വിന്റെ ആത്മീയഗുരു കൂടി ആയിരുന്നു. മാഘമാ സം കൃഷ്ണ പക്ഷ ചതുർദ്ദശി, സിദ്ധാർത്ഥവ ർഷം ശകം 1300, (എഡി 1379-80) ഫെബ്രുവരി 6 തിങ്കളാഴ്ചയാണ് ദാനം. ഇമ്മടിലങ്ക എന്നും അന്നവേമപുര എന്നും ഗ്രാമത്തിന് പേരും കൊടുത്തു. പടിഞ്ഞാറേ അതിർത്തി ഗൌതമി (ഗോദാവരി) അഥവാ അതന്റെ അണക്കെട്ടിനു താഴെയുള്ള ശാഖ. ഗൌതമിയുടെ തെക്കേ കര യിലാണ് വനപ്പള്ളി. ഗ്രാമത്തിനു വടക്ക് ഇമ്മട്ടി വാരിലങ്ക എന്ന സ്ഥലമുണ്ട്. ഇമ്മട്ടിലങ്കയുടെ തെക്കേ അതിര് പ്രാഖ്യഗ്രാമത്തിലെ ആൽത്തറ ക്കും, മുഗ്ഗുല്ലസന്ധവീട്ടിനും നടുക്ക് വരച്ച നേർരേഖയാണ്. അണക്കെട്ടിനു മുകളിലെ ഭാഗ ത്ത് പ്രാക്കിലങ്ക, മുഗ്ഗുല്ല എന്ന് 2 സ്ഥലം

ഉണ്ട്. അതായത്, ദാനം ചെയ്ത ഇമ്മട്ടി ലങ്ക ഇപ്പോളു ള്ള ഇമ്മേട്ടിവാരിലങ്ക ആവുക വയ്യ. ഒന്ന് അണ ക്കെട്ടിനു താഴെയും ഒന്ന് മുകളിലുമാണ്. കിഴക്ക് കൃദ്ദേവിയും വടക്ക് കൊണ്ടൂരി, കൊണ്ടേപ്പൂ ണ്ടിയും അതിർ പറയുന്നു.ത്രിലോചനാര്യയാ ണ് എഴുതിയത്. അദ്ദേഹം സ്വന്തം കവിത്വത്തെ യും പ്രശംസിക്കുന്നു. അവസാനം രാജാവാണ് ഒപ്പു വെച്ചിരിക്കുന്നത്.

ശ്രീമദ് ത്രിലോചനാസ്മുകവി വംശദീപകോ ജയതി.
അനവേമുനൃപതിദത്തസ്യേമട്ടിലങ്കസ്യ ശാസനം കൃതവാൻ.
മഹാനടജടാഛടാനടദമം ശമം ശാകിനീകലകചണിതകങ്കണാവ്രജ വിജൃംഭി വാഗ് ഗുംഭിനഃ കവിഃകവികുലോദ്ഭവോ ഭുവനഭവ്യദിവ്യോദയശ്ശിവാഗമവിശാര ദോ ജയതി ശാരദാവല്ലഭഃ ശ്രീമത് ത്രിപുരാന്തകഃ അന്നവേമു പ്രാലു (വ്രാലു) .

പ്രോലനാമം ചേർത്താണ് അന്നവേമുനാമം എഴുതി

ഒപ്പിട്ടിരിക്കുന്നത്.

Vanapalli Plates of Anna-Vema.—Saka-Samvat 1300.



E. HULTZSCH. HALF-SIZE. Photo. S. I. O., Calcutta.

iib.

iiia.

iiib.



ഇവിടെ ശ്രദ്ധേയം അന്നവേമുവും പ്രോലയും ശൂദ്രരാജാക്കന്മാരാണെന്നും അവർ ദാനശീല രാണെന്നും ബ്രാഹ്മണർക്ക് ധാരാളം സ്വത്തും അഗ്രഹാരവും ദാനം ചെയ്തിരുന്നുവെന്നു

മാണ്. രാജാവ് പ്രോല എന്നതിനു പകരം ്രവോ ല എന്നാണ് ഒപ്പ് വെച്ചിരിക്കുന്നത്. (പകാരത്തി നു പകരം വകാരം) . ബ, വ, പ മുതലായ അക്ഷ രങ്ങളെ മാറ്റി എഴുതുന്നത് പതിവായിരുന്നു.

ഭാസ്കരരവിവർമ്മന്റെ കൊച്ചിൻ പ്ലേറ്റ്

1844ൽ ഗുണ്ടർട്ടും, തുടർന്ന് അതേ വർഷം മി, എല്ലിസ്സുമാണ് ഈ ലിഖിതം ആദ്യം പ്രസിദ്ധീക രിച്ചത്. 1859ൽ കൂക്കേൽ കേളുനായർ ഗുണ്ടർട്ടി ന്റെ തർജ്ജമക്ക് സ്വന്തം വ്യാഖ്യാനം പ്രസിദ്ധീക രിച്ചു. പിന്നീട് ബർണലിന്റെ വ്യാഖ്യാനം വന്നു. ലോഗൻ മലബാറിൽ ഗുണ്ടർട്ടിന്റെ റിപ്രിന്റ് തന്നു. ഒറിജിനൽ ലിഖിതം കൊച്ചിയിലെ യഹൂ ദരിൽനിന്നാമ് കിട്ടിയത്. 2 താമ്രപത്രം, രണ്ടാമ ത്തേതിന്റെ രണ്ടാം വശം എഴുതിയിട്ടില്ല. ചേര പാണ്ഡ്യവട്ടെഴുത്ത് ലിപി. ഇതിലെ യകാരം ശ്രദ്ധ അർഹിക്കുന്നു. ഇത് തിരുനെല്ലി ഗ്രാന്റിലു ള്ളതുപോലെയാണ്. 7ആം വരിയിലെ വായനാ ട്ടാളും എന്നതിലെ യ മാത്രം വ്യത്യസ്തമാണ്. (കോട്ടയം ഗ്രാന്റിലെ യ) രണ്ട് കോട്ടയം ഗ്രാന്റി ലും തിരുനെല്ലി ഗ്രാന്റിലും ജടിലവർമ്മൻ ഗ്രാന്റി ലും സംസ്കൃതവാക്കുകൾക്ക് ഗ്രന്ഥലിപിയാണ്

ഉപയോഗിക്കുന്നത്. ഉദാഃ സ്വസ്തി!, ശ്രീ, പ്രസാ ദിച്ചു, പ്രസാദം ഇവയിലെ സ. ഭാഷ തമിഴാണ്. ചോളലിഖിതങ്ങളിലെ ഗ്രാമ്യമായ തമിഴാണ്. പിരസാദിച്ചു പിരസാതിത്തു, അഞ്ചുവണ്ണം (ഐന്തുവണ്ണത്തിനു പകരം) എന്നെല്ലാം കാ ണാം. പിടിയാനക്ക് പേടി എന്നും വാഹനത്തിന് വായണമെന്നും ഇപ്പടിക്ക് ഇപ്പരിയെന്നും ഗ്രാമ്യ ഭാഷ കാണുന്നു. തമിഴ് ചെയ്യിന്റ എന്നതിന് മലയാളത്തിലേക്കുള്ള മാറ്റം കുറിക്കുന്ന ചെയ്യി ന്റ എന്ന പദം ശ്രദ്ധേയമാണ്. തിരുനെല്ലി ഗ്രാന്റി ലെ ഭാസ്കരരവിവർമ്മനാണ് ഇവിടേയും ദാനം ചെയ്യുന്നത്. ലിപികന്മാർ രണ്ടുപേരാണ്. വട ക്കേ മലബാറിലും തെക്കേ മലബാറിലും ഇരി ക്കുന്ന രണ്ടു ലിപികന്മാർക്കും ഒരേ ലിപി അറി യാമെന്ന ഭാഷാപരമായ പ്രത്യേകത കൂടാതെ രണ്ടും ഒരേ രാജാവിന്റെ കീഴിലെ ഏകരാഷ്ട്ര മായിരുന്നു എന്നതും ഇവിടെ ശ്രദ്ധിക്കണം. (ഭാഷ , ഭരണം രണ്ടും ഏകീകൃതം) , രാജാവിന്റെ കോഗോണൈക്കൊണ്ടാനെന്ന ബിരുദം (കോ കോണൈ കൊണ്ടാൻ) ചോളരാജരാജന്റെ കാല ത്തെ കോനേരിമൈക്കൊണ്ടാനെന്ന നാമത്തോട് തുലനം ചെയ്യേണ്ടതാണ്. രാജാവിന്റെ യുവരാജ പട്ടത്തിന് 2

വർഷത്തിനുശേഷം 36 വർഷം കഴിഞ്ഞാണ് അഭിഷേകം. ഇസ്സൂപ്പു ഇരപ്പാൻ (ജോസഫ് റബ്ബാൻ) ആണ് ദാനം വാങ്ങിയത്. (പടിഞ്ഞാറൻ തീരത്തെ യഹൂദകോളനിയിലെ അംഗം). മുയിരിക്കോട് അഥവാ കൊടുങ്ങല്ലൂരിൽനിന്നാണ് രാജാവ് ദാനം ചെയതത്. പോർച്ചു ഗീസുകാരുടെ ഉപദ്രവത്തിനു മുമ്പ് യഹൂദർ അവിടെയാണ് കോളനി സ്ഥാപിച്ചിരുന്നത്. അഞ്ചുവർണ്ണക്കാരും വസിക്കുന്ന അഞ്ചുവണ്ണം അവിടെയാണ് (കൊച്ചി രാജ്യം) ഉണ്ടായിരുന്നത്. (ഐംകമ്മാളരെന്ന് ചെറിയ കോട്ടയം ഗ്രാന്റ്) . അഞ്ഞൂരെന്ന് ഇവരെ പറയുന്നു. (കുന്നംകുളം ത്തിനടുത്ത് വണിക്കുകളുടെ ഗ്രാമങ്ങൾ). ഭാസ്കരരവിവർമ്മന്റെ സാമ്രാജ്യത്തിലെ 5 നാടുകളു ടെ മുഖ്യന്മാരാണ് സാക്ഷികൾ.

വേണാട്, വേണാപലിനാട് ഏറാളനാട്, വള്ളു വനാട്, നെടുംപുറൈയൂർനാട് . എല്ലിസ് വേണാ പൊലിനാടിനെ വെരാപൊലിനാട് എന്ന് തെറ്റാ യി വായിച്ചു. അത് പിന്നെ വരാപ്പുഴനാടായി. കോട്ടയം ചെറിയ ലിഖിതം ഏറനാട് എന്നാണ് ഏറാളനാട് എന്നല്ല എഴുതുന്നത്. അഞ്ചുവർണ്ണ ക്കാരും (ഐംകമ്മാളർ) താമസിക്കുന്ന കച്ചവട കേന്ദ്രം മലബാറിലെ കുന്നംകുളത്തിനടുത്തുള്ള

പെരുമ്പടപ്പ് തലപ്പള്ളി വംശക്കാരുടെ അധീന ത്തിലായിരുന്നു. പഴവഞ്ചി (പഴഞ്ഞി) എന്നു വിളിക്കുന്ന സ്ഥലവും ഇവിടെയാണ്. നെടുംപു റൈയൂർനാടിനെ പാലക്കാടു ജില്ലയിലെ സ്ഥല മെന്ന് വിളിക്കുന്ന വിദേശിയായ ഗവേഷകൻ അതാണ് പുറൈക്കിഴൈനാടെന്ന് (തിരുനെല്ലിലി ഖിതത്തിലെ) തെറ്റിദ്ധരിക്കുന്നുണ്ട്. നെടുംപുറൈ നാടും കുറുംപൊറൈനാടും മലബാറിന്റെ മദ്ധ്യത്തിലും വടക്കുമായി ഒരേ രാജാവിന്റെ കീഴിലുള്ള മലബാറായിരുന്നു. കുറുംപൊറൈ നാട്ടിലാണ് പുറൈക്കിഴാനാട്.

സ്വസ്തിശ്രീ കോഗോണ്മൈ കൊണ്ടാൻ കോ ശ്രീ പാർക്കരൻ ഇരവിവന്മർ തിരുവടി പല നൂറാ യിരത്താണ്ടും സെങ്കോൽ നടത്തിയാളാനിന്റെ യാണ്ടു ഇരണ്ടാമാണ്ടെക്കെതിർ മുപ്പത്താറാ മാണ്ടു മുയിരിക്കോട്ടു ഇരുന്തരുളിയ നാൾ പിരസാദിച്ചരുളിയ പിരസാദമാവതു ഈസോ പ്പു ഇരപ്പാനുക്കു അഞ്ചുവണ്ണമും പേടിയാളും വായനാട്ടാളും പാദുകമും അഞ്ചുവണ്ണപ്പേരും പഗൽവിളക്കും പാവാടൈയും അന്ദോളകമും കുടൈയും വടുകപ്പറൈയും മഹാകാളമും ഇടുപടൈയും തോരണമും തോരണവിതാനമും ശരമും മിക്കും

എളുബത്തിരണ്ടു വീടുപേരും കൂടക്കുടുത്തോം. ഉൽഗുൻതുലാക്കൂലിയും വിട്ടോം. മറ്റും നഗരത്തിൽ കുടിഗൾ കോയി ൽക്കു ഇരുക്കുമാട് ഇവൻ ഇരാമൈയും പെരു മാട് പെറവും ആഗ ചെപ്പേട്ടോടും സെയ്തു കുടുത്തോം. അഞ്ചുവണ്ണം ഉടൈയു ഈസുപ്പു ഇരപ്പാനുക്കും ഇവൻ സന്തതി ആൺമക്കൾക്കും പെൺമക്കൾക്കും ഇവൻ മരുമക്കൾക്കും പെൺമക്കളൈ കൊണ്ട മരുമക്കൾക്കും സന്തതി പ്പിരകൃതി ഉലകും ശന്തിരനും ഉള്ളവും അഞ്ചു വണ്ണം സന്തതിപ്പിരകൃതി

ഇപ്പരി അറിവേൻ വേണാടുടൈയ കോവർത്തന മാർത്താണ്ഡൻ

ഇപ്പരി അറിവേൻ വേണാപലിനാടുടൈയ കോതൈ ശ്രീകണ്ടൻ

ഇപ്പരി അറിവേൻ ഏറാളനാടുടൈയ മാനവേപലമാനവീയൻ

ഇപ്പരി അറിവേൻ വള്ളുവനാടുടൈയ ഇരായിരൻ ശാത്തർ

ഇപ്പരി അറിവേൻ നെടുംപുറൈയൂർ നാടുടൈ യ കോതൈ ഇരവി

ഇപ്പടിക്ക് അറിവേൻ കീൾപ്പടൈനായകം സെയ്കിന്റെ മൂക്കൻ സാത്തൻ

വായ്ക്കേൾപ്പാൻ വന്റലെശ്ശേരി കന്തൻ എഴുത്ത്

വന്തിലശ്ശേരി അഥവാ വന്റലശ്ശേരി എന്ന വന്ദേ രിയെ ഇംഗ്ലീഷുകാരായ ഗവേഷകർ വൻ (വലി യ) തലശ്ശേരി എന്നാണ് എഴുതിക്കാണുന്നത്. ചെറിയ തലശ്ശേരി കുറുമ്പ്രനാട്ടിലാണല്ലോ. തെക്കു വേണാടുമുതൽ വടക്ക് കുറുമ്പ്രനാട് വരെ ഒരേ രാജാവാണ് ഭരിച്ചിരുന്നതെന്നത് ഭാസ്കരവർമ്മന്റെ ചെപ്പേട് തെളിയിക്കുന്നു.

മൂക്കൻചാത്തനെന്നത് സേനാനായകനായ വ്യ ക്തിയാണ്. (നാമിപ്പോൾ കാളിയുടെ പടനായക നായി മൂക്കോഞ്ചാത്തനെന്ന വേഷത്തെ മാത്ര മാണ് കാണുന്നത്). അതുപോലെ രാജാവിന്റെ തിരുമൊഴി നേരിട്ട് കേൾക്കുന്ന പ്രധാനഉദ്യോ ഗസ്ഥനാണ് , രാജാവിന്റെ നേരിട്ട അനന്തരാവ കാശിയാണ് വന്നിലശ്ശേരിയിലെ കന്തൻ കുന്റ പ്പോളൻ. (കുന്റപ്രോലൻ) വന്ദേരിനാടിന്റെ ചരി ത്രത്തിൽ ഈ ലിഖിതം പ്രധാനമാണ്.

ചോളമുഖ്യന്മാരുടെ മൂന്നു ലിഖിത ങ്ങൾ:-

ചോളചമ്പന്റെ ബിലപനാഥേശ്വരലിഖിതം (ശകം 1236)

വടക്കേ ആർക്കോട്ടിലെ തിരുവല്ലത്ത് ബിലവനാ ഥേശ്വരക്ഷേത്രത്തിന്റെ മുമ്പിലെ മണ്ഡപത്തിന്റെ തെക്കേ ചുമരിൽ. ഗ്രന്ഥലിപിയിൽ 3 സംസ്കൃത ശ്ലോകം. ജ്ഞാനാത്മനെന്നും ജ്ഞാനമൂർത്തിയെന്നും വിളിക്കുന്ന സന്യാസിയാണ് ഈ മണ്ഡപം പണിതത്. ചോളരാജാവിന്റെ മകനായ വീരച മ്പനെന്ന മുഖ്യനാണ് ധനം കൊടുത്തത്. ഭദ്രമണ്ഡ പമെന്നും നിദ്രാവസാനവിജയീമണ്ഡപമെന്നും ഇതിന് പേരുണ്ട്. ഇത് വീരചമ്പന്റെ ബിരുദപ്പേ രുമാണ്. മണ്ഡപത്തിനടുത്ത് ജ്ഞാനമൂർത്തി നായകശിവാലയമെന്ന ശിവക്ഷേത്രം നിർമ്മിച്ചി ട്ടുണ്ട്. നായകനായിരുന്ന വീരചമ്പന്റെ നാമത്തിലാണിതും. തിരുവല്ലം വല്ലഭന്മാരുടെ കീഴിലാ യിരുന്നു. അവിടത്തെ ശിവക്ഷേത്രം ശ്രീവല്ലാധി പതിക്ഷേത്രമാണ്.

നിദ്രാപര്യവസാനകാലവിജയീ
ശ്രീചോളഭൂപാത്മജസ്സർവ്വാനാശു വിജിത്യ
ശത്രുനൃപതീനാജൌ തദീയേർദ്ദനൈഃ
ശ്രീവല്ലാധിപതേശ്ശിവസ്യ സുഖദം
ഭദ്രാഹ്വയം മണ്ഡപം
ജ്ഞാനാത്മാഖ്യതപസ്വിനാപ്യരചയ
ച്ഛ്രീവീരചമ്പോ
നൃപഃതുംഗശ്രീകശതാബ്ദഭാജി സമയേ
ശ്രീജ്ഞാനമൂർത്തി..................

..ത്യുദാരമകരോത് ഭദ്രാഹ്വയം മണ്ഡപം ശ്രീവല്ലാധിപതേഃ ഫണീന്ദ്രപരിഷത്സ്വർല്ലോക ....ജടാവല്ലീസമുല്ലാസിതഃ ഭദ്രാഖ്യമണ്ഡപമും വിരചയ ശംഭോർനിദ്രാവസാനവിജയീതി ച നാമ കൃത്വാ ചക്രേ ച നായകശിവാലയസ്യ പാർശ്വെ ശ്രീജ്ഞാനമൂർത്തിരതിലമുദമേഹി വല്ലപുര്യാം.

തുംഗശ്രീക (1236) ശകവർഷസംഖ്യ. ശ്രീവല്ലത്തെ ശംഭുവിന്റെ ജടാവല്ലിയിലെ അലങ്കാരങ്ങളായി ഫണീന്ദ്രന്മാരെയും ഗംഗയേയും ചന്ദ്രനേയും പറയുന്നു.

ചമ്പയുടെ അരുലാലപ്പെരുമാൾ ലിഖിതം

തിരുവട്ടിയൂരിലെ അരുലാലപ്പെരുമാൾ ക്ഷേത്ര ത്തിന്റെ പുറത്തെ ഗോപുരത്തിൽ. ഗ്രന്ഥലിപി. സംസ്കൃതശ്ലോകം. അവസാനം മാത്രം ഗദ്യമാ ണ്. ശകം 1236 തന്നെ. മുഖ്യനും ചമ്പനാണ്. ഇവിടെ അദ്ദേഹം വീരചോളപുത്രനെന്ന് പറ യുന്നു. അദ്ദേഹം ക്ഷേത്രത്തിന് പുതിയ രഥം കൊടുത്തപ്പോൾ, വനഭിത്ത് എന്ന മന്ത്രിയാണ് ലിഖിതം രചിച്ചത്. പുഷ്യരഥം കരിഗിരി (ആന മല)സ്ഥാനത്തെ ഈശ്വരനാണ് സമർപ്പണം.

വാലക-കമയന്റെ ജംബൂകേശ്വരലിഖിതം

തൃശ്ശിനാപ്പള്ളിക്കടുത്ത ശ്രീരംഗദ്വീപിലെ ശിവക്ഷേത്രമായ ജംബൂകേശ്വരത്ത് രണ്ടാം പ്രാകാരത്തിലെ വടക്കേ ചുമരിലെ ലിഖിതം. 8 വരി തമിഴ് ലിപി. ചില വാക്കുകളും അക്ഷര ങ്ങളും ഗ്രന്ഥലിപിയാണ്. ഭാഷ തമിഴാണ്. വടകരൈ വെൺകോൻകുടിയിലെ ഒരു വേലി നിലം തിരുവാനക്കൈ ദേവന് സമർപ്പിക്കുന്നതാ ണ് വിഷയം. കുംഭത്തിലെ മഹാമഘം ഞായർ പൌർണ്ണമി ശകം 1403 പ്ലവസംവത്സരം. (എഡി 1482 ഫെബ്രുവരി 3 ഞായർ).മഹാമണ്ഡലേശ്വര വാലക കമയ അഥവാ അക്കലരാജാ ആണ് ദാനം കൊടുക്കുന്നത്. അദ്ദേഹത്തിന്റെ ബിരുദങ്ങൾ ചോളഭീമൻ, ചോളനാരായണൻ, ഉറൈയൂർപു രവരാധീശ്വരൻ എന്നെല്ലാമാണ്. ആദ്യവിജയന ഗരരാജാക്കന്മാരിലെ അവസാനത്തെ ഭരണാധികാ രികളുടെ മഹാമണ്ഡലേശ്വരനായിരുന്നു.

ശുഭമസ്തു സ്വസ്തിശ്രീ ശകാപ്തം 1403 ഇടൻമേൽ ചെല്ലാനിന്റ പിലവസംവത്സരത്തു കുംഭഞാ യിറ്റു പൂരുവപക്ഷത്തു പൂരുനൈയും ആദിത്ത വാരമും പെറ്റ മകത്തുന്നാൾ സിംഹബൃഹസ്പ തിമഹാമകപുണ്യകാലത്തിലേ ശ്രീമൻ

മഹാമ ണ്ഡലേശ്വരൻ ചോളർഭീമൻ
ചോളനാരായണൻ
ഉറയൂർപുരവരാധീശ്വരൻ വാലകകാമയർ
ആന അക്കലരശർ അളകിയ
തിരുവാനൈക്കാ വുടൈയ
നായനാർക്കോയിൽ ആദിചണ്ഡേശ്വ
രർകോവിൽ കമ്മികളുക്ക് കുടുത്ത
തന്മസാധന പ്പാട്ടിയം . നായനാർ അളകിയ
തിരുവാനൈക്കാ വുടൈയ നായനാർ
വടകരൈവെങ്കോൻകുടിയി ൽ
തിരുവേട്ടൈ ആക എളുന്തരുളുകിറ
തിരുനാ ൾ മണ്ഡപച്ചിറപ്പുക്കും നാച്ചിയാർ
അഖിലാണ്ഡ നായകിയാർക്കു
ക്കാലസന്ധിയാക അമുതു സെയ്തരുളി
തന്മനേശ്ശേഷമാക നടക്കും മാർഗളി കൈ
അമുതുപ്പടിക്കും തിരുമാർഗളിച്ചിറപ്പു
അമുതു ചെയ്യവും തിരുനന്ദവനം
പയിർച്ചെ യ്യിറ തോപ്പു ആൾ
ഇലക്കൈക്കും ആക നമ്മു ടൈയ
നായക്കട്ടണം വെങ്കോ ആന വടക്കര
വെങ്കോൻകുടിയിൽ സേത്ത
ഇരാജവിഭാതൻ നിലം വേളി ഇന്ത നിലം
വേലിക്കും ഉണ്ടാന കരം മുടൽ
നെൽമുടൽ ഉണ്ടാനതു മുൻഎളുതിന
വകൈപ്പടിയിലേ
സന്ദിരാദിത്തവരൈയും
അനുഭവിത്തുക്കൊള്ള കടമൈയുറ്റോം.
ഇന്ത തന്മത്തുക്കു അഗുഡം പണ്ണിനവൻ
ഉണ്ടാനാൽ ഗംഗൈക്കരയിൽ ഗോവധം

കൊന്റ്ര പാപത്തിലേ പോകക്കടവർകൾ ആഗവും.

HULTZSCH.

ബാണരാജാ വിക്രമാദിത്യ രണ്ടാമന്റെ ഉദയേന്ദ്രം പ്ലേറ്റുകൾ:-

വടക്കേ ആർക്കോട്ടിലെ ഗുഡിയാട്ടം താലൂക്കിലാ ണ് ഉദയേന്ദ്രം. 4 താമ്രപത്രം ഉണ്ട്. വട്ടത്തിലുള്ള സീലിൽ കിടക്കുന്ന നന്ദിരൂപം വലത്തോട്ട് നോ ക്കി, രണ്ട് ദീപങ്ങളുടെ മദ്ധ്യത്തിലായി കാണു ന്നു. മുകളിൽ രണ്ട് ചാമരത്തിനു നടുവിൽ തോര ണം. പുഗൾവിപ്പവർ എന്ന വാക്ക് ഒഴികെ എല്ലാം ഗ്രന്ഥലിപി. അതുമാത്രം തമിഴുലിപി. ഭാഷ സംസ്കൃതം. പദ്യവും ഇടക്ക് ചിലത് ഗദ്യവുമാണ്. ബാണരാജാ വിജയബാഹു വിക്ര മാദിത്യൻ ഉദയേന്ദുമംഗലത്തെ ബ്രാഹ്മണർക്ക് കൊടുത്ത ദാനമാണ് വിഷയം.

ബലി എന്ന അസുരന്റെ പുത്രനായ ബാണൻ ദേവശത്രുവായിരുന്നു. അദ്ദേഹത്തിന്റെ വംശ ത്തിലാണ് ബാണാധിരാജന്മാരുടെ ജനനം. ബാ ണാധിരാജനും നിരവധി ബാണരാജാക്കന്മാരും ഭരിച്ച ശേഷം ആ വംശത്തിൽ ആന്ധ്രരാജ്യത്തി ന്റെ പടിഞ്ഞാറുഭാഗം ഭരിക്കുന്ന ജയനന്ദിവർമ്മ ൻ ജനിച്ചു.

1. ജയനന്ദിവർമ്മൻ
2. വിജയാദിത്യ 1

3. മല്ലദേവനെന്ന ജഗദേകമല്ലൻ
4. ബാണവിദ്യാധരൻ
5. പ്രഭുമേരുദേവൻ എല്ലാ ജ്ഞാനപദ്ധതികളി ലും അറിവുള്ളവനായിരുന്നു.
6. വിക്രമാദിത്യ 1
7. വിജയാദിത്യ 2 എന്ന പുഗൾവിപ്പവർഗന്ധ.
8. വിജയബാഹു വിക്രമാദിത്യ 2 ഇദ്ദേഹം കൃഷ്ണരാജന്റെ സുഹൃത്തായിരുന്നു.

ബ്രാഹ്മണന് ദാനം ചെയ്യുന്ന ഭാഗത്ത് പ്രഭുമേരു ദേവന്റെ വംശവും പറയുന്നുണ്ട്. 11ആം നൂറ്റാ ണ്ടിന്റെ ആദ്യഭാഗത്താണ് ബാണവിദ്യാധരന്റെ കാലം. ഗംഗാരാജാവ് ശിവമഹാരാജന്റെ (1000-1016) പേരക്കുട്ടിയാണ് അദ്ദേഹത്തിന്റെ ഭാര്യ.

ആർക്കോട്ടിനടുത്ത പഞ്ചപാണ്ഡവമലയിലെ ലിഖിതപ്രകാരം പുഗൾവിപ്പവർ ഗന്ധ എന്നത്, പ്രസിദ്ധരാജാക്കന്മാരെയെല്ലാം നിന്ദിക്കുന്ന വീര ചോളനെന്ന പ്രാദേശികമുഖ്യന്റെ അഛന്റെ നാമ മാണ്. പഞ്ചപാണ്ഡവമലയുടെ മുകളിലുള്ള തിരുപ്പാന്മലൈദേവന്റെ ജൈനക്ഷേത്രത്തിന് അദ്ദേഹം ദാനം ചെയ്തിട്ടുണ്ട്. കോ രാജരാജ കേസരിവർമ്മന്റെ 8ആം വർഷത്തിലാണ് ഈ ദാനം. (എഡി 992).

Udayendiram Plates of Vikramaditya II.



ii a.



ii b



E. HULTZSCH. SCALE ·75. W. GRIGGS, PHOTO-LITH.

വീരചോളന്റെ ഉദയേന്ദ്രം പ്ലേറ്റുകൾഃ-

വടക്കേ ആർക്കോട്ടിലെ ഗുഡിയാട്ടം താലൂക്ക് ഉദയേന്ദ്രം ഗ്രാമം. 2 പ്ലേറ്റുകൾ.

ഗ്രന്ഥലിപി. വീരചോളന്റെ വംശാവലി ചോളവംശം. സംസ്കൃതഭാഷ പദ്യം. ബ്രഹ്മാന്, മരീചി, കശ്യ പ, സൂര്യ,മനു,ഇക്ഷ്വാകു, നിരവധി തലമുറകൾക്കുശേഷം സഗരൻ, ഭഗീരഥൻ,രഘു. ഈ വംശത്തിലെ വീരചോളൻ ഭരിക്കുന്ന കാലത്ത് അദ്ദേഹത്തിന്റെ അദ്ധ്യാത്മികഗുരു നീലൻ ബ്രാഹ്മണർക്ക് ദാനം ചെയ്യാനാവശ്യപ്പെട്ടു. വീരചോളൻ പരകേസരിവർമ്മനോട് (ആദിത്യ കരികാല)ഇതിന്നായി ഒരു ഗ്രാമം തരാനാവശ്യ പ്പെട്ടു. അങ്ങനെ ലഭിച്ച ഗ്രാമം കാവേരിക്കും കൊള്ളിടത്തിനുമിടയിലുള്ളത് പരകേസരിവ ർമ്മന്റെ നാമത്തിൽ പരകേസരിചതുർവ്വേദിമം ഗലമെന്ന് അറിയപ്പെട്ടു. ഇത് 150 ബ്രാഹ്മണർക്ക് ദാനമായി കൊടുത്തു. പഞ്ചപാണ്ഡവമല ലിഖി തം ലാടദേശത്തെ രാജാവായ പുഗൾവെപ്പവർ ഗന്ധന്റെ മകനായി ഒരു വീരചോളനെ നേരത്തേ പറയുന്നുണ്ട്. പര കേസരിചതുർവ്വേദിമംഗല ത്ത് അരി, ധാന്യം, തെങ്ങ്, ചക്ക,മാങ്ങ,കവുങ്ങ് ഇവയെല്ലാം വളർന്നിരുന്നു.

ഗണപതിയുടെ ഗണപേശ്വരം ലിഖിതം

കൃഷ്ണജില്ല മസൂലിപട്ടണം (ബന്തർ)താലൂക്ക് തലഗഡധിവിയുടെ സമീപം ഗണപേശ്വരത്തെ ദുർഗ്ഗാംബക്ഷേത്രത്തിനു മുന്നിലെ ശിലാസ്തംഭ ത്തിലുള്ളത്. ഈ തൂണിൽ വേറെയും നാലു ലിഖിതമുണ്ട്. തെലുഗുലിപി. സംസ്കൃതപദ്യം. അവസാനം മാത്രം ഗദ്യം. വിഷ്ണു,ശിവ, ഗണ പതിസ്തുതികൾക്കു ശേഷം കാകതീയ ഗണപ തിദേവന്റെ വംശാവലി. അമ്മക്കൊണ്ട, ഏകാമ്രനാഥക്ഷേത്രങ്ങളിലെ ആദ്യരാജാവിനെ വിട്ട് പ്രോല മുതലാണ് ഗണപേശ്വരം ലിഖിതം തരുന്നത്. അദ്ദേഹം മന്ഥാനഗുണ്ട (മന്ത്രകൂട ത്തിലെ ഗുണ്ട) തൈലപദേവ (തൈല 3 പടിഞ്ഞാറൻചാലൂക്യ) ഗോവിന്ദദണ്ഡേശ ഇവരെ തോൽപ്പിച്ച് ഉദയന്റെ രാജ്യം കൊള്ളയടിച്ച് ഉദയനു തന്നെ തിരിച്ചുകൊടുത്തു. ഉദയനാണ് ചോഡോദയൻ. അമ്മക്കൊണ്ടലിഖിതം ചോഡോ ദയൻ പ്രോലയുടെ പിൻഗാമി രുദ്രനെ ഭയന്നാണ് മരിച്ചതെന്നു പറയുന്നു. രുദ്രൻ ചോഡോദയന്റെ നഗരം തീയിട്ടു.പാലാഴിഗർഭത്തിലുണ്ടായ കണ്ടൂരോദയചോഡവംശത്തിലെ ഏകാശ്രയമാ യി ലക്ഷ്മി ഇരിക്കുന്ന പത്മം രുദ്രനാണെന്നും പറയുന്നു. ഉദയചോഡനെന്നും ചോഡോദയനെ ന്നും

ഒരാളെയാണ് പറയുന്നത്. ചോഡോദയന്റെ മകളായ പത്മയെ രുദ്രൻ വിവാഹം കഴിച്ചതി നെയാണ് കവി പറയുന്നത്. കണ്ടൂര ചോഡോദ യന്റെ തലസ്ഥാനമായിരുന്നു.

അന്മക്കൊണ്ടലിഖിതപ്രകാരം പ്രോലക്ക് മുപ്പമാ ദേവിയിൽ രണ്ട് മക്കളുണ്ട്. രുദ്രനും മഹാദേവ നും .രുദ്രൻ കീഴടക്കിയ നഗരവാസികളെയെല്ലാം ഒറുഗല്ലുവിൽ താമസിപ്പിച്ചു. അവിടങ്ങളിലെ ല്ലാം രുദ്രേശവരക്ഷേത്രങ്ങളും പുതിയ ജനവാസ കേന്ദ്രങ്ങളും ഉണ്ടാക്കി. രുദ്രനുശേഷം സഹോദര നായ മഹാദേവൻ ഭരിച്ചു. അദ്ദേഹത്തിന് ഭയ്യാംബികയിലുണ്ടായ പുത്രനാണ് ഗണപതി. ഗണപതിയുടെ സേനാധിപനായ ജയ അഥവാ ജായനന്റെ വംശാവലി പറയുന്നു. വേലനാടി ലെ കൊറയ്യൂരിൽ അയ്യവംശത്തിലെ ഭീമനാണ് ആദ്യം പറയുന്നത്. അദ്ദേഹത്തിന് രാജ്ജ്യംബിക യിലുണ്ടായ ജില്ലൻ,നാരായണൻ, സൂര്യൻ എന്നീ മക്കൾ ചോഡിരാജാവിന്റെ സേവകരായിരുന്നു. കണ്ണാരദേവനെ തോൽപ്പിച്ച ജില്ലന് സേനാപതി സ്ഥാനം കിട്ടി. കുബേരൻ സൃഷ്ടിച്ചതെന്ന് പേരു കേട്ട തലഗഡദിവി എന്ന ദ്വീപ് ചോഡരാജാവി ന്റെ ആജ്ഞപ്രകാരം നാരായണൻ കോട്ടകെട്ടി

സംരക്ഷിച്ചു.ദ്വീപിലെ വഡ്ലക്കുറുവിൽ അദ്ദേ ഹം ക്ഷേത്രങ്ങളും തടാകങ്ങളും ഉണ്ടാക്കി. ദ്വീപത്തിന്നും ഗോണ്ടുഗ്രാമഹ്ങൾക്കും പ്രഭുവും സേനാധിപനുമായി രാജാവ് നാരായണനെ അവരോധിച്ചു.

നാരംബയിൽ നാരായണനുണ്ടായ മക്കളാണ് ചോഡി, ഭീമ, പിന്നചോഡി, ബ്രമ്മൻ. ചോഡരാ ജ്യത്തെ രാജാവിന്റെ സൈന്യത്തിലാണ് ഇവർ സേവനം ചെയ്തത്. വേലനാടിലെ കുലോത്തും ഗചോഡഗോങ്ക(ലിഖിതങ്ങൾ ശക 1055-72 വരെ) , ചോഡോദയ എന്നിവർ ഇക്കാലത്താണ് ജീവി ച്ചിരുന്നത്.പിന്നചോഡിയുടെ ഭാര്യ ദാമാംബ. അവർക്ക് 2 പെൺമക്കളും 3 ആൺമക്കളും. നാരാംബ, പേരമാംബ, പൃഥ്വ, ജയ(ജായണ) നാരായണ 2. ഇക്കാലത്ത് കാകതീയഗണപതി ചോള, കലിംഗ,സേ്വന, കർണ്ണാട,ലാട ,വേലനാടു, ദ്വീപരാജ്യങ്ങളെയെല്ലാം തോൽപ്പിച്ചു. നാരാംബ യേയും പേരമാംബയേയും വിവാഹം കഴിച്ച അദ്ദേഹം അവരുടെ സഹോദരനായ ജായണനെ സൈന്യത്തിലെടുത്തു. അദ്ദേഹത്തെ സൈന്യാധി പനാക്കി. വൈരിഗോധൂമഘരാട്ടത്തെ ജായണനാ ണ് കീഴടക്കിയത്. ജായണൻ ദ്വീപിൽ

കാകതീയ ഗണപതിദേവന്റെ പേരിൽ ഗണപതേശ്വരം ക്ഷേ ത്രം പണിതു.ചോഡേശ്വരതടാകവും ചോഡേശ്വ രക്ഷേത്രവും പണിതു.അഛന്റെ പേരിൽ ഭീമേ ശ്വരക്ഷേത്രം, വിഷ്ണുക്ഷേത്രം മഹാകാളിയുടെ ബന്ദുലാദേവിക്ക് ,കാലഭൈരവക്ഷേത്രം ഇവ പണിതു. ശകം 1153 വൈശാഖം ഗൌരിതിഥിയി ലാണ് പ്രധാനക്ഷേത്രപ്രതിഷ്ഠ. എഡി 1253 ഏപ്രിൽ 7 തിങ്കളാഴ്ച മുതൽ ഏപ്രിൽ 8 വൈശാഖശുക്ല ചതുർത്ഥി വരെയാണ് ഈ ഉത്സവം . നക്ഷേഘട്ടയിലടുക്കുന്ന ഓരോ കപ്പലും ദ്വീപിലെ ഗണപതേശ്വരക്ഷേത്രത്തിന് കപ്പം കൊടുക്കണം. പല ഗ്രാമങ്ങളിൽ നിന്ന് ലഭിക്കുന്ന നികുതിയോ ടൊപ്പം ഇതും ജായപ്പനായകൻ ശേഖരിച്ച് ക്ഷേത്രത്തിലെത്തിക്കണം. നിത്യനന്ദാ വിളക്ക് വെക്കാനുള്ള നെയ്യിനായി 25 പശുക്കളേ യും അനുവദിച്ചിരിക്കുന്നു. ജായണന് ആനപ്പട, പല്ലക്ക്, ആലവട്ടം വെഞ്ചാമരം മുതലായ രാജ ചിഹ്നങ്ങളെല്ലാം അനുവദിച്ചിരുന്നു. മുത്തശ്ശനായ നാരായണൻ കണ്ടെടുത്ത ദ്വീപിൽ കർമ്മം ജായണൻ ചെയ്തു. 1. പുത്രനുണ്ടാവുക. 2. കാവ്യം രചിക്കുക, 3 നിധി സംഭരിക്കുക, 4. തോട്ടം വെച്ചുപിടിപ്പിക്കുക. 6. പെൺകുട്ടിയെ

ബ്രാഹ്മണനു വിവാഹം ചെയ്തുകൊടുക്കുക. 7 ക്ഷേത്രം പണിയുക. ഈ 7 കർമ്മം മനുഷ്യന് വളരെ വിശിഷ്ടമാണെന്ന് പറയപ്പെടുന്നു. അന്ന വേമന്റെ വനപ്പല്ള്ളി പ്ലേറ്റിലും 7 സന്തതികളെ പറയുന്നുണ്ട്. കൃഷ്ണാനദിയുടെ ഇരുകരയിലു മുള്ള 18 ഗ്രാമത്തിലെ ജനം ഗണപതേശ്വരക്ഷേത്ര ത്തിന് പണം കൊടുത്തിരുന്ു (കടത്തുകൂലി).

ഗണപതിദേവമഹാരാജന്റെ പുണ്യത്തിനായി ജയപനായകൻ കൊടുത്തവഃ-

3 പുട്ടി എനുംബരുത. 3 പുട്ടി പെദ്ദമദ്ദലി, 2 പുട്ടി കുറുമദ്ദലി, 2 പുട്ടി അയനംപുണ്ടി, 2 പുട്ടി നെന്തലക്കോടൂരു, 3 പുട്ടി പ്രൂണിക്കൊണ്ട, 2 പുട്ടി ചിക്കുലപ്പള്ളി, 2 പുട്ടി കൌണ്ടിപ്പരുത,

2 പുട്ടി പാഞ്ചുംപരുത, 2 പുട്ടി ചേവേന്ദ്രു, , 4 പുട്ടി ദോണേപൂണ്ടി, 2 പുട്ടി കാരമൂരു. ഓഡ പ്പാംഗുലു ജില്ലയിൽ 2 പുട്ടി കൌഡേപ്പള്ളി യിലും 2 പുട്ടി വെരെങ്കടുവിലും. നിത്യനന്ദാവി ളക്കിന് 25 പശു. (പുട്ടി എന്നത് ഇന്ത്യയിലെ ഒരു ടൺ ഭാരം ധാന്യമാണ്. 20 തുമു അഥവാ തമിഴി ലെ മരക്കാൽ. അത്രയും ധാന്യം വിളയുന്ന ഭൂമി).

ഗണപതിക്ക് വേറെയും മന്ത്രിമാരുണ്ടായിരുന്നു. ഗണപതിയുടെ ഏകാമ്രനാഥലിഖിതത്തിലെ വാചാംബാതാമ്രപർണ്ണീമസൃണമണിവരഃ എന്നതിലെ വാചാംബ ഗണപതിയുടെ മന്ത്രി സാമന്തഭോജന്റെ അമ്മയാണ്. 15, 17 വരികളി ലെ ദോച്ചി അദ്ദേഹത്തിന്റെ പിതാവും. വടക്കേ ആർക്കോട്ടിലെ കാളഹസ്തിയിലെ മണികണ്ഠേ ശ്വരക്ഷേത്രത്തിനു മുന്നിലെ ശിലയിലുള്ള ഗ്രന്ഥ ലിപിലിഖിതത്തിലും ഇത് കാണുന്നു.

ഗണപാംബയുടെ യേനമദലലിഖിതം

കൃഷ്ണജില്ല, ഗുണ്ടൂർ താലൂക്ക്, യേനമദലഗ്രാ മം വേണുഗോപാലക്ഷേത്രത്തിനു മുന്നിൽ കിട ക്കുന്ന ശിലാസ്തംഭം ലിഖിതം. അവിടെനിന്ന് സുരക്ഷിതസ്ഥാനത്തേക്ക് മാറ്റുന്നതിനു മുമ്പ് നാട്ടുകാർ അതിന്മേലാണ് ചുണ്ണാമ്പ് അരച്ചിരുന്ന ത്.. തൂണിന്റെ നാലുഭാഗവും ലിഖിതം ഉണ്ട്. 1, 2 ഭാഗത്ത് തെലുഗുലിപി സംസ്കൃഭാഷ. തെലുഗു ഭാഷ യിൽ തെലുഗുലിപിയിലുള്ള ഭാഗം (മെക്ക ൻസി

മാനുസ്ക്രിപ്റ്റിലുള്ളത്) 7 വരിയേ ഉള്ളു. ബാക്കി നഷ്ടമായി

ഒന്നും രണ്ടും ഭാഗത്തെ ലിഖിതം 25 ശ്ലോകം ഗണേശനേയും വരാഹരൂപി വിഷ്ണുവിനേ യും സ്തുതിച്ചാണ് തുടങ്ങുന്നത്. പിന്നെ കാകതീ ശന്മാരെ പറയുന്നു. ഗണപേശ്വരക്ഷേത്രത്തിലേ തു പോലെ പ്രോലയിൽനിന്നാണ് വംശം പറയു ന്നത്. മഹീവല്ലഭനായ അദ്ദേഹത്തിന്റെ മകൻ മാധവൻ (മഹാദേവൻ) രുദ്രന്റെ അനുജനാണ്. യുദ്ധത്തിൽ വീരമൃത്യു വരിച്ച അദ്ദേഹത്തിന്റെ മകനാണ് ഗണപതി. അദ്ദേഹം അദ്വൈതവാദി യും ശിവഭക്തനുമായിരുന്നു. ഗണപതിയുടെ മകളാണ് ഗണപാംബിക. കൊണ്ണാടവാടി ഭരിച്ചുകൊണ്ട് ധാന്യാങ്കവാടിയിൽ (അമരാവ തി. സത്തനപ്പള്ളി താലൂക്ക് കൃഷ്ണ ജില്ല) താമസിക്കുന്ന പ്രാദേശികമുഖ്യന്മാരെ പിന്നീട് പറയുന്നു. വേണാനദിയുടെ തെക്കേ കരയിൽ 70 അഗ്രഹാ രം ദാനം ചെയ്ത കേത , മകൻ രുദ്ര, രുദ്രയുടെ മകൻ ബേട്ട. ബേട്ടക്ക് ഗണപാംബയെ വിവാഹം കഴിച്ചുകൊടുത്തു. അമരാവതിയിലെ അമരേശ്വരക്ഷേത്രത്തൂണിൽ 3 ലിഖിതം കേതയുടേയായി കണ്ടെടുത്തിട്ടുണ്ട്. ഇവ ശകം 1104ലെയാണ്. (സെവെൽ). വെർണ്ണ

അഥവാ വേണ കൃഷ്ണവെർണ്ണ അഥവാ കൃഷ്ണവേണിയാണെന്ന് കരുതുന്നു. കണ്ണപ്പെണ്ണ എന്ന് തമിഴിൽ. ഗണപേശ്വരം, യേനമഡല ലിഖിതങ്ങൾ കൂട്ടി വെച്ചാൽ കാകതീയവംശാവലിഃ-

1. ബെട്ട(ത്രിഭുവനമല്ല)
2. പ്രോല(പ്രോഡ)ജഗതികേസരി ഭാര്യ മുപ്പലാ (മാ)ദേവി
3. അഞ്ച് മക്കൾ. രുദ്ര, മാധവ(മഹാദേവ) മറ്റു മക്കളുടെ പേര് തന്നിട്ടില്ല. രുദ്രന്റെ പത്നി പത്മ. മഹാദേവന്റെ പത്നി ബയ്യാംബിക
4. മഹാദേവപുത്രൻ ഗണപതി. ഭാര്യമാർ നാരമ, പേരമ
5. മകൾ ഗണപാംബിക (ബെട്ടയെ വിവാഹം കഴിച്ചു). ബെട്ട കേതയുടെ പേരക്കുട്ടി.

ഭർത്താവിന്റെ മരണശേഷം ഗണപാംബിക പുണ്യകർമ്മങ്ങൾ അനുഷ്ഠിച്ച് ജീവിച്ചു. അവർ അമരാവതിയിലെ അമരേശ്വരക്ഷേത്രത്തിന് സ്വർണ്ണഗോപുരങ്ങളുണ്ടാക്കി. 12 ആദിത്യന്മാരെ പോലെ ശോഭിക്കുന്ന 12 ബ്രാഹ്മണർക്ക് 12 വീടും വൃത്തിയും (ജോലി) കൊടുത്തു. അച്ഛന്റെ നാമത്തിൽ ഗണപേശ്വര ക്ഷേത്രം ,യേനമഡലയിൽ ഭർതൃനാമത്തിൽ ബെട്ടേശ്വര ക്ഷേത്രം, ഇവ ഉണ്ടാക്കി.

ബേണാദേ വിഗ്രാമത്തിലെ നികുതി ബെട്ടേശ്വര ക്ഷേത്ര ത്തിന് വിട്ടുകൊടുത്തു.ചിന്തപ്പാടുഗ്രാമം ഗണപേശ്വരക്ഷേത്രത്തിനും കൊടുത്തു. അമരേശ്വരക്ഷേത്രം ഇപ്പോഴും ഉണ്ട്.

മൂന്നാംഭാഗത്തെ തെലുഗു ലിഖിതത്തിൽ ഗണപാംബികാരാജ്ഞിക്ക് തന്റെ ഭർത്താവായ ബെട്ടയിൽനിന്ന് ലഭിച്ച ബിരുദങ്ങളിലൊന്ന് പ്രധാനമാണെന്ന് ഞാൻ വിചാരിക്കുന്നു. ഇത് പുല്ലിംഗത്തിലാണ്. ശ്രീമദ് ത്രിനയനപല്ലവപ്ര സാദാദ് സാധിത കൃഷ്ണവെണ്ണാനദീദക്ഷിണ ഷഡ്സഹസ്രാവനിവല്ലഭനെന്നാണ് ഇത്. ശകം 1172 സൌമ്യസംവത്സരം (1249-50). ഗണപതി യുടെ ലിഖിതം (ഏകാമ്രനാഥ) 1249ലായതിനാ ൽ ഗണപാംബ അച്ഛന്റെ കാലത്തുതന്നെ ഈ സ്തംഭം നാട്ടിയിട്ടുണ്ട്. കൃഷ്ണാനദിയുടെ തെക്ക് 6000 ഗ്രാമങ്ങളുടെ വല്ലഭനെന്ന വിശേ ഷണവും ത്രിനയനപല്ലവനെന്ന പദവും വളരെ ശ്രദ്ധേയമാണ്. ഗണപേശ്വരക്ഷേത്രത്തിലെ ദേവന്റെ അംഗരംഗഭോഗത്തിനും അച്ഛന്റെ അഭിവൃദ്ധിക്കുമാണ് ഗണപാംബ ആചന്ദ്രതാ രമായി ചിന്തപ്പാടുഗ്രാമം കൊടുത്തത്. ലിഖി താവസാനം

ക്ഷേത്രപരിചാരകരുടെ ലിസ്ററും ഓരോരുത്തർക്കും അതിന്നായി നീക്കിവെച്ച ഭൂമിയും ഷെയറും തരുന്നു. സാത്തനപ്പള്ളി താലൂക്കിലെ ചിന്തപ്പള്ളിയാണ് ചിന്തപ്പാട്.

ബാക്കി മൂന്നു ലിഖിതങ്ങളിലെ വിവരങ്ങൾ.

കോടദേവരാജു 25 പശു. ബേട്ടേശ്വരക്ഷേത്രദേവന്റെ ദീപം അണയാതെ സൂക്ഷിക്കാനുള്ള നെയ്യിനു പാൽ തരാനാണ് പശുദാനം. ബെട്ടേശ്വരക്ഷേത്രത്തിലെ നിത്യവി ളക്കിനായ് ഒരു ആട്ടിൻകൂട്ടം. ബേട്ടേശ്വരന് നിത്യവിളക്കിന് 25 എരുമ. യെനമഡലഗ്രാമത്തിലെ എനുമണ്ഡലസ്ഥല ത്തും അതിനോട് ബന്ധപ്പെട്ട 60 ഗ്രാമത്തിലും ബ്രാഹ്മണരും ക്ഷേത്രങ്ങളും ചുങ്കത്തിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു.

പൈത്താൻ പ്ലേറ്റുകൾ ഗോവിന്ദ 3 (ശകം 716)

ഗോദാവരീതീരത്തെ പ്രതിഷ്ഠാനമാണ്
പൈ ത്താൻ.3 പ്ലേറ്റ്,
വൃത്താകൃതിയിലുള്ള സീൽ. അതിൽ
മുന്നിലേക്ക് നോക്കി ഇരിക്കുന്ന ഗരു
ഡൻ. കൂപ്പിയ കൈ നെഞ്ചത്ത്
വെച്ചിരിക്കു ന്നു. ദന്തിദുർഗ്ഗന്റെ
സാമങ്കാട് ലിഖിതത്തിലെ സീലും
ഗോവിന്ദന്റെ പഴയ കർണ്ണാടകലിഖി
തസീലും സമാനമാണ്. ഗരുഡനു താഴെ
വിട ർന്ന താമരയോടുകൂടിയ ഒരു
പുഷ്പഡിസൈ നും ഉണ്ട്. ഗരുഡൻ ആ
താമരയിലിരിക്കുകയാ ണെന്ന് തോന്നും.
നാഗരി ലിപി. ഭാഷ സംസ്കൃ തം. പദ്യവും
ഗദ്യവും ഉണ്ട്. 42-44 വരികളിൽ
രാഷ്ട്രകൂട ഗോവിന്ദ 3 ഇപ്രകാരം
വർണ്ണിക്ക പ്പെടുന്നു. പരമഭട്ടാരക
മഹാരാജാധിരാജാ പരമേശ്വര
പൃഥ്വീവല്ലഭ പ്രഭൂതവർഷ ശ്രീ വല്ലഭ
നരേന്ദ്രദേവ. അദ്ദേഹം അച്ഛനായ
ധ്രുവരാജാ നിരുപമന്റെ
(പരമഭട്ടാരകമഹാരാ ജാധിരാജാ
പരമേശ്വരധാരാവർഷ) പാദധ്യാ നം
ചെയ്യുന്നവനാണ്. ഗോവിന്ദരാജാ 1 മുത
ലുള്ള വംശാവലി തരുന്നുണ്ട്.
ഗോവിന്ദരാജാ 1, കർക്കരാജാ, ഇന്ദ്രരാജാ
2, ദന്തിദുർഗ്ഗ വല്ലഭ രാജാ, കർക്കരാജന്റെ
മകൻ കൃഷ്ണരാജാ ശുഭതുംഗ
അകാലവർഷ, മകൻഗോവിന്ദരാജാ 2
വല്ലഭൻ, സഹോദരൻ ധ്രുവ രാജാ

നിരുപമ, പുത്രൻ ഗോവിന്ദ 3. ഗോവിന്ദരാജാ രണ്ടാമനു ശേഷം സഹോദരൻ രാജാവാകാനുണ്ടായ കാരണം ഈ ലിഖിതത്തിലുണ്ട്.

ഗോവിന്ദവല്ലഭരാജാ അനുജനായ ധ്രുവരാജ നെ മാളവ,കാഞ്ചി,വെങ്കി, ഗംഗാ മുതലായ ശത്രുക്കളുടെ സഹായത്തോടെ എതിർത്തിട്ടും പരാജയപ്പെടാതെ ധ്രുവൻ ജ്യേഷ്ഠനെ തോ ൽപ്പിച്ചതായി പറയുന്നു. കൃഷ്ണരാജാ 3 ന്റെ ദിയോളിഗ്രാന്റിൽ ഗോവിന്ദരാജാവല്ലഭൻ സുഖത്തിനുപിന്നാലെ പോകാനായി രാഷ്ട്രഭര ണം അനുജനെ ഏൽപ്പിച്ചു എന്നാണ് ഉള്ളത്. എന്നാൽ ഈ ലിഖിതം ശത്രുരാജാക്കന്മാരുമാ യി ചെർന്ന് രാജ്യം ലഭിക്കാൻ ഗോവിന്ദരാജാ ശ്രമിച്ചതായും ധ്രുവരാജാ അതിനെ പരാജയ പ്പെടുത്തി രാജ്യം കൈക്കലാക്കിയതായുമാണ് പറയുന്നത്.

പ്രതിഷ്ഠാനത്തിനടുത്ത് ഗോദാവരിയിൽ കുളി ച്ച് വൈശാഖകൃഷ്ണപക്ഷഅമാവാസി സൂര്യ ഗ്രഹണത്തിന് ശകം 716 (എഡി 794)പ്രതിഷ്ഠാ നഭുക്തിയിലെ സാരാകഛരത്തിലെ (12 ഗ്രാമ ത്തിലൊന്നായ) ലിംബാരാമികാഗ്രാമം

പഞ്ചയ ജ്ഞവും അനുഷ്ഠിക്കാനായി ബ്രാഹ്മണർക്ക് ദാനം ചെയ്തു.

അതിർത്തികൾ കിഴക്ക്

സമതീർത്ഥകം

ഗ്രാമം, തെക്ക് ഗോദാവരി, പടിഞ്ഞാറ് ബ്രഹ്മ പുരി, വടക്ക് ഹല(കലപ്പ) ധോണഗ്രാമം. ദാനം വാങ്ങിയവരുടെ പിതാവ്, ഗോത്രം, വാസ

സ്ഥലം ഇവ തന്നിട്ടുണ്ട്. വത്സ,പരാശര, വസി

ഷ്ഠ, സൈതേഹ, ഹാരീത, കാശ്യപഗോത്രക്കാ രാണ്. വാജീന(വാജസനേയ), ബഹ്വൃീച, തൈത്തിരീയ, മാദ്ധ്യന്ദിനവൈദികസ്കൂളുകളിലുള്ളവരാണ്.ദൂതക, ലിപികനാമങ്ങളുണ്ട്. പക്ഷേ അവ്യക്തമാണ്. . സപരമേശ്വരപ്രഹിതസീത്പ്രിഷികാര ദൂത കം, ലിഖിതം ഏഹ പരമേശ്വരാത്ജ്ഞായ ശ്രീകൃന്തേയേയേത്. എന്നാണ്.

യാദവരാജാവ് സിംഗണന്റെ ബഹൽ ലിഖിതം. (ശകം 1144)

ബോംബേ പ്രസിഡൻസിയിലെ ഖണ്ഡേഷ് ജില്ല ചാലീഗോങ് എന്ന സ്ഥലത്ത് ബഹൽഗ്രാമം. നാഗരി ലിപി. സംസ്കൃതഭാഷ. കൂടുതലും പദ്യമാണ്. ഓം നമ ദ്വാരജാദേവ്യൈ , അഥ

രാജവംശഃ ഇവയാണ് ഗദ്യം. 20 ശ്ലോകമുണ്ട്. വ ബ ഇവ തമ്മിൽ മാറി എഴുതിയിട്ടുണ്ട്. ബ്രഹ്മ (വ്രഹ്മ,) വിബുധ (വിവുധ) ഇവ ഉദാ ഹരണം) ഓം ദ്വാരജാദേവൈവ്യ എന്നതിനുശേ ഷം (ഇത് ഭവാനിയുടെ നാമമാണ്) ഭവാനി സ്തോത്രമാണ്. യാദവരാജാ സിംഗണന്റെ ജ്യോതിശ്ശാസ്ത്രജ്ഞനായ അനന്തദേവൻ ഭവാനിക്ഷേത്രത്തിന് തറക്കല്ലിട്ടത് പറയാനാ ണ് ലിഖിതം. 2-7 വരെ ശ്ലോകം അനന്തദേവ ന്റെ വംശാവലിയാണ്. സാഹിത്യപരമായി ഈ ഭാഗം പ്രധാനമാണ്. 8-15 സിംഹനെയും (സിംഗണൻ)അദ്ദേഹത്തിന്റെ അഛനേയും മുത്തശ്ശനേയും വാഴ്ത്തുന്നു. ശാണ്ഡില്യമുനി യുടെ വംശത്തിലാണ് അനന്തദേവന്റെ ജനനം. മനോരഥനെന്ന പണ്ഡിതൻ . അദ്ദേഹത്തിന്റെ മകൻ മഹേശ്വരൻ ഗ്രഹസംബന്ധിയായ ശേഖരമെന്ന ഒരു കരണഗ്രന്ഥവും, ലഘു ജാതകത്തിന് വ്യാഖ്യാനവും പ്രതിഷ്ഠാവിധി ദീപകവും ഫലഗ്രന്ഥവും രചിച്ചിട്ടുണ്ട്. അദ്ദേ ഹത്തിന്റെ മകനാണ് ശ്രീപതി. (വരാഹമിഹി രന്റെ പഞ്ചസിദ്ധാന്തികക്കുള്ള അവതാരിക യില് ഇദ്ദേഹത്തെ സുധാകരദ്വിവേദിയും തിബോട്ടും പരാമർശിച്ചിട്ടുണ്ട്.

)ശ്രീപതിയുടെ മകൻ ഗണപതി. ഗണപതിയുടെ മകനാണ് അനന്തദേവൻ.അദ്ദേഹത്തിന് ജ്യോതിഷത്തി ന്റെ മൂന്നു സ്കന്ധവും അറിയാം. ബ്രഹ്മഗുപ്ത ന്റെ ബ്രഹ്മസ്ഫുടസിദ്ധാന്തത്തിന്റെ 20ആം അദ്ധ്യായമായ ഛന്ദക്ഷിത്യുത്തരാദ്ധ്യായം വ്യാഖ്യാനിച്ചിട്ടുണ്ട്.വരാഹമിഹിരന്റെ ഹോര (ബൃഹജ്ജാതകവും) വ്യാഖ്യാനിച്ചിട്ടു ണ്ട്. സിംഗണന്റെ പാറ്റ്ന ലിഖിതത്തിലും മനോ രഥ, മഹേശ്വരന്മാരെ പറയുന്നുണ്ട്. അതിൽ ഭാസ്കരൻ മഹേശ്വരന്റെ സഹോദരനാണ്. (ശ്രീപതിയുടെ സഹോദരൻ) മഹേശ്വരന്റെ ലഘുജാതകടീകയും പ്രതിഷ്ഠാവിധിദീപി കയും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സിംഗണ(സിംഹ)ന്റെ അഛനും (ജൈതുംഗി അഥവാ ജൈത്രപാല) പിതാമഹനും (ബില്ലമ ൻ) പറയപ്പെടുന്നു. ജൈത്രപാലൻ ദയാസാഗര മാണ്. അദ്ദേഹം ഗണപതിയെ ആന്ധ്രരാജ്യത്തി ന്റെ രാജാവാക്കി. ശക്തനായ അർജ്ജുനനെ സിംഹണൻ തോൽപ്പിച്ചു. ഈ രണ്ട് കാര്യവും രാമചന്ദ്രന്റെ പൈത്താൻ കോപ്പർപ്ലേറ്റിൽ പറ യുന്നുണ്ട്. (ശകം 1193). അതിലും

കൃപാസാഗര മായ ജയതുംഗി ഗണപതിയെ കാരാഗൃൃഹവി മോചിതനാക്കി ആന്ധ്രരാജ്യാധിപനാക്കി എന്ന് കാണുന്നു. ഗണപതിയെ ത്രികലിംഗാധി പതിയാക്കി എന്നാണ് അവിടെ പറയുന്നത്. മാളവത്തിലെ അർജ്ജുനവർമ്മദേവനാണ് ഇവിടെ പറയുന്ന അർജ്ജുനൻ.

അനന്തദേവനാണ് ക്ഷേത്രം നിർമ്മിച്ചത്. പ്രശ സ്തി രചിച്ചതും ക്ഷേത്രനിർമ്മിതിക്ക് ധനസ ഹായം ചെയ്തതും അദ്ദേഹത്തിന്റെ സഹോദ രനായ മഹേശ്വരനാണ്. ശകം 1114, (എഡി 1222 -23) ചിത്രഭാനു വർഷം ചൈത്രപ്രഥമ. നാഗരബ്രാഹ്മണഗംഗാധരനാണ് ലിഖിതം കൊത്തിയത്.സൂത്രധാരനായ ശിൽപ്പി താലു വാണ്.

നല്ലൂർഗ്രാന്റ് ഹരിഹര 2

നന്ദിനാഗരി ലിപി. അവസാനവരി മാത്രം കന്ന ഡ. ഭാഷ സംസ്കൃതം പദ്യവും ഗദ്യവും ഉണ്ട്. ശിവനേയും വരാഹരൂപി വിഷ്ണുവിനേയും ഗണപതിയേയും സ്തുതിച്ച് ലിഖിതാരംഭം.4 , 5 ശ്ലോകവും വരാഹത്തെ സ്തുതിക്കുന്നു. 6 ചന്ദ്രനേയും

7 യാദവവംശപിതാവ് യദുവിനേ യും 8 വിജയനഗരത്തിലെ സംഗമനേയും 10 മകൻ ബുക്ക 1 നേയും പറയുന്നു. ബുക്കന്റേ യും ഗൌരിയുടേയും മകനായ ഹരിഹരകാ ലത്താണ് ലിഖിതം. ഹരിഹരന്റെ ബിരുദങ്ങൾ വിശദമായി പറയുന്നുണ്ട്. ദാനം ചെയ്യുന്ന ഗ്രാമം, ദാനം സ്വീകരിക്കുന്നവർ,കവി, ലിപി കൻ ഇവരെ പിന്നീട് പറയുന്നു. അവസാനം കന്നഡലിപിയിൽ വിരൂപാക്ഷനാമം.

14ആം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് വിജയന ഗരസാമ്രാജ്യോദയം. ഹരിഹര 1 ന്റെ ആദ്യലി ഖിതത്തിൽ മഹാമണ്ഡലേശ്വരപൂർവ്വപശ്ചി മസമുദ്രാധിപതി ശ്രീവീര ഹരിയപ്പവോഡയാ (ർ) എന്നാണ് അദ്ദേഹത്തെ വിളിക്കുന്നത്. (എഡി 13340). അതായത്, അറബിക്കടലു മുത ൽ ബംഗാൾ ഉൾക്കടൽ വരെ ഉള്ള പ്രദേശം അന്ന് വോഡയാറുടേതാണ്. സംഗമ രണ്ടാമന്റെ ബിത്രഗുണ്ട ലിഖിതം അദ്ദേഹം സുൽത്താനെ തോൽപ്പിച്ചു എന്ന് എഴുതിയിരിക്കുന്നു. 1344 ൽ ഓറങ്കലിൽ തമ്പടിച്ച മുഹമ്മദീയപ്പടയെ വിജയനഗരരാജാവ് ആട്ടിയോടിച്ചതായി സെവെൽ രേഖപ്പെടുത്തുന്നു. 1344ൽ നമുക്ക് ഹരിഹരന്റെ ലിഖിതമില്ല.

അദ്ദേഹത്തിന്റെ അനുജനായ ബുക്ക 1ന്റെ ആദ്യലിഖിതം 1353 ലാണ്. രണ്ട് ലിഖിതം ബുക്കനെ ഹോയ്സലരാ ജ്യം വാഴുന്ന മഹാമണ്ഡലേശ്വരനെന്ന് വിളിക്കുന്നു.അതിനാല് ഹോയ്സലരാജാക്കന്മാരു ടെ സ്വന്തരായിരുന്നു വിജയനഗരരാജാക്കന്മാരെന്ന് വിചാരിക്കുന്നുണ്ട്. 1327ൽ വല്ലല 3നെ തോൽപ്പിച്ച് മുഹമ്മദീയർ ദ്വാരാസമുദ്രം നശി പ്പിച്ച ശേഷമാണ് വിജയനഗരം പ്രബലമായത്. 1340 മുതൽ കോയമ്പത്തൂരിലെ ഈറോഡിലും തെക്കേ ആർക്കോട്ടിലെ തിരുവണ്ണാമലയിലും അവരുടെ ലിഖിതങ്ങളുണ്ട്. 1342ൽ ബംഗളൂരി ലെ വൈറ്റ്ഫീൽഡിലും ഒന്നുണ്ട്. അതായത് ഹോയ്സലവല്ലഭൻ ഹരിഹരനെ വടക്ക് മൊഹമ്മദൻ ആക്രമണം തടയാനായി നിർത്തി യിരിക്കണം. അക്കാലത്താവാം ഈ വിജയം താൽക്കാലികമായാലും നേടിയത്. ബുക്ക 1 ന്റെ കാലത്തും മൊഹമദീയരുടെ ആക്രമണം ഉണ്ടായിരുന്നു. ബുക്കന്റെ മകൻ ഹരിഹര 2ന്റെ കാലത്താണ് വിജയനഗരസാമ്രാജ്യം ശക്തമായി നിലവിൽ വന്നത്. തെക്കോട്ട് ഒരു കാലത്ത് വല്ലല 3 നിയന്ത്രിച്ചിരുന്ന

പ്രദേശങ്ങ ളെല്ലാം ഹരിഹര 2 ന്റെ അധീനത്തിലായി.

ബുക്ക 1 ന് ഗൌരിയിലുണ്ടായ പുത്രനാണ് ഹരിഹര 2. അദ്ദേഹത്തിന്റെ ഭാര്യ മാലാംബി ക. ഹംപിയിലും ബേലൂരിലും ചിത്തദുർഗ്ഗ ത്തിലും ഹസ്സനിലും അദ്ദേഹത്തിന്റെ ലിഖി തങ്ങൾ ലഭിച്ചിട്ടുണ്ട്. (ചേരനാട്ടിലെ മൂഷക വംശപ്പെരുമാളുടെ അനുജനാണ് വോഡയാർ. വോഡയാർ ഹോയ്സല(ആയ്സാല) യാദവ വംശമാണ്. ചേരമൂഷകവംശം അവസാനിച്ച തോടെ ഹോയ്സലവംശത്തിനും ഹാനി സംഭ വിച്ചതായി കാണാം. ഈ വല്ലഭരാജാക്കന്മാരു ടെ തുടർച്ചയായാണ് ഹൊന്നവൂരുവിലിരുന്ന് വിജയനഗരം സ്ഥാപിത മായത്.) മല്ലനവോഡയാർ ഹൈയവേ രാജ്യം ഭരിക്കു മ്പോൾ വീരഹരിഹരമഹാരായൻ ത്രിസമുദ്രാ ധിപതിയായി വാഴുന്നു എന്ന ലിഖിതഭാഗം ശ്രദ്ധേയമാണ്. സ്വർണ്ണന്ണ്യവും കോപ്പർ നാ ണ്യവും ഹരിഹരകാലത്തുണ്ട്. അവയിലൊ ന്നിൽ പ്രതാപഹരിഹര എന്നാണ് രേഖപ്പെടു ത്തിയിരിക്കുന്നത്. ഹരിഹരന്റെ മറ്റ് ബിരുദ നാമങ്ങൾഃ- കർണ്ണാടകലക്ഷ്മീകർണ്ണാവതംസ, ശാർദ്ദൂലമദഭഞ്ജന,

വേദഭാഷ്യപ്രകാശക,
വൈദികമാർഗ്ഗസ്ഥാപനാചാര്യ
എന്നെല്ലാമാ ണ്. ശാർദ്ദൂലം പുലിയാണ്.
ചോളന്മാരുടെ കൊടിയടയാളം.
ചോളന്മാരെ തോൽപ്പിച്ച് മദം അടക്കി
എന്നാണ് ആ നാമത്തിന് അർത്ഥം.
സായണൻ വേദഭാഷ്യം രചിച്ചത് അദ്ദേ
ഹത്തിന്റെ സഭയിലാണ്. അതാണ്
വേദമാർഗ്ഗ പ്രകാശകബിരുദം. സംഗമ 2,
ഹരിഹര 2 ഇവരുടെ മന്ത്രിയായിരുന്നു
സായണൻ. സർവ്വ ജ്ഞന്റെ അനുജൻ
വിഷ്ണുദേവാചാര്ന്റെ മക ൻ ചിന്നഭട്ടൻ
തർക്കഭാഷാപ്രകാശിക രചിച്ചി ട്ടുണ്ട്.
സായണന്റെ ഗുരുവാണ് വിഷ്ണുസർവ്വ
ജ്ഞ. തർക്കഭാഷാപ്രകാശികയിൽ
പറയുന്ന ഹരിഹരമഹാരാജാ ഹരിഹര 2
ആണ്. കാഞ്ചീപുരത്തെ
അരുളാളപ്പെരുമാൾ ക്ഷേത്ര ത്തിലെ
ഗ്രന്ഥലിപിലിഖിതത്തിൽ ഈ ബന്ധങ്ങ
ളെല്ലാം സൂചിതമാണ്.

സായണൻ ഭരദ്വാജഗോത്രം
ബോധായനസൂത്രം ആണ്. അമ്മ
ശ്രീമായി ,അച്ഛൻ മായണൻ, അനുജൻ
ഭോഗനാഥൻ, യജമാനചക്രവർത്തി
സംഗമൻ 2 , ഗുരു ശ്രീകണ്ഠനാഥൻ
എന്നാണ് പറഞ്ഞിരിക്കുന്നത്. ജ്യേഷ്ഠന്റെ
പേരു പറ ഞ്ഞിരിക്കുന്നത്
മാധവനെന്നല്ല, മായണനെന്നാ

ണ്.കാർത്തികമാസം ബുധനാഴ്യ ചന്ദ്രഗ്രഹണം പ്രമാദിവർഷം ശാലിവാഹനശകം 1321 ലാണ് ലിഖിതം. (15 ഒക്ടോബർ 1399) വിജയനഗരം ത്തിന്റെ ഒരു ഭാഗമായ പമ്പയിലെ ഭാസ്കര ക്ഷേത്രത്തിൽ വിരൂപാക്ഷക്ഷേത്രത്തിലാണ് ദാനം നടന്നത്. ഹംപിയുടെ നടുവിലാണ് പമ്പാ പതി വിരൂപാക്ഷക്ഷേത്രം. ലിഖിതത്തിൽനിന്ന് ഹംപി പണ്ട് ഭാസ്കരക്ഷേത്രം എന്നാണ് അറി യപ്പെട്ടിരുന്നത് എന്ന് മനസ്സിലാക്കാം. പമ്പ (ഹംപി) പുതിയ പേരാണ്. ഔബലൻ, നൃസിം ഹനെന്ന് രണ്ട് ബ്രാഹ്മണർക്കാണ് ദാനം. അവ ർ ഭരദ്വാജഗോത്രക്കാരാണ് നാരായണന്റെ പുത്രന്മാരാണ്. , യജുർവ്വേദം പഠിച്ചവരാണ്. നല്ലൂരി (ശ്രീനല്ലൂർ) അഥവാ ശാവണ രാജിയ പുരം ഗ്രാമം ദാനം ചെയ്യുന്നു. ചന്ദ്രഗിരി മഹാരാജ്യത്തിലെ ഒരു ഭാഗമായ പൈയ്യൂ രിക്കോട്ടയിലെ നലദുരിപ്പാളേം സീമ എന്ന മെഗുണാവലനാട്ടിലാണ് ഈ ഗ്രാമം. ചന്ദ്രഗിരി വടക്കേ ആർക്കോട്ടിലെ ഒരു താലൂക്കിന്റെ തലസ്ഥാനമാണ്. പൈയ്യൂർകോട്ടം ഇപ്പോള ത്തെ പൊന്നേരി താലൂക്കിന്റെ ഭാഗമാണ്. മെയ്ക്കുന്റവലനാട് എന്ന തമിഴ് വാക്കിന്റെ അപഭ്രംശമാണ്

മെഗുണാവലനാട്. ഇത് പൈ
യ്യൂർകോട്ടത്തിന്റെ മറ്റൊരു പേരുമാണ്.
നലതു രിപ്പാലേം മറ്റൊരു
വിജയനഗരഗ്രാന്റിൽ നെല്ല തുരി
എന്നാണ് കാണുന്നത്.
തൊണ്ടീരമണ്ഡലം തമിഴിലെ
തൊണ്ടൈമണ്ഡലമാണ്. സേയൻകൊണ്ട
തൊണ്ടാമണ്ഡലത്തിൽ സന്തിര
ഗിരിരാച്ചിയത്തിൽ കീൾക്കരൈയാന
മെയ്ക്കു ന്റ വലനാടാന
പയ്യൂർക്കോട്ടത്തിൽ. പടിഞ്ഞാറൻ
ചാലൂക്യലിഖിതങ്ങളിൽ തുണ്ട
കവിഷയം അഥവാ തൊണ്ടൈനാട്
പല്ലവന്മാ രുടെയാണ്. ചിറുവാപുരിക്ക്
വടക്കും, പന പ്പാകക്ക് തെക്കും
തോരനല്ലൂരിക്ക് പടിഞ്ഞാ റും
അരണിനദിക്ക് തെക്കുപടിഞ്ഞാറുമാണ്
ദാനം ചെയ്ത ഗ്രാമം. പനപ്പക്കവും
തോരനല്ലൂ രും അരണിനദി ഒഴുകുന്ന
പൊന്നേരി താലൂ ക്കിലാണ്.
പൊന്നേരിതാലൂക്കിൽ അരണിനദി ക്ക്
തെക്കുപടിഞ്ഞാറായി വടക്കുനല്ലൂരെന്ന
ഗ്രാമമുണ്ട്. സേവട്ടുപ്പനപ്പാക്കത്തിനു
തെക്കും തുരനല്ലൂരിന്
വടക്കുപടിഞ്ഞാറും ആണ് ഇത്.
വടക്കുനല്ലൂരാവാം ശ്രീനെല്ലൂർ.
ചിറുവാപുരി കണ്ടെത്തിയിട്ടില്ല.

കരമൊഴിവായി ആചന്ദ്രതാരം ദാനം ചെയ്യി രിക്കയാണ്.ഔബലന് 6, നരസിംഹന് 6 ഷെയ റാണ് ദാനം. കോറിസാരാദ്ധ്യപുത്രനായ മല്ല നാരാദ്ധ്യവൃത്തികനാണ് കവി. മുദ്ദനനാണ് ലിഖിതം കൊത്തിയ ശിൽപ്പി. ഹരിഹരൻ വിരൂപാക്ഷനാമത്തിലാണ് ഒപ്പ് വെച്ചിരിക്കു ന്നത്.

ഇന്ദ്രവർമ്മന്റെ അച്യുതപുരം പ്ലേറ്റുകൾ

ഗഞ്ചം ജില്ലയിൽ മുഖലിംഗത്തുനിന്ന് കിട്ടി. മദ്രാസ് മ്യൂസിയത്തിലാണ്. സംസ്കൃതഗദ്യം. മംഗളശ്ലോകം മാത്രം പദ്യം. ഗംഗവംശത്തിലെ കലിംഗരാജാവ് ഇന്ദ്രവർമ്മൻ എന്ന രാജസിം ഹൻ കലിംഗനഗരത്തിൽ ഉത്തരായനത്തിന് നടത്തിയ ദാനം. ലിഖിതം കൊത്തിയത് ചൈ ത്രം അമാവാസി 87ആം ഭരണവർഷത്തിലാണ്. ഇന്ദ്രവർമ്മൻ 1 ആണ് രാജസിംഹൻ. ഭാനുചന്ദ്രപുത്രൻ വിനയചന്ദ്രനാണ് ലിഖിതം എഴുതിയത്. വരാഹവർത്തനി ജില്ലയിലെ സിദ്ധാർത്ഥകഗ്രാമം ഛാന്ദോഗ്യശാഖ ഗൌതമ ഗോത്രം

ദുർഗ്ഗശർമ്മബ്രാഹ്മണന്നാണ് കൊടു
ത്തിരിക്കുന്നത്. അടുത്തുള്ള
രാജതടാകത്തിലെ ജലം അവർക്ക്
കൃഷി ആവശ്യത്തിന് ഉപയോ
ഗിക്കാനുള്ള അനുവാദവും
കൊടുത്തിട്ടുണ്ട്. വേറെ ഒരു തടാകം
രാജമാതാവിന്റെ പുണ്യ ത്തിനായി
കുഴിപ്പിക്കയും ചെയ്തു. . ഗ്രാമാ
തിർത്തികൾ: കിഴക്കും തെക്കും
രാജതടാകം പാലി (ബണ്ട്), പടിഞ്ഞാറ്
മൂന്ന് ചിതൽപ്പുറ്റ്, വടക്ക് ഗോപുരത്തിനു
മുകളിലെ പാറക്കല്ല്, ഇഷ്ടിക കൊണ്ട്
മൂടിയ മറ്റൊരു പാറക്കല്ല്, രണ്ട്
ധിമാരവൃക്ഷവും ഒരു കാരകവൃക്ഷ
വും.

Achyutapuram Plates of Indravarman.—The Year 87.



ii a.

E. HULTZSCH. FULL-SIZE. W. GRIGGS, PHOTO-LITH.



ഗുണാർണ്ണവപുത്രൻ ദേവേന്ദ്രവർമ്മ ന്റെ ചിക്കക്കോളേ പ്ലേറ്റുകൾ.

3 എണ്ണം . സീലിൽ ഇരിക്കുന്ന കാള. വലത്തോ ട്ട് തിരിഞ്ഞ് ഇരിക്കുന്നു. മുകളിൽ ചന്ദ്രക്കല.

നാഗരിലിപി. ദശാംശസംഖ്യകളും സംഖ്യകളും (100, 80, , 20) ഉണ്ടെന്നത് ഈ ലിഖിതത്തിലെ പ്രത്യേകതയാണ്. ഭാഷ സംസ്കൃതം. ക്രോഷ്ടുക വർദ്ധനിജില്ലയിലെ സരയൂമാടംബയിലെ പോ പ്പംഗികഗ്രാമം അഗ്രഹാരമായി കലിംഗനഗര ത്തിലെ വാസികളായ ഛാന്ദോഗ്യശാഖക്കാരായ 6 ബ്രഹ്മണർക്ക് കൊടുക്കുന്നതാണ് ലിഖിതം. കലിംഗഗംഗവംശത്തിലെ ഗുണാർണ്ണവപുത്രനാ യ മഹാരാജാ ദേവേന്ദ്രവർമ്മനാണ് ദാതാവ്. കലിംഗത്തിലെ ചോഡഗംഗവംശത്തിന്റെ വേറെ 2 ലിഖിതങ്ങളിൽ ഈ ദേവേന്ദ്രവർമ്മനാമമുണ്ട്. അനന്തവർമ്മപുത്രനല്ല, ഗുണാർണ്ണവപുത്രനാണ് ഈ ദേവേന്ദ്രവർമ്മൻ. മാഘത്തിലെ ശുക്ലാഷ്ടമി

സൂര്യന്റെ ഉദഗയനകാലത്താണ് ദാനം. 183ആം വർഷം 20ആം സൂര്യദിനം ശ്രാവണം എന്നും കാണുന്നു (ഇത് സംഖ്യയിലും അക്ഷരത്തിലു മുണ്ട്) എഴുതിയ ആളുടേയും സാക്ഷിയുടേയും ലിപികന്റെയും പേരുണ്ട്. എല്ലാ കരവും ഒഴിവാക്കിയാണ് ദാനം. അച്ചരംബശർമ്മൻ, ഭവശർമ്മൻ, ശിവശർമ്മൻ, ശിവശർമ്മൻ, വിഷ്ണുശർമ്മൻ, സോമശർമ്മൻ, കുമാരശ ർമ്മൻ ഇവർക്കാണ് കൊടുത്തത്. കിഴക്കേ അതിര് ജില്ലയുടെ അതിരായ കിടങ്ങ്. തെക്കും കിടങ്ങാണ് അതിർ, പൊപ്പംഗിക, സായടക എന്നീ മലകളിൽനിന്നുള്ള വെള്ളം ഒഴുകി, പടിഞ്ഞാറുണ്ടാക്കിയ കിടങ്ങ് തെക്കോട്ടു വരെ എത്തുന്നു. വടക്ക് കോശംബിമരം,ഗിനിഗിനി മരം, കുരുടുംബി ഗ്രാമാതിർത്തി, തിന്ദുകമരം രണ്ടെണ്ണവും കദംബമരം ഒന്നും വളഞ്ഞ ജംബു മരവും മുളങ്കൂട്ടവും, അതിനപ്പുറം ഒരാളുടെ നിഴൽപ്പൊക്കത്തിനപ്പുറത്ത് കിടങ്ങും .ഈ കിടങ്ങ് കിഴക്ക് വരെ എത്തുന്നു. ഇനിവരുന്ന രാജാക്കന്മാരെല്ലാം ഈ ദാനവ്യവസ്ഥ തെറ്റി ക്കാതെ

നടക്കണമെന്ന് വ്യാസവാക്യം ഉദ്ധരിച്ച് പറയുന്നു. രാജാവിന്റെ ശ്രീമുഖത്തുനിന്ന് കേട്ട് അപൂർവ്വനാഥവംശത്തിലെ മാതൃചന്ദ്രന്റെ പുത്രൻ പല്ലവചന്ദ്രനാണ് എഴുതിയെടുത്തത്. ശവര നന്ദിവർമ്മനെന്ന മഹത്തരന്റെ മുമ്പാകെ യാണ് എഴുതിയത്. 100 80 3 വർഷം ശ്രാവണം സൂര്യദിനം 20. ഖണ്ഡിചന്ദ്രഭോഗികപുത്രൻ സർവ്വചന്ദ്രൻ കൊത്തിവെച്ചു. ശവര അഥവാ ശബരന്മാർ കേരളത്തിലെ ശബരിമലയിലും ഗഞ്ജാമിലും വിശാഖപട്ടണത്തും ഉള്ള ആദിവാസികളാണ്. നന്ദിവർമ്മമഹത്തരൻ രാജാവിന്റെ മുഖത്തുനിന്ന് നേരിട്ട് കേൾക്കാ നാവുന്ന അടുത്ത ബന്ധുവാണെന്നത് ശ്രദ്ധിക്കുക പല്ലവമല്ലന്റെ ഉദയേന്ദ്രം പ്ലേറ്റിലും ശബര ഉദയ നനെന്ന പേരുണ്ട്. മഹാനദിക്കരയിലെ ശിർപ്പൂ രിലും ഇതേ പേരു കാണാം.

അശോകന്റെ സിദ്ധപുരം ശാസനം

അവസാനഭാഗം വടക്കേ ഖരോഷ്ഠിലിപി. അവ സാനവാക്യം ലിപികനാമം തരുന്നു.മൈസൂരി ലെ ചിത്തൽദൂർഗ്ഗ് ജില്ലയിലെ മൊളക്കാൽമൂരു താലൂക്കിലെ സിദ്ധപുരം ഗ്രാമത്തിലെ മൂന്നു പാറമോയി 3 ലിഖിതമുണ്ട്. ലിപി ഗിർനാർശാ സനത്തിലേതിനു സദൃശമാണ്. ര വളഞ്ഞിട്ടാണ്. ഷ്ഠ, ത്പ ഇവ മാറിയിട്ടുണ്ട്. ഗുത്ധരാത്തിലെ കത്തിയവാറിലേയും തെക്കേ ഇന്ത്യയിലേയും ലിപി സാദൃശ്യമുള്ളവയാണ്. ത്രൈകൂടക, ഗുർജ്ജര, വലഭി ഗ്രാന്റുകളിലെല്ലാം തെക്കൻലി പിയോടാണ് സാദൃശ്യം. ഭട്ടിപ്രൊലു സ്തൂപത്തി ലെ മകാരം മുകൾഭാഗം വലിയതായിട്ടാണ് എഴുതിയിരിക്കുന്നത്. ആദ്യസംഖ്യ (1) സഹസ്രം, രൂപനാഥ് എന്നിവിടങ്ങളുള്ളതിൽനിന്ന് വ്യത്യ സ്തമാണ്. ഈ വ്യത്യാസം അശോകന്റെ കാല ത്തുതന്നെ പ്രാദേശികമായ തെക്കൻഅക്ഷരങ്ങ ളുണ്ടായിരുന്നതിന് തെളിവാണ് (റൈസ്) .വടക്ക ൻഖരോഷ്ഠി മാൻസേര, ഷാബാസ്ഗാർഹി അക്ഷ

രങ്ങളോടാണ് സാദൃശ്യം. ഇവിടെ കാണുന്ന 3 ലിഖിതവും പട എന്ന ലിപികനാണ് എഴുതിയ ത്. അദ്ദേഹം ലിപികാരേണ എന്ന് മാത്രം വടക്കേ ഖരോഷ്ഠിയിലെഴുതിയിരിക്കുന്നു. ഭാഷ വടക്കു കിഴക്കൻ,തെക്കൻമിശ്രമാണ്. പലവാക്കുകളും മാഗധിയാണ്. തെക്കൻപ്രാകൃതം ര എന്നുപയോ ഗിക്കുന്നത് മാഗധി ല എന്നാണ് ഉപയോഗിക്കു ക. (മലയാളത്തിൽ ഈ രലയോരഭേദം കാണാം). അതുപോലെ താലവ്യവും ദന്ത്യവും തമ്മിൽ മാറ്റി ഉച്ചരിച്ച് പല ഭാഷകളായത് ഇന്ത്യയിലെ വിടേയും കാണാം. ഷ.ശ,സ ഇവ പലരും പല രീതിയിലാണ് ഉച്ചരിക്കുന്നത്. അശോകശാസനങ്ങളിലെ ആദ്യഭാഗം പാടലീപു ത്രരാജധാനിയിലെ വടക്കേ ഇന്ത്യൻ ഉദ്യോഗ സ്ഥരുടേതല്ല.രണ്ടാംഭാഗമാകട്ടെ, സുവർണ്ണഗിരി യിലാണ് എഴുതപ്പെട്ടത്. അത് അശോകധമ്മത്തെ ക്കുറിച്ച അയപുത്തന്റെ വീക്ഷണമാണ്. ഭാഷയി ലുള്ള വ്യത്യാസം ഇതാണ്. ഡെക്കാൻപീഠഭൂമി യിലെ ഈ ശാസനം

(സിദ്ധപുരം) ചക്രവർത്തി യുടേതല്ല. താനയിലെ സുപാരയിൽ 8ആം ശാസ നം കണ്ടമുതൽ ഗുജറാത്തും കൊങ്കൺതീരവും അശോകന്റേതായിരുന്നു എന്ന് ചരിത്രകാരന്മാർ വിധിയെഴുതി. ഏഴാം നൂറ്റാണ്ടിൽ പുലികേശി 2 കൊങ്കൺതീരത്ത് മൌര്യന്മാരുടെ ഉദ്യോഗസ്ഥരെ കണ്ട് അവരെയെല്ലാം ഒഴിപ്പിച്ചതിന് അങ്ങനെ ഒരർത്ഥം ഉണ്ടാവണമെന്നില്ല. അക്കാലം മുതൽ ഇവിടെ കച്ചവടത്തിനു വന്ന മൊര്യ.,ഗുപ്താദി കളാണ് രാജാക്കന്മാരല്ല ഇവിടെ ഉണ്ടായിരുന്ന ത്. (കടമ്പഴിപ്പുറത്ത് ഇപ്പോഴും ഗുപ്തന്മാരു ണ്ട്). മൌര്യന്മാരും ഗുപ്തന്മാരും മക്കളെ വൈസ്രോയിമാരായി തെക്കോട്ട് അയച്ചിരുന്നു. കച്ചവടക്കാരെസംരക്ഷിക്കാനും നിയന്ത്രിക്കാ നും ഇത്.ആവശ്യമായിരുന്നു. ഭരണം അവരുടെ കയ്യിലായിരുന്നില്ല. അശോകൻ മഹിഷമണ്ഡ ലമെന്ന മൈസൂരിലേക്ക് (മൂഷകവംശത്തിന്റെ മാഹിഷ്മതി) രു ദൌത്യസംഘത്തെ അയച്ചതാ യി

ബുദ്ധമതക്കാർ പറയുന്നുണ്ട്.
ഡെക്കാനിലെ കൃഷീവലരും സാധാരണ ജനങ്ങളും കച്ചവടക്കാ രും ഇപ്പോഴും മയൂര (മൌര) എന്ന കുടുംബപ്പേ രുള്ളവരുണ്ട്. ചാൽക്കേ ഷെൽക്കേ ഇവ ചാലൂ ക്യരിൽനിന്നും, ഷെൻഡേ ,സിന്ധ സേന്ദ്രകരിൽ നിന്നും സേലാർ ശീലഹാരരിൽനിന്നും തെക്കേ ഇന്ത്യയിലുണ്ടായ കുടുംബപ്പേരുകളാണ്. അതു പോലെയാണ് മൌര്യനാമവും. റൈസ് വിചാരി ക്കുന്നത് അശോകന് മൈസൂരിൽ നേരിട്ട് ഭരണ മുണ്ടായിരുന്നു എന്നാണ്. അതിന് കദംബനാട്ടി ലെ മയൂരശർമ്മനാമം ഒരുപക്ഷേ ഉപോൽബല കമാണ്. മൌര്യവംശം മൈസൂരിലെ ആദിവാ സിവംശമാകാനാണ് സാദ്ധ്യത.

അയപുത്തനും മറ്റ് മഹാമതന്മാരും ഉള്ള ഇസി ലയിലേക്ക് സിദ്ധപുരം പ്ലേറ്റുകള് അയച്ചുകൊ ടുത്തു. ഇതുപോലെ ധൌലി ശാസനം കുമാലനും മഹാമതന്മാരും ഭരിക്കുന്ന തോസാലിയിലേക്കും അയച്ചിരുന്നു. അയപുത്തൻ

ആര്യപുത്രനെന്ന സംസ്കൃതപദത്തിന്റെ ഗ്രാമ്യമാകയാൽ അദ്ദേ ഹം രാജകുമാരനാണെന്ന് അഭിപ്രായം. കുമാലനെന്നത് കുമാരനാണ്. അതായത് ഇവ സമാനപദങ്ങളാണ്. കട്ടക്ക് ലിഖിതത്തിൽ ഖ രവെലനും വകദേപനും ഐെര(ആര്യ, അയ) ബിരുദമുണ്ട്. നാസിക്കിലെ ഗുഹാലിഖിതത്തിൽ രാജാവ് പുലുമായി മഹാഐെരക (മഹാആര്യ) നാണ്. അതിനാൽ അയപുത്ത, ആര്യപുത്ര,ഐെര പുത്ര ഇവയെല്ലാം രാജപുത്രനെന്ന അർത്ഥമാണ്. പ്രാദേശികമുഖ്യന്മാരെ അശോകൻ വിളിക്കുന്ന ത് പാദേശിക അഥവാ മാണ്ഡലികനെന്നാണ്. അയപുത്തന്റെ കീഴിലുള്ള ഒരു വ്യക്തിക്ക് പദനെന്നാണ് പേരു കാണുന്നത് ..ഉത്തരാ പഥലിപിയും ദക്ഷിണാപഥലിപിയും അറി യാവുന്ന ഉദ്യോഗസ്ഥന്മാർക്ക് രാജശാസനം ശരിയായി.വായിച്ച് ജനതക്ക് മനസ്സിലാക്കി ക്കൊടുക്കാനാണ് വിവിധസ്ഥലങ്ങളിൽ ഭാഷാപണ്ഡിതന്മാരോടുകൂടി വിന്യസിച്ചിരുന്ന. രാജപുത്രന്മാർക്ക് ഇപ്രകാരം അയച്ചുകൊടു ത്തിരുന്നത്.കലിംഗം,ഡെക്കാനിലെ മൈസൂരിന്റെ ഉത്തരഭാഗം, മഹാരാഷ്ട്ര, കൊങ്കൺതീരം ഇവയെല്ലാം അശോകൻ ഭരിച്ചിരുന്നതിനാൽ ദ്വിഭാഷാപണ്ഡിതരുടെ ആവശ്യം

അദ്ദേഹത്തിന് ഉണ്ടായിരുന്നു. സഹ്യ നിൽ സുവർണ്ണഗിരി വരെ അദ്ദേഹത്തിന് ഭരണം ഉണ്ടായിരുന്നു. ഡെക്കാനിലെ വൈസ്രോയി അവിടെയാണ് താമസിച്ചിരുന്നത്. രൂപനാഥ് ലിഖിതപ്രകാരം അദ്ധ്യേതാനി എന്ന വാക്ക് ഷഡ്വത്സരം (6 കൊല്ലം) പഠിക്കാനുള്ളതാണ്. ബുദ്ധമതതത്വം മാത്രമല്ല, വിവിധഭാഷകളും ഇക്കാലത്ത് പഠിക്കുന്നു.

ശാസനം 1

വരി 1. സുവംണ്ണഗിരിതേ അയപുതസ മഹാമതാനാം ച വചനേന ഇസിലസി മഹാമത ആരോഗിയം വതവിയാ ഹേവം ച വതവീയ

വരി 2. ദേവാനാം പിയേ അനപയതി അധികാനി അധാതിയാനി (വ)സാനി യ ഹകം ......നോ തു കോ പകംന്തേ ഹുസം ഏകം സവച്ച്വരം സാതിരേകേ തു ഖോ സംവച്ച്വരം

വരി 3 യം മയാ സംഗേ ഉപയീതേ ബഢം ച മേ പകംന്തേ ഐമിനാ ചു കാലേന അമിശാ സമാന മുനിസാ ജംബുദീപസി

വരി 4 മിസാ ദേവേഹി പകമാസ ഹി ഇയം ഫലേ നോ ഹിയം ശക്യേ മഹാത്പെനേവ പാപോതവം കാമം തു ഖോ ഖുദകേന പി

വരി 5 പക(മമി)നേന വിപുലേ സ്വാഗേ സക്യേ ആരാധേതവേ ഏതായതായ ഇയം സാവനേ സാവാപിതേ ....

വരി 6.........മഹാത്പ ച ഇമം പകമേയു ......ഇ അംതാച മൈ ഡാനേയു ചിരതിതികേ ച ഇയം

വരി 7 .....പ ഇയം ച അതേ വധിസിതി വിപുലം പു ച വധിസിതി അവരധിയധിയ ധീയം

വരി 8 വധിസിതി ഇയം ച സാവൻ....സാവ്..പ.. .തേ വ്യൂഥേന 256.

ശാസനം 2

വരി 9. സേ ഏവം ദേവാനാംപിയേ ആഹ മാതാപിതീസു സുസൂതവിയേ ഹേമേവ ഗരുത്വം പ്രാണേഷു ദ്രഹ്യിതവ്യം സചം

വരി 10. വതവീയം സേ ഇമാ ധമ്മഗുണാ പവതിതവീയ ഹേമേവ അന്തർവാസിനാ വരി 11 ആചാരിയേ അപചായിതവിയേ നാതികേഷു ച കു യഥാരഹം പവതിതവിയേ

വരി 12. ഏഷാ പോരണാ പകുതീ ദിഗാവുസേ ച ഏഷ ഏവം ഏഷ കാതിവീയേ

വരി 13. ച പദേന ലിഖിതം ലിപികാരേണ.

Siddapura Inscription No. I of Devanam Piye.



ഇസിലയിലെ മഹാമതന്മാർക്കും അയപുത്ത നും (സുവർണ്ണഗിരിയിലെ രാജപുത്രൻ) ആരോ ഗ്യവും സുഖവും ആശംസിച്ചുകൊണ്ട് എന്റെ വാക്കുകൾ അറിയിക്കുക. ദേവാനാംപിയൻ ഇപ്രകാരം പറയുന്നു:- 6 വർഷത്തിലധികമായി ഞാനീ സന്യാസിസംഘത്തിൽ ചേർന്നിട്ട്.

എന്നാലും ഞാൻ പൂർണ്ണമായി വിദ്യയിൽ ശ്രദ്ധിക്കാഞ്ഞതു കൊണ്ട് രണ്ടര വർഷമേ ആയുള്ളു ദേവാനാം പിയനായിട്ട്. . ഇക്കാലം കൊണ്ട് ജംബുദ്വീപത്തി ലെ സത്യവാന്മാരെന്ന് വിചാരിച്ചിരുന്നവർ ഈശ്വരസംബന്ധമായി സത്യവാന്മാരല്ല എന്ന് ബോദ്ധ്യമായി. ഇത് ഒരു മഹാനുമാത്രം സാധിക്കാവുന്ന ഒന്നല്ല. സാധാ രണക്കാരനായ ചെറിയ മനുഷ്യനും ശ്രമിക്കുന്ന പക്ഷം ഈശ്വരപ്രസാദം കൊണ്ടുള്ള സുഖം അനുഭവിക്കാനാവും. അതിനായി ഈ ശാസനം. ഫലസിദ്ധിക്കായി ചെറിയവനും വലിയവനും ശ്രമിക്കണം. ഇത് ഏറെക്കാലം നീണ്ടുനിൽക്കുന്ന പരിശ്രമമാണെന്ന് എന്റെ അയൽക്കാരും കൂടി അറിയണം. ഇത് വളർന്ന് വിപുലമായി വ്യൂഥം (സൌരയൂഥം)വരെ വ്യാപിക്കുന്നതാണ്. ഈ ശാസനം 256 വർഷം മുമ്പ് മരിച്ചവർ പ്രചരിപ്പി ച്ചതാണ്.

ദേവാനാം പിയൻ പറയുന്നുഃ- മാതാപിതാക്കളോട് അനുസരണം പാലിക്കണം. സർവ്വജീവികളോടുമുള്ള ബഹുമാനം എന്നും വേണം. സത്യം മാത്രമേ പറയാവൂ. പാവനമായ ധർമ്മം അനുശാസിച്ച സദാചാരമെല്ലാം പാലി ക്കണം. വിദ്യർത്ഥി ആചാര്യനെ ബഹുമാനിക്ക ണം. ഓരോ

കുടുംബാംഗങ്ങളോടുമുള്ള ധർമ്മം പാലിക്കണം. ഇത് പുരാതനമായ പൌരാണിക ധർമ്മമാണ്.. ഇത് ആയുസ്സും ആരോഗ്യവും കൂട്ടും. ഇപ്രകാരം ലിപികാരനായ പദൻ എഴുതിവെച്ചു.

നാസിക് ലിഖിതത്തിലെ വരി ഇതുമായി താരത മ്യം ചെയ്യേണ്ടതാണ്. രാണോ ഗോതമിപുതസ ശാതകണിസ മഹാദേവിയ ച ജീവസുതായ രാജമാതുയ വചനേന ഗോവദ്ധനേ ശാമകോ ദ്രോഗ വടവോ തതോ ഏവ വടവോ

അധതീയ എന്നതിന് അർദ്ധതൃതീയ എന്നല്ല, അർദ്ധത്രയ എന്നാണ് വായന . ഉപായിതേ എന്നതുകൊണ്ട് അശോകൻ താൻ ഉപാസക നായി സംഘത്തിൽ പ്രവേശിച്ചിട്ടേ ഉണ്ടായിരു ന്നുള്ളു എന്നാണ് പറയുന്നത്. വ്യൂഥം എന്നതിന് ഗൌതമബുദ്ധനെന്ന് എങ്ങനെയാണ് അർത്ഥം കൽപ്പിച്ചതെന്ന് വ്യക്തമല്ല. 236 വർഷം മുമ്പ് നിർവ്വാണമടഞ്ഞ വ്യക്തികളെന്ന് പറഞ്ഞ്ർത് ബുദ്ദനെയാവാം എന്ന് ഊഹിക്കാം. പക്ഷേ വിപുലമായ വ്യൂഹം ബുദ്ധനെയല്ല പറയുന്നത്. പ്രപഞ്ചമെങ്ങും എല്ലാവരും വ്രതാനുസാരിക ളായി നിർവ്വാണം അനുഭവിക്കുന്നതിനെ കുറി ച്ചാണ്. പകിതി യോനിയായ പ്രകൃതിയാണ്. യോനിസ്വരൂപമാണ്. ധർമ്മത്തിന്റെ

യോനിയാ യി പ്രകൃതിയായി ആചാര്യനെ ബഹുമാനിക്ക ണം എന്നത് ശിഷ്യരോടുള്ള ഉപദേശമാണ്. ധർമ്മസ്യ യോനി ആചാര്യനാണ്. മനു പറയു ന്നത് അഭിവാദനശീലസ്യ നിത്യം വൃദ്ധോപസേ വിനഃ ചത്വാരി വർദ്ധന്ത ആയുർവിദ്യാ യശോ ബലം എന്നാണ്. ഇതാണ് ഇവിടെയും പറയുന്ന ത്.

നന്ദിവർമ്മന്റെ ഉദയേന്ദ്രം പ്ലേറ്റ്

വടക്കേ ആർക്കോട്ടിലെ ഗുഡിയാടിടം താലൂക്കി ലാണ് ഉദയേന്ദ്രം. 3 പ്ലേറ്റുകൾ. ആദ്യം തമിഴും പിന്നെ സംസ്കൃതവുമാണ്. വൃത്താകൃതിയിലു ള്ള സീലിൽ ഇടത്തോട്ട് തിരിഞ്ഞ് നിൽക്കുന്ന കാള, തെക്കൻലിപി. ബർണൽ കിഴക്കൻചാലൂ ക്യരുടെ എഡി 680ലെ ലിപി എന്നാണ് കരുതുന്ന ത്. പല്ലവരുടെ ഉറുവപ്പള്ളി ഗ്രാന്റുമായി ഈ ലിഖിതത്തിന് സാദൃശ്യമുണ്ട്. 1, 18 വരി ഗദ്യം ഒഴികെ മറ്റെല്ലാം സംസ്കൃപദ്യമാണ്.ദന്ത്യത്തിനു പകരം താലവ്യവും മറിച്ചും പല പ്രാവശ്യം ഉപയോഗിക്കുന്നത് ലിപികന്റെ പ്രാദേശികസ്വ ഭാവം കാണിക്കുന്നു. . വൈശാഖത്തിന് വസാക മെന്നും ലബ്ധ എന്നതിന് ലവ്ധ എന്നും ഭട്ടാരക എന്നതിന് ഭട്ടാരഗോ എന്നും തൈത്തിരീയ എന്നതിന് ദൈത്രീയ എന്നും തെറ്റായി എഴുതിയി ട്ടുണ്ട്. എ

എന്ന അക്ഷരം തമിഴിൽ സാധാരണമാ ണ്. സംസ്കൃതത്തിൽ അത് ഉപയോഗിക്കാത്ത സ്ഥലത്തും തമിഴിലെ പോലെ ഉപയോഗിക്കുന്നു. ഉദാഃ-മര്യാദയാ , മര്യാദേയാ . വിജയാ വെജേ യാ അഥവാ വിജേയാ.വിനയാ വിനേയാ.
തമിൾഗ്രന്ഥലിപി. തമിഴും സംസ്കൃതവും.

ഭഗവാൻ വിഷ്ണുവിന്റെ ഭക്തനായ ഭാഗവത നായ ധർമ്മിഷ്ഠനായ പല്ലവനന്ദിവർമ്മനാണ് ലിഖിതം എഴുതിക്കുന്നത്. ഭരദ്വാജഗോത്രം. രാജാ സ്കന്ദവർമ്മന്റെ പുത്രൻ മഹാരാജാ മഹാരാജാ സിംഹവർമ്മന്റെ പുത്രൻ മഹാരാ ജാ സ്കന്ദവർമ്മന്റെ പുത്രനാണ് നന്ദിവർമ്മൻ.
കാഞ്ചീപുരവിജയത്തിനുശേഷം അദെയാറരാഷ്ട്ര ത്തിലെ കാഞ്ചിവായിൽ   ഗ്രാമവും 4 കാട്ടുപ്രദേ ശവും അദ്ദേഹം കൌശികഗോത്രം തൈത്തിരീയ ശാഖ പ്രവചനസൂത്രത്തിലെ കുലശർമ്മനെന്ന ബ്രാഹ്മണന് ദാനം ചെയ്തു. കരമൊഴിവായ ദാനത്തിൽ രാജവാക്യം തെറ്റിച്ചവർക്ക് വ്യാസ വാക്യപ്രകാരമുള്ള ശിക്ഷ പറയുന്നുണ്ട്. പട്ടിക (പത്രിക,പത്രം) നന്ദിവർമ്മന്റെ വിജയവർഷത്തി ല് വൈശാഖമാസം ശുക്ലപഞ്ചമിക്കാണ് രേഖപ്പെ ടുത്തുന്നത്.

തമിഴിലുള്ള ഭാഗം ഇങ്ങനെയാണ്. കോ
പരകേ സരിവർമ്മന്റെ 26ആം വർഷം
കാഞ്ചിവയലെന്ന ഇഗന്മരൈമംഗലത്തെ
സഭയും ഉദയചന്ദ്രമംഗ ലത്തെ സഭയും
കൂടി, ഇന്നു മുതൽ ഈ രണ്ടു ഗ്രാമവും
ഒന്നാണെന്ന് നിശ്ചയിച്ചു.
പല്ലവയുവമഹാരാജാ
വിജയഗോപവർമ്മന്റെ
ഉറുവപ്പള്ളിഗ്രാന്റിന് സമാനമാണ് ഈ
ലിഖിതം. ഉറുവപ്പള്ളി ഗ്രാന്റ്
പാലക്കാടുനിന്നാണ്.ഇത് കാഞ്ചി
ഉദയേന്ദ്രത്തുനിന്നും. അതിലെ വംശാ
വലി സ്കന്ദവർമ്മൻ, സിംഹവർമ്മൻ, നന്ദി
വർമ്മൻ, എന്നതിനു പകരം സ്കന്ദവർമ്മൻ
വീരവർമ്മൻ സ്കന്ദവർമ്മൻ വിഷ്ണുഗോപ
വർമ്മൻ എന്നാണ്. വീരവർമ്മനാണ്
സിംഹവ ർമ്മനെന്നും നന്ദിവർമ്മനാണ്
വിഷ്ണുഗോപവ ർമ്മനെന്നും അതിനാൽ
മുമ്പ് നിശ്ചയിച്ചു. ഉറുവ പ്പള്ളി ഗ്രാന്റിനു
ശേഷമാണ് ഈ ലിഖിതം എഴു തിയത്.
അതിനാൽ നന്ദിവർമ്മൻ വിഷ്ണുഗോ
പവർമ്മനല്ല എന്ന് പിന്നീട് തീരുമാനിച്ചു.
ഒരേ പേരിൽ പല രാജകുമാരന്മാർ പല
കാലത്തായി ഉണ്ടാവുന്നത്
രാജവംശങ്ങളിൽ പതിവാണ്.ന ന്ദിവർമ്മ
പല്ലവമല്ല എട്ടാം നൂറ്റാണ്ടിലാണ്.
ചോളപരാന്തകന്റെ കാലമാണ്.
ഉദയേന്ദ്രമഗലം പ്ലേറ്റ് അക്കാലത്തെയാണ്.
അതിനുമുമ്പുള്ള ഗ്രാന്റിൽനിന്ന്

പകർത്തിയതാവണം ഇത്. കാഞ്ചിദ്വാരം കാഞ്ചിവായിൽ (വാതിൽ).
ആദേയാററാഷ്ട്രം ആശ്രയനാഡിവിഷയം ആവ ണം.
ഉദയചന്ദ്രമംഗലം, ഉദയേന്ദുമംഗലം ഇവ ഉദയേന്ദ്രത്തിന്റെ പഴയ പേരുകളാണ്.

സ്വസ്തി! ജിതം ഭഗവതാ
രാന്യശ്രീവിജയകാഞ്ചീ പുരാത്
പരമബ്രഹ്മണ്യസ്യ സ്വബാഹുവലാ (ബ
ല)ർജ്ജിന്തോർജ്ജിത വിധിവിഹിതസർവ്വ
മര്യാദസ്യ രാന്യാ ശ്രീസ്കന്ദവർമ്മനപ്രപുത്ര
അഭ്യർച്ചിതശക്തിസിദ്ധിസമ്പന്നസ്യ
പ്രതാപോവ(പ)നതരാജമണ്ഡലസ്യ
വസുധാതലൈകവീരസ്യ മാമഹാരാജശ്രീ
സിംഗവർമ്മന പൌത്ര
ദേവദ്വിജഗുരുവിർദ്ധാപചായിനോ വൃദ്ധ
വേണേയസ്യ സംഗോഹിരണ്യഭൂമിആദി
പ്രധാനൈ പ്രവൃദ്ധധർമ്മസഞ്ചയസ്യ
പ്രജാപാലനദക്ഷസ്യ സത്യാത്മനോ
മഹാരാജശ്രീ സ്കന്ദവർമ്മന പുത്രോ
ഭഗവതഭക്തിസമ്പാദിത സർവ്വകല്യാണ
പ്രജാസംരാജന
പരിപാലനോന്യായേപഗതസതതസത്രി
ബ്രത ദീക്ഷിത
നൈകസമരസാഹസാവമർദ്ദ
ലവ്ധവിജേയപ്രകാശന
കലിയുഗദോഷാവസാകുർമ്മാത്തരണ
നിത്യസന്നദ്ധോ ഭഗവകപാണ്യുധ്യാതോ

വപ്പഭട്ടാരകോപാദഭക്ത പരമഭാഗവതോ
ഭരദ്വാജസഗോത്ര പല്ലവാനാം
ധർമ്മമഹാരാജാ ശ്രീനന്ദിവർമ്മണാ
അദേയാരരാഷ്ട്രിര കാഞ്ചിവായിൽഗ്രാമ
ആരണ്യക്ഷേത്രചതുഷ്ടയാൻ ച
പൂർവ്വോപഭുക്തമരിയാദേയ
കാഞ്ചിവായിൽ വാസ്തവ്യയാബ്രാഹ്മണാ
കൌശീകസഗോത്രായ
മൈത്രീയചരണയാ സൂത്രത പ്രവചനായ
കുലശർമ്മണേ ബ്രഹ്മദേ(യ)മരിയാദയാ
സർവ്വപരിഹാരോപേത
ദേവഭോഗഹലവർജ്ജം
അസ്മദായുബലവെജെയഐശ്വരിയാഭവൃ
ദ്ധേ ദത്തവാൻ. തദ് അവഗമ്യാ
സർവ്വപരിഹാരൈ കാഞ്ചിവയൽ ഗ്രാമം
ആരണ്യക്ഷേത്രചതുഷ്ടയാ ൻ ച
പരിഹാരൈ പരാഹത യോ

അസ്മശ്ശാസനം അതിക്രാമേ സാ
പാപശരീരം ആരൂഹത്യാപി ചത്ര
ബ്രഹ്മഗീതാഭവന്തി ഭൂമിദാനം പരംദാനം
ന ഭൂതം ന ഭവിഷ്യതി സ്വദത്തം പരദത്തം
വാ ഹരേതി വസുന്ധരാ ശതസഹസ്രസ്യ
ഹന്തു പിവതി കിൽവിഷതീ
പ്രവൃത്തി(വർദ്ധ)മാന വെജേയ രാജ്യ
പ്രതസത്സരേ വസാകമാസേ സുകുക്ഷേ
പഞ്ചമ്യാം ദത്ത പട്ടികാ.

മദിരൈക്കൊണ്ട കോപ്പരകേസരിപന്മർക്ക്
ആണ്ട് ഇരുബത്താരാവതു

കാഞ്ചിവായിൽ ആകിയ ഇഗന്മരൈമംഗലത്ത് സഭൈയോമും ഉദയചന്തിരമംഗലത്ത് സഭൈയോമും ഇവൈവെയി രണ്ടോരൂമും കൂടി ഒന്റായിണമൈയിൽ ഇതൻ മേർ പട്ടാടു ഓരൂരായ് വാഴ്‌വാമാനോം

അച്യുതരായന്റെ ഉണമഞ്ചേരി പ്ലേറ്റ് ശകം 1462

വണ്ടലൂർ റെയിൽവേ സ്റ്റേഷന് 4 മൈൽ കിഴക്കാ ണ് ഉണമഞ്ചേരി ഗ്രാമം. 5 താമ്രപത്രങ്ങൾ. സീലി ന്റെ താഴത്ത് പീഠത്തിൽ വരാഹം. വലത്തോട്ട് അഭിമുഖം. വാളും ചന്ദ്രസൂര്യന്മാരും ഉണ്ട്. 199ആം വരിയിലെ ശ്രീവിരൂപാക്ഷ കന്നഡലി പി, മറ്റെല്ലാം നന്ദിനാഗരി. ഭാഷ സംസ്കൃതം. ആദ്യം കാണുന്ന ശ്രീഗണാധിതയെ നമഃ ഒഴികെ എല്ലാം പദ്യമാണ്. താലവ്യവും ദന്ത്യവും പല പ്രാവശ്യം മാറ്റി ഉപയോഗിക്കുന്നു. ഭ എന്നതിന് ബ ഉപയോഗിച്ചിട്ടുണ്ട്. 91 വരിവരെ അച്യുത രായന്റെയും പൂർവ്വികരുടേയും പ്രശസ്തി. ബാക്കി ശകം 1462ൽ രാജാവ് ദാനം ചെയ്ത ഗ്രാമത്തെക്കുറിച്ച്.

വംശാവലിഃ-

1. തിമ്മ, ദേവകി
2. ഈശ്വര, ബുക്കമ്മ
3. നരസ(നൃസിംഹ)
4. തിപ്പാജിയിൽ വീരനരസിംഹ, നാഗലാദേവി യിൽ കൃഷ്ണരാജാ. 14ആം വരിയിൽ ഓബാംബികാദേവിയിൽ നരസ(നൃസിംഹ) നും ഉണ്ടെന്ന് പറയുന്നു. നൃസിംഹന്റെ അനുജനായ അച്യുതനാണ് കൃഷ്ണരായനു ശേഷം രാജാവായതെന്നും പറയുന്നു. കൃഷ്ണരായന്റെ അവസാനത്തെ ലിഖിതം 23 ഏപ്രിൽ എഡി 1529 വെള്ളിയാഴ്യയാണ്. അച്യുതരായന്റെ ആദ്യലിഖിതം 15 ആഗ സ്റ്റ് 1530 തിങ്കളാഴ്ചയും. അതായത് ഈ ലിഖിതത്തിൽ പറയുന്നത് ശരിയാവണം.

33-37 ശ്ലോകം ബിരുദങ്ങളാണ്. 39-53 ശ്ലോകം തുംഗഭദ്രാതീരത്ത് ഇരുന്ന്, മഹാവിഷ്ണു നിദ്രയിൽനിന്ന് ഉണരുന്ന കാർത്തികയിലെ ശുക്ലപക്ഷദ്വാദശിക്ക്, ശാലിവാഹനവർഷം 1462ൽ ശർവ്വരിയിൽ, വിത്തലേശ്വരസന്നിധി യിൽ വെച്ച് മഹാരാജാ അച്യുതരായൻ ഊഹിനാ എന്ന അച്യുതേന്ദ്രമഹാരായപുരം ഗ്രാമം ദാനം ചെയ്തതാണ്. (12 ഒക്ടോബർ 1540) വേദശാസ്ത്രജ്ഞരായ ബ്രാഹ്മണർക്കാണ്

ദാനം.
ആദിയപ്പേന്ദ്രനായകവംശസമുദ്രത്തിലെ ചന്ദ്ര നായി ജനിച്ച അനന്തന്റെ വംശജനായ വിശ്വസ്ഥ നായ മന്ത്രി വിരൂപാക്ഷനാണ് അദ്ദേഹത്തോട് ഈ ദാനം ചെയ്യനാവശ്യപ്പെട്ടത്. ജയംകൊണ്ട ചോളമണ്ഡലത്തിലെ പടവീടു മഹാരാജ്യത്തിൽ അമൂരുകോട്ടയില് രണ്ടായിരമഹാവേലിപ്പാട്ട് കുമുളിനാട്ടിന്റെ ശെങ്കളനീർപ്പാട്ടുസീമയിലാണ് ഈ ഗ്രാമം. അയ്യാഞ്ചേരിഗ്രാമത്തിനു കിഴക്ക്, കുളപ്പാകഗ്രാമത്തിന് തെക്ക്, നല്ലംപാക്കം, വെങ്കംപാക്കം ഗ്രാമങ്ങളുടെ പടിഞ്ഞാറ്, അരും കാൽ ഗ്രാമത്തിനു വടക്ക്. ഊണമഞ്ചേരിയുടെ പഴയ പേരാണ് ഊഹിനൈ. ശെങ്കളനീർപട്ട് ഇപ്പോൾ ചെങ്കൽപ്പേട്ട് ആണ്. കുമുളി കുമിളി യാണ്. വടക്കേ ആർക്കോട്ടിലെ വേലൂർ താലൂ ക്കിലെ ആമൂർ ആമൂരുക്കോട്ട. അതേ ജില്ലയിലെ പോലൂർ താലൂക്കിലെ പടവീട് പടവീടുമഹാ രാജ്യം. .

ഊഹിനൈയിലെ വരവ് 60 വൃത്തി(ഭാഗം) ആ യി വിഭജിച്ചിട്ടുണ്ട്.ഇതിലെ ഒന്നേക്കാൽ വൃത്തി രഘുനാഥന് (വിഷ്ണു)നീക്കിവെച്ചിരിക്കുന്നു. അത്രതന്നെ ചണ്ഡീശ്വരനും (ശിവനും) നീക്കിവെ ച്ചു. ബാക്കി 48

ബ്രാഹ്മണർക്കാണ്. അച്ചൻ,
അണ്ണാ(അണ്ണൻ), അനന്തഭട്ടൻ, അനന്തയ്യ,
അപ്പൻ, അപ്പയ്യ, അമ്മയ്യ, അല്ലാലഭട്ട,
ആച്ചാൻ, ആനൈ ക്കൂട, കാച്ചനാദ്ധ്വാരിൻ,
കാച്ചംഭട്ട, കാമാഭട്ട, കാളഹസ്തിൻ,
കാളഹസ്തിഭട്ട, കുപ്പയ്യ, കൊണ്ടപ്പ,
കൊണ്ടയ്യ,ഗംഗാധരഭട്ട,ഗൌതമഭട്ട,
ചൌഡികാന്തിരാമാര്യ, ചൌണ്ടിഭട്ട,
തിമ്മയ്യ, തിമ്മാജൌതിഷിക, തിമ്മാഭട്ട,
തിമ്മാവധാനിൻ, തിരുവേങ്കം ഉടൈയാർ,
ദുർഗ്ഗാഭട്ട, ദേവരേഭട്ട, ധർമ്മയ്യ,
നാദഭാരതനാഗാര്യ, നയിനാർ, നാഗപ്പ,
നാഗഭട്ട, നാരായണ, നാരായണയ്യ, പത്മയ്യ,
പെരിയ പെരുമാൾ, പൌനയ്യ,
ബസവാബട്ട, ഭൂതനാഥശ്രീചിത്തിബട്ട,
ഭൈരവഭട്ട, മണ്ഡല, മണ്ഡലശ്രീപുരുഷ,
മല്ലാവധാനിൻ, മല്ലുഭട്ട, രാഘവഭട്ട, രാമ,
രാമയ്യ,രാമഭട്ട, ലക്ഷ്മണഭട്ട, ലദ്ദഗിരി തിമ്മ,
ലിംഗയ്യ,ലിംഗഭട്ട, വരദയ്യ, വരദഭട്ട,
വിത്തലഭട്ട, വിരൂപാക്ഷഭട്ട, വീരരാ ഘവ,
വെങ്കിടത്തപ്പ, വെങ്കടത്ത് ഊരുവാരാര്യ,
ശിന്നിയപ്പ, ശെല്ലപ്പ, ശ്രീധരഭട്ട,
സഭാപതികവീന്ദ്ര, സോമവാരശ്രീഗുരവ്വയ,
സോമാശി, സ്വയംഭുനാഥ.

ഇവർ കാശ്യപ, കൌശിക,
ഗൌതമ,ഭരദ്വാജ, മൌദ്ഗല്യ,
മൌനഭാർഗ്ഗവ, വത്സ,വസിഷ്ഠ,
വിശ്വാമിത്ര, സംകൃതി, സാവർണ്ണ,

ഹാരീതഗോ ത്രക്കാരാണ്. 21 പേർ ഋഗേ്വദത്തിലെ ബഹ്വ്രീച വും, 18 പേർ യജുർവേദവും ഒരാൾ സാമവേദ വും, 6 പേർ ദ്രാഹ്യായനസൂത്രവും ഒരാൾ ആപസ്തംഭസൂത്രവും പഠിച്ചവരാണ്. ഗ്രാമത്തി ലെ 60 വൃത്തി ഇപ്രകാരം ഭാഗിച്ചശേഷം (അറുപതേമുക്കാലാണ് വിഭജിച്ചിരിക്കുന്നത്). അതിൽനിന്ന് 30 വൃത്തി ബ്രാഹ്മണർ മന്തിക്കും രായസം(സെക്രട്ടറി) വെങ്കടാദ്രിക്കും, കൊടു ത്തു. വെങ്കടാദ്രി മന്ത്രി തിമ്മയ്യയുടെ മകനും മന്ത്രി മൊസലിമാടുവിരാമന്റെ പേരക്കുട്ടിയു മാണ്. അദ്ദേഹം ഹാരീതഗോത്രം യജുർവ്വേദ ശാഖ, , ആപസ്തംഭസൂത്രമാണ്. ശ്ലോകം 109 ഇത് അച്യുതരായശാസനമെന്ന് പറഞ്ഞശേഷം, 110-11 സഭാപതി രചിച്ച്, മല്ലണപുത്രൻ വീരനാ ചാര്യൻ രേഖപ്പെടുത്തിയതെന്ന് കാണുന്നു. അവ സാനം ശ്രീ വിരൂപാക്ഷ എന്ന് വലിയ അക്ഷര ത്തിൽ കന്നഡലിപിയിൽ ഒപ്പ് വെച്ചിരിക്കുന്നു.

Unamanjeri Plates of Achyutaraya.—Saka-Samvat 1462



ബുട്ടുഗ സുദി താമ്രപത്രം ശകം 860

ദാർവാർജില്ലയിലെ റോൺതക്ക് താലൂക്കിലാണ് സുദി. 5 പ്ലേറ്റ്. സീലിൽ ആന വലത്തോട്ട് തിരി ഞ്ഞ് തുമ്പിക്കൈ താഴോട്ട് തൂക്കിയിട്ട് നിൽക്കു ന്നു. പഴയ കന്നഡലിപി. ഭാഷ സംസ്കൃതം. ചോളരാജാ രാജാദിത്യനും രാഷ്ട്രകൂടരാജാവ് കൃഷ്ണ മൂന്നാമനും തമ്മിലുള്ള യുദ്ധത്തിൽ രാജാദിത്യനെ വധിച്ച പടിഞ്ഞാറൻഗംഗരാജാവ് ബുട്ടുഗന്റെ ലിഖിതം.(949-50 എഡ്ധി) സുന്ദിയിൽ ഭാര്യ ധവളാംബ നിർമ്മിച്ച ജൈനക്ഷേത്രത്തിന് അദ്ദേഹം ചെയ്ത ദാനം വിഷയം. ശകം 860 കഴിഞ്ഞ് കാർത്തികമാസം ശുക്ലപക്ഷാഷ്ടമിക്ക് ഞായറാഴ്ച വികാരിസംവത്സരത്തിലാണ് ദാനം. (എഡ്ധി 937 -38)

ഇതും അരിവർമ്മ(ഹരിവർമ്മ)ന്റെ എഡ്ധി 248ലെ തഞ്ചാവൂർഗ്രാന്റും വിഷ്ണുഗോപന്റെ മകന്റെ ഹരിഹർ ഗ്രാന്റും (എഡ്ധി 351) അവിനീ തകൊങ്കണിയുടെ മല്ലോഹല്ലി ഗ്രാന്റും (എഡ്ധി 454-55) ശ്രീപുരുഷപൃഥ്വീകൊങ്കണിയുടെ ഹോസൂർ ഗ്രാന്റും (എഡ്ധി 762) അദ്ദേഹത്തിന്റെ തന്നെ നാഗമംഗലം ഗ്രാന്റും (എഡ്ധി 76-77) ശിവമാരകൊങ്കണി

വരെ മാത്രം വംശാവലി തന്നിട്ടുള്ള എരേയഗംഗന്റെ ബ്രിട്ടീഷ് മ്യൂസിയം ഗ്രാന്റും വിശ്വാസയോഗ്യമല്ല എന്നും സ്പൂരിയ സ് എന്നും ബ്രിട്ടീഷുകാരായ ഗവേഷകർ വിളി ക്കുന്നു. എന്നാൽ അവ വിശ്വസനീയമാണെന്നാ ണ് വിചാരിക്കേണ്ടത്. വിഷ്ണുഗോപൻ സമു ദ്രഗുപ്തനോട് പടവെട്ടിയ ദക്ഷിണേന്ത്യൻ രാജാ ക്കന്മാരിൽ ഒരാളാണ്. ഗംഗാരാജാക്കന്മാരെ കൊങ്കണി എന്ന് വിളിക്കുന്നതും ചരിത്രപര മായി പ്രധാനമാണ്. കൊങ്കൺ തീരം അവരുടേ തായിരുന്നു. ചാലൂക്യവിക്രമാദിത്യ 1 ന്റെ കുർത്തക്കോടി ഗ്രാന്റും (എഡി 610) ബ്രിട്ടീഷ് ഗവേഷകർക്ക് വ്യാജമാണ്.

വ്യാജരേഖകൾപ്രകാരം പശ്ചിമഗംഗരുടെ വംശാവലി ഇപ്രകാരമാണ് അവർ തരുന്നത്:-

1. കൊങ്ങണിവർമ്മൻ
2. മാധവൻ 1
3. ഹരിവർമ്മൻ 1 (എഡി 248)
4. വിഷ്ണുഗോപൻ
5. മാധവ 2
6. അവിനീതകൊങ്കണി (എഡി 466)
7. ദുർവ്വിനീതകൊങ്കണി
8. മുഷ്ക്കര(മൊക്കര)
9. വിക്രമ (ശ്രീവിക്രമ)

10.ഭൂവിക്രമനും ശിവമാരകൊങ്കണിയും

11 ശിവമാരകൊങ്കണിക്ക് ഒരു മകൻ

ബർണൽ എഡി 248ലെ ഹരിവർമ്മന്റെ ലിഖി തം വ്യാജമാണെന്ന് പറഞ്ഞത്, അതിൽ വടക്ക ൻ ചേരരാജ്യത്തെ ലിപിയാണെന്നും (ഗ്രന്ഥലി പി) ഇത് 10ആം നൂറ്റാണ്ടിലാണ് ഉണ്ടായ തെന്നും വാദിച്ചിട്ടാണ്. പാലിയോഗ്രാഫി മാത്രം വെച്ചാണ് ഈ കാലഗണന. ഇത് എത്ര അശാസ്ത്രീയമാണെന്ന് പറയേണ്ടതില്ല ഒന്നാ മത് എഡി 466ലെ മെർക്കാറലിഖിതം ചോദ്യം ചെയ്യപ്പെടേണ്ടാത്ത ആദ്യലിഖിതമാണെന്നും അതിലാണ് ചേരലിപി ആദ്യം കാണുന്നതെ ന്നും വാദിച്ച ആളാണ് ബെർണൽ. രണ്ടാമത് , ഹരിവർമ്മന്റെ മകൻ സമുദ്രഗുപ്തനോട് എതിരിട്ട വിഷ്ണുഗോപനാണെന്ന് ഗുപ്തരേ ഖ ഉള്ളപ്പോൾ സമുദ്രഗുപ്തകാലവും ഹരിവ ർമ്മലിഖിതകാലവും എത്ര ശരിയായി ഒത്തു പോകുന്നു എന്ന് നോക്കണം. അഛൻ 248ലു ണ്ട്. മകൻ 300ലും.നാലാംതലമുറ അവിനീ തന്റെ എഡി 466 ലിഖിതം ചേരലിപിയാണ്. അപ്പോൾ 10ആം നൂറ്റാണ്ടിലേ ചേരലിപിയായ ഗ്രന്ഥലിപി ഉണ്ടായിട്ടുള്ളു എന്ന തീരുമാന വും പുനഃപരിശോധിക്കണം. ഹരി ഹരഗ്രാന്റി

ൽ 2 തരം ലിപി ഉണ്ട്. നാഗരി, ബാലബോധ ലിപികൾ. അതുകൊണ്ട് അതും വ്യാജമാണെ ന്ന് സ്ഥാപിക്കുന്നു. രണ്ട് ലിപി ഉണ്ടാവുന്നത് ഭാഷയുടെ വികാസപരിണാമ ദശയെയാണ് കാണിക്കുന്നത്. വ്യാജസ്വഭാവത്തെയല്ല. മല്ലോ ഹല്ലി ഗ്രാന്റ് വളരെ പഴയ ലിപിയാണെങ്കിലും അതിന് എഡി 66ലെ മെർക്കാറ ഗ്രാന്റിന്റെ പഴ മയേ കൽപ്പിക്കുന്നുള്ളു. ബർണെൽ എഴുതിയ കാലത്ത് തെക്കും പടിഞ്ഞാറും ഇന്ത്യയിലെ ഭാഷയെ ക്കുറിച്ച് അവർക്ക് ധാരണ ഉണ്ടാ യിരുന്നില്ല. എഡി 249ലെ ഗ്രാന്റിലുള്ള വിശ്വ കർമ്മനെന്ന പേർ 218 , 296 വർഷങ്ങൾക്കു ശേഷവും ഗ്രാന്റിൽ കാണുന്നതിനാൽ മെര്ക്കാ റ നാഗ മംഗലം ഗ്രാന്റുകൾ വ്യാജമാണെന്ന കണ്ടുപിടുത്തം വിശ്വകർമ്മനെന്നത് ഒരു വ്യക്തിനാമമാണെന്ന തെറ്റിദ്ധാരണ കൊണ്ടാ ണ്.പാഞ്ചാലവിശ്വകർമ്മവംശം ബ്രഹ്മക്ഷത്ര രാണ്. അവരുടെ പൊതുനാമമാണ് ഇത്. മെർക്കാറ, തഞ്ചാവൂർ ലിഖിതങ്ങളിലെ സാക്ഷിനാമവും ഇപ്രകാരം പഠിക്കേണ്ടതാണ്.

വംശസ്ഥാപകനായ കൊങ്കണിവർമ്മൻ

എഡി 968-69ലെ ലക്ഷ്മേശ്വർലിഖിതത്തിൽ ഇദ്ദേഹത്തിന്റെ ശരിയായ നാമം മാധവനെ ന്നാണ്. 1077-78ലെ ഹംച ലിഖിതം, ദദിഗമാ ധവനെന്ന് വിളിക്കുന്നു. മകൻ കിരിയ മാധവ ൻ. കിരിയമാധവന്റെ പേരക്കുട്ടിയുടെ പേര ക്കുട്ടി അംഗാലമാധവൻ. തഞ്ചാവൂർ, ഹരിഹ ർ ഗ്രാന്റുകളിൽ അദ്ദേഹം മഹാരാജാധിരാജ നും മറ്റു ഗ്രാന്റുകളിൽ മഹാധിരാജനുമാണ്. പുലികേശിൻ 2 (എഡി 609-ല642)യെ മഹാ രാജാധിരാജനെന്ന് വിളിക്കുന്നുണ്ട്. മഹാധിരാ ജനെന്ന് ധാരാസേനൻ 2 നും പേരുണ്ട്. ജാഹ്നവീ യവംശസൂര്യനെന്ന് കൊങ്കണിവർമ്മനെ വിളി ക്കുന്നു. കാണ്വായനഗോത്രമാണ്. ഒറ്റക്കല്ലു സ്തംഭം വാളുകൊണ്ട് രണ്ടാക്കി പിളർത്താ നുള്ള ശക്തി അദ്ദേഹത്തിന് ഉണ്ടായിരുന്നു. മല്ലോഹല്ലിലിഖിതം അദ്ദേഹത്തെ ബാണവം ശമെന്ന കാട്ടിനു കാട്ടുതീയെന്ന് വിശേഷിപ്പി ക്കുന്നു. പരാന്തക 1 ന്റെ സാമന്തനായ രാജസിം ഹനെന്ന ഹസ്തിമല്ലന്റെ ഉദയേന്ദ്രം ഗ്രാന്റ് (920 എഡി) തന്റെ നഗരം കുവലാലപുരമാണെന്നും (കോ ലാർ) കൊടിയടയാളം പിഞ്ഛരാധ്വജ മെന്നും പറയുന്നു. കുട്ടിയായിരിക്കുമ്പോളാണ് അദ്ദേഹം ശിലാസ്തംഭം ഒറ്റ വെട്ടിന്

രണ്ടാക്കി യത്. സീലുകളിലെല്ലാം ആനയാണ് ചിഹ്നം.
കാശ്യപവംശത്തിലെ കണ്വമുനിയിൽ നിന്ന് തുടങ്ങിയാണ് (ശകുന്തളയുടെ പിതാവ്) ഗംഗ വംശം നിലവിൽവന്നതെന്നും, സിംഹന ന്ദി ഈ വംശത്തിലെ പ്രധാനവ്യക്തിയാണെന്നും ലിഖിതം പറയുന്നു. സിംഹനന്ദി എന്ന ജൈന പണ്ഡിതനാണ് ഇതെന്ന് കരുതപ്പെടുന്നു. മഹിപ എന്നതിന് മുനിപ എന്ന് വായിച്ച് കൊങ്ങ്ണിവർമ്മന്റെ ഗുരു സിംഹനന്ദിയാണ് ഗംഗവംശം സ്ഥാപിക്കാനുള്ള പ്രചോദനം നൽകിയതെന്ന് ചിലർ വിചാരിക്കുന്നു. സിംഹനന്ദി കൊടുത്ത മാന്ത്രികഖഡ്ഗം കൊണ്ടാണ് കൊങ്കണിവർമ്മൻ തൂണു മുറിച്ച തും രാജ്യം വെട്ടിപ്പിടിച്ച് സാമ്രാജ്യം സ്ഥാപിച്ച തുമെന്ന വ്യാഖ്യാനം അർത്ഥരഹിതമാണ്. ജൈനഗുരുവാണെങ്കിൽ ഹിംസ അനുവദിക്കി ല്ല. സിംഹനന്ദിയും കൊങ്കണിവർമ്മനും തമ്മിൽ വളരെ കാലവ്യത്യാസവുമുണ്ട്.
ഹംചലിഖിതത്തിലെ മാധവ 1 (കിരിയമാധവ- ചെറിയമാധവൻ) തഞ്ചാവൂർ ഗ്രാന്റിലെ മഹാ രാജാധിരാജാ ആണ്. മല്ലോഹല്ലി ഗ്രാന്റിലെ അധിരാജാ ആണ്. മറ്റെല്ലാം

ലിഖിതത്തിലും മഹാധിരാജാ എന്നാണ്. ദത്തകസൂത്രം എന്ന ഗ്രന്ഥം അദ്ദേഹം രചിച്ചതാണ്.ദത്തുസംബന്ധ മായ നിയമാവലിയാണിത്. ഇദ്ദേഹത്തിന്റെ മകനാണ് തഞ്ചാവൂരിലെ ഗ്രാന്റ് പറയുന്ന അരിവർമ്മൻ (ഹരി). എഡി 248 ആണ് ഈ ലിഖിതകാലം. തഞ്ചാവൂർ ഗ്രാന്റ് അദ്ദേഹത്തി ന്റെ തലസ്ഥാനം താലവനപുരം എന്ന് പറയു ന്നു. മൈസൂരിൽനിന്ന് 30 മൈൽ കിഴക്ക് കാവേരീതീരത്തുള്ള തലക്കാട് ആണിതെന്ന് റൈസ് പറയുന്നു. (പനമരം ആണ് താലമരം .വയനാട്ടിലെ പനമരം ആയിക്കൂടേ എന്ന് ചോദിക്കാം) റൈസ് പറയുന്നത് കൊങ്കണിവ ർമ്മന്റെ സാമ്രാജ്യസ്ഥാപനത്തിനു കുറുകെ നിന്ന ശിലാസ്തംഭം അശോകന്റെ സ്തംഭംഭമാ ണെന്നാണ്. അതല്ല, വേറെ ഒരു രാജാവിന്റെ രണസ്തംഭം അഥവാ ജയസ്തംഭം ആവണം എന്ന് മറ്റു പലരും വിചാരിക്കുന്നു. കൊങ്ങു ദേശരാജാക്കളിൽ ആദ്യതലസ്ഥാനം സ്കന്ദപു രം (കുമാരപുരം) ആണ്. മൈസൂരിൽനിന്ന് തൃശ്ശിനാപ്പള്ളിയിലേക്കുള്ള പഴയ ഘാട്ട് റോ ഡിൽ അങ്ങനെ ഒരു സ്ഥലമുണ്ട്.

മാധവ 2 അംഗാലമാധവനെന്നും അറിയുന്നു. (ഹംച)

കദംബമഹാരാജാധിരാജാ കൃഷ്ണവ
ർമ്മന്റെ സഹോദരിയെയാണ് അദ്ദേഹം
വിവാഹം കഴിച്ചത്.
കദംബലിഖിതങ്ങളിലൊ ന്നും ഇത്
പറയുന്നില്ല. കൃഷ്ണവർമ്മനാമം
കദംബന്മാരിൽ പലപ്രാവശ്യം
വരുന്നുണ്ട്. മഹാരാജാ
കദംബകൃഷ്ണവർമ്മന്റെ ഒരു മകന്റെ
(ദേവവർമ്മൻ) ഗ്രാന്റ് 438-39ലുണ്ട്.
കോലാലപുരപ്രഭുവും
പത്മാവതീകടാക്ഷം കിട്ടിയവനും
രാജമല്ലനുമാണ് അദ്ദേഹം ഈ
ലിഖിതപ്രകാരം. മാധവ2 ന്റെ മകനാണ്
അവി നീതൻ. പുന്നാടരാജാവ്
സ്കന്ദവർമ്മന്റെ മകളെ വിവാഹം ചെയ്തു.
രവിദത്തന്റെ കൊമരലിംഗം ഗ്രാന്റ്
സ്കന്ദവർമ്മനെ പരാമ ർശിക്കുന്നുണ്ട്.
എന്നാൽ ഗംഗന്മാരുമായി
വിവാഹബന്ധം സ്ഥാപിച്ചത്
പറയുന്നില്ല.

അവിനീതകൊങ്കണി പുന്നാടരാജാ
സ്കന്ദവ ർമ്മന്റെ മകളെ വിവാഹം കഴിച്ചു.
രവിദത്ത ന്റെ കൊമരപുരം ലിഖിതം
സ്കന്ദവർമ്മപുത്ര നെ പുന്നാടരാജാവെന്ന്
വിളിക്കുന്നു. പക്ഷേ ഗംഗന്മാരുമായി
വിവാഹം പറയുന്നില്ല.
ദുർവ്വിനീതകൊങ്കണിക്ക് വൃദ്ധരാജാ
എന്ന പേരു കാണുന്നു. മല്ലോഹള്ളി

ഗ്രാന്റ് അദ്ദേഹ ത്തെ പുന്നാടരാജാവെന്നു വിളിക്കുന്നു. അവി നീതപുത്രൻ പുന്നാടിലെ രാജകുമാരിയുടെ മകനുമാണ്. അതിനാലാണ് ഈ നാമം കിട്ടിയ ത്. ആന്ധരി, ആലത്തൂർ, പൊരുളരെ, പെണ്ണ ഗര യുദ്ധങ്ങളിൽ അദ്ദേഹം ജയിച്ചു. പൂർവ്വഘ ട്ടതാഴ്വരയിലെ സേലം ജില്ലയിലാണ് പെണ്ണ ഗരം. ആലത്തൂർ കോയംബത്തൂർ ജില്ലയിലും മലബാറിലുമുണ്ട്. ഇതെല്ലാം കൊങ്ങുചേരന്മാ രുടെ (ഗംഗവംശം) അധീനതയിലായിരുന്നു. ഭാരവിയുടെ കിരാതാർജ്ജുനീയത്തിന് 1-15 അങ്കം വരെ ഭാഷ്യം എഴുതിയത് ദുർവ്വിനീത നാണ്.

നൃപതുംഗനെന്ന കവി (അമോഘവർഷ 1 കാലം എഡി 814- 878) തനിക്ക് മുമ്പ് വിമല, ഉദയ, നാഗാർജ്ജുന, ജയബന്ധു, ദുർവിനീത നെന്നീ കവികളുണ്ടായിരുന്നു എന്ന് എഴുതി യിട്ടുണ്ട്. ഹെബ്ബൂറിലെ ഒരു ഗ്രാന്റ് പൂജ്യപാദ (ശബ്ദാവതാരകർത്താവ്) ദുർവിനീതനെ പഠി പ്പിച്ചിട്ടുണ്ട് എന്ന് പറയുന്നു. ദുർവ്വിനീതപു ത്രനായ മുഷ്കരനെ (മുക്കര) വൃദ്ധരാജാ എന്ന് ഈ ലിഖിതം വിളിക്കുന്നു. സിന്ധുരാജന്റെ മകളെ വിവാഹം ചെയ്തു. ലക്ഷമേശ്വരക്ഷേ ത്രലിഖിതം

മുക്കാരബസതി എന്ന ജൈനക്ഷേ
ത്രത്തെ പറയുന്നത് ഇദ്ദേഹമാവാം
നിർമ്മിച്ച ത്. (എഡി 970ന് മുമ്പ്). പുത്രൻ
വിക്രമ (ശ്രീവി ക്രമ) വൃദ്ധരാജബിരുദം
ഉണ്ട്. മകൻ ഭൂവിക്ര മ
മഹാരാജാധിരാജനാണ്. ശ്രീവല്ലഭനെന്ന
ബിരുദമുണ്ട്. വിളന്ത എന്ന
സ്ഥലത്തുവെച്ച് ഒരു പല്ലവരാജാവിനെ
തോൽപ്പിച്ചു. അനുജൻ മഹാരാജാ
ശിവരാമന് നവകാമനെന്ന് ബിരു ദം.
സുരധേനുപുരം ഗ്രാന്റിൽ നവചോകനെ
ന്നും കാണുന്നു. ശ്രാവണബലഗോള
ലിഖിതം ശ്രീവല്ലഭപുത്രനായ കമ്പയ്യ
എന്നും നവലോക നെന്നും ഇദ്ദേഹത്തെ
പറയുന്നു. (ഹൾട്ട്സ്) എന്നാലിത്
രണാവലോക എന്നാണെന്ന് പിന്നീ ട്
വന്നവർ (നവലോക അല്ല) എഴുതി.
രാഷ്ട്രകൂ ട ദന്തിദുർഗ്ഗനെ
ഖഡാഗാവലോക എന്ന് വിളി
ക്കുന്നതുപോലെ. ശിവമാരന്
മകനുണ്ടെന്ന ല്ലാതെ പേര് ഈ
ലിഖിതത്തിലൊന്നും ഇല്ല. ഉദയേന്ദ്രം
പ്ലേറ്റിലാണ് പൃഥ്യുയശസ്സ് അഥവാ
പൃഥ്വീപതി എന്ന് പേരു കാണുന്നത്.
എഡി 776-77ന് ചുരുങ്ങിയത് 50 വർഷം
മുമ്പെങ്കിലു മാവണം ശിവമാരന്റെ
മകന്റെ കാലം. അമോ ഘവർഷൻ
ഭരണം ആരംഭിച്ചത് 814ൽ മാത്ര മാണ്.
ശ്രീപുരുഷപൃഥ്വീകൊങ്കണി എന്നാണ്

ഹൊസൂർ, നാഗമംഗലം ഗ്രാന്റുകളിൽ ശിവമാ രപുത്രന് നാമം. ഭീമകോപൻ,രാജകേസരി മുതലായ ബിരുദങ്ങളും ഉണ്ടായിരുന്നു. എന്നാൽ പല ശിലാശാസനങ്ങളിലും ഇദ്ദേഹ ത്തിന്റെ നാമം മുത്തരശനെന്നാണ്. മഹാരാജാ വെന്നാണ് നാഗമംഗലം ലിഖിതം വിളിക്കുന്ന ത്. ഭാര്യ ശ്രീജ. നാഗമംഗലം ലിഖിതം പറയു ന്നത് അത് എഴുതിച്ചത് മഹാരാജാധിരാജാ പരമേശ്വരി ജസഹിതനാണെന്നാണ്. അത് ശ്രീപുരുഷൻ തന്നെയാണോ എന്ന് തീർച്ചയില്ല. ഹോസൂർ,നാഗമംഗലം ലിഖിതങ്ങൾ വിജയന ഗരമായ മാന്യപുരം എന്ന സ്ഥലത്തിരുന്നാണ് പുറപ്പെടുവിക്കുന്നത്. മാന്യപുരം രാഷ്ട്രകൂട രുടെ മാന്യഖേദമാണോ എന്നും സംശയമുന്ന യിക്കപ്പെട്ടിട്ടുണ്ട്. എഡി 777 അദ്ദേഹത്തിന്റെ 50ആം ഭരണവർഷമാണ്. ഉദയേന്ദ്രം പ്ലേറ്റിലാ ണ് രാജസിംഹ,ഹസ്തിമല്ല ചോളപരാന്തക നിൽനിന്ന് ബാണരാജാക്കന്മാരുടെ രാജ്യം നേടുന്നത്. ഇത് ഒരു നൂറ്റാണ്ടിനു ശേഷമാണ് .ഏതാണ്ട് 8-9 നൂറ്റാണ്ടുകളിലാണ്.

മെർക്കാരലിഖിതം

അകാലവർഷനിൽനിന്ന് മന്ത്രി അവിനീതകൊങ്കണി എഡി 466ൽ

തലവനഗരത്തിലെ ജൈനക്ഷേത്രം പണിയാനു ള്ള അനുമതി നേടുന്നു. ഇത് രാഷ്ട്രകൂടരാജാവി ൽനിന്നാണ്. 5, 6 നൂറ്റാണ്ടുകളുടെ ആദ്യത്തിലാ ണ് മെർക്കാറലിഖിതം. പുലികേശി 1 (ചാലൂക്യ) ന്റെ മുത്തശ്ശനായ ജയസിംഹ 1 ഇക്കാല ത്താണ്. നാസിക്ക് ജില്ലയിൽനിന്ന് കൃഷ്ണന്റെ പേരുള്ള നാമ്യങ്ങൾ കിട്ടിയിട്ടുണ്ട്. ശങ്കരഗണ ന്റെ അഛനാണ് കൃഷ്ണ. ബറോഡയിലെ സംകേതത്തിൽനിന്ന് ലിഖിതങ്ങളുള്ള ശങ്കരഗ ണൻ കാലചൂരി രാജാവാണ്.

കൃഷ്ണ മൂന്നാമന്റെ സഹോദരിയെ അഛൻ അമോഘവർഷൻ വഡ്ഡിഗ ഗംഗാരാജാവ് പെ ർമാനടി ബുട്ടുഗക്ക് വിവാഹം കഴിച്ചുകൊടു ത്തിട്ടുണ്ട്. സ്ത്രീധനമായി പുലിഗെരേ 300, ബെൽവോല 300, കിസുക്കാട് 70, ബാഗേനാട് 70 ഇവ ലഭിച്ചു. ചോളരാജാവ് രാജാദിത്യനെ വധിച്ചതിനാണ് പെരുമാനടി ബുട്ടഗക്ക് അമോ ഘവർഷൻ ഈ സമ്മാനം കൊടുത്ത് അതിന്റെ ഭരണാധികാരിയായി ഇരുത്തിയത്. അമോഘ വർഷന്റെ ഒരു മകൻ ഗംഗഗാംഗേയന്റെ മകളെ വിവാഹം കഴിച്ചു.ഇപ്രകാരം ഗംഗാപൃഥ്വീപ തിവംശം അക്കാലത്തെ എല്ലാ രാജവംശങ്ങളു മായും

വിവാഹവും മറ്റ് ബന്ധങ്ങളും ഉള്ളവ രാണ്. രാജാദിത്യനെന്ന് പറയുന്നത് ആദിത്യ കരികാലനെന്ന രാജരാജ ചോളന്റെ ജ്യേഷ്ഠ നെയാണ്. അദ്ദേഹത്തിന്റെ ഭാര്യ ഗംഗപെരു മാനടികളുടെ മകളാണ്.

കൊങ്ങുദേശരാജാക്കളെന്ന പുസ്തകം എഡി 82-83 മുതൽ എഡി 894-95 വരെയുള്ള നാലു തലമുറകളിലെ 28 രാജാക്കന്മാരുടെ ലിസ്റ്റ് തരുന്നു. ഇതിൽ കൊങ്കണിവർമ്മന്റെ കിരീടധാ രണം എഡി 189-90ലാണ് സ്കന്ദപുരത്ത് നടന്ന ത്. എന്നാൽ അതിനുമുമ്പ് രാജാക്കന്മാർ ഭരി ച്ചിട്ടുണ്ട്. (അതേ വംശത്തിലെ മറ്റൊരു ശാഖ യിലെ) അവർ സൂര്യവംശി രത്തശാഖയാണ്. (രാഷ്ട്രകൂട അഥവാ റെഡ്ഡി) ഇവരിലെ അഞ്ചു പേർ മാൽഖേദയിലെ രാഷ്ട്രകൂടരാജാക്കന്മാ രാണ്. ഇവരെല്ലാം എഡി 676 ലുള്ളവരാണ്. (189ന് എത്രയോ കാലം കഴിഞ്ഞ്). ഇവരിൽ വീരരാജചക്രവർത്തി സ്കന്ദപുരത്താണ് ജനിച്ചത്. മകൻ ഗോവിന്ദരാജാ, മകൻ കൃഷ്ണ രായ, മകൻ കാലവല്ലഭരായ, മകൻ ഗോവിന്ദ രായ എന്ന് വംശാവലിയിൽ ഗോവിന്ദരായന് എഡി 82-83 കാലവും തരുന്നു. മകൻ ചതുർഭു ജകണ്ണരദേവചക്രവർത്തി.

അദ്ദേഹത്തിന്റെ മകൻ തിരുവിക്രമദേവചക്രവർത്തി എഡി 18-79ലാണ് സ്കന്ദപുരത്ത് കിരീടം ധരിച്ചത്. അദ്ദേഹത്തെ ശങ്കരാചാര്യർ ജൈനമതത്തി ൽനിന്ന് ശൈവത്തിലേക്ക് ആകർഷിച്ചതായും പറയുന്നു.

ഗോവിന്ദ 1 (രാഷ്ട്രകൂട) എഡി 754ന് 3 തലമുറ മുമ്പാണ്. ഗോവിന്ദ 3 കാലം 782-83 മുതൽ 814-15 വരെയാണ്. ഇവരാരും എഡി രണ്ടാം നൂറ്റാണ്ടിലെ ഗംഗവംശത്തിലെ കൊങ്കിണിവ ർമ്മന് മുന്നിലല്ല, പിന്നിലാണ്. കൊങ്കുനാട്ടുരാജാക്കൾ ചരിത്രഗ്രന്ഥമല്ല, കഥയാണ്. മൈസൂരി ലെ രാജാവലികഥയും ഇതുപോലെയാണ്, ചരിത്രമല്ല. അതിൽ ശ്രുതകേവലിഭദ്രബാ ഹുവും പാടലീപുത്രത്തിലെ ചന്ദ്രഗുപ്തമൌര്യന്റെ പേരക്കുട്ടി അശോകന്റെ പേരക്കുട്ടി യായ ചന്ദ്രഗുപ്ത 2 എന്ന സാങ്കൽപ്പികകഥാ പാത്രവുമുണ്ട്. കലിങ്കത്തുപരണി കുലോത്തും ഗചോഡദേവനെന്ന ചാലൂക്യരാജാവിന്റെ കാലത്ത് ഇതുപോലെ ഉണ്ടാക്കിയ കഥയാണ് കൃഷ്ണ 3,ഖോട്ടിഗ, കക്ക2 ഇവരുടെ കാലത്ത് സാമന്തനായിരുന്നു മാരസിംഹനെന്ന ഗംഗരാ ജാവ്. . 7ആം നൂറ്റാണ്ടിലെ മാരസിംഹൻ

ഹരിവർമ്മന്റെ ഇളയ
സഹോദരനാണെന്നത് ശരിയാവില്ല. ഒരു
പക്ഷേ ഹരിവർമ്മന് ആ പേരിൽ ഒരു
സഹോദരനുണ്ടായിരുന്നിരി ക്കാം. ഒരേ
പേരു ആവർത്തിച്ചുവരുന്നത് എല്ലാ
വംശങ്ങളിലും പതിവല്ലേ.

കദംബരാജാ മൃഗേശവർമ്മൻ, ചാലൂക്യ
പുലി കേശി 2, മംഗലേശ, വിനയാദിത്യ
ഇവരുടെ രേഖകളിൽനിന്ന്
അക്കാലത്തുതന്നെ ഗംഗാവം ശം
ഉണ്ടെന്ന് വ്യക്തമാണ്.
ശ്രീപുരുഷ,ശിവമാ ര ഇവരെക്കൂടാതെ
നീതിമാർഗ്ഗകൊങ്കണി പെരുമാനടി.
മകൻ സത്യവാക്യപെരുമാനടി,
(എരേയാംഗ, രാജമല്ല) ഇവരും
ചരിത്രപുരുഷ ന്മാരാണെന്ന്
സമ്മതിക്കപ്പെട്ടിട്ടുണ്ട്. അതുപോ ലെ
ജയദുത്തരാംഗബുഡുകനും
ചരിത്രപുരുഷ നാണ്. (എഡി 949-50)
ഇവരെല്ലാം മുത്തരയരാ ണെന്നും
ഇവരുടെ വംശം ചുരുങ്ങിയത് എഡി 248
(ഹരിവർമ്മൻ) മുതൽ പശ്ചിമതീരം ഭരി
ക്കുന്നുണ്ടെന്നും ശ്രദ്ധിക്കുക.
ഗുണദുത്തരാംഗബുഡുകക്ക് മകളെ
വിവാ ഹം ചെയ്തുകൊടുത്തതായി
രാഷ്ട്രകൂട അമോഘവർഷ ന്റെ
രേഖകളിലില്ല. എരേയ പ്പന്റേയോ
രാച്ചമല്ലന്റേയോ പേരും ഇല്ല. ജയ

ദുത്തരാംഗപെരുമാനടി
ബുഡുകഗംഗാവാടി കിട്ടിയത്
രാച്ചമല്ലനെ വധിച്ചിട്ടാണെങ്കിൽ ആ
പേരു കാണേണ്ടതല്ലേ
.രാഷ്ട്രകൂടരാജാവ് അമോഘവർഷന്റെ
മകളെ വിവാഹം കഴിച്ച തും ചോള
രാജാദിത്യനെ വധിച്ചതും രണ്ട്
ചരിത്രസംഭവങ്ങളാണ്.ഇത്
ജയദുത്തരാംഗ ബുഡുകൻ എഡി 938ൽ
ജീവിച്ചിരുന്നു എന്ന് കാണിക്കുന്നു.



നീതിമാർഗ്ഗകൊങ്കിണിവർമ്മ പരമേശ്വര
മഹാ രാജാധിരാജന്റെ നാമം
എരേയാംഗനെന്നാണ്.
കൊമാരവേദെംഗ, എന്നും പേരുണ്ട്.
ജന്തെപ്പെ രുപെഞ്ചേരു മുതൽ പല
സ്ഥലത്തും വെച്ച് അദ്ദേഹം പല്ലവരെ
തോൽപ്പിച്ചു. മകൻ സത്യ
വാക്യകൊങ്കണിദേവന്
നരസിംഹദേവനെ ന്നും
വീരവേദെംഗനെന്നുമാണ് പേര്. അദ്ദേ
ഹത്തിന്റെ മകൻ നീതിമാർഗ്ഗൻ രാജമല്ല,
കാച്ചേയഗംഗനെന്ന് വിളിക്കപ്പെടുന്നു.
അദ്ദേഹത്തിന്റെ സഹോദരനാണ് ദാഹല
രാജ്യത്ത് ചെന്ന് വഡ്ഡലന്റെ മകളെ
ത്രിപുര യിൽവെച്ച് വിവാഹം കഴിച്ചത്.
(ബുടുകൻ). ഇദ്ദേഹത്തെ ഭയന്ന്
ബിജ്ജദന്തിവർമ്മൻ തന്റെ
വനവാസിയിലേക്ക് ഓടിപ്പോയി.
രാജവർമ്മ ൻ നിശ്ശബ്ദനായി.
നൂളുവഗിരിയിലെ ദാമരി യുടെ
അഭിമാനം പോയി. കക്കരാജന് മരണ
ഭയം വന്നു. നാഗവർമ്മന് ഭയമുണ്ടായി.
ആനപ്പടയോടെ ഗർവ്വോടെ വന്ന
രാജാദിത്യനെ വധിച്ച് തഞ്ചാവൂർകോട്ട
ഉപരോധിച്ചു. അവിടെനിന്ന് നിരവധി
മലക്കോട്ടകളെ എരിച്ച്
നാൽക്കോട്ടയിലെത്തി ആനകളും
കുതിരകളും സ്വത്തും കൃഷ്ണന്
സമ്മാനിച്ചു. ലല്ലനിൽനിന്ന്

സ്വത്തുക്കളെടുത്ത് കൃഷ്ണന് സമ്മാനിച്ചു. മദയാനയെപ്പോലെ ജയദുത്ത രാംഗനെന്ന ഗംഗനാരായണൻ എല്ലാവരേയും അടക്കി എന്നാണ് ഈ ലിഖിതം പറയുന്നത്.

സത്യനീതിവാക്യകൊങ്കിണിവർമ്മന് ബുടുക, നന്നീയഗംഗ 96000 ഗ്രാമമുള്ള ഗംഗമണ്ഡലം ഭരിക്കുന്ന കാലത്ത് പുരികരനഗരത്തിൽ വസിക്കവേ ശകം 860 വർഷം കഴിഞ്ഞ്, കാർത്തികമാസം ശുക്ലപക്ഷാഷ്ടമിക്ക് നന്ദീ ശ്വരതിഥി ഞായറാഴ്ച, വടിയൂർ ഗണത്തിലെ നാഗദേവപണ്ഡിതന്റെ കാലുകഴുകി, 6 സന്യാ സിനിമാരെ ആദരിച്ച് സമ്മാനങ്ങളും കൊടു ത്ത്, സൂന്ദിഗ്രാമത്തിനു വടക്കുള്ള 60 നിവ ർത്തനം ഭൂമി രാജമാനം കൊണ്ട് അളന്ന് കൊടുത്തു. ആരാധനക്കും സൌജന്യഭക്ഷണ ത്തിനും ഏതെങ്കിലും വസ്തു പൊട്ടിയാൽ നന്നാക്കുകയോ മാറ്റുകയോ ചെയ്യാനും ഇത് ഉപയോഗിക്കണം. സുൽദാദവി 70 യിലെ പ്രധാനഗ്രാമമായ സൂന്ദിയിൽ പ്രത്യക്ഷദേവി പോലെയുള്ള ഭാര്യ ധീവലാംബികയുടെ പേരിൽ ചൈത്യാലയം പണിതു. സൂന്ദിയുടെ കിഴക്കേ അതിര് മാനസിംഗക്കേയി എന്ന കൃഷിനിലം, തെക്ക് പ്ലാവുകളുടെ ഭൂമി,

പടിഞ്ഞാറ് കെപ്പരപ്പോളനിലം. വടക്ക് ബാലുഗേരിഗ്രാമത്തിൽനിന്ന് ഒഴുകിവരുന്ന അരുവി. ഈ ഗ്രാമം 3 ഗഡ്യാണം അരുവണ യായി തരുന്നതാണ്. സഗരൻ മുതൽ പരിപാലിച്ച ഈ ഭൂമിയിലെ ദാനം ഇനിവരുന്ന രാജാ ക്കൻമാരും ബഹുമാനപൂർവ്വം തുടരണം എന്ന് രാമഭദ്രൻ(ശ്രീരാമൻ) അഭ്യർത്ഥിക്കുന്നു. സുൽദാദവി 70ലെ സുന്ദി ,ഭൂലോകരംഭയായ ദീവലാംബ ചൈത്യാലയം നിർമ്മിച്ച് 6 സന്യാസിനിമാരെ ആദരിച്ചു.

ശ്രാവണബലഗോള മല്ലീസേനന്റെ എപ്പിറ്റാഫ് (ശകം 1050ന് ശേഷം)

ശ്രാവണബെലഗോള ചിക്കബെട്ട (ചന്ദ്രഗിരി) യിലെപാർശ്വനാഥബസതിയിലെ തൂണിന്റെ നാലുപുറവും. കന്നഡലിപി. സംസ്കൃതഭാഷ. അവസാനത്തെ 2 വരി കർണ്ണാടകഭാഷ. ജൈന ഗുരു മല്ലീസേനമലധരദേവന്റെ ഓർമ്മക്ക് നാട്ടിയ സ്തംഭമാണ്. ധവളസരസ്തീർത്ഥത്തിലെ ശ്വേതസരോവരത്തിൽ

(കർണ്ണാടകഭാ ഷയിലെ ബേൽകോള മലയാളത്തിലെ വെള്ള ക്കോൾ) 3 ദിവസം ഉപവസിച്ച് സല്ലേഖനമര ണം കൊണ്ട് സമാധിയായ ഗുരുവാണ് ഇദ്ദേ ഹം. സ്വാതിനക്ഷത്രം ഫാൽഗുനത്തിലെ ശുക്ല പക്ഷദ്വിതീയ ഞായറാഴ്ച കീലകവർഷം ശകം 1050നാണ് സമാധി. (എഡി 1129 മാർച്ച് 10) മല്ലീനാഥനാണ് ലിഖിതം എഴുതിയിരിക്കു ന്നത്.

ശ്രാവണബലഗോള ദിഗംബരജൈനരുടെ ചരി ത്രം കൂടി ഉണ്ട്. എന്നാലിത് ചരിത്രപരമായി കൃത്യമായ വംശാവലിയല്ല.

1. നാഥവംശത്തിലെ വർദ്ധമാനൻ
2. മൂന്നു കേവലികളിൽ ഗൌതമസ്വാമി, ഇന്ദ്ര ഭൂതി ഇവരെ മാത്രം പറയുന്നു
3. ശ്രുതകേവലികൾ
4. ഭദ്രബാഹു
5. ചന്ദ്രഗുപ്ത (ശിഷ്യ) അവസാനത്തെ ശ്രുതകേവലി
6. കൌണ്ഡക്കുണ്ഡ(പ്രവചനസാരം എഴുതി)
7. സമന്തഭദ്ര. ഇദ്ദേഹത്തിന്റെ 2 പദ്യം (കരഹാ തകത്തിലെ -കർഹാത് - രാജാവിനെ സ്തു തിച്ച്) ഉദ്ധരിക്കപ്പെടുന്നു. പാടലീപുത്രം, മാളവം, സിന്ധു, തക്ക (പഞ്ചാബ്) കാഞ്ചീപു രം വിദിശ

എന്നിവിടങ്ങളിലേക്ക് തീർത്ഥയാ ത്ര
പോയിട്ടുണ്ട്. സമന്തഭദ്രന്റെ
ആപ്തമീമാം സക്ക് അകളങ്കനും
വിദ്യാനന്ദനും ഭാഷ്യം എഴുതിയിട്ടുണ്ട്.
കരഹാതം ശീലഹരന്മാരു ടെ ഒരു
ശാഖയുടെ തലസ്ഥാനമായിരുന്നു.

8. കൽത്തൂണിനെ വാളുകൊണ്ട്
ഭഞ്ജിച്ച് സാമ്രാജ്യം നേടിയ
വ്യക്തിയെ സിംഹനന്ദി യാണ് അതിന്
പ്രേരിപ്പിച്ചതെന്ന് പറയുന്നു.
ശിശുവായിരിക്കവെ ഇത് ചെയ്ത ഗംഗ
ബാണരാജാ ഹസ്തിമല്ലനെ ഉദയേന്ദ്രം
പ്ലേറ്റ് പറയുന്നത് നേരത്തേ കണ്ടു.

9 വക്രഗ്രീവ

10.വജ്രനന്ദി (നവസ്തോത്രം എഴുതി)

11.പാത്രകേസരി(വിദ്യാനന്ദ)

12.സുമതിദേവ (സുമതിസപ്തകം
എഴുതി)

13.കുമാരസേനൻ ജനിച്ചതും മരിച്ചതും
ദക്ഷിണാപഥത്തിലാണ്

14. ചിന്താമണി (ചിന്താമണി എഴുതി)

15.ശ്രീവർദ്ധദേവ (ചൂലാമണി എഴുതി)
ഇതി ലെ ഒരു ശ്ലോകം ദന്തി
ഉദ്ധരിക്കുന്നു.

16 മഹേശ്വര.

17.. അകളങ്ക.ബുദ്ധസന്യാസിമാരെ
വാദത്തി ൽ തോൽപ്പിച്ചു.
അദ്ദേഹത്തിന്റെ 3 ശ്ലോകം
(സാഹസതുംഗനെ അഭിമുഖീകരിച്ച് 2,

ഹിമ ശീതളന്റെ സഭയിൽ ബൌദ്ധരെ പരാജയപ്പെ ടുത്തിയത് 1) ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. കാഞ്ചീ പുരത്താണ് ഹിമശീതളന്റെ സഭയിൽ വെച്ചു ണ്ടായ ഈ വാദമെന്ന് മക്കന്സി മാനുസ്ക്രി പ്റ്) .അകളങ്കൻ തോൽപ്പിച്ച ബൌദ്ധന്മാരെ കൊല്ലുന്നതിനു പകരം ലങ്കയിലേക്ക് നാടുക ടത്തി. . കാഞ്ചീപുരത്തെ ഹിമശീതളകാലത്ത് നിരവധി ജൈനന്മാർ തെക്കോട്ട് വന്നു എന്ന ത്, ഹിമശീതളനെന്ന രാജാവിനെ ദക്ഷിണേ ന്ത്യയിലെ ഒരു ലിഖിതവും പറയാത്തതി നാൽ സ്വീകരിക്കാൻ പ്രയാസമാണ്.

18 പുഷ്പസേന.അകളങ്കന്റെ സമകാലീനൻ

19. വിമലചന്ദ്രൻ.

ശൈവ,പാശുപത,ബൌദ്ധ, കാപാലിക, കാപിലന്മാരെ വാദത്തിന് വെല്ലുവിളിച്ചുകൊണ്ട് സന്ദേശം ശത്രുഭയങ്ക രനെന്ന രാജാവിന്റെ കൊട്ടാരവാതിലിൽ തൂക്കിവെച്ചു.

20.ഇന്ദ്രനന്ദി

21.പരവാദിമല്ല. കൃഷ്ണരാജന്റെ മുന്നിൽ ഈ ഗുരു പറഞ്ഞ വാക്യം ഉദ്ധരിക്കുന്നു

22. ആര്യദേവ

23. ചന്ദ്രകീർത്തി

24.കർമ്മപ്രകൃതി30 ശ്രീവിജയ.
ഗംഗരാജാവിന്റെ സേവകനാണ്.
25.ശ്രീപാലദേവ (ത്രൈവിദ്യ)
26.മതിസാഗര
27.ഹേമസേന (വിദ്യാധനഞ്ജയ) മറ്റു ഗുരുക്കന്മാരെ വെല്ലുവിളിക്കുന്ന ശ്ലോകം ഉദ്ദരിക്കുന്നു.
28. ദയാപാലൻ. മതിസാഗരന്റെ ശിഷ്യനും വാടിരാജന്റെ സഹപാഠിയുമാണ്. ഹിതരൂപസിദ്ധി രചിച്ചു
29.വാടിരാജ. 3 ശ്ലോകം ഉദ്ധരിച്ചിട്ടുണ്ട്. ചാലൂക്യദേശത്തെ 3 കവികളുടേതാണ്. ആദ്യത്തേത് വാടിരാജന്റെയാണ്. രണ്ടാമ ത്തേത് രാജാവിന്റെ ആസ്ഥാനകവിയുടേത്. രാജാവിന്റെ മുമ്പാകെയാണ് വാദം നടന്നത്. ഏകീഭാവസ്തോത്രം വാടിരാജന്റെയാണ്.
30 ശ്രീവിജയ .ഗംഗാരാജാവിനെ സേവിച്ചു.
ഹേമസേനനു ശേഷം ശ്രീവിജയനും പിന്നീട് വാടിരാജനുമെന്നാണ് ക്രമം.
31. കമലഭദ്ര
32.ദയാപാല
33. ശാന്തിദേവ. ഹോയ്സലരാജാവ് വിന യാദിത്യനെ ആശ്രയിച്ചു. (11ആം നൂറ്റാണ്ട്)

34. ആഹവമല്ലസഭയിൽ
ശബ്ദചതുർമ്മുഖനെ ന്ന്
അറിയപ്പെട്ടവനും പാണ്ഡ്യരാജാവ്
സ്വാമിൻ എന്ന് വിളിച്ചവനുമായ ഗുരു.
ഇത് അദ്ദേഹത്തിന്റെ 3 ശ്ലോകം
ഉദ്ദരിക്കുന്നു.ശാന്തിദേവൻ
തന്നെയാണെ ങ്കിൽ ആഹവമല്ല 2
സോമേശ്വര 1 ആവണം.
35. ശ്രീമുളല്ലൂരദേശത്തെ ഗുണസേനൻ
36.അജിതസേന (വാദിബസിംഹ).
വാദിബ ഗന്തിരവ. അദ്ദേഹത്തിന്റെ
ശിഷ്യരാണ്. 37.
38.അലങ്കാരചിന്താമണിയും
മണിപ്രദീപിക യും രചിച്ചു.

37.ശാന്തിനാഥ,(കവിതാകാന്ത), അഥവാ
കാന്തശാന്തി.

38പത്മനാഭ(വാദികോലാഹല)

39. കുമാരസേന

അജിതസേനന്റെ മറ്റൊരു ശിഷ്യനായ
മല്ലിസേന ൻ മലധാരി എന്നറിയുന്നത്
സകല ലൌകിക വ്യാപാരവും (കുളി
അടക്കം)ഉപേക്ഷിച്ച് ചളി പിടിച്ച്
നടക്കുന്നതിനാലാണ്.സഭയുടെ മുന്നിൽ
പട്ടിണി കിടന്ന് മരിക്കാനായപ്പോൾ
മല്ലീസേനൻ പറഞ്ഞ ശ്ലോകം
ഉദ്ധരിക്കുന്നു.

ലിഖിതാവസാനം രണ്ടു വരി
കന്നഡത്തിൽ കവി,
ലിപികനെന്നിമലധാരി
എന്നശേ്വതാംബരനിൽനിന്ന് വരുടെ
നാമം തരുന്നു. ഹംപിയുടെ അടുത്ത്
കമലാപുരത്തിൽ
മഹാനവമിഡിബ്ബേയുടെ
വടക്കുപടിഞ്ഞാറ് കരിങ്കല്ലിൽ
സംസ്കൃതവും കന്നഡവും ആയി
ലിഖിതമുണ്ട്. സംസ്കൃതം മലധാരീദേവന്റെ
മരണമാണ്. മലധാരീദേവനെ
ദിഗംബരരും ശേ്വതാംബരരും
ബഹുമാനിക്കുന്നതിനാൽ വിഭജനത്തിനു
മുമ്പാവണം ഇദ്ദേഹം ജീവിച്ചത്.
ഹർഷപുരീയഗഛത്തിലെ ദിഗംബരരുടെ
ഇടയി ൽ പലരും ഈ പേരുള്ളവരാണ്.
പിന്നീട് മലധാ രി എന്ന
ശേ്വതാംബരനിൽനിന്ന് മലധാരി ഗഛ
മായി മറ്റൊരു ശാഖ
ഉണ്ടായി.ഗുണതിലകനും
ക്ഷമാസുന്ദരനും ഇതിലാണ്.
സമയസുന്ദരന്റെ സാമാചാരിശതകത്തിൽ
ഇവരെ ഉദ്ധരിക്കുന്നു ണ്ട്. ദിഗംബരരുടെ
ഇടയിലാണ് ആദ്യത്തെ മലധാരി
ഹേമചന്ദ്രൻ

മല്ലീസേനാചാര്യനെന്ന ദിഗംബരൻ
കാവ്യം രചിച്ചതായി കാണുന്നു.
നാഗകുമാരകാവ്യം,

പ്രാഭൃതകത്രയവ്യാഖ്യാനം, മന്ത്രവാദം. അത് ഇവിടെ പറയുന്ന മല്ലീസേനനാണോ എന്ന് മനസ്സിലായിട്ടില്ല. മലധാരിദേവന്റെ ഗൃഹസ്ഥ ശിഷ്യനായ മല്ലീനാഥൻ എഴുതി മഹേശ്വരനെന്ന ലിപികൻ അടയാളപ്പെടുത്തിയത്.

ശിലഹര വിജയാദിത്യന്റെ കോൽഹാർ പൂർ ലിഖിതം ശകം 1065

കോൽഹാർപൂരിലെ ജൈനദേവാലയത്തിലെ ശുക്രവാരവാതിലിന് അടുത്തുള്ള സ്ലാബിൽ. 31 വരി. ലിഖിതത്തിനു മുകളിലായി ചില ചിത്രങ്ങ ളും കൊത്തിയിട്ടുണ്ട്. നടുവിൽ ഇരിക്കുന്ന ജിന രൂപം. വലത്തുവശത്ത് പശുവും കുട്ടിയും. ഇടത്ത് വളഞ്ഞ വാൾ. മുകളിൽ ഇടത്ത് ചന്ദ്രനും വലത്ത് സൂര്യനും. ലിപി പഴയ കന്നഡ. ഭാഷ പകുതിവരെ സംസ്കൃതഗദ്യം. ബാക്കി കർണ്ണാട കഭാഷയിലുള്ള പദ്യം. 1-3 വരെ രണ്ട് സംസ്കൃ തശ്ലോകം അനുഷ്ടുപ്പിലുണ്ട്.സന്ധിനിയമം പാലിച്ചിട്ടില്ല. ശിലാഹാരവംശത്തിലെ മഹാ മണ്ഡലേശ്വര വിജയാദിത്യദേവന്റെ ഭൂമിദാനമാ ണ് വിഷയം. ആദ്യത്തെ രണ്ട്

പദ്യം ജൈനധർമ്മ ത്തെ വാഴ്ത്തുന്നു. പിന്നെ വംശാവലി തരുന്നു. ശീലാഹാരക്ഷത്രിയനായ ജട്ടിഗനാണ് ആദ്യം പറയപ്പെടുന്നത്. അദ്ദേഹത്തിന് മക്കൾ. ഗോങ്കല, ഗൂവല, കീർത്തിരാജാ, ചന്ദ്രാദിത്യ. ഗോങ്കലന് മാരസിംഹനെന്ന പുത്രൻ. അദ്ദേഹ ത്തിന് 5 മക്കൾ. ഗൂഗല(2)ഗംഗദേവ, ബല്ലാലദേ വ, ഭോജദേവ, ഗാന്ധാരാദിത്യദേവ. മഹാമണ്ഡ ലേശ്വരനും പഞ്ചശബ്ദവും ലഭിച്ചവനുമായ വിജയാദിത്യദേവൻ ഗാന്ധാരാദിത്യന്റെ മകനാ ണ്. തഗരദേശം ഭരിക്കുന്നു. ജീമൂതവാഹനവംശത്തിൽ പിറന്ന ധീരനായ അദ്ദേഹത്തിന് ചിഹ്നം സ്വർണ്ണം കൊണ്ടുള്ള ഗരുഡനാണ്. സ്ത്രീകൾക്ക് കാമദേവനും ശത്രുക്കളുടെ ഗർവ്വഭഞ്ജകനും മാരുവങ്കസർപ്പ വും അയ്യനസിംഹവുമാണ്. കലികാലത്തിലെ ഇഡുവരാദിത്യനും വിക്രമാദിത്യനുമാണ്. സൌന്ദര്യത്തിൽ നാരായണനും നീതിധർമ്മത്തി ൽ ചാരായണനും മലക്കോട്ടകളെ കീഴടക്കുന്നവ നും ധർമ്മത്തിൽ മാത്രം മനസ്സ് ചരിക്കുന്നവനും മഹാലക്ഷ്മിയുടെ വരം കിട്ടിയവനും ശനിവര സിദ്ധിയും സാവാഭാവികമായി മൃഗമദസൌ രഭ്യം പരത്തുന്നവനുമാണ്.

വിജയാദിത്യദേവൻ തന്റെ
വാസസ്ഥലമായ വലവാഡയിലിരിക്കേ,
തിങ്കളാഴ്ച പൌർണ്ണമി ചന്ദ്രഗ്രഹണത്തിന്
മാഘമാസം ദുന്ദുഭി വർഷം 106 ശകം,
കുണ്ഡിരാജ്യത്തെ അളവുപ്രകാരം
കാൽനിവർത്തനം വയലും 12 ഹസ്തം ഉള്ള
വീടും ആജിരഗേക്കല്ലജില്ലയിലെ
ഹാവിനഹേരി ലഗേ
ഗ്രാമത്തിൽ,പാർശ്വനാഥദേവന്റെ അഷ്ടവി
ധആരാധനക്കായി ദാനം ചെയ്തു. ക്ഷേത്രം
പണിതത് സാമന്ത കാമദേവന്റെ
ഹടപവല(ആ ശ്രിത) നായ
വാസുദേവനാണ്. മൂലസംഘം
ദേശീയഗണത്തിലെ പുസ്തകഗഛത്തിന്റെ
തലവ നും ക്ഷുല്ലകപുരത്തെ
രൂപനാരായണക്ഷേത്ര ത്തിലെ
പൂജാരിയുമായ മാഘനന്ദിസിദ്ധാന്ത
ദേവന്റെ ശിഷ്യനാണ് വാസുദേവൻ.
ക്ഷേത്രം കേടുപാടില്ലാതെ സൂക്ഷിക്കാനും
സന്യാസിമാ ർക്ക് ഭക്ഷണം കൊടുക്കാനും
കരമൊഴിവാക്കി ദാനം ചെയ്യുന്നത്
മാഘനന്ദിയുടെ മറ്റൊരു ശിഷ്യനും
ക്ഷേത്രം നടത്തിപ്പുകാരനുമായ
മാണിക്യനന്ദിപണ്ഡിതന്റെ കാലു
കഴുകിയിട്ടാ ണ്. (ഫെബ്രുവരി 1. എഡി
1143) കോൽഹാപൂരിൽനിന്ന് 16 മൈൽ
തെക്ക് കിടക്കു ന്ന വാൽവയാണ്
വാലവാഡ. (എല്ലിയട്ട്) ഫ്ലീറ്റ് കൃഷ്ണയിൽ
സതാര ജില്ലയിലെന്ന് കരുതുന്നു.

കോൽഹാപുരം ക്ഷുല്ലകപുരമെന്നാമ് ആദ്യം അറിയപ്പെട്ടിരുന്നത്. അവിടെ ഒരു രൂപനാരാ യണക്ഷേത്രമുണ്ടായിരുന്നു (തേർദ, ശ്രാവണബല ഗോള ലിഖിതങ്ങൾ)

ശീലഹാരവിജയാദിത്യന്റെ ബാമനി പ്ലേറ്റ് ശകം 1073

കാഗലിന് 5 മൈൽ കിഴക്ക്പടിഞ്ഞാറ് ബാമനി ഗ്രാമത്തിലെ ജൈനക്ഷേത്രത്തിനു മുന്നിലെ വാതി ലിലാണ് ലിഖിതം.44 വരി. ലിഖിതത്തിനു മേലെ ചില ശിൽപ്പങ്ങളുണ്ട്. ചമ്രം പടിഞ്ഞിരി ക്കുന്ന മുനി, കൈകൾ മടിയിൽ പിണച്ചു വെച്ചിരിക്കു കയാണ്. 7 ഫണമുള്ള സർപ്പം കുടപോലെ മുക ളിലുണ്ട്. ഇടത്തുവശത്ത് വളഞ്ഞ വാളും പശു വും കുട്ടിയും. മുകളിൽ വലത്തുവശത്ത് സൂര്യ നും ഇടത്തുവശത്ത് ചന്ദ്രനും. പഴയ കന്നഡലി പി. 43, 44 വരി പഴയ കന്നഡഭാഷ. ഭാക്കിയെ ല്ലാം സംസ്കൃതം. 9 ശ്ലോകമുണ്ട്. ബാക്കി ഗദ്യം. മറ്റൊരു ഗ്രാന്റ് വിഷയം. ജൈനധർമ്മത്തെ കീർത്തിച്ച ശേഷം വംശാവലി. ഇതിൽ അകന്ന ബന്ധുക്കളായ 6 പേരുടെ നാമം ഇല്ല.(കീർത്തിരാ ജ,ചന്ദ്രാദിത്യ, ഗൂവല 2, ഗംഗ ദേവ, ബല്ലാലദേവ, ഭോജദേവ)

ബിരുദങ്ങളിൽ 9 എണ്ണം ഇല്ല. സ്ഥിര ശിബിരമായ വലവാഡയിൽ വാഴുമ്പോൾ,അമ്മ ത്താവഴിയിലെ അമ്മാമൻ സാമന്ത ലക്ഷ്മണന്റെ ഉപദേശ പ്രകാരം വംശത്തിന്റെ ആത്മീയോന്ന തിക്കായി വെള്ളിയാഴ്ച ചന്ദ്രഗ്രഹണം ഭദ്ര പാദം പ്രമോദ വർഷം 1073 ശകം (8 സപ്ംബർ എഡി 1150) കുണ്ഡിഗ്രാമത്തിലെ അളവനുസ രിച്ച് കാൽനിവർത്തനം ഭൂമിയും പുഷ്പവാ ടിയും (30 സ്തംഭം അളവ്), 12 ഹസ്തം അളവി ൽ വീടും മടലൂരുഗ്രാമത്തിൽ കൊടുത്തു. സംഗമയ്യയുടേയും ചംദവ്വയുടേയും മകൻ, ,പുന്നഗബ്ബെയുടെ ഭർത്താവ് ,,ജെന്തഗവുഡ യുടേയും ഹെമ്മഗവുണ്ഡയുടേയും അഛൻ, ആയ ചോധോരേ കാമഗവുണ്ട നിർമ്മിച്ച പാർശ്വനാഥ ക്ഷേത്രത്തിലെ അഷ്ടവിധപൂജക്കാ ണ് ഇത്. ക്ഷേത്രപരിപാലനത്തിനും ഭിക്ഷുക്കളു ടെ ഭോജനത്തിനും നീക്കിവെക്കണം. മാഘനന്ദി സിദ്ധാന്തദേവന്റെ ശിഷ്യൻ ആര്യനന്ദിസിദ്ധാന്ത ദേവന്റെ കാൽ കഴുകിച്ചശേഷമാണ് ദാനം. കുല ചന്ദ്രമുനി എന്നും കുണ്ഡക്കുണ്ടവംശത്തിന്റെ സൂര്യനെന്നും ഇദ്ദേഹത്തെ പറയുന്നു. സ്വർണ്ണ കാരനായ (തട്ടാൻ) ബമ്മോജന്റെ മകനും അഭിന ന്ദദേവന്റെ ഗൃഹസ്ഥശിഷ്യനുമായ ഗോവ്യോജ നാണ് ലിപികൻ.

കോൽഹാപ്പൂർലിഖിതം ശീലഹാരഭോജ 2. (ശകം 1112-15)

അംബാബായിക്ഷേത്രമതിൽക്കെട്ടിനകത്ത് അണ്ണാചാര്യപണ്ഡിതന്റെ വീട്ടുചുമരിലെ കല്ലിലാണ് ആദ്യം ലിഖിതം കണ്ടത്. പിന്നീട് കോൽഹാപൂരിലെ ടൌൺഹാളിലേക്ക് മാറ്റി.23 വരി. ലിഖിതത്തിനു മുകളിൽ വലത്തുഭാഗത്ത് പശുവും കുട്ടിയും ഇടത്തുവശത്ത് വളഞ്ഞ വാൾ. അവയുടെ മുകളിൽ വലത്ത് ചന്ദ്രനും ഇടത്ത് സൂര്യനും. നാഗരിലിപി. സംസ്കൃതഗ ദ്യം. സന്ധിനിയമങ്ങൾ പാലിച്ചിട്ടില്ല. സംസ്കൃതമല്ലാത്ത പല വാക്കുകളും പ്രയോഗിച്ചിട്ടുണ്ട്.

1-13 വരിഃ- മഹാമണ്ഡലേശ്വര വീരഭോജദേവ പ്രണാളകകോട്ടയെന്ന സ്ഥിരശിബിരസ്ഥാനത്ത് ഇരിക്കവേ, ഉത്തരായനകാലത്ത്, പൌഷം കൃഷ്ണദ്വാദശിക്ക് ശകം 1112 സാധാരണവർഷം ചൊവ്വാഴ്ച (എഡി 1190 ഡിസംബർ 25) എടേ നാട് അളവിന് 550 വ്യാപകം ശാലിഖല്ലവയലും 12 ഹസ്തം

വീടും ഒരു ഖാദവലകവും എടനാടി ലെ കോപ്പരവാഡ ഗ്രാമത്തിന്ന് കിഴക്കുവശത്ത് ദാനം ചെയ്തു. ദാനം സ്വീകരിച്ച 4 ബ്രാഹ്മണർ ആദിത്യഭട്ട, ലക്ഷ്മീധരഭട്ട,കരഹാതത്തിലെ പ്രഭാകരഗൈശാസ, വാസിയാനഗൈശാസ. നായകലോകനൻ നിർമ്മിച്ച മഠത്തിലെ അന്തേവാസികളാണ് ഇവർ. അമൃതേശ്വരരൂപിയായ ഉമാമഹേശ്വരന് പഞ്ചപൂജ ചെയ്യാനും, മഠ ത്തിലെ ബ്രാഹ്മണഭോജനത്തിനും മഹാല ക്ഷ്മിക്ക് 3 നേരം നൈവേദ്യത്തിനും മഠത്തെ അറ്റകുറ്റപ്പണി ചെയ്ത് സംരക്ഷിക്കാനുമാണ് ദാനം. തീരവാഡബീടിൽനിന്ന് പന്നാലേ കോട്ട യിലേക്കുള്ള റോഡിനു കിഴക്ക് ഉള്ള കരദവ യലിന് കിഴക്ക്, ഒരു ക്ഷേത്രദേവതയാൽ അടയാ ളപ്പെടുത്തിയ വറ്റിയ കുളത്തിന് വടക്ക്, കരഞ്ജ വനത്തിനു പടിഞ്ഞാറ്, ദേശിലേയന്റെയും ചെന്ദികേയന്റെയും വയലുകൾക്ക് തെക്ക് ആണ് ദാനസ്ഥലം. പ്രണാളകദുർഗ്ഗം അഥവാ പന്നാലേ ദുർഗ്ഗം കോൽഹാപൂരിന് 14 മൈൽ വടക്ക് പടി ഞ്ഞാറ് ഉള്ള പന്നാലാണ്. എടേനാടിനെ ശീലാ ഹാര ഗാന്ധാരാദിത്യന്റെ ലിഖിതങ്ങളിലും കാണാം. തീരവാഡബീടായിരുന്നു ഗാന്ധാരാദി ത്യന്റെ വാസസ്ഥലം. ശാലിനെല്ല്

വിളയുന്നതും തോടോ കനാലോ മറ്റ് ജലസേചനമാർഗ്ഗമോ (ഖല്ല) ഉള്ള വയലാണ് ശാലിവല്ല.

13-19 വരിഃ- വെള്ളിയാഴ്ച ആശ്വിനശുക്ലപ്രഥമ പരിധാവിവർഷം, ശകം 1114, നായകലോകന ന്റെ പുത്രൻ നായകകാലിയാനൻ ഇതേ ബ്രാഹ്മ ണർക്ക് താലൂരഗേക്കൊല്ലയിലെ പൌവ്വ അഗ്ര ഹാരഗ്രാമം ദാനം ചെയ്തു. അമ്മ പോവാക്കൌ വ നിർമ്മിച്ച സത്രത്തിലെ ഭോജനത്തിനു വേണ്ടി യാണ്. ഒരു ഉത്തമനിവർത്തനവും ഒരു കനി ഷ്ഠനിവർത്തനവും കൂടി അര വൃത്തി ഭൂമിയും അതോടുകൂടി ഒരു ഉത്തമമായ വീടും ഒരു മദ്ധ്യ മമായ വീടും ഒരു ഘടവലകവും കൊടുത്തു. ഈ സ്വത്ത് നേരത്തേ ലഘുമണകശാസന്റേയാ യിരുന്നു. അദ്ദേഹം അതിനെ ഗ്രാമത്തിലെ കച്ചവടക്കാർക്കു വിറ്റു. കലിയാണൻ അത് വാങ്ങി ദാനം ചെയ്യുകയാണ് ഉണ്ടായത്.

വരി 19-23 -വെള്ളിയാഴ്ച ഫാൽഗുനശുക്ലപഞ്ച മി പ്രമാദിവർഷം ശകം 1115, (1194 ഫെബ്രു28) നായക കാലിയാന ഇതേ ബ്രാഹ്മണർക്ക് വേറെ ദാനം ചെയ്തു. സാമവേദപണ്ഡിതനായ സോമേശ്വരഭട്ടന്റെ പേരക്കുട്ടി മായിങ്കൌവ്വ എന്ന സ്ത്രീയിൽനിന്ന് വാങ്ങി , വേദപാഠശാ ലയിലെ കുട്ടികൾക്ക്

സൌജന്യഭക്ഷണം കൊടു ക്കാനാണ് ദാനം ചെയതത്. ഘട്ടിയം ഘടവലകം ഇവ ജ്യോതിശ്ശാസ്ത്രപഠനം നടന്നിരുന്ന പാഠശാ ലകളാണ്.

യാദവഭില്ലമന്റെ ഗഡഗ് ലിഖിതം ശകം 1113

ധാർവാർജില്ലയിലെ ഗഡഗ് താലൂക്കിലെ ത്രികൂ ടേശ്വരശിവക്ഷേത്രത്തിലെ ശിലയിലാണ് ലിഖി തം. 21 വരി. മുകളിൽ നടുവിലായി ശിവലിംഗ വും പൂജാരിയും. വലത്ത് പശുവും കുട്ടിയും അതിന്നു മുകളി.ൽ സൂര്യചന്ദ്രന്മാരും. ഇടത്ത് നന്ദിയും സൂര്യനും (അഥവാ ചന്ദ്രൻ).നാഗരി ലിപി. സംസ്കൃതഭാഷ. 1-9 വരി പദ്യം 10-20 ഗദ്യം. ദേവഗിരിയിലെ യാദവരാജാ ബില്ലമാ ദേവന്റെ ലിഖിതം കംസശത്രുവായ വിഷ്ണു വിനെ സ്തുതിച്ച് ആരംഭിക്കുന്നു. വംശാവ ലിയിൽ ആദ്യം സേവനദേവനെയാണ് പറയു ന്നത്. മകൻ മല്ലുഗിദേവ. മകൻ അമരഗംഗൻ. പിന്നീട് ഇളയ അനുജൻ കർണ്ണദേവൻ രാജാവാ യി. ഭില്ലമദേവൻ അദ്ദേഹത്തിന്റെ മകനാണ് .അദ്ദേഹം കൃഷ്ണന്റെ അവതാരം പോലെയാ യിരുന്നു. അദ്ദേഹത്തിന്റെ മന്ത്രി ജൈത്തസിംഹ ൻ ഭരണശക്തിയുള്ളവനായിരുന്നു.

10-19 വരിഃ-പ്രപഞ്ചത്തിനു മുഴുവനും ആശ്രയ മായ മഹാരാജാധിരാജാ പരമേശ്വരപരമഭട്ടാര ക ബില്ലമാദേവ എന്ന യദുകുലഭൂഷണം തന്റെ വിജയശിബിരമായ ഹേരൂരയിലിരിക്കുമ്പോൾ, ഞായറാഴ്ച ജ്യേഷ്ഠഅമാവാസിക്ക് വിരോധ കൃത് വർഷം ശകം 1113 ജൈതസിംഹന്റെ ഉപ ദേശപ്രകാരം, ചെയ്ത ദാനം. സോമേശ്വരദേവ ന്റെ ശിഷ്യൻ വിദ്യാഭരണദേവന്റെ ശിഷ്യനും സത്യവാക്യനെന്ന പേരുള്ളവനുമായ സിദ്ധാന്തി ചന്ദ്രഭൂഷണപണ്ഡിതദേവന്റെ കാലുകഴുകി, ക്രാതുകയിലെ സ്വയംഭൂത്രികൂടേശ്വരദേവക്ഷേ ത്രത്തിലെ പുരോഹിതന് ബെലുവോല 00ലെ ഹിരിയഹണ്ടിഹോള ഗ്രാമം അതിലെ എല്ലാ നികുതിയും ഒഴിവാക്കി സകല വരവുകളോടും അതിർത്തികളോടും കൂടി ത്രിഭോഗങ്ങളോടെ സർവ്വമാന്യമായി പകുതിഭാഗം ത്രികൂടേശ്വരനു മാത്രമുള്ളതായി കൊടുത്തു.

20-21 വരി ഇനി വരുന്ന രാജാക്കന്മാരും ഇത് അനുസരിക്കണമെന്നും അനുസരിക്കാത്ത പക്ഷം വരാവുന്ന കാര്യങ്ങളുമാണ്.

വംശാവലിഃ-

1. സേവനദേവ(സ്യൂന അഥവാ സ്യൂനചന്ദ്ര ശകം 991 ലിഖിതങ്ങളിൽ)
2. മല്ലുഗിദേവ
3. അമരഗംഗനും കർണ്ണദേവനും
4. കർണ്ണദേവന്റെ മകൻ ഭില്ലമദേവൻ

അമരഗംഗേയനെന്നാണ് ഹേമാദ്രിയുടെ വ്രത ഖണ്ഡത്തിൽ അമരഗംഗനെ വിളിക്കുന്നത്. ശകം 1160ലെ സിംഗണ 2 ന്റെ ഹരാൽ കോപ്പർപ്ലേറ്റി ലും ഈ പേരുണ്ട്. രാമചന്ദ്രന്റെ പൈത്താൻ കോപ്പർപ്ലേറ്റിൽ ബില്ലമ മല്ലൂഗിവംശമെന്നല്ലാതെ കർണ്ണദേവപുത്രനെന്ന് പറഞ്ഞിട്ടില്ല. ഹോയ്സല വീരബല്ലലന്റെ ശക 1114ലെ ഗഡഗ് ലിഖിതത്തി ലുള്ള ജൈത്രസിംഹനാണ് ഇവിടെ ജൈതസിംഹ നെന്ന് പറയുന്നത്. വീരബല്ലലൻ പരാജയപ്പെടു ത്തിയ ഭീലിന്റെ വലംകൈ എന്നാണ് അദ്ദേഹ ത്തെ ആ ലിഖിതം വിശേഷിപ്പിച്ചത്. ബില്ലമ ഭീലരാജാവും ജൈതസിംഹ അദ്ദേഹത്തിന്റെ പിൻഗാമി ജൈത്രസിംഹനെന്ന ജൈതുംഗിയുമാ കാമെന്ന് അഭിപ്രായമുണ്ട്. വീരബല്ലലന്റെ ലിഖിതത്തിലെ ഗദ്യഭാഗവും ഇതിലെ ഗദ്യഭാ ഗവും ഒന്നുതന്നെയാണ്. 1191 ജൂൺ 23നാണ് ഈ ലിഖിതം. വീരവല്ലലലിഖിതം നവംബർ 21 എഡി 1192നും. ഗദഗിന്റെ

പഴയ പേരാണ് ക്രാതു ക. ഇതിന് 6 മൈൽ പടിഞ്ഞാറ് ഹുണ്ടീഗോൾ ഗ്രാമമാണ് ഹിരിയഹണ്ടീഗോള.

വജ്രഹസ്തകാലത്തെ പർലകിമെഡി പ്ലേറ്റുകൾ

ഗഞ്ചം ജില്ലയിലെ പർലകിമെഡി ജമീന്ദാരിയി ൽനിന്ന് ലഭിച്ചത്. 3 പ്ലേറ്റുകളുണ്ട്. സീലിൽ ഇടത്തോട്ട് തിരിഞ്ഞിരിക്കുന്ന നന്ദിയും മുകളിൽ ചന്ദ്രക്കലയുമുണ്ട്. നന്ദി ഇരിക്കുന്ന പീഠം താമ രപ്പൂവിനു മുകളിലാണ്. പൂവിനും പീഠത്തിനും ഇടയിൽ നാഗരിലിപിയിൽ ശ്രീധാരാപരണോ എന്ന് എഴുതിയിട്ടുണ്ട്. തെക്കേ ഇന്ത്യയിലെ നാഗരിലിപിയും തെക്കേ ഇന്ത്യയിലെ അക്ഷര ങ്ങളും കൂടിയ ഒരു മിശ്രമാണ് ഇതിലെ ലിപി എന്നത് ശ്രദ്ധേയമാണ്. 730 അക്ഷരത്തിലെ 320 നാഗരിയും 410 തെക്കേഇന്ത്യൻലിപിയുമാണ്. തെക്കെ ലിപിയിൽ ഭൂരിഭാഗവും ചേരതാമ്രപ ത്രങ്ങളിലുള്ളവയാണ്. എഡി 608ലെ പടിഞ്ഞാ റൻ ചാലൂക്യ, കിഴക്കൻ കലിംഗ,ചാലൂക്യ, ചോളഗ്രന്ഥലിപികളും ഉണ്ട്. ര (എരേയമാ രാജാ) ല(ചോള) ഇവയെല്ലാം രണ്ടു രൂപത്തിലും എഴുതിയിട്ടുണ്ട്. ചില അക്ഷരം

നാലുവിധം എഴുതിയിരിക്കുന്നു. ഗംഗമഹാരാജാ സത്യ വർമ്മന്റെ ചിക്കക്കോളേ ലിഖിതവും മിശ്ര ലിപിയുള്ളതാണ്. ബ,വ മാറ്റി എഴുതുന്നുണ്ട്. ഗംഗമഹാരാജാ ഇന്ദ്രവർമ്മ, ദേവേന്ദ്രവർമ്മ, സത്യവർമ്മ ഇവരുടെ ലിഖിതം പോലെയാണ് വജ്രഹസ്തന്റെയും ലിഖിതാരംഭം.

സർവ്വഋതുക്കളിലും സുഖമായി ഇന്ദ്രലോകം പോലുള്ള കലിംനഗരത്തിലെ വിവിധസ്ഥാന ങ്ങളിലിരുന്ന് മഹേശ്വരഭക്തനും മാതാപിതാ ക്കളുടെ പാദസേവകനും വിമലമായ ഗംഗവം ശഭൂഷണവുമായ മഹാരാജാധിരാജാ പരമേശ്വ ര വജ്രഹസ്തദേവ ,മഹേന്ദ്രാചലത്തിലെ ഗോക ർണ്ണേശ്വരപ്രസാദത്താൽ സകലയുദ്ധവും ജയിച്ച് ചന്ദ്രനെപ്പോലെ ധവളകീർത്തി പരത്തി. അദ്ദേഹത്തിന്റെ കാലത്ത്, പഞ്ചവിഷയങ്ങളുടേ യും അധിപതിയായ ചോളകാമാധിരാജന്റെ പ്രിയപുത്രൻ ധാരപരാജാ ലങ്കാകോണത്തിൽ വസിക്കുന്ന എല്ലാ കുടുംബികൾക്കും ഈ ശാസ നം കൊടുത്തു. ഞങ്ങളുടെ മകളെ വിവാഹം കഴിച്ചു കൊടുക്കുന്ന അവസരത്തിൽ, കരമൊ ഴിവായി ഹോസ്സന്തിഗ്രാമം നഗ്ഗരിശുലുക്കി വംശത്തിലെ എരേയമാരാജപുത്രൻ

കാമാദി നാമം വഹിക്കുന്ന രാജപുത്രന് കൊടുത്തിരിക്കു ന്നു. ഹോസ്സന്തിയുടെ കിഴക്ക് ഗൂലദ്ദ, തെക്കുകിഴ ക്ക് കുറവാഗദ്ദ, എന്ന് 2 ഗ്രാമമാണ്. തെക്കും തെക്കുപടിഞ്ഞാറും ചിറയും ത്രികോണാകൃതി യുള്ള അതിർത്തിരേയും (വപവാത, ചിത്രഗു മ്മി, ഹൊമ്മാണ്ടി എന്ന് 3 ഗ്രാമം ഉണ്ടാക്കുന്നത്) പടിഞ്ഞാറ് ശേലുശേലാഗട്ടി, പാലുംഗാ മല, അരംഗം പത്ഥര, ബഡുവലാപത്ഥര എന്ന് വിളി ക്കുന്ന 2 വലിയ കല്ലുകൾ, തെക്കുപടിഞ്ഞാ റെ മൂലക്ക് കൌരനദിയും അസുരവാലി വരെയു ള്ള സൂലിയാപ്പാറയും. വടക്ക് നനൂനിച്ചദ്ദ ഗ്രാമവും പാറയും, വടക്കുകിഴക്ക് ഗുലദ്ദ വരെ ഖണ്ഡദ്ദ ഗ്രാമം. ഈ അതിർത്തികളുള്ള ഗ്രാമ ത്തിന്റെ പാലകൻ ഉഗ്രവേദിരാജാവാണ്. അദ്ദേഹം നിധുസന്ധിശാഖയിൽ വിമലമായ കദംബവംശത്തിലെയാണ്. ഈ ധർമ്മത്തിന്റെ ആജ്ഞാപ്തി (ദൂതക) ധാരാപരാജന്റെ മന്ത്രി കായസ്ഥ വാച്ചപ്പയ്യയാണ്. മഹാസന്ധിവിഗ്രഹി ദ്രോണാചാര്യ എഴുതി, നംകാഞ്ചിയേമാചാരി കൊത്തിവെച്ചു.

അനന്തവർമ്മചോഡഗംഗദേവന്റെ വിശാഖപട്ട ണം ഗ്രാന്റിൽ 5 വജ്രഹസ്തന്മാരുണ്ട്. അനന്ത

വർമ്മചോഡഗംഗന്റെ അഛന്റെ അഛനാണ് അഞ്ചാമൻ.17 ഫെബ്രുവരി 1078നാണ് അദ്ദേഹ ത്തിന്റെ കിരീടധാരണം. ഇദ്ദേഹമാവണം ഈ ലിഖിതം എഴുതിയ കാലത്തെ രാജാവ്. കലിംഗ നഗരവും മഹേന്ദ്രഗിരിയും ഈ രാജാക്കന്മാരു ടെ ലിഖിതത്തിലെല്ലാം വരുന്നവയാണ്. തെറ്റായ സംസ്കൃതത്തിൽ തെക്കൻലിപിയിലെഴുതിയ ചില വാക്യങ്ങളുണ്ട്. ഹോമണ്ടി ഗ്രാമം പിന്നീട് രാണക ഉദയവേദിൻ ദാനം ചെയ്തതാണ് ഇത്.

രാണകശ്രീ ഉദയവേദി കേമാകോ മന്ദി യാവാത് വടാ ഗ്രാമ ഹോമണ്ടി പ്രവേശ താമ്രശാസന ദത്താ ചതുരാഘടാസീമാസന്ധിപ്രയാന്താ

വിരൂപാക്ഷന്റെ അലംപൂണ്ടി പ്ലേറ്റ്
(ശകം 1305)

തെക്കേ ആർക്കോട്ടിലെ തിണ്ടിവനം താലൂക്കി ലെ സെഞ്ചി(ഗിഞ്ചി)യിലാണ് ആലംപൂണ്ടിഗ്രാ മം. ശ്രീഹരിഹര എന്ന് കർണ്ണാടകലിപിയിൽ താഴെ എഴുതിയത് ഒഴിച്ചാൽ മറ്റെല്ലാം ഗ്രന്ഥ ലിപിയും തമിഴുമാണ്. . സംസ്കൃതഭാഷ ഗദ്യ വും പദ്യവുമായി എഴുതിയിരിക്കുന്നു. ആദ്യ ത്തെ 2 ശ്ലോകം

വരാഹരൂപിവിഷ്ണുവിനേയും ഭൂമീദേവിയേയും സ്തുതിക്കുന്നു. ചന്ദ്രവംശത്തിൽ ജനിച്ച സംഗമ 1 ന്റെയും കാമാക്ഷിയുടേ യും പുത്രനായ ബുക്കരാജനെ മൂന്നാം ശ്ലോകം അവതരിപ്പിക്കുന്നു.ബുക്കന്റെ മകൻ ഹരിഹ രൻ 2. അദ്ദേഹത്തിന്റെ ഭാര്യ മല്ലാദേവി (മല്ലാം ബിക) രാമദേവന്റെ (യാദവരാജാവ് രാമചന്ദ്ര) വംശത്തിലെയാണ്.ഹരിഹരന് ജ്ഞാനാംബിക എന്ന സഹോദരിയും വിരൂപാക്ഷനെന്ന മകനു മുണ്ടെന്ന് ഈ ലിഖിതം പറയുന്നു. തെക്കൻ ആർക്കോട്ട് ജില്ലയിലെ ഭരണത്തിന് ഈ മകനെയാണ് ഹരിഹരൻ ഏൽപ്പിച്ചത്. വിരൂ പാക്ഷന്റെ ദാനം ആലംപൂണ്ടിക്ക് ജ്ഞാനാംബി കാബ്ധി (ജ്ഞാനാംബികാസമുദ്രം) എന്ന് പേരി ട്ടിട്ടാണ്. പലക്കുന്റക്കോട്ടത്തിന്റെ (പഴയ കുന്റ ക്കോട്ടം) ഭാഗമായ ചിങ്കപുരം (ചെഞ്ചി)യിലാണ് അലംപൂണ്ടിഗ്രാമം. ഇപ്പോളത് വടക്കേ ആർക്ക ട്ടിലാണ്. ലിഖിതകാലത്ത് തെക്കേ ആർക്കോട്ടി ലും. ചിങ്കപുരം മലക്കോട്ടയാണ്.

ആലംപൂണ്ടിയുടെ അതിർത്തികൾഃ- കിഴക്ക് തന്റിയെന്തല(താന്നിമരം വളരുന്ന കുന്ന്), വടക്ക് വേഗാനദി(ചെഞ്ചി നദി, വരാഹനദി) പടിഞ്ഞാ റ് ശക്തിമംഗല(സത്യമം ഗലം), , തെക്ക് മാഭുവി ല്ലിയേനതല. (ഏനതല എന്നത്

ഏന്തല അഥവാ കുന്ന്.) സാധാരണ വിരൂപാക്ഷ എന്നാണ് ഒപ്പ് വെക്കുന്നത്. വിജയനഗരലിഖിതങ്ങളിൽ വിരൂ പാക്ഷ. വെങ്കടേശ, രാമ എന്നെല്ലാം ഈശ്വരനാ മത്തി ലാണ് ദാനം ചെയ്യുന്നത്. ഭഗവാന്റെ പ്രതി നിധി മാത്രമാണ് രാജാവ്. ഇവിടെ ശ്രീഹരിഹര എന്നാണ്. കാഞ്ചി കാമാക്ഷിക്ഷേത്രത്തിന്റെ അക ത്തെ പ്രാകാരത്തിന്റെ വാതിലിൽ ശകം 1315 ശ്രീമുഖസംവത്സരത്തിൽ ഒരു ശ്ലോകം കൊത്തി യിട്ടുണ്ട്. ഹരിഹരൻ ചെമ്പുവാതിൽ ഉള്ള വിമാനം കൊടുത്തു എന്നാണ് എഴുതിയിരിക്കു ന്നത്.

കാഞ്ച്യാം കല്യാണശോഭീ ഹരിഹരനൃപ
തി പ്രാണബന്ധുഃപ്രജാനാം
കാമാക്ഷ്യാശ്രീവിമാ നം വ്യതനുത

സുകൃതാംബോനിധിന്ഥാമ്ര ബന്ധം.

Alampundi Plate of Virupaksha.—Saka-Samvat 1305



ഭൈരന്മത്തിയിലെ സിന്ധവംശത്തിന്റെ ശിലാലിഖിതം.

ബീജാപ്പൂരിലെ ബാഗൽകോട്ട് താലൂക്ക് ബാഗ ൽകോട്ട് നഗരത്തിന് 10 മൈൽ

കിഴക്കാണ് ഭൈ രന്മത്തിഗ്രാമം. ഗ്രാമത്തിനു പുറത്ത് തെക്ക് വശ ത്ത് ചെറിയ ഹനുമാൻക്ഷേത്രമുണ്ട്. ലിഖിത ത്തിനു മുകളിലായി നടുക്ക് ശിവലിംഗം, വല ത്ത് ഇരിക്കുന്ന പുരുഷനും വാൽകുത്തി നിൽക്കുന്ന സർപ്പവും, മുകളിൽ ചുരുണ്ടിരി ക്കുന്ന സർപ്പവും . ഇടത്ത് നന്ദി, അതിന്നു മുകളിൽ പശുവും കുട്ടിയും വളഞ്ഞ വാളും ചന്ദ്രക്കലയും. ലിപി പഴയ കന്നഡ. (11ആം നൂറ്റാണ്ടിലെ) ഭാഷ പഴയ കന്നഡ തന്നെ. സാമ ന്തസിന്ധവംശത്തിന്റെ ശാഖയായ ബാഗദാഗേ (ബാഗൽക്കോട്ട്) വംശത്തിന്റെ ലിഖിതമാണ്. എരംബരാഗേ സിന്ധമഹാമണ്ഡലേശ്വര വംശ ത്തിനു (യെൽബുർഗ്ഗ) മുമ്പുള്ളവരാണ്. 1-50 വരികളിൽ എഡി 990-91 മുതലുള്ള കല്യാണി ലെ ചാലൂക്യവംശപരമ്പരയാണ് തരുന്നത്.

1. വിക്രമാദിത്യ 4 .ഭാര്യ ബൂന്ദാദേവി
2. ആഹവമല്ല നാർമടി തൈല 2 (973-997) ഭാര്യ ജക്കലദേവി

3. രണ്ടു മക്കൾ .
അകളങ്കചരിതസത്യാശ്രയ (997-1008) ,
യശോവർമ്മ (ദശവർമ്മ).
4. അകളങ്കചരിതന്റെ മകളെ
പല്ലവനോലംബാ ധിരാജ വിവാഹം
കഴിച്ചു. യശോവർമ്മന്റെ മക്കൾ
ത്രിഭുവനമല്ല വിക്രമാദിത്യ (1009-1011)
അയ്യണ 2 ,അക്കാദേവി. ഹംഗലിലെ
കദംബരാജാവിനെ വിവാഹം കഴിച്ചു.
(1021-1050)
5. ത്രൈലോക്യമല്ല സോമേശ്വര (1054) 4
ഭാര്യ ബച്ചലാദേവി, മൈലാലദേവി
ഉൾപ്പെടെ.
6. ഭുവനൈകമല്ല സോമേശ്വര 2 (1063,
1069-76), ത്രിഭുവനമല്ല പർമാദി
വിക്രമാദിത്യ 6. (1055-56, 1076-1126)
വിക്രമാദിത്യന്റെ ഭാര്യമാർ
സാവലദേവി, ലക്ഷ്മീദേവി,
ജക്കലദേവി, മല്ലേയമാതേവി, ചൂഢാല
ദേവി, മലയാലദേവി.
7. ജയകർണ്ണ (1102-1121)നും ഭൂലോകമല്ല
സോമേശ്വര 3 ഉം .(1126-1139)

8. പെർമാദി ജഗദേകമല്ല 2 (1138-1149) , ത്രൈലോക്യമല്ല നൂർമാദി തൈല 3. (1150-1161)
9. ത്രിഭുവനമല്ല വീരസോമേശ്വര (1188)

ഈ വംശത്തിൽ ശകം 912ൽ കമ്മാര(കമ്മയ്യരശ ന്റേയും സാഗരമ്മരശിയുടേയും മകനായി പുലി കാലനെന്ന സിന്ധരാജകുമാരൻ ജനിച്ചു. പുലി കാലന് രേവകബ്ബേയിൽ നാഗാദിത്യരശ(നാഗാ ദിത്യ),നാഗാദിത്യന് പോളേയബ്ബരശിയിൽ പോള സിന്ധൻ, ഖാണ്ഡവമണ്ഡലേശ്വരപുത്രിയായ ബിജ്ജലാദേവിയിൽ മഹാമണ്ഡലേശ്വര സേവ്യ രശൻ ജനിച്ചു. ഇദ്ദേഹം ചാലൂക്യസോമേശ്വര രണ്ടാമന്റെ സാമന്തനാണ്. അതിനാൽ 1069-76 കാലത്താണ് ലിഖിതം രേഖപ്പെടുത്തിയത്. പുലികാലന്റെ കാലം തൈലരണ്ടാമന്റെ കാലമാ ണ്. ഞായറാഴ്ച ഉത്തരായനസംക്രാന്തിക്ക് വ്യതീപാതയോഗം മഹാസാമന്ത നാഗാദിത്യ പരത്രയസിംഹരാശിഭട്ടന് കിരിയശിരിയൂര ഗ്രാമത്തിലെ പട്ടിയമത്താവൂര അളവനുസരിച്ച് 1000

മാത്ര നിലം 12 ഗദ്ധ്യാണം അരുവണ (നികുതി) നിശ്ചയിച്ച് കൊടുത്തു.

വരി 50

മുതൽ:ചാലൂക്യജയസിംഹകാലത്ത് തേജോരാശിപണ്ഡിതന് മഹാസാമന്ത നാഗേശ്വര , പുരദാക്കേരി ഗ്രാമം കൊടുത്തു. ജയസിംഹൻ കൊല്ലിപ്പാക്കം ഭരിക്കുമ്പോൾ ശ്രീമുഖ സംവത്സ രം ശകം 955(എഡി 1033-34)ലാണ് ദാനം. സിന്ധേശ്വരക്ഷേത്രത്തിലെ ആചാര്യനായ തേജോരാശി ക്ക്   ക്ഷേത്രം പുനരുദ്ധരിക്കാനാണ് ദാനം. *സിന്ധ വംശം* നാഗവംശമാണ്. അവരുടെ പതാക ഫണി പതാക അഥവാ നാഗധ്വജമാണ്. അനന്ത,വാസു കി, തക്ഷക ഇവരാണ് പൂർവ്വീകർ. അവർക്ക് വ്യാഘ്രലാഞ്ചന ഉണ്ട്.ഭോഗവതീപുരേശ്വര എന്നാണ് പ്രാചീനബിരുദം. സിന്ധവംശത്തിലെ ആദ്യരാജാവ് ആജാനുബാഹുവായ സിന്ധൻ നാഗരാജാവ് ധാരണേന്ദ്രന്റെ മകനാണ്. സിന്ധു നദീ തീരത്ത് അഹിഛത്രത്തിലാണ് ജനനം. പുലി വളർത്തി. അദ്ദേഹത്തിന് കദംബരാജകുമാരി യിൽ മൂന്നു

മക്കളുണ്ടായി. അവരാണ് സിന്ധ വംശസ്ഥാപകർ. അവർക്കുശേഷം 31 തലമുറ രാജാക്കന്മാരുണ്ടായി. പിന്നീട് മറ്റൊരു സിന്ധൻ (കമ്മരശന്റെ അഛൻ) ജനിച്ചു. കമ്മരശന്റെ മകനാണ് പുലികാലൻ. (ഹൂലികാല പുലിയുടെ കാലുള്ള വ്യാഘ്രപാദ) . ശിവനും സിന്ധുവും (സാഗരകന്യക) തമ്മിലുള്ള സംഗമത്തിലുണ്ടായ അവനെ പുലിപ്പാലു കൊടുത്ത് നാഗരാജാവായ അനന്തനാണ് വളർത്തിയത്. സതാര ജില്ലയിലെ കാരാഡ് (കരഹാത)4000 എന്ന സ്ഥലം ഭരിക്കാ നയച്ചു. ഇത് സിന്ധുകന്യയായ മോഹിനി ശിവ,അയ്യപ്പ കഥയുമായി സാമ്യം ഉള്ളതാണ് എന്ന് കാണുക. പുലികാലകാലം തൈലരണ്ടാ മന്റെ കാലമാണ്.

വെങ്കട രണ്ടാമന്റെ കുനിയൂർപ്ലേറ്റുകൾ (ശകം 1556)

തിരുനെൽവേലി ജില്ല അംബാസമുദ്രം താലൂ ക്കിലെ കുനിയൂർ ഗ്രാമത്തിൽനിന്ന് ലഭിച്ചത്.   7 പ്ലേറ്റുകൾ. സീലിൽ ഇടത്തോട്ട്

തിരിഞ്ഞ വരാ ഹം, സൂര്യനും ചന്ദ്രനും ശ്രീവെങ്കടേശ എന്ന് ലിഖിതം. നന്ദിനാഗരി ലിപി. സംസ്കൃതപദ്യം. വരി 249 തെലുഗു ഗദ്യം. ആകെ 266 വരി. വെങ്കട 1, 2 , രങ്ക 6, എന്നിവരുടെ വിലാപാക്ക, കൊണ്ട്യാത, കല്ലേ ക്കുറിച്ചി ഗ്രാന്റുകളും ഇതും എഴുതിയത് ഒരേ ആളാണ്. സഭാപതിയുടെ പേരക്കുട്ടിയും   കാമ കോടിയുടെ മകനുമായ രാമൻ.
ലിപികന്മാർ

ഗണപായന്റെ മകനും വീരണന്റെ അനുജനുമായ കാമയാചാര്യൻ, ഗണപായന്റെ മകനും വീരണാ ചാര്യന്റെ സഹോദരനുമായ അച്യുതാര്യ, കാമ യന്റെ മകനും ഗണപരായന്റെ പേരക്കുട്ടിയുമായ സോമനാഥാര്യൻ. അച്യുതാര്യനും വീരണനും കാമയാചാര്യനും സഹോദരന്മാരാണ്. രംഗ 2 വിന്റെ ദേവനഹള്ളി ഗ്രാന്റിന്റെ ലിപികൻ വീര ണന്റെ   മകൻ ഗണപനാണ്. മൂന്നാം വിജയ നഗരരാജാക്കന്മാരുടെ ലിപികപരമ്പര വീരണാ ചാര്യന്റെ വംശമാണ്.

1. വീരണാചാര്യ

2. ഗണപാര്യ(ദേവനഹല്ലി ഗ്രാന്റ് ശകം 1506
3. അച്ച്യുതാര്യ (കുനിയൂർ കൊണ്ട്യാത)ശകം 1556, 1558, വീരണ, കാമയ (വിലാപാക്ക ഗ്രാന്റ്)ശകം 1523
4. കാമയന്റെ മകൻ സോമനാഥാചാര്യ (കല്ലേ ക്കുറിച്ചി ഗ്രാന്റ്) ശകം 1566

ഈ ലിഖിതം മൂന്നുഭാഗമായി തിരിക്കാം. ആദ്യം മൂന്നാം വിജയനഗരസാമ്രാജ്യത്തിലെ വെങ്കട രണ്ടാമന്റെ വംശാവലി, പിന്നെ ദാനം ചെയ്ത ഗ്രാമത്തിന്റെ വിശദവിവരം, അവസാ നം മധുര നായകവംശത്തിലെ തിരുമലയുടെ വംശം. തിരുമലയുടെ അഭ്യർത്ഥന പ്രകാരമാ ണ് ഗ്രാമം ബ്രാഹ്മണർക്ക് ദാനം ചെയ്തത് . അവരുടെ ലിസ്റ്റും തന്നിട്ടുണ്ട്.ശ്രീവെങ്കടേശനാ മത്തിലാണ് ദാനം. ലിഖിതാരംഭം വെങ്കടേശ, രാമ, വിഷ്വക്സേന ഇവരെ സ്തുതിച്ചാണ്. ചന്ദ്രനിൽ നിന്നാണ് വംശം തുടങ്ങുന്നത്. മൌര്യന്മാരാൽ പരാജിതനായ നന്ദനും, ചാലൂ ക്യവംശത്തിലെ ചാലിക്കനും രാജനരേന്ദ്രനും, കാലചൂരി

ബിജ്ജലേന്ദ്രനും ഈ വംശത്തിലെ യാണ്. മായാപുരി വീരഹെമ്മാലിരായനെന്ന് പറയുന്നത് കാലചുരിരാജാവ് പെർമ്മാദിയെ യാണ്. താതപിന്നമ്മക്കുശേഷമാണ് കൃത്യമാ യ വംശാവലി തരുന്നത്.വെങ്കട 2ന്റെ പിതാവ് രങ്കൻ ഈ വംശക്കാരനാണ്. ചന്ദ്ര ബുധ, പുരൂ രവസ്സ്,ആയുസ്സ്, നഹുഷ., യയാാതി,പൂരു, പൂരുവംശത്തിലെ ഭരതൻ ,ഭരതവംശത്തിലെ ശന്തനു, ശന്തനുവിൽനിന്ന് നാലാമത് വിജയ, അഭിമന്യു, പരീക്ഷിത്ത്. പരീക്ഷിത്തിൽനിന്ന് നന്ദവംശം. ചാലൂക്യവംശം. അതിലെ ഏഴാം തലമുറ രാജാനരേന്ദ്രൻ. അദ്ദേഹത്തിന്റെ 10ആം തലമുറ ബിജ്ജലേന്ദ്ര, അദ്ദേഹത്തിന്റെ മൂന്നാം തലമുറ വീരഹെമ്മാലിരാജാ. (മായാപുരിയിലെ).അതിലെ നാലാം തലമുറ താത്താപിന്നമ്മയുടെ മകനാണ് സോമിദേവ

1. താതപിന്നമ്മ 1
2. സോമിദേവ
3. രാഘദേവ

4. പിനമ 2
5. ബുക്ക (ഭാര്യ ബല്ല അഥവാ ബല്ലമ)
6. രാമ 1 (ഭാര്യ ലക്ക അഥവാ ലക്കമ്മ)
7. രങ്ക 1 (ഭാര്യ തിരുമല)
8. മൂന്നു മക്കൾ രാമ 2 (ഭാര്യ സദാശിവന്റെ സഹോദരി 1565) ,തിരുമല 1 (ഭാര്യ വെങ്കല 1567), വെങ്കടാദ്രി 1565
9. വെങ്കടാദ്രിക്കു ശേഷം തിരുമല 1 ന്റെ നാലു മക്കൾ ഓരോരുത്തരായി രാജാവായി. (രംഗനാഥ, രങ്ക 2, രാമ 3, വെങ്കട 1. വെങ്കട വെങ്കടായേയും വേറെ 3 പേരേയും വിവാ ഹം കഴിച്ചു) വെങ്കടാദ്രിയുടെ മകൻ കൃഷ്ണ 5. രാമ 2വിന് 5 മക്കളുള്ളതിൽ രങ്ക 4, തിരുമല 1 ന്റെ പരമ്പരയിലെ രാമ നാലാമ ന് ശേഷമാണ് രാജാവായത്.
10. രാമ മൂന്നാമന്റെ മക്കൾ തിരുമല 2, രങ്ക 3. രങ്കൻരെ മകൻ ഗോപാല ,രങ്ക മൂന്നാമന്റെ മകൻ രാമ 4. ഇദ്ദേഹത്തിനു ശേഷം രങ്ക 4 രാജാവായി.
11. രങ്ക നാലിന് 2 മക്കൾ. പെദ്ദവെങ്കട 2, പിന്നവെങ്കട അഥവാ ചിന്നവെങ്കട 3. പിന്നവെങ്കടക്ക് ശേഷമാണ് രങ്ക 5 (വെങ്കടാ ദ്രിയുടെ മകൻ) രാജാവായത്.

12. **രംഗ 5ന്റെ മകൻ ഗോപാലൻ. ചിന്ന വെങ്കടയുടെ മകൻ രങ്ക 6നെ ദത്തെടുത്തു.**

മധുരയിലെ തിരുമലനായിക്കന്മാരുടെ വംശാവലിഃ-

1. **കശ്യപനാഗം (ഗോത്രം)**
2. വിശ്വനാഥ
3. കൃഷ്ണപ്പനായിക്ക
4. വീരപ്പ
5. വിശ്വപ്പനായിക്ക
6. **മുദ്ദുകൃഷ്ണ**
7. **രണ്ട് മക്കൾ മുദ്ദുവീരനും തിരുമലനായിക്കനും.**

ആദ്യത്തെ രണ്ടുപേരും വിജയനഗരത്തിന്റെ സൈന്യാധിപരായിരുന്നു.

ശകം 1556 ഭാവസംവത്സരം (എഡി 1634) വൈശാഖപൌർണ്ണമിക്ക് വെങ്കടേശപ്രഭുവിന്ന് മുമ്പിലാണ് വെങ്കട 2 ദാനം ചെയ്യത്. കുനിയൂ രിനെ മുദ്ദുകൃഷ്ണപുരം എന്ന് പേരു മാറ്റി.

തിർവ്വാദിരാജ്യത്ത് മുല്ലിനാടിലെ വീരവനല്ലൂരു മാഗാണിയിൽ ആണ് ഈ ഗ്രാമം. താമ്രപർണ്ണിക്കും ഭ്രാന്തമംഗലത്തിനും തെക്ക്, കാരുക്കുറിച്ചിക്ക് കിഴക്ക്, ചേരമാൻമഹാദേ വിക്ക് പടിഞ്ഞാറ്. തെക്കോട്ട് ഒഴുകുന്ന കുരു നാടകക്കനാലിന്ന് പടിഞ്ഞാറേ കരയിലാണ്. ചേരമാൻ മഹാദേവിയും കാരക്കുറിച്ചിയും താമ്രപർണ്ണിക്ക് തെക്ക് അംബാസമുദ്രത്തിലാണ്. കാരക്കുറിച്ചിയുടെ പടിഞ്ഞാറാണ് വീരവാ നല്ലൂരുമാഗ്ഗാണി. തീർവടിരാജ്യം തിരുവടി രാജ്യം (വിഷ്ണുവിന്റെ തിരുവടിയുള്ള) വേണാട്. കുരുനാട്ടകത്തെ കണ്ണാടിയാൻ അഥ വാ കണ്ണാടിയാറ് മനസ്സിലായില്ല.

ദാനം വാങ്ങിയവരെല്ലാം തെക്കേ ഇന്ത്യയിലെ തമിഴ് ഉത്ഭവമുള്ളവരും ശൈവ,വൈഷ്ണവ ക്ഷേത്രങ്ങളിലെ സേവകരുമാണ്. മധുരയിലെ അളകാദ്രി, വെങ്കടാദ്രി,വെങ്കടാചലപതി, വെങ്ക ടത്ത് അപ്പാ, തിമ്മരശു,തിരുമല, തിരുവേങ്കട, വടമല, ശേഷാദ്രി, (വടക്കൻ

ആർക്കോട്ടിലെ ക്ഷേത്രങ്ങൾ), ചിങ്കൽപേട്ട് ചിന്നകാഞ്ചിയിലെ വരദരാജ അരുളാളപ്പെരുമാൾ ക്ഷേത്രത്തിലെ വരദഭട്ട,ശ്രീരംഗത്തെ രങ്കനും രങ്കഭട്ടനും അഹോ ബിലനരസിംഹൻ ഇവ വിഷ്ണുക്ഷേത്രങ്ങളോട് ബന്ധപ്പെട്ടവരാണ്. പെരിയാത്തിരുവടി(പെരി യാഴ്വാർ) ആഴ്വാർ ഇവയും ഉണ്ട്.

ആരൂരാ (തിരുവാരൂർ) കനകസഭാപതി (ചിദം ബരം) ചിദംബരാവധാനിൻ, ചൊക്കനാഥാവ ധാനിൻ, ചൊക്കനാഥമഖിൻ, (മധുര)കാളഹ സ്തി (വടക്കേ ആർക്കോട്ട്), അരുണഗിരി, അരുണാദ്രി (തിരുവണ്ണാമല) ഇവ ശൈവക്ഷേ ത്രങ്ങളോട് ബന്ധപ്പെട്ടവർ. നായനാർ, നൈനാഭട്ട ഇവയും ശൈവസംബന്ധിയാണ്.

പേര്	അച്ഛൻ	ശാഖ	ഗോത്രം	സൂത്രം	ഓഹരി

രഘുനാഥ..വെങ്കടാദ്രി യജുർവേദ ഭരദ്വാജ 1

ലക്ഷ്മിനരഹരി ലക്ഷ്മിനൃസിംഹ ശ്രീവത്സ1 ¼

വെങ്കടാദ്രി തിമ്മരശ യജുസ്സ് ഹാരീതസഗോത്ര 1

ഈശ്വര സദാശിവ ആത്രേയ അശ്വലായന ¾

കനകസഭാപതി ശ്രീരംഗരാജ യജുസ്സ് കൌശിക 2

അയ്യഭട്ട അനന്തഭട്ട ഋഗ്വേദ കൌശിക 5 ¾

List of donees— *continued.*

Donee's name.	*Relation.*	*Śâkhâ.*	*Gôtra.*	*Sûtra.*	*Number of shares.*
Mallubhaṭṭa	Son of Tirumala	...	Kâśyapa	Âpastamba	1
Veṅkaṭâdri	" Mârubhaṭṭa	Yajus	Bhâradvâja	...	1
Yallappa	" Aruṇâdri	Ṛich	Do.	...	¼
Bhrântîśvara	" Appalaya	Yajus	Kâśyapa	...	½
Nâgarasa	" Veṅkaṭapati	...	Bhâradvâja	Âśvalâyana	1
Aḷagâdri	" Raghupati	Yajus	Do.	...	½
Ghaṭalaya	" Gôvinda	Ṛich	Śrîvatsa	...	¾
Narahari	" Śrînivâsa	Sâman	Âtrêya	...	2
Sômanâtha	" Narasiṁbhaṭṭa	Yajus	Do.	...	½
Śrînivâsa	" Anantabhaṭṭa	Do.	Kauśika	...	1
Siddhaya	" Veṅkaṭayya	...	Kâśyapa	Âpastamba	1
Nâgâdîkshita	" Basavâvadhânin	Ṛich	Bhâradvâja	...	½
Aṅgaya	" Kâḷahasti	Yajus	Haritasa	...	¾
Ârûra	" Nallaperumâḷ	...	Vatsa	Satyâshâḍha	1
Ahôbala	" Narasiṁha	Yajus	Kâśyapa	...	¾
Naïnârbhaṭṭa	" Bṛindâvananâtha	Ṛich	Do.	...	½
Vêṅgaḍattappa	" Siṅgaperumâḷ	Do.	Âtrêya	...	2
Nîlakaṇṭha	" Peddibhaṭṭa	Yajus	Bhâradvâja	...	⅓
Lakshmaṇaśâstrin	" Sômâbhaṭṭa	Do.	Śrîvatsa	...	½
Gôvindadîkshita	...	...	Kauśika	Âpastamba	} ⅓
Kṛishṇaṁbhaṭṭa	...	...	...	...	}
Timmâvadhânin	Son of Perubhaṭṭa	Yajus	Bhâradvâja	...	½
Liṅgâvadhânin	" Mallubhaṭṭa	...	Kauśika	Âpastamba	½
Śêshâdri	" Narahari	...	Śâlâvata	Do.	2
Nârasiṁha	" Yallubhaṭṭa	Yajus	Bhâradvâja	...	1
Tirumalabhaṭṭa	" Nâgâbhaṭṭa	...	Haritasa	...	1
Kṛishṇabhâgavata	...	...	Kauṇḍinya	...	¾
Râmaliṅgâvadhânin	Son of Liṅgâvadhânin	Yajus	Bhâradvâja	...	1
Śrînivâsaśâstrin	" Gaṅgâdharayajvan	Do.	Âtrêya	...	⅓
Timmâvadhânin	" Śêshâdri	Do.	Bhâradvâja	...	¾
Lakshmînarasiṁha	" Yalluyajvan	...	Âtrêya	Âpastamba	1
Veṅkaṭêśvara	" Aḷvâr	Ṛich	Do.	...	1¾

List of donees— ***concluded.***

Donee's name.	*Relation.*	*Śâkhâ.*	*Gôtra.*	*Sûtra.*	*Number of shares.*
Kaḷapparân.	Son of Îśvara	Ṛich	Âtrêya	...	¾
Ayyapa	„ Anantakṛishṇa	Do.	Viśvâmitra.	...	¼
Periyatiruvaḍi	„ Chokkanâthamakhin	Do.	Dhanaṁjaya	...	2
Râmabhaṭṭa	„ Nârâyaṇa	Do.	Âtrêya	...	1
Nârâyaṇa	„ Śiṅgiri	...	Bharadvâja.	Âpastamba	¼
Veṅkaṭapati	„ Giriyappa	Ṛich	Śrîvatsa	...	1
Sûryanârâyaṇa	„ Aruṇagiri	Yajus	Kauṇḍinya.	...	1
Vaḍamala	„ Tiruvêṅgaḍa	Do.	Vatsa	...	1
Śrîni, Veṅkaṭa	Younger brothers of Vaḍamala	Do.	Do.	...	1
Râmâbhaṭṭa	Son of Anantanârâyaṇa	Do.	Kauṇḍinya.	...	1
Râghava	Brother of Râmâbhaṭṭa	Do.	Do.	...	1
Yallaya, Raṅgaya, Veṅkaṭâdri, Veṅkapa	...	...	...	...	1
Veṅkaṭâdri	Son of Gaṇapati	...	Kauṇḍinya.	Satyâshâḍha	3
Raghunâthamakhin	„ Vyâsarâyabhaṭṭa	Sâman	Bhâradvâja.	...	1
Nârâyaṇa	„ Anantabhaṭṭa	...	Saṁkṛiti	Bôdhâyana	⅜
Dharmarâja	...	...	Vatsa	...	¼
Nârâyaṇa	Son of Râghava	...	Bhârgava	Jaimini	⅛
Sûryanârâyaṇa	„ Bhâskarabhaṭṭa	...	Bharadvâja.	Âpastamba	1
Chokkâvadhânin	„ Śiṅgiri	Yajus	Lôhita	...	½
Chidambarâvadhânin	„ Varadabhaṭṭa	...	Kauśika	Âpastamba	½
Râmâvadhânin	„ Jagannâtha	Yajus	Âtrêya	...	½
Śrînivâsa	„ Râmachandrabhaṭṭa	Do.	Kauśika	...	1
Agastya	...	...	...	...	½
Râmaliṅga of Koṇḍavîṭi[1]	...	...	...	...	⅜
Sarvanâtha	...	Ṛich	Âtrêya	...	½

[TOTAL : 61½.[2]]

[1] *i.e.* Koṇḍavîḍu in the Kistna district; see page 60 above, line 2 from top.

[2] This total, if added to the half of a field mentioned in line 249, agrees with the statement made in verse 45, that the village of Kûniyûr was divided into sixty-two shares.

2 L

ആകെ 62 ഷെയറായി ഭാഗിച്ച ഗ്രാമത്തിലെ ഏറ്റ വും വലിയ ഓഹരിയായ അഞ്ചേമുക്കാൽ

ഋഗ്വേദിയായ അയ്യഭട്ടനാണ്
ലഭിച്ചിരിക്കുന്നത്. ധാരാളം
വൃക്ഷങ്ങളുള്ളതും കർണ്ണാടകനദിക്ക്
തെക്കുള്ളതുമായ വിശിഷ്ടഗ്രാമം
ക്ഷേത്രത്തോടും കപാടജാലികളോടും
തിരുതുവലയത്തോടും മടപ്പാറയോടും
കീഴേക്കലിപ്പലയോടും കാരക്കു
റിച്ചിയിലെ അഞ്ചര മാവോടും
വാമനരൂപം കൊത്തിയ
അതിർത്തിക്കല്ലുകളോടും തെക്കോട്ട്
ഒഴുകുന്ന നദിയുടെ പടിഞ്ഞാറേ തീരത്ത്
കാര ക്കുറിച്ചിയുടെ കിഴക്ക്
ഉദ്യാനത്തോടും കൂടി സർവ്വമാന്യമായി,
ദേവദേയമായി, ദാനം ചെയ്തിരിക്കുന്നു.
അരക്ഷേത്രം വാങ്ങി ഗ്രാമ ദേവതക്ക്
സമർപ്പിക്കുന്നു. പണ്ഡിതന്മാരാകുന്ന
താമരകൾക്ക് ചന്ദ്രനും ഭൂമിയിലെ
ദേവേന്ദ്രനു മായ വെങ്കടപതിരായന്റെ
ശാസനം.

പ്രവരസേന 2 ദൂദിയ പ്ലേറ്റുകൾ

ഛിന്ദ്വാരജില്ലയിലെ. അസർ
പർഗാനയിലാണ് ദൂദിയ. 4 പ്ലേറ്റ്.

ദക്ഷിണേന്ത്യൻ അക്ഷരങ്ങളാണ്. ഗുപ്തപ്ലേറ്റുകളിലും (ഫ്ലീറ്റ്) ശരഭപുരിയിലും ഈ അക്ഷരങ്ങളെ ബോക്സ് ഹെഡ് ശൈലിയി ലാണ് എഴുതുന്നത്. ഇവിടെയും അതേപോലെ യാണ്. ഭാഷ സംസ്കൃതം. സീലിലെ ലിഖിതവും വ്യാസവാക്യവും ഒഴികെ മറ്റെല്ലാം ഗദ്യമാണ്. സന്ധിനിയമം അനുസരിക്കുന്നില്ല. ദീർഘസ്വ രത്തിനു പകരം ഹ്രസ്വം ഉപയോഗിക്കുന്നുണ്ട്. വാകാടകമഹാരാജാ പ്രവരസേന 2 ആണ് ലിഖിതം എഴുതിച്ചത്. ഗോലദാസ(കോലദാസ) നാണ് എഴുതിയത്. 21ആം ഭരണവർഷം നമി ദാസൻ സേനാപതിയായിരുന്ന കാലത്താണ്. രാജ്യത്തിലെ ആരമ്മിയിലെ ചന്ദ്രപുരസംഗമിക യിലെ ദർഭമലകയിൽ 25 ഭൂമി നിലം കൌശിക ഗോത്രത്തിലെ യക്ഷാര്യനും ഹിരണ്യപുരഭോ ഗത്തിലെ കർമ്മകാരഗ്രാമം 60 ഭൂമി കൌണ്ഡി ന്യഗോത്രത്തിലെ കാളിശർമ്മനും ദാനം കൊടു ത്തു. പ്രവരപുരത്തുനിന്നാണ് ദാനം ചെയ്തിരി ക്കുന്നത്. ചന്ദ്രപരുരസംഗമിക ചന്ദ്രപുരത്തിന

ടുത്തു വെച്ച് സംഗമിക്കുന്ന 2 നദികളാവാം. വെൺഗംഗനദിയുടെ പടിഞ്ഞാറും സിവാനിയു ടെ തെക്കുമായി കിടക്കുന്ന ചന്ദ്പൂരാണ് ചന്ദ്രപു രം.

വരി 12 വരെ വംശാവലിയാണ്. വരി 25 വരെ ദാനസംബന്ധമായ കാര്യങ്ങളാണ്. പിന്നീട് ഈ ദാനം സംരക്ഷിക്കാനും പിഴ വരുത്തിയാലുള്ള ശിക്ഷയും മറ്റുമാണ്. 11ആം വരിയിൽ മഹാരാ ജാധിരാജാ ദേവഗുപ്തനാണ് പ്രവരസേനന്റെ അഛനെന്ന് പറയുന്നു.

Dudia Plates of Pravarasena II.



E. HULTZSCH. W. GRIGGS, PHOTO-LITH.

SCALE ·75.

iii a.

iii b.



Seal.

1 ദൃഷ്ടം പ്രവരപുരാത് അഗ്നിഷ്ടോമാപ്തോര്യാ മോക്തൃ

ഷോഡശ്യതിരാത്രവാജപേയ ബൃഹ
സ്പതീ-

2.ശ വഷദ്യാക്ഷരചതുരാശ്വമേധയജിനാ
വിഷ്ണുവൃദ്ധസഗോത്രസ്യ സമ്രാത
വാകാടകാനാം മഹാരാജാ

3 ശ്രീപ്രവരസേനസ്യ സൂനോ സൂനോ
അത്യന്ത സ്വാമീ മഹാഭൈരവഭക്തസ്യ
അംശഭാരസന്നി

4 വേശിതശിവലിംഗോദ്വാഹന
ശിവസുപരി തുഷ്ട സമുത്പാദാനാം
രാജവംശാനാംപരാക്രമാ

5 ധിഗത ഭാഗീരഥി
അമലജലമൂർദ്ധാഭിഷിക്താനാ
ദശാശ്വമേധ അവഭൃതസ്നാതാനാം

6.ഭാരശിവാനാം മഹാരാജശ്രീഭവനാഗ
ദൌഹിത്രസ്യ ഗൌതമിപുത്രസ്യ പുത്രസ്യ
വാകാടകാനാം

7. മഹാരാജ ശ്രീരുദ്രസേനസ്യ സൂനോ
അത്യന്തമഹേശ്വരസ്യ
സത്യാർജ്ജവകാരുണ്യ

8 ശൌര്യവിക്രമ
നയവിനയമാഹാത്മ്യധീമത്വ പാത്രഗത

ഭക്തിത്വധർമ്മവിജയീത്വ
മനോനൈർമ്മല്യാദിഗുണൈ

9 സമുദിതസ്യ വരാഹശതംഅഭിവദ്ധമാന
കോശദണ്ഡസാധനസന്താനപുത്രപൌത്രി
നാ യുധിഷ്ഠിരവൃത്തേർ

10 വാകാടകാനാം മഹാരാജാ ശ്രീ
പൃഥിവീസേ നസ്യ സൂനോ
ഭഗവതശ്ചക്രപാണേ പ്രസാദോപാ ർജ്ജിത
ശ്രീസമുദയസ്യ

11 വാകാടകാനാം മഹാരാജാ
ശ്രീരുദ്രസേനസ്യ സൂനോ
മഹാരാജാധിരാജാ ശ്രീദേവഗുപ്ത

12 സുതായാ പ്രഭാവതിഗുപ്തായാം
ഉത്പന്നസ്യ വാകാടകാനാം മഹാരാജാ
ശ്രീപ്രവരസേനസ്യ
13 വചനാത് ആരമ്മിരാജ്യേ അസ്മത്
സന്തകാസർവ്വാദ്ധ്യക്ഷനിയോഗനിയു
ക്താ ആജ്ഞാസഞ്ചാരികുല
14 പുത്രാധികൃത ഭടാശ്ചാത്രശ്ച വയ്യൂഷത
പൂർവ്വാമേയാജ്ഞായജ്ഞാപയിതവ്യ.
വിദിതം അസ്തു വവോ യഥേ ആസ്മാഭി-
15 രാത്മനോ ധർമ്മായുർബ്ബലമൈശ്വര്യ
വിവൃദ്ധായേ ഇഹാമുത്രഹിതാർത്ഥം

ആത്മാനുഗ്രഹായ വൈജയൈകേ
ധർമ്മസ്ഥാനേ ചന്ദ്രപുര-
16 സംഗമികായാം ദർഭാമലകേ ഭൂമേ
പാഞ്ചവിശം കൌശികസഗോത്രായാം
യക്ഷാര്യായ ഹിരണ്യപുരഭോഗേ
17 കർമ്മകാരഗ്രാമെ ഭൂമേ ഷഷ്ഠി
കൌണ്ഡിന്യ സഗോത്രായ
കാളിശർമ്മായ
അപൂർവ്വദത്യൌദകപുർവ്വം
18 അതിശ്രിഷ്ട ഉച്ചിതാശ്ചാസ്യ
പൂർവ്വരാജാ നുമതാം
ചാതുർവൈദ്യഗ്രാമമയ്യദാ പരി
ഹാരാർത്ഥം വിതരാമസ്ഥ
19 തദ് യഥാ അകരദായിന്യാൻ
അഭടഛത്ര പ്രാവേശ്യ അപാരം
പരഗോബലിവര്ദ്ധ അപുഷ്പക്ഷീര
20 സൌദേഹാൻ
അവാഛാരാസനചർമമ്മാം ഗാനൌ
അലവനക്ലിന്നക്രേണികാനാം
സർവ്വവിഷ്ടിപരിഹാര പരിഹൃതൌ
21 സന്നിധിസ്സോപാനിധി ശക്ലിപ്തോപ
ക്ലിപ്തൌ ആച്ചന്ദ്രാദിത്യകാന്യാൻ
പുത്രപൌത്രാനുഗാമീ ഭുഞ്ജാത ന
കേനചി-

22 വ്യാഘാതം കർത്തവ്യ.
സർവ്വക്രിയാഭിസ്സം രക്ഷിതവ്യ.
പരിവർദ്ധയതിവ്യ ച യഛരാസ്മഛരാസന
മഗനനയ-
23 മാനേന സ്വദ്ക്ഷാൽപ്പം അപി
പരിബാധാം കുര്യാദ് കാരയിതാ വാ
തസ്യ ബ്രാഹ്മണൈർ വേദിതസ്യ
സദന്ത-
24 നിഗ്രഹാൻ കുര്യാമ അസ്മീശ്ച
ധർമ്മാധാര കരണേ
അതീതാനേകരാജദത്തം സഞ്ചിത്തന
പരിപാലനം
25 കൃതപുണ്യാനുകീർത്തന
പരിഹാരാർത്ഥന കീർത്തയാമ
സങ്കൽപ്പാഭിദ്യോത
പരാക്രമോപജാതന വർത്തമാനാ-
26 നാജ്ഞാപയാമ ഏഷ്യാ
തത്കാലപ്രഭവി ഷ്ണു ഗൌരവാംദ്
ഭവിഷ്ണുവിജ്ഞാപ യാമ
വ്യാസഗീതാശ്ചാത്രശ്ലോകാ
27 പ്രമാണീ കർത്തവ്യ. സ്വദത്തം
പരദത്തം വാ യോ ഹരേത
വസുന്ധരാം ഗവം ശതസഹ സ്രായ
ഹതുൻ(ർ)ഹരതി

28 ദുഷ്കൃതം. സംവത്സരേ
ത്രയോവിത്സമേ വരാഹപക്ഷേ
ചതുർത്ഥേ ദിവസേ ദശമേ
സേനാപതൌ
29 നമിദാസേ. ലിഖിതം ഗോലദാസേന.

സീലിലെ ലിഖിതം

1. വാകാടകലലാമസ്യ
2. ക്രമപ്രാപ്യ നൃപാശ്രിയം
3. രാജ്ഞാ പ്രവരസേനസ്യ
4. ശാസനം രിപുശാസനം

മത്തനദേവന്റെ രജോർ ലിഖിതം (ശകം 1016)

രജപുത്താനയിലെ രജോഗാർഹ് ജില്ലയിലെ തകർന്നുകിടക്കുന്ന പരനഗറിലെ ഗ്രാമമായ രജോറിലെ മലമുകളിലെ ജീർണ്ണിച്ച ശിവമഹാ ദേവക്ഷേത്രത്തിൽനിന്ന് കിട്ടിയത്. നാഗരിലിപി. വിഗ്രഹരാജന്റെ ഹർഷലിഖിതത്തിലെ ലിപി യോട് സാമ്യം.സംസ്കൃതഭാഷ. നാലു ശ്ലോകം ഒഴികെ എല്ലാം ഗദ്യമാണ്. വ,ബ ഇവക്ക് വ

ആണ് ഉപയോഗിച്ചിരിക്കുന്നത്. 11-12 വരി കളിൽ റെവന്യൂ സംബന്ധമായ പദങ്ങളുണ്ട്. ഇവ സംസ്കൃതമല്ല.

1-3 വരി പരമഭട്ടാരക പരമേശ്വര മഹാരാജാ ധിരാജാ വിജയപാലദേവനെ പറയുന്നു. അദ്ദേ ഹം പരമഭട്ടാരക പരമേശ്വര മഹാരാജാധി രാജാ ക്ഷിതിപാലദേവന്റെ പദധ്യാനം ചെയ്യുന്ന വനാണ്. മാഘത്തിലെ ശുക്ലപക്ഷത്രയോദശി ശനിയാഴ്ച ശകം 1016 ഗുർജ്ജരപ്രതിഹാര വംശത്തിലെ മഹാരാജാധിരാജ സാവതയുടെ മകൻ മഹാരാജാധിരാജ പരമേശ്വര മത്തനദേവ രാജ്യപുരത്തിലിക്കവേ, ഉദ്യോഗസ്ഥരേയും ഗ്രാമവാസികളേയും ഗമാഗമികന്മാരേയും മഹത്തര, മഹത്തമന്മാരേയും വ്യാപാരിക ളേയും പ്രവണികളേയും തന്റെ അധീനത്തിലുള്ള വംശപോതകഭോഗത്തിലെ വ്യാഘ്രപാതകഗ്രാ മനിവാസികളേയും വിളിച്ചുവരുത്തി. അമ്മ ലച്ചുകയുടെ നാമത്തിൽ പ്രതിഷ്ഠിച്ച ലച്ചുകേ ശ്വരഹാദേവപ്രതിഷ്ഠാവേളയിൽ വ്യാഘ്രപാത കഗ്രാമം ക്ഷേത്രത്തിന്

എല്ലാ അതിരുകളോടും പുല്ലും മേച്ചിൽപ്പുറവും വരിവരിയായി മര ങ്ങളുള്ള ഉദ്രാംഗവും ജലസ്രോതസ്സും ഭോഗ, മയുതവരവുകളോടും ധാന്യം,ഖലഭിക്ഷ, പ്രസ്ഥക, സ്കന്ധക, മാർഗ്ഗനക, അപുത്രികാധന, നഷ്ടിഭരത ഇവയോടും ഗുർജ്ജരന്മാർ കൃഷി ചെയ്യുന്ന വയലുകളോടും കൂടി ദാനം ചെയ്തു. ഈശ്വരനെ മൂന്നുനേരം കുളിപ്പിക്കാനും, ദീപ ധൂപസുഗന്ധനൈവേദ്യപുഷ്പപൂജക്കും വിള ക്കിനും എണ്ണക്കും കേടുവന്നതെല്ലാം നന്നാക്കാ നും കുമ്മായത്തിനും അരക്കിനും ജോലിക്കാരു ടെ കൂലിക്കും ഉത്സവത്തിനും ഉപനയനത്തിനും തോട്ടക്കാരുടെ കൂലിക്കും ഇത് ഉപയോഗിക്ക ണം. ഈ ക്ഷേത്രഫണ്ട് ഏൽപ്പിക്കുന്നത് ഓങ്കാര ശിവാചാര്യനെയാണ്. അദ്ദേഹത്തിന്റെ ഗുരു പരമ്പര പറയുന്നു. സോപുരീയത്തിൽ ആരംഭി ച്ച ആമർദ്ദകഗുരുപരമ്പരയിലെ അംഗവും, രാജപുരത്തിലെ നിത്യപ്രമുദിതദേവപുരമ ഠത്തിലെ അംഗവുമാണ് ഇദ്ദേഹം. ഈ മഠം

ഛാത്രപുരത്തിലെ ഗോപാലദേവീതടാകപാലി മഠത്തോട് ബന്ധപ്പെട്ടതാണ്. ശ്രീകണ്ഠാചാര്യശി ഷ്യൻ രൂപശിവാചാര്യൻ. അദ്ദേഹത്തിന്റെ ശിഷ്യനാണ് ഓങ്കാരശിവാചാര്യൻ. ശാസനം ദെദ്ദൻ രചിച്ചു, അദ്ദേഹത്തിന്റെ മകൻ സൂരപ്ര സാദൻ എഴുതിയെടുത്തു. ശിൽപ്പി ഹരി കൊത്തിവെച്ചു.

ലച്ചുകേശ്വരനും വിനായകനുമായി വേറെയും ദാരങ്ങളുണ്ട്.കൃഷിയിടത്തിൽനിന്ന് ചന്തയിലേ ക്ക് എത്തുന്ന ഓരോ ചാക്ക് വിളവിനും 3 വിംശോപകം, ഓരോ ഘടകകൂപകം നെയ്യിനും എണ്ണക്കും 2 പാലിക, (ഘടം രുടവും കൂപകം എണ്ണ നിറക്കുന്ന തോൽസഞ്ചിയുമാണ്), ഓരോ പീടികക്കും 2 വിംശോപകം, നഗരത്തിനു പുറത്തുനിന്ന് വരുന്ന ഓരോ ചൂലിക (കെട്ട്) ഇലക്കും 50 ഇല. മത്തനന്റെ ഒപ്പോടുകൂടി ലിഖിതം അവസ്സിക്കുന്നു.

വിക്രമശകം 1016 എഡി 960 ജനുവരി 14നാണ് ദാനം. ഇക്കാലത്ത് കാനൂജിലെ വിജയപാല ദേവനാണ് ഭരിക്കുന്നത്.

ക്ഷിതിപാലദേവൻ മഹീപാല അഥവാ ഹേരംബപാല എന്ന് അറിയുന്ന രാജാവാണ്. (917-18ൽ ഈ ലിഖി തത്തിന് 48 വർഷം മുമ്പ് അദ്ദേഹം ഭരിക്കു ന്നുണ്ട്) കാനൂജിലെ ക്ഷിതിപാലദേവന് ശേഷം എഡി 948ൽ ദേവപാലദേവനാണ് പിന്തുടരുന്നത് (വിജയപാലനല്ല) ദേവപാലന്റെ ഇളയ അനുജ നായിരിക്കണം വിജയപാലദേവൻ. അല്ലെങ്കിൽ ഒരേ രാജാവിന്റെ വേറൊരു പേരാവാം. മത്തനദേവനോ സാവതനോ ഗുർജ്ജരപ്രതിഹാ രവംശവൃക്ഷത്തിലില്ല. അവർ വടഗുജരശാ ഖയിലെ ആയിരിക്കാം. കാനൂജിലെ രാജാക്കന്മാ രുടെ സാമനതരായിരിക്കാം.

അപരാജിതന്റെ ബദന ഗ്രാന്റ്

താന ജില്ല ഭീവണ്ടി താലൂക്ക് ഭീവണ്ടിയിൽനിന്ന് 10 മൈൽ ദൂരെ ബേരഗ്രാമത്തിൽനിന്ന് കിട്ടിയത്. 3 പ്ലേറ്റ്. വൃത്താകൃതിയിലുള്ള സീലിൽ മുന്നോട്ട് അഭിമുഖമായി ഇരിക്കുന്ന ഗരുഢൻ മുഖം പക്ഷിയും ദേഹം മനുഷ്യനുമാണ്. കൈകൾ നമസ്കാരമുദ്രയിൽ മാറത്ത്

വെച്ചിരിക്കുന്നു. നാഗരി ലിപി. സംസ്കൃതഭാഷ. ഓം ഓം നമോ വിനായകായ എന്നാരംഭിച്ച് 39 വരി, 24 ശ്ലോകം വംശവൃക്ഷമാണ് ബാക്കി ദാനവിഷയമാണ്. അത് ഗദ്യമാണ്. മലഗലഗന്ധ (മലകളെ അടക്കിയ വൻ) നന്നസമുദ്ര (സത്യസമുദ്രം) മുതലായ വാക്കുകൾ സംസ്കൃതമല്ല.മലപരോലുഗന്ധ എന്നാൽ മലകളിലെ രാജാവെന്ന് ചില ലിഖി തങ്ങളിലുണ്ട്. മാത്രമല്ല, ഗന്ധകന്ദർപ്പ, രാത്ത കന്തർപ്പ,ഗന്ധമഹേന്ദ്ര എന്നും ചില ലിഖിത ങ്ങളിലുണ്ട്. ഇത് കന്തിരവ എന്ന് കേരളത്തിൽ വിളിക്കുന്ന വാക്കുതന്നെയാണ്. ശിലഹരമഹാ മണ്ഡലേശ്വരഅപരാജിതദേവനാണ് ലിഖിതം എഴുതിച്ചത്. 39 വരി വരെ അദ്ദേഹത്തിന്റെയും രാട്ട രാഷ്ട്രകൂട)രാജാക്കന്മാരുടേയും വംശാവലി. ലോണാദിത്യ(ലവണാതത്ത)നാമത്തിൽ അപരാ ജിതൻ ശകം 919ൽ ഉണ്ടാക്കിയ സൂര്യക്ഷേത്രം നിൽക്കുന്ന ബദനഗ്രാമത്തെ പിന്നീട് പറയുന്നു. 17

രാഷ്ട്രകൂടരാജാക്കന്മാരുടെ പേരു പറയുന്നു ണ്ട്.

1. ഗോവിന്ദരാജാ 1.
2. കർക്കരാജാ
3. ഇന്ദ്രരാജാ
4. ദന്തിവർമ്മൻ
5. കർക്കിരാജന്റെ മകൻ കൃഷ്ണരാജാ
6. ഗോവിന്ദരാജാ
7. അനുജൻ ധ്രുവൻ
8. മകൻ ജഗത്തുംഗ
9. ദുർല്ലഭഅമോഘവർഷൻ
10. അദ്ദേഹത്തിന്റെ മകൻ കൃഷ്ണരാജാ
11. ജഗത്തുംഗന്റെ മകൻ ഇന്ദ്രദേവ നിത്യവർഷ
12. അദ്ദേഹത്തിന്റെ മകൻ അമോഘവർഷൻ (1 വർഷം മാത്രം ഭരിച്ചു)
13. അനുജൻ ഗോവിന്ദരാജ സുവർണ്ണവർഷ
14. അദ്ദേഹത്തിൻ അമ്മാമനും ജഗത്തുംഗന്റെ മകനും നിത്യംവർഷന്റെ അനിയനുമായ വഡ്ഡിഗദേവ
15. കൃഷ്ണരാജാ
16. ഖൊട്ടികദേവ

17. നിരുപമന്റെ മകൻ കക്കാല

ആദ്യത്തെ അമോഘവർഷന്
ദുർല്ലഭനെന്നും രണ്ടാമത്തെ
അമോഘവർഷൻ ഒരു വർഷമേ
ഭരിച്ചിട്ടുള്ളു എന്നതും ഈ ലിഖിതത്തിലേ
ഉള്ളു.മറ്റു രാഷ്ട്രകൂടലിഖിതങ്ങളിലില്ല.
കക്കാ ലനെ പടിഞ്ഞാറൻ ചാലൂക്യ
തൈലപൻ കൊടു ങ്കാറ്റ് തീയിനെ
എന്നപോലെ കെടുത്തിക്കളഞ്ഞു എന്ന്
പറയുന്നുണ്ട്.

അപരാജിതന്റെ വംശവൃക്ഷം
ജീമൂതകേതു പുത്രനായ
ജീമൂതവാഹനനിലാണ് ആരംഭിക്കു
ന്നത്.ജീമൂതവാഹനൻ
ശിലഹാരവംശഭൂഷണമാ ണ്. കപർദ്ദി,
പുലശക്തി, കപർദ്ദി 2, വപ്പുവണ്ണ, ജംജാ,
അദ്ദേഹത്തിന്റെ സഹോദരനായ ഗൊഗ്ഗി
രാജാ, മകൻ വജ്ജടദേവൻ, മകൻ
മൃഗാംഗനെന്ന അപരാജിതൻ.
പരമഭട്ടാരകപരമേശ്വരമഹാരാജാധിരാജ
കക്ക ലദേവന്റെ പതനത്തോടെ
രാഷ്ട്രകൂടഭരണം അവ സാനിക്കയും
മാന്യഖേദം അവകാശികളില്ലാതെ

കിടക്കുകയും ചെയ്ത സമയത്ത്, മഹാസാമന്ത മഹാമണ്ഡലികേശ്വര അപരാജിതദേവ പഞ്ച മഹാശബ്ദങ്ങളുടെ അവകാശവും ജീമൂതവാഹ നന്റെ ഗരുഡചിഹ്നവും ശീലിഹാരരാജകുമാര സ്ഥാനവും തഗരപുരാധീശത്വവും കാമദേവ സദൃശമായ രൂപവും ജ്ഞാനവും കൊണ്ട് ആ സ്ഥാനം അലങ്കരിക്കാൻ നിയുക്തനായി. പടി ഞ്ഞാറിന്റെ നെറ്റിപ്പതക്കമായി, സത്യസമുദ്രമാ യി, ഉജ്വലസൂര്യനായി, ശനിവാരവിജയി യായി.വിളങ്ങി. രാജപുത്രരേയും ഗ്രാമവാസി കളേയും ഉദ്യോഗസ്ഥരേയും സ്ഥാനീയരേയും ത്രിവർണ്ണികളേയും വിളിച്ചുകൂട്ടി, ശകം 919. ആഷാഢം കൃഷ്ണചതുർത്ഥി, ഹേമലംബവ ർഷം ദക്ഷിണായനപുണ്യകാലത്ത് കർക്കിടക സംക്രാന്തിക്ക് സ്ഥാനകത്തിൽ(താനേ) താമസി ക്കുന്ന സമയത്ത് ഉദകപൂർവ്വം ദാനം ചെയ്തു. ഗുണപുരനഗരമുഖ്യൻ, അംബുശ്രേഷ്ഠിൻ ബാപ്പയ്യശ്രേഷ്ഠിൻ എന്നീ വ്യാപാരികൾ, പുരോഹിതൻ ഭോജക ചേലപ്പയ്യു, ബ്രാഹ്മണൻ ഗോവനൈയ്യ

ഇവരാണ് ദാനം വാങ്ങിയത്. ഇവരെല്ലാം ഹരി,ഹര,ഹിരണ്യഗർഭ, അഗ്നി മുതലായ ദേവന്മാരിൽ ഉറച്ച ഭക്തിയുള്ളവ രാണ്. കൊങ്കണത്തിലെ മാഹിരിഹാരവിഷ യത്തിലെ 1400 ഗ്രാമങ്ങളിലൊന്നാണ് ബാദന.
ലോണാദിത്യസൂര്യക്ഷേത്രത്തിലേക്ക് പൂക്കളും സുഗന്ധവും ദീപവും ധൂപവും നിവേദ്യവും ഉത്സവവും നടത്താനും കേടുപാട് തീർത്തു സംരക്ഷിക്കാനുമാണ് ദാനം.

ബാദനയുടെ അതിർത്തികൾഃ-വടക്ക് പദിഗഹ ഗ്രാമത്തിലെ ഭിന്നാരവയൽ, പടിഞ്ഞാറ് ആസ ഛാദിഗ്രാമം.തെക്ക് മുരുളനദി. കിഴക്ക് കുംഭാരി നദി. ഉദ്രംഗവും പരികരവും വൃക്ഷങ്ങളും അതിർത്തികളും വിട്ടുകൊടുത്തിട്ടുണ്ട്. സംഗ ലയ്യനെ മഹാമാത്യനായും, സീഹപ്പയ്യനെ മഹാ സന്ധിവിഗ്രഹനായും നിയമിച്ചു. സംഗമയ്യന്റെ മകനും കീഴുദ്യോഗസ്ഥനുമായ അന്നപ്പയ്യനാണ് സംഗമയ്യന്റെ നിർദ്ദേശപ്രകാരം ലിഖിതം എഴു തിച്ചത്. വർഷം തോറും നഗരത്തിൽനിന്ന് 260 ദ്രമ്മം ക്ഷേത്രത്തിന്

കൊടുക്കണം. ജൂൺ 26 എഡി 99നാണ് ദാനം നടന്നത്.

തിരുക്കഴുംകുൻ്റം ലിഖിതങ്ങൾ:-

1.രാജകേസരിവർമ്മൻ:-

സ്വസ്തിശ്രീ കോ ഇരാജകേസരിപർമ്മരുക്കു യാണ്ടു ഇരുപത്തേളാവതു കളത്തൂർക്കോട്ടത്തു ത്തൻ കൂറ്റു ത്തിരുക്കളുങ്കുറ്റത്തു ശ്രീമൂലസ്ഥാനത്തു പെരുമാൻ അടികളുക്കു ഇരൈയിലിയാഗ സ്കന്ദവിഷയൻ കുടുതിത മൈയിലപ്പാടിയൈ പാദാവിക്കൊണ്ട നരസിം ഗപ്പൊറ്ററയരും അപ്പരിശേ രക്ഷിത്തമൈയിൽ അന്ദുരൈയൻ ഗുണവൻ മകൻ പുത്തൻ വിണ്ണപ്പത്തിനാൽ പൂർവ്വരാജാക്കൾ വൈത്ത പടിയേ വൈത്തേൻ ഇരാജകേസരിപർമ്മനേൻ ഇദ്ധർമ്മം രക്ഷിത്താൻ അടിയേൻ മുടിമേലിന

രാജകേസരിവർമ്മൻ്റെ 2ആം ഭരണവർഷച്ചിലെ ലിഖിതമാണ്. മുമ്പ് സ്കന്ദശിഷ്യനെന്ന രാജാവ് നടപ്പാക്കിയതും

വാതാപിക്കൊണ്ട നരസിംഹ പ്പൊട്ടരായർ ഉറപ്പിച്ചതുമായ ദാനം വീണ്ടും ഉറപ്പിക്കുകയാണ്. പുതിയ ദാനമല്ല. പാലക്കാട്, ദശനപുരം, കാഞ്ചീപുരം എന്നീ സ്ഥലങ്ങളിൽനി ന്ന് ശാസനം പുറപ്പെടുവിക്കുന്ന സ്കന്ധവർമ്മ പല്ലവനാണ്   സ്കന്ധശിഷ്യൻ. നരസിംഹപൊട്ട രയപല്ലവനേക്കാളും പ്രാചീനനാണ്. പല്ലവനര സിംഹവർമ്മന്റെ തമിഴു പേരാണ് നരസിംഹ പൊട്ടരയനെന്നത്.(പോട്ടു അഥവാ പൌധ എന്നത് തളിരെന്നതിന് പറയുന്ന പേരാണ്. സംസ്കൃതത്തിൽ അത് പല്ലവനെന്നാവുന്നു) വാതാപിക്കൊണ്ട എന്ന പദം ഇദ്ദേഹം നരസിം ഹ 1 ആണെന്ന് തെളിയിക്കുന്നു. പരമേശ്വരവ ർമ്മ 1 ന്റെ കുറം പ്ലേറ്റിലും നന്ദിവർമ്മപല്ലവ മല്ലന്റെ ഉദയേന്ദ്രം പ്ലേറ്റിലും ഇദ്ദേഹം വാതാ പിയെ നശിപ്പിച്ചതായി പറയുന്നു. പുലികേശി 2 അഥവാ വല്ലഭരാജന് ഇദ്ദേഹം ശത്രുവായിരുന്നു. മഹാവംശം നരസിംഹനും വല്ലഭനും തമ്മിലു ള്ള കലഹത്തിൽ അപ്പോൾ ഇന്ത്യയിൽ താമസി ച്ചിരുന്ന മാനവമ്മനെന്ന

ശ്രീലങ്കൻ രാജാവ് പല്ല വനെ സഹായിച്ചതായി പറയുന്നു. 63 നായനാർമാരുടെ കഥ പറയുന്ന പെരിയപുരാണം സിരുത്തൊണ്ടെനായനാരുടെ കാലത്ത് വാതാപി നശിപ്പിക്കപ്പെട്ടത് പറയുന്നുണ്ട്. വലിയ യോദ്ധാവായിരുന്ന ഈ നായനാർ വാതാപിയെ തന്റെ യജമാനനായ നരസിംഹ പല്ലവനു വേണ്ടി നശിപ്പിച്ചു. സിരുത്തൊണ്ടെ നായനാരുടെ ഗൃൃഹത്തിൽ ചെന്ന് തിരുജ്ഞാന സംബന്ധർ അദ്ദേഹത്തെ സന്ദർശിച്ചിട്ടുണ്ട്. അതിനാൽ നരസിംഹപല്ലവനും തിരുജ്ഞാന സംബന്ധരും സമകാലീനരാണ്. ചാലൂക്യപുലി കേശി 2 കാലത്താണ് ഇവരുടെ കാലവും. സംബന്ധർ കുട്ടിയായിരിക്കുമ്പോൾ വൃദ്ധനായിക്കഴിഞ്ഞിരുന്ന തിരുനാവുക്കരശനെന്ന അപ്പരെ ആദ്യം ഒരു പല്ലവരാജാവ് ഉപദ്രവിക്കയും പിന്നീട് ആദരിക്കയും ചെയ്തിട്ടുണ്ട്.ഗുണധര വിച്ചരത്ത് ഗുണധരേശ്വരനെ പ്രതിഷ്ഠിച്ച ഈ രാജാവിന് ഗുണധരനെന്നും പേരുണ്ടായിരുന്നു. ചിങ്കൽപേട്ടിനടുത്ത്

വല്ലം ഗുഹാക്ഷേത്രത്തിലെ പഴയ ലിഖിതം ഗുണഭരനെന്ന മഹേന്ദ്രപോത്തരാ ജനെ പറയുന്നു. നന്ദിവർമ്മപല്ലവമല്ലന്റെ ഉദയേ ന്ദ്രം പ്ലേറ്റിലെ രണ്ട് മഹേന്ദ്രവർമ്മന്മാരിൽ ഒരാ ളാണ് ഇത്. ഗുണഭര, ഗുണധര ഇവയുടെ സാമ്യം വെച്ച് ഇദ്ദേഹത്തെ മഹേന്ദ്രപോത്തരാജനെന്ന ഗുണധരനായി മനസ്സിലാക്കണം. ഇദ്ദേഹം തിരു നാവുക്കരശനെ ഉപദ്രവിക്കയും ആദരിക്കയും ചെയ്ത, സംബന്ധരേക്കാളും വയസ്സുള്ള , വ്യക്തിയാണ്. രാജകേസരിവർമ്മന്റെ കാലം നിർണ്ണയിക്കുമ്പോൾ ഇതെല്ലാം കണക്കിലെടു ക്കണം. രാജകേസരി, പരകേസരി എന്ന് ചോള രാജാക്കന്മാർ ഒന്നിടവിട്ട് എടുക്കുന്ന ബിരുദനാ മമാണ്. സ്വന്തം പേരല്ല. മതിരൈക്കൊണ്ട പര കേസരിവർമ്മൻ ഒന്നാം പരാന്തകചോളനു മുമ്പാണ് പിന്നിലല്ല അദ്ദേഹത്തിന്റെ കാലം. പൂർവ്വരാജാക്കന്മാർ കൊടുത്ത ദാനത്തിന്റെ വിശദവിവരം ഇവിടെ പറയുന്നില്ല. പുത്തൻ (ബുദ്ധൻ) കൊടുത്ത വിണ്ണപ്പപ്രകാരമാണ് ദാനം എന്നല്ലാതെ ആ വ്യക്തിയുടെ വിവരങ്ങളുമില്ല. രാജകേസരിവർമ്മന്റെ

കാലത്തുതന്നെ പല്ലവ രാജ്യം (അല്ലെങ്കിൽ അതിന്റെ ഒരു ഭാഗം) ചോള ന്മാരുടെ അധീനത്തിലാണെന്ന് ഇവിടെ മനസ്സിലാവുന്നു.തിരുക്കഴുംകുന്റേം കളത്തൂർകോട്ടത്തി ലാണ്. തിരുക്കുഴുക്കുന്റക്കൂറ് എന്ന് ഉപയോഗിച്ചിരിക്കുന്നു.തെക്കുംകൂറ് വടക്കുംകൂറ് എന്നെ ല്ലാം കേരളത്തിൽ പറഞ്ഞിരുന്നതുപോലെ. പാദാപി, വാതാപി , വാദാവി എന്നെല്ലാം ബാദാമിക്ക് പഴയ പേരുകളാണ്.ആന്ദൂരൈ ഗുണവാന്റെ മകനാണ് പുത്തനെന്ന് വിണ്ണപ്പം കൊടുത്തയാളെ വിശേഷിപ്പിച്ചിട്ടുണ്ട്. ചോളരുടെ തമിഴുലിഖിതങ്ങലിൽ അതുവരെ കിട്ടയതിൽ പഴക്കം കൂടിയതാണ് ഇതെന്ന് എപ്പിഗ്രാഫിക്ക ഇൻഡിക്കയിൽ(വാള്യം 3) പറയുന്നുണ്ട്.

2.പരാന്തക 1 മതിരൈക്കൊണ്ട ചോഴൻ

സ്വസ്തിശ്രീ മതിരൈക്കൊണ്ട കോപ്പരകേസരി വർമ്മർക്കു യാണ്ടു പതിമ്മൂന്റാവതു കളത്തൂ ർക്കോട്ടത്തു തൻകൂറ്റു തിരുതളുക്കുന്റത്തു

ശ്രീമൂലസ്ഥാനത്തു പ്പെരുമാനുക്ക്
ആമൂർക്കോട്ട ത്തുക്കരൈക്കാട്ടൂർ
നെടുമാർച്ചാത്തൻ ചേന്ദിപ്പേ രായനും
ഇവൻ തായാർ കോലിനങ്കൈയുമാക
വൈത്ത നന്ദാവിളക്ക് ഒന്റു. ഇത്
ചന്ദ്രാദിത്തവർ ഇത്തർമ്മം രക്ഷിപ്പാർ.
സഭൈയാർ.

പരാന്തക 1 മധുരാന്തകനെന്നും
മധുരൈക്കൊണ്ട ചോളനെന്നും
പേരുണ്ടെങ്കിലും യഥാർത്ഥനാമം
വീരനാരായണനെന്നാണ്.
വീരനാരായണഏരി (വിരട്ടാണം)
ഇദ്ദേഹമാണ് ജലസേചനയോഗ്യ മാക്കി
നിർമ്മിച്ചത്. തഞ്ചാവൂരിലെ തിരുപ്പൂന്തു
രുത്തിക്ഷേത്രത്തിലും (1)കാഞ്ചീപുരത്തെ
കൈലാസനാഥക്ഷേത്രത്തിലും (3)
ലിഖിതങ്ങൾ ഇദ്ദേഹത്തിന്റേതായി ഉണ്ട്.
ഉദയേന്ദ്രം പ്ലേറ്റിലെ തമിഴ് ഭാഗം
ഗംഗാബാണരാജാവ് പൃഥ്വീപതി 2 എന്ന
ഹസ്തിമല്ലൻ ഇദ്ദേഹത്തിന്റെ സമകാലീന
നാണെന്ന് കാണിക്കുന്നു. നന്ദിവർമ്മൻ
പല്ലവമ ല്ലനും ഇക്കാലത്താണ്. പരാന്തക 1
ആദിത്യചോ ളന്റെ മകനും
വിജയാലയചോളന്റെ പേരക്കുട്ടി യുമാണ്.
ബാണരാജാവിനെ തോൽപ്പിച്ച്
അദ്ദേഹത്തിന്റെ രാജ്യം ഗംഗ പൃഥ്വീപതി2
വിനെ ഏൽപ്പിച്ചു. പാമ്ഡ്യരാജാവ്
രാജസിംഹനേയും സിലോണിലെ

രാജാവിനേയും തോൽപ്പിച്ചു. ആ വിജയങ്ങൾക്കുശേഷം ചിദംബരത്തെ വ്യാഘ്രാഗ്ര ഹാരം (പുലിയൂരിലെ) സ്വർണ്ണം പൊതിഞ്ഞ് കനകസഭയാക്കി. തിരുവിശൈപ്പാ രചിച്ച കന്തർ ആദിത്തൻ (ഗാന്ധാരാദിത്യ) താൻ തഞ്ചൈ വാഴു ന്നതായും ഉറൈയൂർ വാഴുന്ന ചോഴൻ പാണ്ഡ്യ, സിംഹളരാജാക്കന്മാരെ തോൽപ്പിച്ചതായും (8ആം ശ്ലോകം) പറയുന്നു. തിരുവിശൈപ്പാവിലും വിക്രമചോളഉലായിലും കലിംഗത്തുപരണി യിലും ലൈഡൻ ഗ്രാന്റിലും ഇത് പറയുകയാൽ വിശ്വസനീയമെന്ന് കരുതണം. പരാന്തകന്റെ ഭാര്യ കേരളത്തിലെ രാജകുമാരിയാണ്. (ഉദയേന്ദ്രം പ്ലേറ്റ്)

ആമൂർക്കോട്ടത്തിലെ കരൈക്കാട്ടൂരിലെ നെടുമാ ൽ ചാത്തൻ ചേന്നിപ്പേരരയൻ, അവന്റെ അമ്മ കോലിനങ്ക (കോയിൽനങ്ക) എന്നിവരാണ് നന്ദാവിളക്ക് വെച്ചിരിക്കുന്നത്. ആചന്ദ്രതാരം സഭയുടെ സംരക്ഷണത്തിൽ ഈ ദാനം നിലനിൽക്കുമെന്നാണ് വാക്യം.

3, 4 ലിഖിതങ്ങൾ കണ്ണരദേവന്റെയാ ണ്.

17, 19 ഭരണവർഷങ്ങളിലെയാണ്. കാഞ്ചിയും തഞ്ചൈയും കൊണ്ട എന്ന്

വിശേഷണമുണ്ട്. പല്ലവചോളരാജ്യങ്ങളെ ഭരിക്കുന്നവനാണ്. എന്നാൽ 26ആം വർഷത്തിലെ വേലൂർ ലിഖിത ത്തിൽ ഈ വിശേഷണമില്ല. തിരുവണ്ണാമല അരുണാചലക്ഷേത്രത്തൽ 2 ഭാഗികലിഖിതങ്ങൾ കണ്ണരദേവന്റെയായിട്ട് ഉണ്ട്. ഇതിലും മേൽപ്പറ ഞ്ഞ വിശേഷണമില്ല. തിരുക്കഴുംകുന്റത്ത് (പല്ലവ രാജ്യം) ലിഖിതം കാണുന്നതിനാൽ ഈ ഭാഗം അദ്ദേഹം ഭരിച്ചിരുന്നു എന്നത് നിസ്തർക്കമാണ്. കണ്ണ എന്നത് കൃഷ്ണന്റെ തമിഴുപേരാണ്. രാഷ്ട്ര കൂടരും വിജയനഗരവുമല്ലാതെ ഈ പേര് സാധാ രണ ഉപയോഗിച്ച് കാണുന്നില്ല. രാഷ്ട്രകൂടർ പല പ്പോഴും ദക്ഷിണേന്ത്യയിലെ രാജാക്കന്മാരുമായി യുദ്ധം ഉണ്ടാക്കിയിട്ടുണ്ട്.ഉദാഹരണങ്ങൾഃ-

1. ഗോവിന്ദ 3 കാഞ്ചിപല്ലവ ദന്തിഗനിൽനിന്ന് കപ്പം വാങ്ങിയിട്ടുണ്ട്
2. പരാന്തകന്റെ സാമന്തനായിരുന്ന ഗംഗ രാജാ വ് പൃഥ്വീപതി 2 ന്റെ ഉദയേന്ദ്രം പ്ലേറ്റ്, അമോഘവർഷ 1 തന്റെ മുത്തശ്ശനായ പൃഥ്വീപതി 1നെ തോൽപ്പിച്ചത് പറയുന്നു.
3. ശകം 872 ആടക്കൂർ ലിഖിതം രാഷ്ട്രകൂട കൃഷ്ണ 3 (കണ്ണരദേവ) യുടെ ഗംഗസാമന്ത നായ ബുഡുഗ തക്കോലയുദ്ധത്തിൽ ചോള

രാജകുമാരനായ രാജാദിത്യനെ ചതിച്ചു കൊന്നതായി രേഖപ്പെടുത്തുന്നു. ശകം 862ലെ കൃഷ്ണ 3യുടെ ദിയോലി പ്ലേറ്റ് ദന്തിഗനേയും ബാപ്പുഗനേയും വധിച്ച്, രാച്ചമല്ലന്റെ (ആട ക്കൂർ ലിഖിതത്തിലുള്ള വ്യക്തി) ഗംഗാരാജ്യം ഭൂതാര്യന് കൊടുത്തതായി പറയുന്നു. (ഭുഡു ക ആടക്കൂർ ലിഖിതം)

4. ലൈഡൻ ഗ്രാന്റ് പരാന്തക 1 ന്റെ മകനായ രാജാദിത്യൻ കൃഷ്ണരാജാ (കൃഷ്ണ 3 രാഷ്ട്ര കൂട)വുമായുള്ള യുദ്ധത്തിലാണ് കൊല്ലപ്പെട്ട ത്.

രാജാദിത്യ പരാന്തക 1 (907-965 എഡി) മകനാണ്. അമ്മ കേരളത്തിലെ കോ കിഴാൻ അടികൾ. തക്കോലം യുദ്ധത്തിൽ (948- 49) അദ്ദേഹമാണ് സൈന്യാധിപൻ. അമ്മാമനായ വെള്ളൻ കുമരൻ എന്ന നന്ദിക്കരയിലെ വല്ലഭരാജാവാണ് അംഗ രക്ഷകൻ (പിന്നീട് ചതുരാനനപണ്ഡിതൻ എന്ന് പ്രശസ്തനായി). ലൈഡൻ (1006) തിരുവാലങ്കാട് 1088) പ്ലേറ്റുകൾ വളരെ കാലം കഴിഞ്ഞ് രാജരാജ 1, രാജേന്ദ്ര 2 കാലത്ത് ഉണ്ടായവയാണ്. ശ്രാവണബലഗോളയിലെ മാരസിംഹൻ (963-975) ലിഖിതം രാജാദിത്യനെ വധിച്ചത് ചേരരാജാവി ന്റെ വംശത്തിലെ ബുഡുഗ രണ്ടാമനാണെന്നതിൽ (തന്റെ വംശം) അഭിമാനിക്കുന്നു. ചോളസൈന്യ ത്തിന്റെ

സൈന്യാധിപനായ വെള്ളക്കുമരൻ ബുഡുഗൻ പിന്നിൽനിന്ന് (ചതിച്ച്) രാജാദിത്യനെ വധിച്ചത് രേഖപ്പെടുത്തുന്നു. ചോള സൈന്യ ത്തിലും രാഷ്ട്രകൂടസൈന്യത്തിലും കേരളരാ ജാക്കന്മാരുണ്ട് എന്നത് ശ്രദ്ധിക്കുക.

സ്ഥാണുകുലശേഖരനെന്ന കേരളരാജാവിന്റെ (844-70) സഹോദരിയെ ജയരാജാ വിവാഹം കഴിച്ചു. സ്ഥാണുഇരവിയുടെ മകൾ കോക്കിലാൻ അടികളും(935) സഹോദരീപുത്രി കിളാൻ അടി ഇരവിനീലിയും (936) പരാന്തക 1 ന്റെ ഭാര്യമാ രായി. കോക്കിളാൻ അടികളുടെ മകൻ രാജാദി ത്യനും കിളാൻ അടികൾ ഇരവിനീലിയുടെ മകൻ അരിഞ്ജയനുമാണെന്ന് എം ജി എസ് നാരായ ണൻ. വെള്ളൻ കുമരന്റെ അഛൻ വള്ളുവനാ ട്ടിലെ രാജശേഖരനാണ്. ധനിഷ്ടം നക്ഷത്രത്തിൽ പിറന്ന വല്ലഭരാഷ്ട്രനാഥനെന്നാണ് വെള്ളൻ കുമ രനെ പറയുന്നത്. അദ്ദേഹം സ്ഥാണുരവിയുടെയ ല്ല, രാജശേഖരന്റെ മകനാണ്. കണ്ണരദേവന്റെ ആക്രമണം രാജരാജന്റെ കാലത്തിനുമുമ്പാണ്. പരാന്തക 1 ന് മുമ്പുള്ള ചോളന്മാരാണ് പല്ലവ രാജ്യം കീഴടക്കിയത്. പരാന്തകനെപ്പോലെ ശക്തനും പാണ്ഡ്യസിംഹളരാജ്യങ്ങളെ കീഴട

ക്കിയവനുമായ ഒരു ചോളരാജാവ്
കാഞ്ചിയും തഞ്ചൈയും കൊണ്ട എന്ന്
ബിരുദം വെച്ച് ലിഖിതമെഴുതാൻ മറ്റൊരു
രാജ്യത്തുനിന്ന് വന്ന കണ്ണരദേവനെ
(രാഷ്ട്രകൂട) അനുവദിക്കുമെന്ന്
വിചാരിക്കാനും കൂടി സാദ്ധ്യമല്ല.
പരാന്തകനു മുമ്പ് 6
ചോളരാജാക്കന്മാർ(രാജാദിത്യ, ഗാന്ധാരാ
ദിത്യവർമ്മ, അരിഞ്ജയ, പരാന്തക 2,
ആദിത്യകരികാലആദിത്യകരികാല,
മധുരാന്തക) പ്രബലരായിരുന്നില്ല, അവർ
മറ്റുള്ളവരുടെ സാമന്തരായി ഭരിച്ചു.
ഇക്കാലത്തു മാത്രമേ രാഷ്ട്രകൂടരുടെ
ആക്രമണം സാധിക്കയുള്ളു.
(എന്നാലപ്പോൾ പരാന്തകപുത്രനായ
രാജാദി ത്യനില്ല) തക്കോല യുദ്ധം
പരാന്തകന്റെ അവസാ നകാലത്തോ
മരണശേഷമോ ആവണം. രാജാദിത്യന്റെ
വധസമയത്ത് പിതാവ് സുന്ദ രചോള
പരാന്തക 1 ജീവിച്ചിരിപ്പുണ്ട്. രാജാദി ത്യനെ
വധിച്ച ശേഷമാണ് കൃഷ്ണരാജന്റെ ആജ്ഞ
അനുസരിച്ച് ബുഡുക തഞ്ചാവൂരിനെ
ഉപരോധിച്ചത്. പരാന്തകചോളന്റെ
മരണത്തിനും രാജരാജചോളന്റെ
കിരീടധാരണത്തിനും ഇടയി ലുള്ള
ചെറിയ ഇടവേളയിലാണ് ഇത് സംഭവി ച്ചത്.
തക്കോളയുദ്ധത്തിലെ വിജയികൾ
അപ്പോൾ ഗാന്ധാരാദിത്യന്റെ

കീഴിലായിരുന്ന തഞ്ചാവൂരി ലേക്ക് മാർച്ച് ചെയ്തു.

കണ്ണരദേവനും കൃഷ്ണ എന്ന രാഷ്ട്രകൂടരാജാ വും ഒരാളല്ലെങ്കിൽ കണ്ണരദേവൻ ആരാണ്. ആദിത്യകരികാലന്റെ മകൻ കണ്ണനെന്ന മധുരാന്ത ക (ഉത്തമചോളന്റെ ഓർമ്മക്ക്) ചോളനാകാമോ എന്ന് ചിന്തിക്കണം.

മൂന്നാം ലിഖിതത്തിൽ നെടുമാൽ ചാത്തൻ ചെന്നി പ്പേരരയന്റെ നാട് കാരൈ (കാരൈക്കാട്ടൂരല്ല) എന്നേ ഉള്ളു. ഇതിൽ തിരുക്കഴുംകുന്റത്ത് അമ്പ ലം പണിത് അതിന് ഭൂമി നീക്കിവെച്ചതാണ് വിഷയം.

സ്വസ്തിശ്രീ കച്ചിയും തഞ്ചൈയും കൊണ്ട ശ്രീകണ്ണരദേവരുക്ക് യാണ്ട് പതിനേളാവതു കളത്തൂർകോട്ടത്തു തൻ കൂറ്റു ശ്രീമൂലസ്ഥാനത്തു പെരുമാനടികളുക്കു കാരൈയുടയ ബലദേവനാ കിയ പരാന്തകപ്പേരരയൻ വൈത്ത നന്താവിളക്ക് ഒന്റ്. ഇത് ചന്ദ്രാദിത്തവർ പന്മഹേശ്വരർ രക്ഷൈ. പരാന്തകപ്പേരരയൻ വൈത്ത വിളക്കു. മുത്തീ ഗംഗൈയിടെ കുമരിഇടൈ എളുനൂറ്റുക്കാതമും ചെയ്താർ സെയ്ത പാപത്തിർപ്പടുവോം ആനോം തിരുക്കളുക്കുന്റത്തു സഭൈയോം.

ഇവിടെ കാരയിലെ പരാന്തകപ്പേരരയന്റെ നാമം ബലദേവനെന്നാണ്. ഈ വിളക്ക് പാലിക്കാത്തവ ർക്ക് ഗംഗക്കും കന്യാകുമാരിക്കും ഇടയിലെ ദേശത്ത് 700 കൊല ചെയ്ത പാപമാണ് ലഭിക്കു ക എന്ന് പറഞ്ഞിരിക്കുന്നു. (കാതം 10 മൈൽ. ഘാതം കൊല. ഇതാണ് കാതമെന്ന വാക്കിലെ ശ്ലേഷപ്രയോഗം)

നാലാം ലിഖിതം

സ്വസ്തിശ്രീ കച്ചിയും തഞ്ചയും കൊണ്ട കണ്ണരുദേവർക്ക് യാണ്ടു പത്തൊമ്പതാവതു കളത്തൂര്കോട്ടത്തു തൻകൂറ്റു തിരുക്കളുംകു ന്റത്തു ശ്രീമൂലസ്ഥാനത്തു തെർക്കിൽ അമ്പലം കരൈയുടയ ശാത്തൻ ചേന്നിപ്പേരരയൻ അമ്പലമേട്ടുത്തു ഇവനുക്കു അമ്പലപ്പുറമാക ഈശാനശിവനാകിയ നക്കടിഭട്ടൻ പക്കൽ വിലൈ കൊണ്ട ഭൂമി കളരിച്ചറുവൂൻകിണറും തണ്ണീർ ആറ്റുവതർക്കും അഗ്നിയിടുവതർക്കും ആഗ അമ്പലപ്പട്ടി വൈയത്തുമൈയിൽ സഭയോമും ഇവൻപക്കൽ ഇരൈദ്രവ്യം കൊണ്ടു ഇമ്മൂരും ചന്ദ്രാദിത്തരും ഉള്ളളവും ഇരൈയിലിയിന്റെ കുടുത്തോം. ഇധ്ധമ്മം രക്ഷിത്താൻ അടി തലൈ മേലിന ധമ്മം ഇരക്കിനാൻ ഗംഗൈ ഇടൈക്കുമരി ഇടൈ എളുനൂറ്റുക്കാതമും ചെയ്താർ ചെയ്ത പാപത്തിൽ പടുവാർ.....

തിരുക്കുളംകുന്റമെന്ന മൂലസ്ഥാനത്തിനു തെക്ക് ചാത്തൻ ചേന്ദിപ്പേരരയൻ പണിയിച്ച അമ്പലപ്പുറം ഈശാനശിവനെന്ന നാഗടിഭട്ടനിൽ നിന്ന് വാങ്ങി, കളരിയും കിണറും അടക്കം തണ്ണീരെടുക്കാനും അഗ്നി പാലിക്കാനും അമ്പലപ്പടി യിലെ വൈയ്യത്തുമൈയ്യിലെ സഭ കരമൊഴിവാ ക്കി ആചന്ദ്രതാരം കൊടുത്തു. കളരിച്ചെരിവു കളരിയുടെ ചെരിവിലെ ഭൂമിയിലെ കിണറെന്ന് പറയാം. വൈയ്യത്തു മൈയ്യിലെന്നത് വൈയ്യക (ഭൂമി)ത്തിലെ ഭൂമി എന്നും. വൈയ്യത്തിലെ കളരിയായ ചെറായിയുടെ (ചെറുവായി ഇത് കേരളത്തിലെ മൂപ്പുതമ്പുരാന്റെ പേരുമാണ്). അടുത്തുള്ള ചേന്ദ(ചേന്ദി) പേരരശൻ (മഹാരാ ജാവ്) നിർമ്മിച്ച അമ്പലവും കിണറും അത് നോക്കിനടത്തിയിരുന്ന ഈശാനശിവനെന്ന നാഗഭട്ടനിൽ നിന്ന് വാങ്ങി.

അന്നവേമന്റെ നടുപൂരു ഗ്രാന്റ് (ശകം 1296)

3 പ്ലേറ്റ് . സീലിൽ മുട്ടുമടക്കിയ നന്ദി. ലിപി തെലുഗു. ഭാഷ തെലുഗു,സംസ്കൃതം. പദ്യവും ഗദ്യവുമുണ്ട്. കൃഷ്ണജില്ലയിലെ കൊണ്ടവീടു (കൊണ്ടവീടി) അന്നവേമുവിന്റെ ദാനമാണ് വിഷയം.

വരാഹാവതാരവിഷ്ണുവിനെ കീർത്തിച്ച ശേഷം വംശാവലി. ശൂദ്രക്ഷത്രിയവം ശത്തിലെ പ്രോലയിൽനിന്ന് തുടക്കം. പ്രോലയുടെ മകൻ വേമ ശ്രീശൈലത്തിലേക്ക് പടികൾ കെട്ടി. അദ്ദേഹത്തിന്റെ മക്കളായ അന്നവോതയും അന്നവേമയും ഓരോരുത്തരായി സിംഹാസനം അലങ്കരിച്ചു. അന്നവേക്ക് മറ്റു രണ്ട് പേരുകളു ണ്ട് . വസന്തരാജാ(യ), ത്രിനേത്ര(ത്രിനയന)പല്ലവ. രാജാവിന്റെ വസന്തോത്സവങ്ങളാണ് അദ്ദേഹ ത്തിന് വസന്തരായനെന്ന പേരു കൊടുത്തത്. കിഴക്കൻ ചാലൂക്യലിഖിതങ്ങളിലെ ത്രിലോചന പല്ലവന്റെ പേരാണ് ത്രിനയനപല്ലവനെന്നത്. ഗണപാംബയുടെ യെണപടലഗ്രാന്റിലും ഈ പേരുണ്ട്. പ്രാദേശികഐതിഹ്യങ്ങളിലെ മുക്കന്തിപല്ലവരാജാവാണ് ഈ പേരിന്റെ ആദ്യാവകാശി. അന്നവേമയുടെ സഹോദരി അന്നസനി നല്ലനൂംഗയുടെ പത്നിയാണ്. അവ രുടെ ആത്മീയോന്നതിക്കാണ് അന്നവേമു നടു പൂരിലെ 2 ബ്രാഹ്മണർക്ക് ദാനം ചെയ്യുന്നത് ഗൌതമി(ഗോദാവരിതീരത്തെ തനുകു താലൂ ക്കിലെ വിജയേശ്വരം ക്ഷേത്രത്തിലാണ് ദാനം നടക്കുന്നത്. അവിടെ 2 പഴയ ക്ഷേത്രങ്ങളുണ്ട്. ഗോദാവരിയുടെ വലത്തേ കരയിലാണ് നരസാപൂർ താലൂക്കിലെ നടുപൂരു ഗ്രാമം.

നടുപുടിക്ക് അഞ്ചര മൈൽ തെക്കുപടിഞ്ഞാറ് വേമാവരം എന്ന ഗ്രാമമുണ്ട്. നടുപൂരു കോണ സ്ഥത്താണെന്ന് പറയുന്നു. ഇത് കോണമണ്ഡല മാവാം. . പിത്തപുരം സ്തംഭലിഖിതത്തിലും പാലക്കോൾ ലിഖിതതിലും അന്നവേമുവിന് മുമ്പ് ഇവിടെ ഭരിച്ചവരുടെ പേരുണ്ട്. കോണസീമ എന്നാണ് വിളിച്ചിട്ടുള്ളത്. ശകം 1296 കാർത്തിക പൌർണ്ണമി ചന്ദ്രഗ്രഹണം (എഡി 1397-75) ആണ് ദാനം. ഗോദാവരിജില്ല അമലാപുരം താലൂക്ക് പലിവെലയിലെ കൊപ്പേശ്വരക്ഷേത്രത്തിൽ അന്നവേമറെഡ്ഡിയുടെ ഒരു ലെങ്ക (ഭൃത്യ) കൊടുത്ത ഭൂദാനമുണ്ട്.(ശകം 1299)

വനപ്പള്ളി, നടുപുരഗ്രാന്റുകളിലെ കൊണ്ടവീടു റെഡ്ഡിവംശം ഇപ്രകാരമാണ്.

1. പ്രോല
2. വേമ
3. അന്നവോത, അന്നവേമ (1296-1300) വേമാസനി(നല്ലനുങ്ക ഭർത്താവ്)

20 വിഹിതമുള്ള അഗ്രഹാരം അഷ്ടൈശ്വര്യവും അഷ്ടഭോഗവും ഉള്ളതാണ് . 20 പേരാണ് ഇത് സ്വീകരിച്ചത്. തല്ലാഭട്ട, തിപ്പയാര്യ, ദോച്ചയാര്യ ഇവർ ഹാരീതഗോത്രം. ദേവരേഭട്ട. സിംഹയഭട്ട, മാച്ചയാര്യ ഇവർ കൌശികഗോത്രം,

മുമ്മുടിയാ ര്യ, ലക്കണാര്യ ഇവർ ശ്രീവത്സഗോത്രം. പ്രഭാക രഭട്ട. നാഗയ്യഭട്ടയ വാസുദേവാചാര്യ ഇവർ കാശ്യപഗോത്രം. പെരുമാനിഭട്ടൻ ലോഹിതഗോ ത്രം. രാഘവഭട്ടനും കൊണ്ടയാര്യനും ഭരദദ്വാജ ഗോത്രം, ഇമ്മടിയാര്യ ആത്രേയഗോത്രം. അയ്യദേ വാര്യനും മല്ലീനാഥാര്യനും ഗാർഗ്ഗ്യഗോത്രം. വല്ലഭാര്യനും നരഹരിഭട്ടനും കാമകായനഗോത്രം. ലക്കണാര്യൻ കൌണ്ഡിന്യഗോത്രം.

ഗ്രാമാതിർത്തികൾഃ-കിഴക്ക് മുപ്പല്ലേ. തെക്കുകിഴ ക്ക് പാഞ്ചാലവരമു, മുപ്പല്ലേ ഇവയുടെ 2 അതി ർത്തികൾ. തെക്ക് പുത്തലത്തോടി , കടുന്തുറ്റു. ഇത് തെക്കുകിഴക്കുനിന്ന് പട്ഞ്ഞാട്ട് ഒഴുകി, അവിടെനിന്ന് വടക്കോട്ടും പടിഞ്ഞാട്ടും പിന്നെ തെക്കോട്ടും ഒഴുകി, ഗോദാവരി വരെ എത്തി സേതകോടി മേദതാപിയുടെ അതിരാവുന്നു. പടിഞ്ഞാറും തെക്കുപടിഞ്ഞാറും ഗോദാവരിയാ ണ് അതിർത്തി. വടക്കുപടിഞ്ഞാറ് ഗോദാവരിയു ടെ ശാഖ കിഴക്കോട്ട് ഒഴുകി പ്രേമുലക്കൊണ്ട വരെ എത്തുന്നു. വടക്ക് മേദിതാപയുടെ അതി ർത്തിയും കൊമ്മേപ്പാടയും പിന്നെ നല്ലംപള്ളി യും. വടക്കുകിഴക്ക് നല്ലംപള്ളിയാണ് അതി ർത്തി. ഉദകപൂർവ്വം കൃഷിയോഗ്യമായ 5

കണ്ടി നിലവും (നടുപൂരുവിലും) പാഞ്ചാലവരമുവി ലും ദാനം ചെയ്തു.

രത്തരാജന്റെ ഖരേപത്ത പ്ലേറ്റുകൾ (ശകം 930)

രത്നഗിരിജില്ല ദേവഗാർ താലൂക്കിലെ നഗരമാണ് ഖരേപത്ത. 4 പ്ലേറ്റ്. ഗരുഡചിത്രം സീലിലുണ്ട്. മനുഷ്യരൂപം ചിറകും മുഖവും പക്ഷി. ഇടത്തേ തോളിലുള്ള സർപ്പം തലയിൽ പിൻഭാഗത്ത് ഫണം വിടർത്തുന്നു. മുട്ടുകുത്തി ഇരുന്ന് കൈകൾ നെഞ്ചത്ത് തൊഴുകൈയോടെ പിണച്ച് വെച്ചിരി ക്കയാണ്.നാഗരിലിപി സംസ്കൃതഭാഷ. ഓം ഓം നമശ്ശിവായ! എന്നാരംഭിച്ച് 21 ശ്ലോകം ഉണ്ട്. (വരി 33 വരെ). 10-11 ശ്ലോകങ്ങളുടെ ഇടയിൽ ഗദ്യം. ദാനസംബന്ധമായ ഭാഗവും ഗദ്യമാണ്. ബ,വ മാറ്റി എഴുതിയിരിക്കുന്നു. ശിലാര മണ്ഡലിക രത്തരാജന്റെ ലിഖിതമാണ്. വരി 33 വരെ അദ്ദേ ഹത്തിന്റെയും ചാലൂക്യ,രാഷ്ട്രകൂടരാജാക്കന്മാരു ടേയും വംശാവലി. രണ്ടാംഭാഗം ദാനങ്ങളുടെ വിവരവും അവ്വേശ്വരനാമത്തിലുള്ള ശിവക്ഷേ ത്രത്തോടു ബന്ധപ്പെട്ട പണ്ഡിതരുടേയും ഗുരുക്ക ന്മാരുടേയും വിവരം.

യദുവംശഭൂഷണങ്ങളായ
രാഷ്ട്രകൂടരാജാക്കന്മാ രുടെ വംശം
ദന്തിദുർഗ്ഗൻ, അദ്ദേഹത്തിന്റെ പിതൃ
സഹോദരൻ കൃഷ്ണരാജ, അദ്ദേഹത്തിന്റെ
മകൻ ഗോവിന്ദരാജാ, നിരുപമൻ,
ജഗത്തുംഗരാജാ,
അമോഘവർഷ.അകാലവർഷ, പേരക്കുട്ടി
ഇന്ദ്ര രാജാ, അമോഘവർഷ, അനുജൻ
ഗോവിന്ദരാജാ ,ജഗത്തുംഗന്റെ മകൻ
വഡ്ഡിഗ, അദ്ദേഹത്തിന്റെ മകൻ കൃഷ്ണരാജാ,
സഹോദരൻ ഖോട്ടിഗ, മകൻ കക്കാല
എന്നാണ് തരുന്നത്. ചാലൂക്യ തൈലപൻ
കക്കാലനെ തോൽപ്പിച്ചു. അദ്ദേഹത്തിനു
ശേഷം മകൻ സത്യാശ്രയ രാജാവായി.
രാഷ്ട്രകൂട സത്യാശ്രയൻ വാഴുമ്പോളാണ്
രത്തരാജന്റെ ഈ ദാനം.
രത്തരാജവംശാവലി ശംഖചൂഡനെമുതൽ
രക്ഷിക്കാനായി ജീമൂതകേതുവിന്റെ
മകനായി അവതരിച്ച ജീമൂതവാഹനനിൽ
നിന്നാണ്. അദ്ദേ ഹം ഗരുഡനു മുന്നിൽ
ആത്മാഹതി ചെയ്തു. ശീലഹരവംശം
അദ്ദേഹത്തിൽനിന്ന് ഉണ്ടായി.
സിംഹളരാജാക്കന്മാരിൽ വെച്ച്
ഉന്നതസ്ഥാനീ യരായിരുന്നു. ഇവരിലാണ്
സനഫുല്ലന്റെ ജനനം. അദ്ദേഹം കൃഷ്ണന്റെ
പ്രിയനായിരുന്നു.

1. സനഫുല്ല. സഹ്യപർവ്വതം മുതൽ കടലുവരെ ഇദ്ദേഹത്തിന്റെ ഭൂമിയായിരുന്നു. (ജലഫുല്ല)
2. മകൻ ദമ്മിയരൻ. ശക്തമായ ബലിപത്തനം (വലിപട്ടണം) ഇദ്ദേഹം ഉണ്ടാക്കി.വളപട്ടണം ആകാം. (ദൈയ്യപരാജാ അഥവാ ദ്വീപരാജാ)
3. അയ്യപ്പരാജാ. നാളികേരവെള്ളം കൊണ്ട് ചന്ദ്രപുരത്ത് അഭിഷേകം ചെയ്തു.
4. അവസാരൻ 1 രാജ്യതന്ത്രത്തിൽ മിടുക്കനും ശക്തനും അരിഖണ്ഡനും ഏകനേത്രനും ചക്രമേത്രനും പ്രലഗ്നനുമാണ്.
5. മകൻ ആദിത്യ വർമ്മൻ
6. മകൻ അവസാരൻ 2 ശത്രുക്കളെ അടക്കി ചേമൂല്യ, ചന്ദ്രപുര രാജ്യങ്ങളിലെ രാജാക്ക ന്മാരെ സഹായിച്ചു.
7. മകൻ ഇന്ദ്രരാജാ
8. മകൻ ഭീമൻ ചന്ദ്രമണ്ഡലം രാഹുവെന്നപോ ലെ പിടിച്ചടക്കി.
9. മകൻ രാജാ അവസാര 3
10. മകൻ രാജാ ഭട്ടൻ

ഇത് തെക്കേ കൊങ്കണത്തിലെ ശിലഹരശാഖ യാണ്. വടക്കേ ശിലഹരശാഖ കോൽഹാപൂരി ലേതാണ്. സിംഹളരാജ്യം മുതൽ പടിഞ്ഞാറേ തീരം

മുഴുവനും കോൽഹാപൂർ വരെ ഇവ രുടെ കൈവശമായിരുന്നു എന്നത് ശ്രദ്ധേയ മാണ്. ശിലഹാര അനന്തദേവന്റെ ഖാരേപ ത്തനം പ്ലേറ്റ് അനന്തദേവന്റെ പൂർവ്വികനായ അപരാജിതനാണ് അയ്യപ്പദേവനെ സിംഹാസ നത്തിലിരുത്തിയതെന്ന് പറയുന്നു.

ഈ ലിഖിതം ശകം 930 (മേയ് മാസം 22) 1008-9ലാണ്. അതിന് 10 തലമുറ മുമ്പാണ് സഹ്യാദ്രി മുതൽ സമുദ്രം വരെ ഭരിച്ച സനഫുല്ലകാലം. അതിനാൽ അത് 8ആം നൂറ്റാണ്ടാവണമെന്നും, അദ്ദേഹത്തിന് ആദരവു കൊടുത്തത് രാഷ്ട്രകൂട കൃഷ്ണ ഒന്നാമനാവണമെന്നും ഗവേഷകർ ഊഹിക്കുന്നു. എന്നാൽ വളപട്ടണം ഉണ്ടാക്കിയ തമ്മിയരശൻ അദ്ദേഹത്തിന്റെ മകനാണെന്നത് ഇതിനോട് ഒത്തുപോകുന്നില്ല. വളപട്ടണം വളരെ പുരാതനനഗരമാണ്. ചന്ദ്രപുരത്ത് ഇളനീരഭിഷേകം ചെയ്ത അയ്യപ്പരാജാ കേരള ത്തനിമ വിളിച്ചുപറയുന്നു. . ബോംബേയിൽ നിന്ന് 30 മൈല് തെക്കുള്ള ചൌൽ(ചേൻവാൽ) ആണ് ചേമൂല്യ. മഹാരാഷ്ട്രത്തിലെ ചേമൂല്യ യും കർണ്ണാടകത്തിലെ ചന്ദ്രപുരവും കേരള ത്തിലെ വളപട്ടണവും ഈ വംശക്കാരുടെയാ യിരുന്നു. അനന്തദേവന്റെ ഖരേപത്തൻ പ്ലേറ്റി ലും

ചേമൂല്യ കൊങ്കൺ 1400 ഗ്രാമങ്ങളിലെ ഒന്നാണ്. 10ആം നൂറ്റാണ്ടിൽ ഇന്ത്യ സന്ദർശിച്ച മാസൂദി, ഇതിനെ സായിമൂർ എന്നാണ് വിളി ച്ചത്. ഇത് വടക്കൻ കൊങ്കണത്തിലെ സിലഹ രരാജാവ് ജംജ (ജന്ദ്ജ) ആണ് ഭരിക്കുന്നതെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അതായത് അവസാര 2 സഹായിച്ചത് അവരുടെ വടക്കൻശാഖയിലെ രാജാക്കന്മാരെത്തന്നെയാണ്. വളപട്ടണവും ചെമൂല്യയും സമുദ്രതീരപട്ടണങ്ങളാണെന്ന് ഈ ലിഖിതം പറയുന്നുണ്ട്. ഇവ ആദ്യകാലസില ഹാരന്മാരുടെ പ്രധാനപട്ടണങ്ങളും തലസ്ഥാന ങ്ങളും ആയിരുന്നു. ടോളമിയുടെ വലിപട്ടണ വും പെരിപ്ലസിന്റെ പലൈപട്ടണവും (പഴയ പട്ടണം) ഒന്നാണെന്നും ഒരഭിപ്രായമുണ്ട്. ഭീമൻ കയ്യടക്കിയ ചന്ദ്രമണ്ഡലം സമുദ്രതീരനഗരമായ ചന്ദ്രപുരമാണ്.

പരമഭട്ടാരകമഹാരാജാധിരാജ സത്യാശ്രയദേ വന്റെ പദാനുധ്യായിയായ മാണ്ഡലിക ഭട്ടരാജാ മന്ത്രിമാരേയും ഗ്രാമത്തിലേയും നഗരത്തിലേ യും ജനങ്ങളേയും വിളിച്ചു കൂട്ടി, ശകാബ്ദം 930 കീലകവർഷം ജ്യേഷ്ഠമാസം പൌർണ്ണമിക്ക് ജ്ഞാനിയായ ഗുരു

ആത്രേയന് അദ്ദേഹത്തിന്റെ ജ്ഞാനത്തെ പുരസ്കരിച്ച് കൊടുക്കുന്ന ദാനമാ ണ് ലിഖിതത്തിലെ വിഷയം. തന്റെ അടുത്തുവ ന്നവരുടെയെല്ലാം അജ്ഞാനതിമിരം അകത്തിയ ജ്ഞാനസൂര്യനായ അംബോജശംഭുവിന്റെ പാദപത്മത്തിലെ ഭ്രമരമാണ് ഈ ഗുരു. നിരവ ധി ഗുരുക്കന്മാരുടെ പരമ്പരയുള്ള മത്തമയൂര ത്തിലെ കാർക്കരോണിശാഖയാണ് അദ്ദേഹ ത്തിന്റെ പരമ്പര. കഠിനതപം കൊണ്ട് ഭൌതിക ബന്ധമെല്ലാം ത്യജിച്ചവരാണ് ഇവർ. ധ്യാനം കൊണ്ട് പരമപദം പ്രാപിച്ചവരുമാണ്. അവ്വേ ശ്വരക്ഷേത്രം സംരക്ഷിക്കാനും പഞ്ചപൂജനം നടത്താനും ക്ഷേത്രത്തിലെ ഭിക്ഷുക്കൾക്കും വിദ്യാർത്ഥികൾക്കും ഗുരുക്കന്മാർക്കും ഭോജന ത്തിനുമാണ് ദാനം.

1. കിഴക്ക് മണിഗ്രാമത്തിലെ പ്രാപം(ജലസ്രോത സ്സ്), തെക്ക് വാപരവടഗ്രാമത്തിലേക്കുള്ള വഴി, പടിഞ്ഞാറ് സച്ചാന്ദലകപിത്തഗ്രാമ ത്തിലെ വാഹല(അരുവി) വടക്ക് ക്ഷാരനദി (ഉപ്പുനദി) എന്നീ അതിരുകളോടു കൂടിയ കൂശ്മാണ്ഡ ഗ്രാമം , കന്നുകാലികൾക്കും

സഞ്ചാരികൾക്കും വഴിപോക്കർക്കും ജലം ലഭ്യമാക്കുന്നതിനാണ് പ്രാപം.

2. കിഴക്ക് മഴവെള്ളം ഒഴുകി ഉണ്ടാവുന്ന ധാരാ വാഹല, കിഴക്ക് കാരപർണ്ണിഗ്രാമത്തിലെ നദി, തെക്ക് സമുദ്രം, വടക്ക് ഗവഹനഗ്രാമത്തി ലെ നദി എന്നീ അതിർത്തികളോടുകൂടിയ അശനവിര ഗ്രാമം
3. കിഴക്ക് ഭോഗദേവമലയിലെ ഇരട്ടപ്പാറകൾ, തെക്ക് അക്കദേദ നദി, പടിഞ്ഞാറ് പാദശത ക്കല്ല്, വടക്ക് സ്ഥാമാനഗ്രാമത്തിലെ ശീശാവി മല ഇവ അതിരിടുന്ന വദദ് ഗുലഗ്രാമം
4. ദേവലക്ഷ്മിഗ്രാമത്തിലെ ജീവലോകം
5. വ്യാദ്ഗരുലയിലെ ഒരു ചാക്കാൻതറ
6. ശയ്യാപലിയിലെ ഒരു ജൂഹക

ഇവയാണ് ദാനം ചെയ്തത്. ഈ ദാനം രാജാവിന്റെ പൌരന്മാർക്കെല്ലാം കൂടിയാണെ ന്നും പ്രത്യേകം ഭട്ടരാജാ പറയുന്നു. പുറമെയു ള്ളവരോ അകത്തുള്ളവരോ ആയ പട്ടാളത്തിന് ഇവിടെ പ്രവേശനമില്ല. മറ്റു സ്ഥലങ്ങളിൽനിന്ന് വരുന്ന ഓരോ ചരക്കുകപ്പലിനും (വഞ്ചി) ഓരോ സ്വർണ്ണഗഡ്യാണവും, കണ്ഡനമൂലീയ ത്തിൽനിന്ന് വരുന്ന ഓരോ കപ്പലിനും ഒരു ധാരണ സ്വർണ്ണവും (ഇത് ചേമൂല്യ, ചന്ദ്രപുര ത്തിൽ നിന്നുള്ളവക്ക്

ബാധകമല്ല), കപ്പം കൊടു ക്കണം. ദാസിമാരുടെ കുടുംബങ്ങളും, എണ്ണക്കാരന്റെ കുടുംബവും തോട്ടക്കാരുടെ കുടുംബവും കുശവന്മാരുടേയും അലക്കുകാരുടേയും കുടും ബങ്ങളും നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടി ട്ടുണ്ട്. കോട്ടക്കകത്ത് ജഗതീപുരത്തിനുവേണ്ടി ഭൂമി നീക്കിവെച്ചിട്ടുണ്ട്. (ബ്രാഹ്മണർക്കും അവരുടെ വിദ്യാർത്ഥികൾക്കും ഉള്ള ബ്രഹ്മപു രമാണ് ജഗതീപുരം) ഇതിന്റെ അതിര് കിഴക്ക് ഒരു വീടിന്റെ ചുമര്, തെക്ക് കുരങ്ങൻവാതി ൽ, പടിഞ്ഞാറ് ശീവതയിലേക്കുള്ള വഴി, വടക്ക് പെരുവഴിക്കിണർ. കോട്ടക്കുപുറത്ത്, പുഷ്പോദ്യാനത്തിനായി പണ്ട് കുതിരലായം എന്ന് വിളിച്ചിരുന്ന സ്ഥലം കൊടുത്തിട്ടുണ്ട്.

ഇനി വരുന്നരാജാക്കന്മാരെല്ലാം ഈ ധർമ്മം സംരക്ഷിക്കണമെന്നും ചെയ്യാഞ്ഞാലുണ്ടാവുന്ന പാപവും പറയുന്നു. മത്തമയൂരഗുരുക്ക ന്മാരുടെ കർക്കരോണിശാഖയിലേക്ക് ആച്ന്ദ്ര താരമാണ് ദാനം. ഭട്ടരാജനാണ് ഒപ്പുവെക്കു ന്നത്. ഒരു നിയമം തെറ്റില്ലാത്ത നിയമമാവുന്നത് ഒപ്പുവെച്ച ആളുടെ സീലും സാക്ഷികളും കൃത്യ മായ അടയാളങ്ങളും(സചിഹ്നകം)

രാജമുദ്രയും ഉണ്ടാവുമ്പോളാണ്.
എല്ലാവരും അനുഗ്രഹിക്ക പ്പെടട്ടെ.

മുദ്രാശുദ്ധം ക്രിയാശുദ്ധം ഭുക്തിശുദ്ധം സചിത്രകം .രാജസ്വഹസ്തശുദ്ധം തു ശുദ്ധം ആയാതി ശാസനം. ശിവമസ്തു. സന്ധിവിഗ്രഹികശ്രീദേവപാലസുതേന ലോകപാര്യനാമ്നാ ലിഖിതമിദം

എന്ന് ലിഖിതം അവസാനിക്കുന്നു.

മത്തമയൂരശാഖയുടെ നാമം റാനോഡ് ലിഖിത ത്തിലും പറയുന്നുണ്ട്. അവന്തിവർമ്മന്റെ റാനോഡ് നഗരത്തിൽ ഈ മഠം സ്ഥാപിച്ചത് പുരന്ദരനാണ്. (ശൈവാദ്വൈതപരമായ ഗ്രന്ഥ ങ്ങളിൽ ഇവരുടെ ശാഖ ഞാൻ മുഴുവനായി പറഞ്ഞിട്ടുണ്ട്) ആ മഠം മദ്ധ്യേന്ത്യയിലാണ്.

വെരവൽ ചിത്രലിഖിതം (വലഭി സംവത് 927)

കത്തിയവാറിലെ സോമനാഥക്ഷേത്രത്തിലെ വെരവലിലെ ഹർഷദാദേവിയുടെ ക്ഷേത്രച്ചുമ രിലെ കിണറിനകത്താണ് ഈ ലിഖിതം ഉള്ളത് . 5 വരി. നാഗരിലിപി. ഭാഷ പ്രാകൃതച്ചുവയുള്ള സംസ്കൃതം. ഗദ്യമാണ്.ഗല്ലഗവംശത്തിലെ ശ്രേഷ്ഠി

മൂലജോഗനും ഭാര്യയും മക്കൾ ജയത, ജസദേവ, ജസപാല ഇവരും മറ്റു കുടുംബാംഗ ങ്ങളും കൂടി സോമനാഥപട്ടണത്തിൽ ഗോവർദ്ധ നപ്രതിമ സ്ഥാപിച്ചു അതിന്നു താഴെ ലിഖിതം എഴുതിച്ചു. പൂർവ്വികരുടെ ഓർമ്മക്കും നിശ്രേ യസത്തിനുമാണ് ഇത്. വിംജദേവന്റെ മകൻ രാഘവനാണ് ശിൽപ്പി. ശ്രീമദ് വലഭീസംവദ് 927 വർഷേ ഫാൽഗുനശുക്ല ദ്വിതീയക്ക് തിങ്കളാഴ്ച യാണ് ഇത്. (1246 ഫെ ബ്രുവരി 19) വിക്രമശകം തുടങ്ങി 375 വർഷം കഴിഞ്ഞാണ് വലഭി നശി പ്പിച്ചത്. അതിനാൽ വിക്രമശകത്തിൽനിന്ന് 35 കിഴിച്ചാലാണ് വലഭിവർഷം കിട്ടുക. അർജ്ജു നദേവന്റെ വെരവൽ ശിലാലിഖിതത്തിൽ വിക്രമ 1320ൽനിന്ന് കിഴിച്ച വലഭി 945 ആണ്. അതേപോലെയാണ് ഇവിടെ 1302ൽനിന്ന് വലഭി 927ലഭിച്ചിരിക്കുന്നത്.

ഓം ശ്രീമദ് വലഭിസംവത് 927 വർഷേ ഫാൽഗു നസുദി 2 സോമേ അദ്യേഹാ ശ്രീദേവപത്തനേ സകലരാജാവലീപൂർവ്വം ഗല്ലകജാതീയശ്രേഷ്ഠി) മൂലജോഗഭാര്യ ശ്രീമോദിതഥാ സുത ഗന്ധിക ജോജ ഭാര്യ സേവദ തഥാ പുത്രജയതാ ദ്വിതീയ പുത്ര ജസദേവ തഥാ തൃതീയപുത്ര ജസപാല

പ്രഭൃതിയാ ശ്രീഗോവർദ്ധനമൂർത്തി നമസ്ക രണാർത്ഥം സ്വശ്രേയസേ പൂർവ്വജാനാം ശ്രേയോഭിവൃദ്ധയേ സ്വഭക്ത്യാ കാരാപിതാ. സൂത്ര വിംജദേവാപുത്ര സൂത്രരാഘവേണാ

ഘടിത ച

Painted Inscription of the Maharaja Bhimasena.—The Year 52.



SCALE ·17

FROM A COPY BY GEN. SIR A. CUNNINGHAM

Verawal Image Inscription.—Valabhi-Samvat 927.



SCALE ·50

FROM A RUBBING BY PANDIT BHAGWANLAL INDRAJI

Sitabaldi Inscription of the time of Vikramaditya VI.—Saka-Samvat 1008.



J. F. FLEET, BO. C.S. SCALE ·25 W. GRIGGS, PHOTO-LITH.

വിക്രമാദിത്യ 6 സിതബാൽദി ലിഖിതം (ശകം 1008)

നാഗ്പൂരിനടുത്ത് സീതാബാല്ഡിയിലാണ് ലഭി ച്ചത്. കൊത്തുപണികളുള്ള സ്തംഭത്തിലാണ്. ലിഖിതത്തിനു മുകളിലായി നിരവധി ചെറിയ രൂപങ്ങളും അവയുടെ മുകളിൽ ബ്രഹ്മാ വിഷ്ണു എന്നിവരും ലിഖിതത്തിനു താഴെ പശുക്കളും കുട്ടികളും അതിനു താഴെ യുദ്ധം ചെയ്യുന്ന നിരവധി ചെറിയ രൂപങ്ങളുമുണ്ട്. 11 വരി ലിഖിതം നാഗരി ലിപി സംസ്കൃത ഭാഷ ഗദ്യം. ബ പകരം വ സഹസ്രവാഹു ഉദാഹരണം. പ്രാകൃത്തിലെന്നപോലെ ഉകാരം. ഉദാഹരണം ശകു ദാസു, തത്പരു ധവളു ദ്വാദശു .

സത്യശ്രയകുലത്തിനും ചാലൂക്യവംശത്തിനും ഭൂഷണമായ സർവ്വപ്രപഞ്ചത്തിനും ആശ്രയ വും ഭൂമിയുടെ ഭാഗ്യവുമായ മഹാരാജാധിരാജ പരമേശ്വരപരമഭട്ടാരക ത്രിഭുവനമല്ലദേവ വിക്രമാദിത്യ 6 ഭരിക്കുമ്പോൾ മഹാരാഷ്ട്ര വംശത്തിലെ മഹാസാമന്ത ദാഡിബന്ദക രാണക ദാദ്യദേവ സ്വന്തനാടായ ലാടലൌര

ത്തിൽനിന്ന് വന്ന് താമസിച്ചു.
അക്രമിസംഘ ത്തെ ഓടിക്കുന്നവനും
യുദ്ധത്തിൽസഹസ്രബാ ഹുവും
മറ്റുള്ളവരുടെ ഭാര്യമാർക്കെല്ലാം
സഹോദരനും മല്ലന്മാരുടെ മല്ലനും
ചാമുണ്ഡി യുടെ വരപ്രസാദമുള്ളവനും
ആണ് അദ്ദേഹം. ഈ ദാദിയദേവന്റെ
ആശ്രിതനായ ദണ്ഡനായക
വാസുദേവൻ അദ്ദേഹത്തോടൊപ്പം
ലാടരൌര ത്തിൽനിന്ന് വന്നവനാണ്.
അദ്ദേഹം പശുക്ക ൾക്കും
ബ്രാഹ്മണർക്കും സേവകനും വിഷ്ണു
ഭക്തനും നരസിംഹത്തിന്റെ
വരപ്രസാദം കിട്ടിയവനുമാണ്.
വത്സഗോത്രം കണ്വശാഖ അഞ്ചു പ്രവരം
. അച്ഛൻ ഭട്ടപത്മനാഭ, അച്ഛ ന്റെ അച്ഛൻ
ഭട്ടബോപ്പൈ, അദ്ദേഹത്തിന്റെ അച്ഛൻ
ഭട്ടവീതപ്പൈ.

വാസുദേവൻ ക്ഷേത്രത്തിന് പശുക്കളെ
മേക്കാ ൻ 12 നിവർത്തനം ഭൂമിയും,
പശുക്കളുടെ ഭക്ഷണത്തിന് 7
നിവർത്തനം ഭൂമിയും വാഹ കത്തിന് 5
നിവർത്തനം ഭൂമിയും കൊടുത്തു.
പശുക്കൾക്കും ത്രിമൂർത്തികൾക്കുമായി
ദാനം ചെയ്ത ഇത്
സംരക്ഷിക്കാത്തവർക്കും പശു ക്കളെ
മോഷ്ടിക്കുന്നവർക്കും നരകഫലം പറ
യുന്നു. ശകം 1008 വെള്ളി

വൈശാഖശുക്ലതൃ തീയ, പ്രഭവവർഷം . ഇത് 1009 ശകം ആവണം (8. ഏപ്രിൽ എഡി 1087) എന്ന് ഗവേഷകർ അഭിപ്രായപ്പെടുന്നു. അന്ന് വ്യാഴാഴ്ചയായി രുന്നു.

ഓം സ്വസ്തി!
ശകനൃപകാലാതീതസംവത്സരാന്തർഗ്ഗത ദശശതയത്ര അഷ്ടത്യധികേ ശകു 1008 പ്രഭവ സംവത്സരേ വൈശാഖശുദ്ധതൃതീയശുക്രദിനേ അദ്യേഹ സമസ്തഭുവനാശ്രയശ്രീപൃഥ്വീവല്ലഭ മഹാരാജാധിരാജപരമേശ്വര പരമഭട്ടാരക സത്യാശ്രയകുലതിലകചാലൂക്യാഭരണ ശ്രീമത് ത്രിഭുവനമല്ലമഹീപ്രവൃദ്ധമാനകല്യാണ വിജയരാജ്യേ തത്പാദപത്മോപജീവവീ ലാടലൌര വിനിർഗ്ഗത മഹാരാഷ്ട്രകൂടാന്വയപ്രസൂതാ മഹാസാമന്ത ദാദിഭണ്ഡക അരിബലചരദ സംഗ്രാമസഹസ്രബാഹു പരനാരീസഹോദര സമസ്തമല്ലമല്ല ചാമുണ്ഡാവരലബ്ദ്ദ പ്രസാ ദനാമാദി സമസ്തരാജാവലീസമലംകൃത ശ്രീദാദിദേവരാണകാം .തത്പാദപത്മോപ ജീവവീ ലാടലൌരവിനിർഗ്ഗതാ കാണ്വശാഖാ

യാം വച്ചഗോത്രീയാം പഞ്ചപ്രവരായാം ഭട്ടവീതപ്പൈപനതി ഭട്ടബോപ്പൈനീതി ഭട്ടപത്മനാഭപുത്ര ഗോബ്രാഹ്മണദാസു വിഷ്ണുപാദപങ്കജാരാധനാതൽപ്പരു ഉഭയദ്വാദശോദ്ധവലു നരസിംഗ വരലബ്ധ ദണ്ഡനായകശ്രീ വാസുദേവസ്യ ഗോപ്രചാരസ്യാർത്ഥേ സുവർണ്ണേന ഗൃഹീതഭൂമിനിവർത്തനദ്വാദശു അംകേ തഥാ ഗവാഹ്നികനിവർത്തന സപ്ത വാഹകനിവർത്തനപഞ്ച ഏതദീയാ ഭൂമൌ പ്രതിപദനീയ ഏതദീയാ ഭൂമൌ ലോപയന്തി തേന വ്രമ്മവിഷ്ണുമഹേശ്വരാം ലോപയന്തി ഏവം യ ഗൌ ലോപയന്തി സ കുംഭീപാക പതതി

തിദ്ഗുണ്ടി പ്ലേറ്റ് വിക്രമാദിത്യ 6 കാലം (ചാലൂക്യവിക്രമസംവത് 7)

ബീജാപ്പൂർ നഗരത്തിൽനിന്ന് 12 മൈൽ വടക്ക് തിദ്ഗുണ്ടിഗ്രാമത്തിൽനിന്ന് ലഭിച്ചത്. 3 പ്ലേറ്റു കൾ. വൃത്താകൃതിയിലുള്ള സീലിൽ നടുവിൽ സിംഹമോ പുലിയോ പോലെ മൃഗം മുഖം മുന്നോട്ട് അഭിമുഖമായി നടുവിൽ നിൽക്കു ന്നു. അതിന്നു മുകളിൽ നടുവിൽ ചന്ദ്രനും ഇടത്ത് സൂര്യനും വലത്ത് തുറന്ന് പിടിച്ച വലംകൈയും. മൃഗത്തിനു താഴെ

വലത്തു നിന്ന് ഇടത്തോട്ട് വാളും പനമരവും വാൽകു ത്തിനിൽക്കുന്ന സർപ്പവും ഫണം വിടർത്തിയ സർപ്പം, സ്വസ്തികം . നാഗരിലിപി, സംസ്കൃ തഭാഷ. ബിരുദങ്ങൾ അവസാനിക്കുന്നത് കർണ്ണാടകഭാഷയിലുള്ളപോലെയാണ്. ആദ്യ ത്തെ 3 ശ്ലോകം ത്രിമൂർത്തികളെ സ്തുതിച്ചാ ണ്. വ എന്നതിനു പകരം ബ ആണ്.

ത്രിഭുവനമല്ലവിക്രമാദിത്യ ആറാമന്റെ മഹാമ ണ്ഡലേശ്വരനായ മഹീപതി മുഞ്ജന്റെ ദാനമാ ണ് വിഷയം. സിന്ധവംശത്തിന്റെ പ്രത്യന്തക 4000 ഭരിക്കുന്ന സാമന്തൻ ഭീമന്റെ മൂത്തമക നായ സിന്ധരാജന്റെ മകനാണ് മുഞ്ജൻ. അദ്ദേഹം തക്കലീക ഒഴികെയുള്ള വായ്വാഡ 12 ഗ്രാമങ്ങൾ ത്രിഭുവനമല്ലന്റെ തന്നെ മറ്റൊരു മഹാസാമന്തനായ കണ്ണസാമന്തന് വിറ്റു. ഈ രണ്ടു സാമന്തരുടേയും നിരവധി ബിരുദങ്ങ ളും പറയുന്നു. ഇതിലെ ചില ബിരുദങ്ങൾ ചരിത്രപ്രാധാന്യമുണ്ട്. കാർത്തികമാസം ശുക്ലപ്രഥമ ഞായറാഴ്ച വിക്രമശകം 6 ലാണ് ഈ ക്രയവിക്രയം നടന്നത്.

മുഞ്ജന്റെ പ്രശസ്തിയിലെ പേരുകൾ:- മുഞ്ജമഹീപതേർ അന്വയ സിന്ധവംശപ്രഭവ രണാങ്കണേഷ്വഗണിതഭീർ ഭീമോ നാമ

തദഗ്ര സുത
പ്രഖ്യാതകീർത്തിരണാംഗാനാർജ്ജിത
ഊർജ്ജിതജയശ്രീവല്ലഭ സിന്ധരാജോ
തത്സുത സ്യ മുഞ്ജമഹീപതേ
പ്രശസ്തിസ്തംഭ. സ്വസ്തി!
സമധിഗതപഞ്ചമഹാശബ്ദ
മഹാമണ്ഡലേശ്വരം
ഭോഗവതീപരമേശ്വര
ഫണീന്ദ്രവംശോത്ഭവ നാഗകുലതിലക
സിന്ധകുലകമലമാർത്താണ്ഡ
ഗുണുകവഡവാനല മന്ദലികജഗതാപ
നാമാവലിസമലംകൃതമഹാമണ്ഡലേശ്വ
ര ശ്രീമുഞ്ജരാജദേവസ്യാശീർവ്വദനം
ഇദം

കണ്ണസാമന്തനെ
ഹരപാദാർച്ചനപ്രിയനെന്ന് വിളിക്കുന്നു.
കണ്ണസാമന്തൻ ശത്രുക്കൾക്ക്
വേട്ടക്കാരനാണ്. മേഘങ്ങളെ
പറത്തിക്കളയു ന്ന കൊടുങ്കാറ്റാണ്,
ആനകൾക്ക് സിംഹമാണ്.
കാമദേവസദൃശനാണ്, യോദ്ധാക്കളുടെ
വികാരവും രേവണദേവന്റെ
നായകനുമാണ്. യജമാനന് നല്ലതു
മാത്രം ഉപദേശിക്കുന്നവ നാണ്.
ദൃഢചിത്തനും വംശത്തെ വിമലീക
രിക്കുന്നവനും ധർമ്മത്തിൽ
യുധിഷ്ഠിരനും സത്യത്തിൽ രാധേയനും
അശ്വരക്ഷയിൽ രേവന്തനുമാണ്.

ഖമ്പയ്യനായക, നായകമധുകരി, സന്ധിവിഗ്ര ഹി, നായകബമ്മയ്യ, നായകനിംബയ്യ ഇവരുടെ സാന്നിദ്ധ്യത്തിൽ നടന്ന ഈ ക്രയവിക്രയം സന്ധിവിഗ്രഹിയുടെ കീഴുദ്യോഗസ്ഥനായ നന്നപ്പെ എഴുതി, മുഞ്ജമഹാരാജാവ് നേരിട്ട് സ്വന്തം കൈകൊണ്ട് കണ്ണസാമന്തനെ ഏൽപ്പി ച്ചു.

വിജയരാജദേവന്റെ ഇന്ത്യ ഓഫീ സ് പ്ലേറ്റ്

എവിടെനിന്നാണ് കിട്ടിയതെന്ന് അറിയില്ല. ഒരുഭാഗം മാത്രം എഴുതിയ ഒറ്റ പ്ലേറ്റ്. നാഗരി ലിപി 11-12 നൂറ്റാണ്ടുകളിലെ ഒറീസ്സയിലുള്ള തിനോട് സദൃശം. ഭാഷ പ്രാദേശികപ്രാകൃതവു മായി കലർന്ന സംസ്കൃതം. വിഗഹപാല(വി ഗ്രഹപാല) സഹസ്ത(സ്വഹസ്ത) ഇപ്രകാരം. മാഗധിപ്രാകൃതത്തോടാണ് സാമ്യം. (അവസ്ഥ ക്ക് ഒസ്ഥാ എന്ന് കാണുന്നു.)കുടുംബികാനാം ,ബാലാധികൃതേന ഇവയിൽ ബ ഉണ്ട്. പക്ഷേ കുടുംബിക എന്ന് മാത്രം എഴുതുമ്പോൾ ബ ഇല്ല, പകരം വ ആണ്. കടകേ എന്നതിന് കട്ട കേ എന്നാണ് എഴുതിയിരിക്കുന്നത്. ഒറീസ്സയി ലെ കട്ടക്കിന് കടകമെന്ന് പേരുണ്ടാവാം.

മാഗധിപ്രാകൃതം കലർപ്പുണ്ട്.
പ്രസാദപട്ടകം കൊടുക്കുന്നത്
പരമഭട്ടാരക മഹാരാജാധി രാജാ
പരമേശ്വര വിജയരാജ ദേവനാണ്.
കേസരിക്കോട്ട പരഭോഗത്തിലെ
ഭൂമിയും അവകാശങ്ങളും പോട്ട
ഗ്രാമവും പൽഹ വംശത്തിന്
കൊടുക്കുന്നു. ലച്ചീദേവി ഹംസി
നീദേവി എന്ന് 2 മഹാരാജ്ഞിമാരുടെ
പേരു ണ്ട്. വിജയരാജദേവ
മൈനറായിരിക്കുമ്പോൾ ഇവരാണ്
ദാനം ചെയ്തത് എന്ന് ഊഹമുണ്ട്.
പ്രസാദപട്ടം കൊടുക്കുക എന്നത്
കൊച്ചിൻ പ്ലേറ്റ് വരി ആറിലുണ്ട്.
പട്ടമയപ്രസാദാ എന്ന് ഹസ്തിമല്ലന്റെ
ഉദയേന്ദ്രം പ്ലേറ്റിലുമുണ്ട്..
കേസരിക്കോട്ടത്തിലെ ക്ഷേത്രഭൂമി
കൂപം ഗൃഹം അവിടത്തെ
കുടുംബികളെന്നിവരെ യാണ്
കൊടുക്കുന്നത്. മഹാഭവഗുപ്തന്റെ
സംബൽപൂര്പ്ലേറ്റിലെ വിജയകടകം
ആയിരി ക്കാം കട്ടക്ക് എന്ന് ഇപ്പോൾ
വിളിക്കപ്പെടുന്ന ത്. ദാനം സ്വീകരിച്ച
ദുശ്ശലപുത്രനായ വിഗ്രഹ പാലനും
കുസ്വാരപുത്രനായ മിഹിരാവനുമാ ണ്
പല്ലവംശക്കാർ. മുമ്പ് മൂലദേവൻ ഉപഭോ
ഗിച്ചതാണ് കേസരിക്കോട്ടം എന്ന്
പറയുന്നു. രാജാജ്ഞയനുസരിച്ച്
ദുർഗ്ഗപാലൻ പറഞ്ഞ് മുംഗകപുത്രൻ

ഹേമകാരൻ (തട്ടാൻ)മൂലദേവ ൻ രേഖപ്പെടുത്തിയത്. പോട്ടഗ്രാമത്തിൽ മറ്റാ ർക്കും അവകാശമില്ലെന്നും അത് വിഗ്രഹപാ ലനും സന്തതികൾക്കും മാത്രമായി ഭാട്ടഗ്രാമ മായി കൊടുത്തതാണെന്നും എടുത്ത് പറ യുന്നു.

സോമേശ്വരന്റെ നാഗ്പൂർ മ്യൂസി യം ലിഖിതം ശകം 1130

അപ്പർ ഗോദാവരിജില്ലയിലെ ഡെപ്യൂട്ടി കമ്മീ ഷണർക്ക് കൌത്താ ഗ്രാമത്തിൽനിന്ന് കിട്ടി. ഇത് സിരോഞ്ചാ തഹസിലിൽനിന്ന് 6 മൈൽ അകലെയാണ്. നാഗ്പൂരിൽനിന്ന് 160 മൈൽ അകലെയുള്ള സിറോഞ്ചയിൽനിന്നാണ് അദ്ദേ ഹം നാഗ്പൂർ മ്യൂസിയത്തിലേക്ക് 1861ൽ എത്തിച്ചത്. സിറോഞ്ച ഗോദാവരിനദിയുടെ ഇടത്തേ കരയിലാണ്. കോട്ടയിൽ മലനിരക ളുടെ താഴെ നിരവധി ഇടയിലാണ് ഈ കല്ല് കിടന്നിരുന്നത്. ഇടത്ത് ഒരു വാൾ, അതിനെ അഭിമുഖീകരിച്ച് നടുവിൽ പുലി, വലത്ത് ശിവലിംഗം. പുലിക്ക് താഴെ സൂര്യനും ലിംഗ ത്തിനു താഴെ ചന്ദ്രക്കലയും ഇവക്കിടയിലായി ഒരു

പാത്രവുമുണ്ട്. തെലുഗുലിപി, തെലുഗു ഗദ്യം.

സോമേശ്വരന്റെ പട്ടമഹിഷി ഗംഗമഹാദേവി കേരമാരുകഗ്രാമം (കേരമാർക്ക) താൻ നിർമ്മി ച്ച 2 ശിവക്ഷേത്രങ്ങൾക്ക് കൊടുത്തു. (വീര സോമേശ്വരക്ഷേത്രം , ഗംഗാധരേശ്വരക്ഷേത്രം) ശകം 1130 ഫാൽഗുനശുക്ലദ്വാദശി ഞായറാഴ്ച (എഡി 1208 മാർച്ച് 1)

ഭോഗവതീപുരത്ത് സഹസ്രഫണനായ ശേഷ നാഗവംശീയനാണ് സോമേശ്വരനെന്നും പുലി യും കുട്ടിയുമാണ് അദ്ദേഹത്തിന്റെ ചിഹ്നമെന്നും പറയുന്നത് ശ്രദ്ധേയമാണ്. കശ്യപഗോ ത്രം, മഹോശ്വരന്റേയും മാണിക്യദേവിയു ടേയും ഭക്തൻ. കർണ്ണാടകരാജവംശത്തിലെ സിന്ധവംശത്തിന് 2 ശാഖയുണ്ട്. ബാഗദഗേ, ഏരംബരഗേ. ഇവ പടിഞ്ഞാറൻ ചാലൂക്യ, കാലചൂരിവംശങ്ങളുടെ ശാഖകളാണ്. ബൈരൻമത്തി ലിഖിതത്തിൽ ബാഗദേഗേ സിന്ധവംശം നാഗവംശമാണെന്നും അവരുടെ ചിഹ്നം പുലിയാണെന്നും അവർ ഭോഗവതീ പുരേശ്വരരാണെന്നും കണ്ടു. അവരുടെ മൂന്നു ബിരുദവും സോമേശ്വരനും

ഉള്ളതിനാൽ സിന്ധവംശം നാഗവംശം ആണ് അദ്ദേഹവും. എന്നാൽ ഈ ലിഖിതം സോമേശ്വരന്റെ തൊട്ട് മുമ്പുള്ള പൂർവ്വികരെ പറയുന്നില്ല. അതിനാ ൽ, ബാഗദേകേ ശാഖയിൽനിന്ന് നേരിട്ടാണോ ഏരംബരാഗേ ശാഖയിലെ അവസാനരാജാ വായ വിക്രമനിൽനിന്നാണോ അദ്ദേഹത്തിന്റെ വംശം ഉത്ഭവിച്ചതെന്ന് കൃത്യമായി പറയാനാ വില്ല. വിക്രമന്റെ അവസാനലിഖിതം ശകം 1102ലാണ്. (ഈ ലിഖിതം 28 വർഷം കഴിഞ്ഞാ ണ്).

ഓം സ്വസ്ഥി സഹസ്രഫണിമണികിരണ നികരാവഭാസുരനാഗവംശോത്ഭവ ഭോഗവതീപുരവരാധീശ്വര സവത്സവ്യാഘ്രലാഞ്ചന കാശ്യപഗോത്രപ്രകടീകൃതവിജയഘോ ഷണ വിശ്വവിശ്വംഭരാപരമേശ്വര പരമഭട്ടാരക മഹാമഹേശ്വരചരണകഞ്ജകിഞ്ജ ൽക്കപുഞ്ജപിഞ്ജരിത ഭ്രമരായമാനാ മാനോന്നതാ ശ്രീമാണിക്യദേവീദിവ്യശ്രീപാദപത്മാ രാധക പരബലസാധക ശ്രീമജ്ജഗദേകഭൂഷണോ മഹാരാജുലൈന ശ്രീസോമേശ്വരദേവ ചക്രവർത്തുലകഗ്രമഹിഷിയൈന ഗംഗാമഹാദേവുലു തം പുരുഷനി പേര

**വീരസോമേശ്വരമും ദമ പേര
ഗംഗാധരേശ്വരമും പ്രതിഷ്ഠ സേസേഢി
നാഢികി ശകന്നൃപകാലാതീത
സംവത്സരമുലു 1130 അഗുനേംടി
ഫാൽഗുനശുക്ലദ്വാദശീനി
ആദിത്യവാരമു നാംടു ഈരേംടു
ശിവാലയമു ലകും ഭൂജാത്യമുഗാനിച്ചിന**

**ഊരു കേരമളകാ നു (ള കാരം
ഇപ്രകാരമാണ്) മാ സുംകമുലോം
ബോതുമലവ രണ്ടു വീസാനുലു ...സേമു
മടിനി പാ......ഭോഗമുവാരികി
ജ....ഗാമാനുധാരാ...പൂർവ്വകമുഗാനിഞ്ചി
നാംമു . ഈയർത്ഥാനുകു മാ പ്രധാനി
മംഗലീകസോമരാജനു ശ്രീകരണമു
ദാമോദരനായകുലുനു
ബേടമനായിക്കുണ്ടുനു
ചാചനപേഗഡാനുപണ്ഡിഹാരി
സോമിനായകുണ്ടുനു ഗുഹാപു
ഏളപരഡ്ഡിനി**

വിലുചൂഢപ്രഭുവു പാളകോട

കോമ്മനായകക്കുണ്ടുനു സാക്ഷി .

കേരമള്ളക

മംകമു ദേവര ശ്രീഗംഗമഹാദേവി
സോമനാഥസോമയാദുലകു
കൂഡള്ളത്ത്യാംദുധാരവോംസേ

സോമേശ്വരദേവുഡു പോരിപോകി
കുകേള്ള ധാരവോസേട്ടു

ബ്രാഹ്മണ വ്രിതി.

79 വരി ലിഖിതത്തിൽ ള്ള എന്ന അക്ഷരം പല പ്രാവശ്യം ഉപയോഗിക്കുന്നു.

വായിക്കു മ്പോൾ ലരയോരഭേദം വരുന്ന വിധം വായിച്ചാൽ ചില സൂചനകളും കിട്ടും.

സാക്ഷികൾ മന്ത്രി മാണ്ഡലികസോമരാജനും ദാമോദരനായിക്കൻ, മെന്തമനായകൻ, ചാഞ്ചന പെഗ്ഗഡേ എന്നിവരും ദ്വാരപാലകരായ സോമി നായകൻ, ഗുഡ്ഡപു ഏരപറെഡ്ഡി, വിലുച്ചൂഡല പ്രഭു, പാറക്കോട്ടെ കൊമ്മുനായക എന്നിവ രാണ്. കേരമാർക്കത്തിലെ നികുതി മുഴുവനും സോമനാഥസോമയാജിക്ക് ഉദക പൂർവ്വം ഗംഗമഹാദേവിയാണ് കൊടുക്കുന്നത്. ബ്രാഹ്മ ണരുടെയും വ്യാപാരിസംഘത്തിന്റേയും സന്തോഷത്തിനായി സോമേശ്വരദേവനും ഉദകം വീഴ്ത്തി.

ധ്രുവസേന 1 ഗണേശ് ഘട്ട് പ്ലേറ്റ് ഗുപ്ത സംവത് 207

ബറോഡയിലെ ദാംനഗർ താലൂക്കിലെ ഗണേശ് ഘട്ടിൽനിന്ന് കിട്ടിയത്. 2

പ്ലേറ്റ്.സീലിനെ രണ്ടു വര കൊണ്ട്
രണ്ടാക്കി ഭാഗിച്ചിരിക്കുന്നു. മുക ളിൽ
വലത്തോട്ട് തിരിഞ്ഞ് ഇരിക്കുന്ന കാള.
താഴെ ശ്രീഭട്ടകഃ എന്ന് ഉണ്ട്. 5, , 10, 200 , 300
മുതലായ സംഖ്യകൾ ലിഖിതത്തിലുണ്ട്.
ഭട്ടാർക്കനെന്ന നാമം സീലിലും മൂന്നാം
വരിയി ലും യാമള എന്ന
വിശേഷണത്തോടെ 14ആം വരിയിലും
ഉണ്ട്. യാമളമെന്നതിന് ജാമളമെന്ന്
പ്രാകൃതത്തിലാണ്. ഭാഷ സംസ്കൃതമാണ്.
തലസ്ഥാനമായ വലഭിയിൽനിന്ന്
ധ്രുവസേന 1 ഒരു ബ്രാഹ്മണന് 8 ഖണ്ഡം
ഭൂമി രണ്ട് ജലസം ഭരണി
ഹരിയാനകഗ്രാമത്തിൽനിന്ന് കൊടുക്കു
ന്നു. ഹസ്തവപ്രാഹരണിയുടെ ഒരു
ഭാഗമായ അക്ഷരകപ്രാപത്തിന്റെ
ഭാഗമാണ് ഇത്. വേറം 3 വലഭി
ഗ്രാന്റുകളിലും ഹസ്തവപ്രാഹരണി
പ്രത്യക്ഷപ്പെടുന്നുണ്ട്. ഭവനഗറിലെ
ഗോഘയി ൽനിന്ന് 6 മൈൽ കിഴക്കുള്ള
ഈ ഗ്രാമം ഇപ്പോൾ ഹാത്താബ് എന്ന്
അറിയുന്നു. ഇത് ടോളമിയുടെ യും
പെരിപ്ലസിന്റെയും അഷ്ടകപ്രയാണ്.
മമ്മക നെന്ന ദ്വാരപാലകനാണ് ദൂതകൻ.

കിക്കകെനാണ് ലിഖിതം എഴുതിയത്. കിക്കകെൻ ധ്രുവസേനന്റെ വേറെ 3 ലിഖിതങ്ങളും എഴുതിയിട്ടുണ്ട്. അതി ലൊന്നിൽ മമ്മകൻ തന്നെയാണ് ദൂതകൻ. ഗുപ്ത(വലഭി)വർഷം 207 (എഡി 526-27) വൈശാഖകൃഷ്ണപഞ്ചദശി ഗ്രാന്റ് കൊടുത്ത ദിനം. ധ്രുവസേനന്റെ മറ്റൊരു ലിഖിതം ഇതേ ദിനത്തിലുള്ളത് ബ്യൂളർ പ്രസിദ്ധപ്പെടുത്തിയ തിൽ വലഭിരാജവംശത്തിന്റെ ആദ്യലിഖിതം ഇതാണെന്ന് പറയുന്നു. വലഭിവംശത്തിലെ ഭട്ടാർക്കൻ മൈത്രകവംശമാണ്.

വലഭിയിലെ മൈത്രകവംശത്തിലെ ഭട്ടാർക്കനും മകൻ ധാരാസേനനും മഹേശ്വരഭക്തരും സേനാ പതിമാരും ആണ്. ധാരാസേനന്റെ അനുജൻ മഹാരാജാ ദ്രോണസിംഹൻ ജ്യേഷ്ഠനെ വണ ങ്ങുന്നവനും മനുനീതി പാലിക്കുന്നവനുമാണ്. യുധിഷ്ഠിരനെപ്പോലെ ധർമ്മിഷ്ഠനാണ്. ശാസ്ത്രാർത്ഥം അറിയുന്നവനും കൽപ്പ തരുപോലെ വേണ്ടതെല്ലാം കൊടുക്കുന്നവനു മായ അദ്ദേഹത്തെ

രാജപദവിയിലേക്ക് പരമ സ്വാമിതന്നെ അഭിഷേകം ചെയ്തു. അയുക്തക, വിനിയുക്തക, ദ്രാംഗിക, മഹത്തര,ധ്രുവ, സ്ഥാനാധികരണിക, ദണ്ഡപാശിക, ഭടന്മാർ, ഇവരോടെല്ലാം മഹാരാജാവ് ഉത്തരവിട്ടു. മാതാപിതാക്കൾക്കും തനിക്കും ഇഹപരങ്ങ ളിലെല്ലാം യശസ്സുണ്ടാവാനായി ആചന്ദ്രതാരം, സമുദ്രവും ഭൂമിയും ഉള്ള കാലം വരെ ,പുഴക ളും മലകളും ഉള്ള കാലം വരെ അനുഭവിക്കാ നായി കരമൊഴിവായി ഭൂമിഛിദ്രനിയമം പാലിച്ച്, ഉദകപൂർവ്വം ബ്രഹ്മദേയമായി ഹസ്തവപ്രാഹരണിയിലെ അക്ഷസരകപ്രാ പത്തിലെ ഹരിയനകഗ്രാമം ദാനം ചെയ്യുന്നു. 4 ഖണ്ഡം വടക്കുപടിഞ്ഞാറും 4 ഖണ്ഡം വടക്കു കിഴക്കുമായി ആകെ 8 ഖണ്ഡം കൃഷിഭൂമിയിൽ 300 പദാവർത്തം വടക്കുപടിഞ്ഞാറ് 40 പദാവ ർത്തമുള്ള ഒരു ഇരട്ടക്കുളം (യാമളവാപി), 20 പദാവർത്തമുള്ള വേറെ വാപി, 360 പദാവ ർത്തമുള്ള ഗ്രാമം ദർഭഗോത്രം വാജസനേയശാഖ ബ്രാഹ്മണൻ ധമ്മിലന് കൊടുക്കുന്നു. ബ്രഹ്മദേയ നിയമപ്രകാരം

ഇനി ആരും അത് കൃഷി ചെയ്യാനോ ചെയ്യിക്കാനോ ഉള്ള അദ്ദേഹത്തിന്റെ അവകാശത്തിന് തടസ്സം സൃഷ്ടിക്കരുത്. ആരെങ്കി ലും നിയമം തെറ്റിക്കുന്ന പക്ഷം പഞ്ചമഹാപാപ വും ചെയ്ത ഫലം ലഭിക്കും. ഇതിനെപ്പറ്റി വ്യാസവചനം ഉദ്ധരിക്കുന്നു. മഹാസാമന്ത മഹാരാജാ ധ്രുവസേനൻ ഒപ്പ് വെച്ചിരിക്കുന്നു. ദൂതകൻ പ്രതിഹാര (ദ്വാരപാലക) മമ്മകൻ സാക്ഷി. കിക്കകെനാണ് എഴുതിയത്. ശകം 207 (200, 7)വൈശാഖം കൃഷ്ണപക്ഷം 10ഉം 5ഉം (പഞ്ചദശി എന്ന് വാക്കിലും സംഖ്യയിലും) എഴുതിയിരിക്കുന്നു..

सं २०० ७
वैशाख ब १० ५ [॥*]

പൂജ്യം അക്കാലത്തേ ഉണ്ട്. പദാവർത്തം കാത്യായനന്റെ ശ്രൌതസൂത്രം ഇതിന് ഒരു ചതുരശ്രഅടിയാണ് അളവ് പറയുന്നത്. ഈ

ഗ്രാന്റിൽ ബ്രാഹ്മി ലിപി ധാരാളം ഉണ്ട്.

Ganesgad Plates of Dhruvasena I.— [Gupta-]Samvat 207.



കട്ടക്കിലെ സോമവംശിരാജാക്ക ന്മാരുടെ ഗ്രാന്റുകൾ

മഹാഭവഗുപ്ത 1 ന്റെ 31ആം വർഷം മൂന്ന് ശാസനം ഉണ്ട്. കലിംഗരാജ്യത്തെ ഗുപ്തവം ശത്തിന്റെ തുടർച്ചയാണ് മഹാഭവഗുപ്തനെ ന്നാണ് 1876ൽ ഈ ലിഖിതം കിട്ടിയ കാലത്ത് വിചാരിച്ചിരുന്നത്. മഹാഭവഗുപ്ത 1 ന്റെ മകൻ മഹാശിവഗുപ്ത ത്രികലിംഗാധിപതിയായി രിക്കെ യയാതിയാണ് ഒറീസ്സ ഭരിച്ചിരുന്നത്. ഒറീസ്സയിലെ രാജാക്കന്മാർ ഗുപ്തസാമന്തരായി രുന്നതിനാൽ ശാസനമെല്ലാം ഗുപ്തനാമത്തി ലായിരുന്നു. ഒറീസയിലെ 2 രാജവംശാവലിക ളും മാടലപഞ്ചിയും (രാജവംശചരിതം)യയാതി യയാതികേസരി എന്ന് തെളിയിക്കുന്നു. മാടലപ ഞ്ചി പുരി ജഗന്നാഥക്ഷേത്രത്തിലാണ് സൂക്ഷിച്ചി രിക്കുന്നത്. ഒറീസ കേസരിരാജവംശം സ്ഥാപി ച്ചത് യയാതികേസരിയാണ്. അദ്ദേഹം എഡി 473-520 വരെ ഒറീസ ഭരിച്ചു. ഇക്കാലത്താണ് മഹാശിവ ഗുപ്ത

ഭരിച്ചത്. യയാതിയുടെ അഛൻ
ജനമേജയനാണ് കട്ടക്ക്ദ്വാന്ദ്വാർ നഗര
സ്ഥാപകൻ. ജനമേജയന്റെ 6ആം
ഭരണവർഷം മഹാഭവഗുപ്ത 1
പുറപ്പെടുവിച്ച ശാസനം പിന്നീട് കിട്ടി. ഈ
ലിഖിതങ്ങൾ ആദ്യം പരി ശോധിച്ച ബാബു
രംഗലാലബാനർജി ഭവഗുപ്ത, ശിവഗുപ്ത
എന്നേ പറയുന്നുള്ളു. (മൂഷകവം
ശത്തിലെ ഭവനന്ദി ശിവനന്ദി പോലെ)
ജനമേജയ നെ യയാതിയുടെ 7 തലമുറ
മുന്നിലാണ് അദ്ദേ ഹം പറയുന്നത്. നാലു
ദ്വാരമുള്ള കടകം ആദ്യം ചൌദ്വാരാ എന്ന
ചാന്ദ്വാർ ആയിരുന്നു. മഹാന ദിയുടെ
വടക്കേ തീരത്താണ് ഇത്. മഹാനദിയു ടെ
തെക്കേ കരയിലെ ഇപ്പോഴത്തെ കട്ടക്ക്
നഗരം പിന്നീടുണ്ടായതാണ്.
മഹാശിവഗുപ്തനും മഹാഭവഗുപ്ത 1 ഉം
യയാതിയും ജനമേജ യനുമാണെന്ന്
മൂന്നാമത് ഒരു വാദം ഉണ്ട്.

വിക്രമശകം ബിസി 58ലും
ശാലിവാഹനശകം എഡി 77ലുമാണ്.

1. ശിവഗുപ്ത
2. ജനമേജയമഹാഭവഗുപ്ത 1

3. **യയാതി മഹാശിവഗുപ്ത**
4. **ഭീമരഥമഹാഭവഗുപ്ത 2**

ശരഭപുരി ലിഖിതങ്ങൾ ചർച്ച ചെയ്യയുമ്പോൾ ഈ സോമവംശി ത്രികലിംഗാധിപതിരാജാ ക്കന്മാരെ കുറിച്ച് പറയുകയുണ്ടായി. മഹാഭവഗുപ്തനെ കോസലേന്ദ്ര എന്ന് പറയു ന്നത് ദക്ഷിണകോസലാധിപതികളായതു കൊണ്ടാണ്. കട്ടക്ക് കൂടാതെ മഹാനദീതീരത്തു ള്ള വിനീതപുരം, യയാതിനഗരം (ജയ് പൂർ) എന്നിവിട ങ്ങളിൽനിന്നും ഇവർ ശാസനം പുറപ്പെടുവിക്കുന്നുണ്ട്.പരമഭട്ടാരക മഹാരാ ജാധിരാജാ പരമേശ്വരി എന്നീ ബിരുദങ്ങൾ ഗുപ്തരാജാക്കന്മാരുടെയായിരുന്നു എന്ന് ബാബു രംഗലാലബാനർജി കരുതുന്നു. എന്നാ ലിത് മറ്റു പല വംശങ്ങള്ക്കും ഉണ്ടായിരുന്ന തായി ഇതുവരെ കണ്ട ലിഖിതങ്ങൾ സാക്ഷ്യ പ്പെടുത്തുന്നു. പ്രത്യേകിച്ചും സോമവംശിക ൾക്ക്.. ഗുപ്തന്മാരും മഗധഗുപ്തന്മാരും ഇത് സ്വീകരിച്ചിരുന്നുവെങ്കിൽ അവരും

സോമവം ശമാണെന്നേ പറയാനാവൂ. നാലുലിഖിതങ്ങ ളുണ്ട്. നാഗരി ലിപി. ഈ ഐ ഔ മുതലായവ തെക്കോ പടിഞ്ഞാറോ ലിപിയല്ല, വടക്കുകിഴ ക്കനാണ്. ഏഴാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലോ അതിന്നുമുമ്പോ ആണ് ലിപിവെച്ച് കാലം. എഡി 900ത്തിനു മുമ്പാവാനുള്ള സാദ്ധ്യത ഇല്ല എന്ന് പാലിയോഗ്രാഫി മാത്രം വെച്ച് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. 3, 10 ഈ സംഖ്യകളെ എഴുതിയിട്ടുണ്ട്. ഛിന്ദരാജകുമാരൻ ലല്ലന്റെ ദേവാല ലിഖിതത്തിൽ കുടിലാക്ഷരാണി വിദുഷാ എന്ന് കുടില പദത്തിന് ഏതു കുടിലാ ക്ഷരഭാഷയും വായിക്കാനും എഴുതാനും കഴി യുന്ന വിദ്വാനെന്ന് ഒരർത്ഥമുണ്ട്.

ശരഭപുരിലിഖിതങ്ങളിലേക്ക് നേരത്തേ സഞ്ച രിച്ചതാണെങ്കിലും ഒന്ന് ഓർമ്മ പുതുക്കാം. റായ്പ്പൂർജില്ലയിലെ റെജിം പ്ലേറ്റിൽ പാണ്ഡു വംശി ഇന്ദ്രബലനേയും പുത്രനായ നന്നദേവ നേയും പറയുന്നു. നന്നദേവന്റെ ദത്തുപുത്രി നാണ് മഹാരാജാ തീവരദേവൻ. അദ്ദേഹം

ദക്ഷിണകോസലത്തിന്റെ സാമന്തനാണ്. ചന്ദ്ര വംശത്തിലെ ഉദയനാണ് ഇന്ദ്രബലന്റെ അച്ഛ ൻ.നന്നദേവന്റെ മകൻ ചന്ദ്രഗുപ്തൻ, അദ്ദേ ഹത്തിന്റെ മകൻ ഹർഷഗുപ്തൻ. അദ്ദേഹ ത്തിന്റെ മകനാണ് ബാലാർജ്ജുനശിവ ഗുപ്ത ൻ. ശിർപൂരിലാണ് ഇവരെല്ലാം ഭരിച്ചിരുന്നത്. കണ്ണിങ്ങാം ബാലാർജ്ജുനശിവഗുപ്തനെ മഹാ ഭവഗുപ്ത 1ന്റെ അച്ഛനായ ശിവഗുപ്തനായി കണക്കാക്കുന്നു. ഇതനുസരിച്ച് കാലഗണനന നടത്തുന്നു.

യയാതികേസരി എഡി 319-325

ഇന്ദ്രബല എഡി 350

നന്നദേവ എഡി 375

തീവരഗേവ ,ചന്ദ്രഗുപ്ത എഡി 400

ഹർഷഗുപ്ത 425

ശിവഗുപ്ത 450

മഹാശിവഗുപ്തനും ജനമേജയനും എഡി 475

ഇതിന് തുടർച്ചയുണ്ടെന്നല്ലാതെ തീർത്തും തെറ്റി ല്ലാത്തതെന്ന് പറയാവതല്ല. രെജിം

പ്ലേറ്റ് 700ന് മുമ്പുള്ളതല്ല, സിർപൂർ പ്ലേറ്റുകൾ 8-9 നൂറ്റാണ്ടുക ൾക്ക് മേലെ പോവുകയുമില്ല. ബംഗാളിലെ മഹാരാജാ മഹേന്ദ്രപാലന്റെ (761-62)ദിഗ്വാദീ ബാലി ലിഖിതം ഇതിന്ന് 100 വർഷം മുമ്പാണ്. പാലിയോഗ്രാഫി ഇതിന് സമാനവുമാണ്.

മാടലപഞ്ചി യയാതികേസരിയുടെ കാലത്ത് യവനന്മാരുടെ ആക്രമണം ഉണ്ടായി എന്നു പറയുന്നതിനാൽ അത് വിശ്വാസയോഗ്യമായ രേഖയല്ല എന്ന് പാശ്ചാത്യചരിത്രകാരന്മാർ എഴുതിവെച്ചു. 11ആം നൂറ്റാണ്ടിനു ശേഷമേ ഇന്ത്യയിൽ മുസ്ലീം ആക്രമണം ഉണ്ടായിട്ടുല്ളു എന്നാണ് അവരുടെ വാദം. .യവനന്മാർ മുസ്ലീമല്ല, ഗ്രീക്കുകാരുമാണ്. കാലയവനപുരം ഇന്ത്യയുടെ റീഡേഴ്സ് ഡൈജസ്റ്റ് മാപ്പിൽ ഹിമാ ലയത്തിനും അപ്പുറം റഷ്യയോടടുത്ത് വടക്കു പടിഞ്ഞാറാണ്.. കൃഷ്ണന്റെ കാലത്തും കാലയ വനൻ ഇന്ത്യയെ ആക്രമിച്ചിട്ടുണ്ട്. അതിർത്തി ഭേദിച്ച് കടന്നുവന്ന ഏതു വിദേശിയും യവന നായി കരുതപ്പെട്ടു. ബിസി 6ആം നൂറ്റാണ്ടിലെ ഡാരിയസ്സിന്റെ പേഴ്സ്യൻ ആക്രമണത്തേയും

യവനന്മാരുടെ ആക്രമമമമായിട്ടാണ് ഇന്ത്യ കാണുന്നത്. അറബിക്കടലിലെത്തിയ ഗ്രീക്ക് റോമൻ കപ്പലുകളെ സംഗകാലസാഹിത്യവും യവനക്കപ്പലുകളായി കാണുന്നു. 3-4 നൂറ്റാണ്ടി ലെ അലക്സാന്ററുടെ കടന്നുകയറ്റവും സെലൂക്ക സ്സിന്റെ വരവും യവനന്മാരുടെ വരവാണ്. യോനി അഥവാ ഭൂമിയുടെ യോനിഭാഗത്തെ മനുഷ്യരായിട്ടാണ് ഇന്ത്യ യവനരെന്ന് അവരെ വിളിക്കുന്നത്. മതത്തിന്റെ പേരിലല്ല. ബിസി 2-3 നൂറ്റാണ്ടുകളിൽ രചിക്കപ്പെട്ട പാണിനീയം യവ നപദം ഉപയോഗിക്കുന്നുണ്ട്. പാണിനി യവന ന്മാർ ഔധിലെ മാദ്ധ്യമികരെ ഉപരോധിച്ചതും പറയുന്നുണ്ട്. ബിസി മൂന്നാം നൂറ്റാണ്ടിൽ അശോകന്റെ കാലത്ത് മഗധയിൽ(ബേറാർ) ഉണ്ടായ ബുദ്ധമതസംഘമാണ് മാദ്ധ്യമികർ. എന്നാൽ, അക്കാലത്ത് മഗധയുടെ അതിർത്തി വളരെ വിപുലമായിരുന്നു എന്ന് കൂടി സ്മരിക്കണം.

മാടലപഞ്ചി ബിസി 3104 മുതലാണ് രാജവംശ ങ്ങളെ പറയുന്നത്.

ഇന്ദ്രപ്രസ്ഥത്തിലെ യുധി ഷ്ഠിര,
പരീക്ഷിത്ത് ,ജനമേജയന്മാരിൽനിന്ന്
സോമവംശിപാണ്ഡുവംശികളുടെ
വംശാവലി തുടങ്ങുന്നു. പിന്നീട് 400
വർഷം ശങ്കരദേവന്റെ വംശം ഭരിച്ചു.
ഗൌതമദേവ, മഹേന്ദ്രദേവ (215)ഇഷ്ടദേവ
(134)സേവകദേവ (150) വജ്രദേവ
(117)നരസിംഹദേവ (115)മാനകൃഷ്ണദേവ
(122) ഭോജദേവ (125) എന്നിങ്ങനെ ഈ
വംശങ്ങളെ ല്ലാം ബിസി 1807 മുതൽ 67
വരെ ഭരിച്ചു. ജനമേ ജയപുത്രനായ
ശതാനീകവംശത്തിലെ രാജാക്ക
ന്മാരിൽനിന്നാണ് പിന്നെ ലിസ്റ്റ് നീളുന്നത്.
ഭോജ ദേവസദസ്സിൽ 750
കവികളുണ്ടായിരുന്നു എന്നും
അതിലൊരാളാണ് കാളിദാസനെന്നും
ഇതിൽ പറയുന്നു, ഈ ഭോജദേവന്റെ
കാലം ബിസി 184-57 വരെയാണ്
പറയുന്നത്. ശങ്കര ദേവൻ
ശംബരദേവനാണെന്നും സേവകദേവൻ
അശോകദേവനാണെന്നും സ്റ്റെർലിങ്ങ്
അഭിപ്രാ യപ്പെടുന്നു. ബിസി 1037- 822
വരെയാണ് മഹേ ന്ദ്രദേവന്റെ വംശം
ഭരിച്ചത്. ഗോദാവരിതീരത്ത്

രാജമാഹേന്ദ്രി നഗരം സ്ഥാപിച്ചത് ഈ വംശ മാണ്. (രാജമുന്ത്രി). കിഴക്കൻ ചാലൂക്യരാജാവ് അമ്മ 1 (രാജമാഹേന്ദ്ര) അതിനെ രാജമാഹേന്ദ്ര പുരമെന്ന് പ്രസിദ്ധമാക്കി. (എഡി 918-925) 800 വർഷം പഴക്കമുള്ള ഒരു നഗരത്തിന്റെ പുനരുദ്ധാരണമായിരുന്നു അത്. ബിസി 57-എഡി 78 വരെ വിക്രമാദിത്യവംശമാണ്. (വിക്രമ ശകം ബിസി 57) ശകം എഡി 78.

എഡി 78-328 വരെ കർമ്മജിത്ത് (65 വർഷം) ഹത്കേശ്വര(51)വീരഭുവന(43)നിർമ്മലദേവ(45), ഭീമ (37) ശോഭനദേവ (5) ചന്ദ്രദേവ(4) ഭരിച്ചു. ചന്ദ്രദേവനെ യവനന്മാർ വധിച്ചു. ശതകർണ്ണി വംശത്തിലെ രാജാവായ ചന്ദ്രശതകര്ണ്ണിയെ വധിച്ച് നേപ്പാൾ, കടോച്ച് വംശത്തിലെ ചന്ദ്രഗു പ്തൻ സാമ്രാജ്യം സ്ഥാപിച്ചതാണ് ചന്ദ്രദേവനെ വധിച്ച് യവനൻ രാജ്യം പിടിച്ചതായി പറഞ്ഞി രിക്കുന്നത്. എഡി 474ൽ യയാതികേസരി ഈ വംശത്തെ തോൽപ്പിച്ച് കേസരിവംശം സ്ഥാപി ച്ചു. 52 വർഷം അദ്ദേഹം ഭരിച്ചു. പിന്നെ 43 രാജാക്കന്മാരാണ് ആ വംശത്തിലേതായി ഭരി ച്ചത്. (474-1132 വരെ)1132ല് ദക്ഷിണേന്ത്യയിൽ നിന്ന് ചോഡഗംഗൻ(

അനന്തവർമ്മചോഡഗംഗ) വന്ന് ഒറീസയിലെ ഗംഗവംശസ്ഥാപകനായി.

കേസരിവംശത്തിലെ ആർക്കും ആദിത്യ, വർമ്മ മുതലായ പേരുകളില്ല. ദശാവതാരനാമമുള്ള കേസരിമാരുണ്ട്. നരസിംഹകേസരി, കൂർമ്മകേ സരി, മത്സ്യകേസരി, വാമനകേസരി, വരാഹ കേസരി, പരശുകേസരി എന്നിങ്ങനെ. മറ്റു ചില പേരുകൾ പത്മകേസരി (എഡി 7 01-706) ഗന്ധർവ്വകേസരി (740-754), കലികേസരി (778-792), മധുസൂദനകേസരി (904-920) ത്രിപുര കേസരി (961-971) അലബുകേസരി (623-677) എന്നെല്ലാമാണ്. അലബുകേസരി നാമം കേട്ട് മുഹമ്മദീയനെന്ന് ചില പാശ്ചാത്യചരിത്രകാ രന്മാർ എഴുതിയത് അലാബു സംസ്കൃതപദ മാണെന്ന് അറിയാതെയാവണം. അനന്തവർമ്മ ചോഡവർമ്മൻ താൻ തോൽപ്പിച്ച കലിംഗരാ ജാവിനെ വീണ്ടും ആ സ്ഥാനത്തിരുത്തി. യയാ തികേസരിയുടെ കാലത്താണ് രക്തബാഹു എന്ന യവനൻ ആദ്യമായി കടൽവഴി കലിംഗത്തെ ആക്രമിക്കുന്നതെന്ന് മാടലപഞ്ചി പറയുന്നു. ഇത് എഡി 474 മുതലുള്ള 52 വർഷമാണ്. ശോഭനദേവകാലത്ത് വന്ന യവനഗുപ്തന്മാർ കരവഴി വന്നവരാണ്. വജ്രകേസരി അക്കാലത്ത് അവരെ

പ്രതിരോധിച്ച രാജാവാണ്. രക്തബാ ഹു ആരെന്ന് മനസ്സിലായിട്ടില്ല.

മഹാഭവഗുപ്ത 1 ആറാം ഭരണവർഷം പാറ്റ്ന താമ്രപത്രം .

പാറ്റ്നയിലെ സംബൽപൂർ ജില്ലയിൽ മൺപാത്ര ത്തിൽ കുഴിച്ചിട്ട നിലയിലാണ് ലഭിച്ചത്. 3 പ്ലേറ്റ്. വൃത്താകൃതിയിലുള്ള സീൽ,നടുവിൽ ഗജല ക്ഷ്മി , ഇരുവശം ചാമരം. ലിപി വടക്കൻനാഗ രി. ഭാഷ സംസ്കൃതം. ജനമേജയനെന്ന മഹാഭ വഗുപ്ത 1 ന്റെ ലിഖിതമാണ്. കടകത്തിൽനിന്നാ ണ് പുറപ്പെടുവിച്ചിരിക്കുന്നത്.നഗരത്തിനു പുറ ത്തുള്ള മുരശിമനയിലാണ് രാജാവ് ഇരിക്കു ന്നത്. ഒങ്കനദിക്കരയിലെ ഒങ്കതതവിഷയത്തിലെ (ഒങ്കാതടം) വകവെഡ്ഡഗ്രാമം ബ്രാഹ്മണർക്കു ദാനം ചെയ്യുന്നതാണ് വിഷയം. രാജാവിന്റെ 8ആം ഭരണവർഷം ആഷാഡശുക്ലാഷ്ടമിക്ക് മഹാസന്ധിവിഗ്രഹി മല്ലധരദത്തനാണ് എഴുതി ച്ചത്.

ഓം സ്വസ്തി! മുരശിമനസമാവാസിത ശ്രീമതോ വിജയകടകാത് പരമഭട്ടാരക മഹാ രാജാധിരാജപരമേശ്വര ശ്രീശിവഗുപ്തദേവ പദാനുധ്യാതപരമാഹേശ്വരപരമഭട്ടാരക

**മഹാരാജാധിരാജ
പരമേശ്വരസോമകുലതിലക
ത്രികലിംഗാധിപതി
ശ്രീഹാഭവഗുപ്തരാജദേവ.**

**കുശലീ ഓങ്കാതടവിഷയപ്രതിബദ്ധ
വകവെഡ്ഡ രാജ്യേ തത് പ്രതിനിവാസി
കുടുംബിജനപദാം സ്തദ് വിഷയീയ
യഥാകാലാദ്ധ്യാസിനാ സമാഹാർത്തി
സന്നിധാത്രി ചാത്തബാധ പിശുനാദേ
ത്രികാവരോധജന രാജവല്ലഭാദീൻ
സർവ്വാൻ രാജപാദോപജീവീനാം
സമാജ്ഞാപ യതി. വിദിതം അസ്തു
ഭവതാം യത് ആസ്മാഭിരയം
ഗ്രാമളസന്നിധി സോപാനിധി
സർവ്വബാധാനിവർജ്ജിതം . സർവ്വോപരി
കരകരാദാനസഹിതാ സാമ്രമധുക
സഗർത്തോഷര.
പ്രസിദ്ധചതുസ്സീമാച്ചചരിന്വ.
പ്രതിനിഷിദ്ധചാത്ത ബാധപ്രവേശ
നാനാഗോത്രപ്രവരവിനിർഗ്ഗതവാസ്തവ്യേ
ഭ്യോ**

ദ്വിജാതിവരേഭ്യ

**ഐവുലിപുത്രൻധമകൻ-
കൌത്സഗോത്രം, അംഗിരസ,
അംബരീഷ,യൌവനാശ്വപ്രവരം അതേ
അനുപ്രവരം, കൌത്തുമശാഖ, സാമ
വേദം. പമ്പാസരസ്സിൽനിന്ന് വന്ന**

ബ്രാഹ്മണ ൻലൈശൃംഗത്തിൽ താമസിക്കുന്നു.

നാരപഗണ്ഡയുടെ മകൻ (പേരില്ല) ഗൌതമഗോ ത്രം അംഗിരസപ്രവരം ബാർഹസ്പത്യഅനു പ്രവരം കണ്വശാഖ യജുർവ്വേദം ,ഒടയശൃംഗ ത്തിൽനിന്ന് വന്ന് ഖണ്ഡക്ഷേത്രത്തിൽ വസി ക്കുന്നു

ഋഷികേശപുത്രൻ വാസുദേവൻ കൃഷ്ണാത്രേയ ഗോത്രം ആർച്ചനാനസപ്രവരം, ശ്വാവാശ്വ അനുപ്രവരം, കാണ്വശാഖ യജുർവ്വേദം, കൊങ്കലെദ്ദയിൽ നിന്ന് വന്ന് ലിപതുംഗത്തില് താമസം.

രാമശർമ്മപുത്രൻ കൊണ്ടദേവൻ, അഗസ്ത്യ ഗോത്രം ഇദ്ധ്മവാഹപ്രവരം, ച്യവന അനുപ്ര വരം, കാണ്വശാഖ, യജുർവേദം. കലിംഗത്തിൽനിന്ന് വന്ന് പമ്പാസരസ്സിൽ വസിക്കുന്നു.

ഈ നാലുപേർക്കാണ് ദാനം. ഇനി വരുന്ന രാജാക്കന്മാർ ഇത് സംരക്ഷിക്കണമെന്നും അല്ലാഞ്ഞാലുള്ള ദോഷഫലവും പിന്നെ പറയുന്നു. മഹാസന്ധിവിഗ്രഹി രാണക മല്ലാധാരദത്തന്റെ ഒഫീസിൽ ജോലി ചെയ്യുന്ന കായസ്ഥൻ കോയിഘോഷൻ (വല്ലഭഘോഷന്റെ പുത്രൻ) ആണ് ലിഖിതം എഴുതിയത്. സോമവംശി പരമഭട്ടാരക മഹാരാജാധിരാജാ

പരമേശ്വര ജനമേജയദേവന്റെ 8ആം വിജയവർഷം ആഷാഢശുക്ലാഷ്ടമി

മഹാഭവഗുപ്തന്റെ 31ആം ഭരണവർഷം കട്ടക്ക് പ്ലേറ്റുകൾ:(ത്രിഫലി താമ്രശാസനം)

കോസലേന്ദ്രനായ മഹാഭവഗുപ്തനാണ് കോസലദേശത്തിലെ മൂന്നു വിഷയങ്ങളിലെ ദാനം ചെയ്യുന്നത്. പോവാ വിഷയത്തിലെ രാണ്ട, അലാന്ദല ഗ്രാമങ്ങൾ, തുളുംവഖണ്ഡ ത്തിലെ അർക്കിഗ്രാമം, സന്ധാനവിഷയത്തിലെ തൂലേന്ദഗ്രാമം ഇവ മന്ത്രിയും ബ്രാഹ്മണനുമായ സാധാരണന് കൊടുക്കുന്നു. രാജാവിന്റെ 31ആം ഭരണവർഷം മാർഗ്ഗശുക്ലത്രയോദശിക്ക് മാഹുക നെഴുതി, മാധവൻ രേഖപ്പെടുത്തി. കട്ടക്ക് നദിയുടെ തീരത്തുള്ള ചാന്ദ്വാർഗ്രാമത്തിലെ വയലിലാണ് ലഭിച്ചത്.വടക്കൻനാഗരി ലിപി. സംസ്കൃതഭാഷ.സീലിൽ ഗജലക്ഷ്മി. ശ്രീ മഹാ ഭവഗുപ്തരാജദേവ എന്ന് ഉണ്ട്. കടകത്തിലെ ആരാമത്തിലിരുന്നാണ് രാജാവ് ശാസനം കൊടുത്തത്. തക്കാരിയിൽനിന്ന് വന്ന ഭട്ടശോ ഭനന്റെ മകനാണ് മന്ത്രി മഹത്തമ സാധാരണൻ ഭരദ്വാജഗോത്രം ബാർഹസ്പത്യപ്രവരം ആംഗിരസപ്രവരം, വാജസനേയശാഖ. കാമദേവസദൃശനെന്ന് ഒരു വിശേഷണവുമുണ്ട്.

മഹാശിവഗുപ്തന്റെ 9ആം വർഷം കട്ടക് ഗ്രാന്റ്

3 പ്ലേറ്റ് നാഗരിലിപി. ദശാംശസംഖ്യകളുണ്ട്. സംസ്കൃതഭാഷ. യയാതിമഹാശിഗുപ്ത മഹാനദീതീരത്തെ വിനയപുരത്തിൽനിന്നാണ് ഈ ശാസനം തരുന്നത്. ദക്ഷിണകോസലത്തിലെ മരദവിഷയത്തിലെ ചന്ദ്രഗ്രാമം 9ആം ഭരണവ ർഷം ജ്യേഷ്ഠശുക്ലത്രയോദശിക്കാണ് ദാനം ചെയ്യുന്നത്. ദിനകരന്റെ മകനും അനന്തന്റെ പേരക്കുട്ടിയും മദ്ധ്യദേശത്തെ ശ്രീവല്ലഗ്രാമ ത്തിൽനിന്ന് വന്ന് ഔദ്രദേശത്തെ ശീലാഭഞ്ജപ്പാ ടിയിൽ താമസിക്കുന്നവനുമായ ചക്രപാണി ക്കാണ് ദാനം . തക്കാരഭരദ്വാജഗോത്രം, ആംഗി രസ,ബാർഹസ്പത്യ, ഭരദ്വാജപ്രവരം, ഛാന്ദോ ഗ്യകൌത്തുമശാഖ. ചിച്ചതേശനെന്ന സന്ധിവിഗ്ര ഹിയെ പറയുന്നുണ്ട്. മാധവനാണ് ലിഖിതം രേഖപ്പെടുത്തിയത്.

മഹാഭവഗുപ്ത 2 മൂന്നാം ഭരണവർഷം കട്ടക്ക് പ്ലേറ്റ്.

3 പ്ലേറ്റ്. സീലിലെ മുദ്ര പോയിരിക്കുന്നു. നാഗരി ലിപി. (വടക്കൻ).ഭീമരഥനെന്ന മഹാഭവഗുപ്ത 2

യയാതിനഗരത്തിൽനിന്നാണ് ശാസനം പുറപ്പെടു വിച്ചത്. മഹാനദീതീരത്ത് എന്നാണ് പറയുന്നത്. വൈതരണീതീരത്തുള്ള ജയ്പൂരാണ് യയാതിന ഗരമെന്ന് കരുതപ്പെടുന്നു. മഹാദിയുടെ ശാഖാന ദിയാണ് വൈതരണി.മാർഗ്ഗശീർഷശുക്ലതൃതീയക്ക് സൂര്യഗ്രഹണത്തിന് ഗൌഡസിമിനില്ലിഗ്രാ മം ദാനം ചെയ്തതാണ് വിഷയം. കോസലശാഖൻഗഡ്യാന്നവിഷയത്തിലാണ് ഈ ഗ്രാമം. ഭട്ടവ സിഷ്ഠപുത്രനും ഭട്ടപരമേശ്വരന്റെ പേരക്കുട്ടി യും ശ്രാവസ്തിമണ്ഡലത്തിലെ കാശില്ലിയിലെ ഭട്ടഗ്രാമത്തില്നിന്ന് വന്ന് കോസലത്തിലെ ദേവീ ഭോഗവിഷയം സിംഗഗ്രാമത്തിൽ വസിക്കുന്നവ നുമായ റാണക രാച്ചോവിനാണ് ദാനം. കൌശികഗോത്രം വിശ്വാമിത്ര,ദേവരാത,അന്തല പ്രവരം .ഛാന്ദോഗ്യശാഖ. സന്ധിവിഗ്രഹി സിംഹദത്തനെ പറയുന്നു. എഴുതിയത് കായസ്ഥ മംഗലദത്തനാണ്.

വിക്രമാദിത്യന്റെ കാഞ്ചിലിഖിതം

പല്ലവപരമേശ്വരവർമ്മന്റെ കുറം ലിഖിതത്തിൽ കാഞ്ചീപുരം

കൈലാസനാഥക്ഷേത്രം സന്ദർശിച്ച പടിഞ്ഞാറൻ ചാലൂക്യവിക്രമാദിത്യന് കാഞ്ചി പിടിച്ചടക്കിയെന്നതിന് തെളിവുണ്ട്. രാജസിം ഹേശ്വരക്ഷേത്രമണ്ഡപത്തിലെ തൂണിലാണ് ലിഖിതം.പഴയകന്നഡലിപി, കന്നഡഭാഷ. ഗദ്യം. പകുതി സംസ്കൃതവും പകുതി കന്നഡവുമായ ഒരു ഭാഗം മാത്രം പദ്യം. കാഞ്ചീപുരം പിടിച്ചട ക്കിയ വിക്രമാദിത്യസത്യാശ്രയൻ രാജസിംഹേ ശ്വരക്ഷേത്രത്തിന്റെ സ്വത്ത് കണ്ടുകെട്ടിയില്ല ,ദേവനുതന്നെ തിരിച്ചുകൊടുത്തു എന്നാണ് എഴുതിയിരിക്കുന്നത്. ബാദാമി ചാലൂക്യരിൽ വിക്രമാദിത്യ ഒന്നാമനും രണ്ടാമനും കാഞ്ചി പിടിച്ചിട്ടുണ്ട്. പല്ലവപരമേശ്വരവർമ്മ 1ന്റെ കാലത്തും നന്ദിപേരവർമ്മരുടെ കാലത്തുമാണ് ഇത് സംഭവിച്ചത്. വൊക്കലേരി പ്ലേറ്റ് വിക്രമാ ദിത്യ 2 കാഞ്ചി പിടിച്ചശേഷം കാഞ്ചിരാജസിം ഹേശ്വരക്ഷേത്രത്തിന് ദാനം കൊടുത്തത് രേഖ പ്പെടുത്തുന്നുമുണ്ട്.

സ്വസ്തി! വിക്രമാദിത്യസത്യാശ്രയ ശ്രീപൃഥ്വീവല്ലഭ മഹാരാജാധിരാജ പരമേശ്വരഭട്ടാരർ കാഞ്ചിയംകൊണ്ടു രാജസിംഗേശ്വരദ ദാനമംകണ്ടു മഗൽദുദേവർഗ്ഗേ ബിട്ടർ ഇന്തു ബിട്ട

ഭട്ടരാരധർമ്മദ സ്ഥിതിയും ഈയാക്ഷരങ്കളുമാനാളീവാരീയൂരാ ഘടിഗേയ മഹാജനമാൻകൊണ്ടേര ലോകക്കേ സന്ധാരപ്പാർ . നിരവദ്യശ്രീമദ് അനിവാരിതപുണ്യവല്ലഭേന ലിഖിതം വല്ലഭദുർജ്ജയരാധികാരഥിം

വല്ലഭദുർജ്ജയന്റെ മേൽനോട്ടത്തിൽ അനിവാരിതപുണ്യവല്ലഭനാണ് ലിഖിതം എഴുതിയത്.

(റഫറൻസ് എപ്പിഗ്രാഫിക്ക ഇൻഡിക്ക വാള്യം 3)